81_82



ഇരിങ്ങാലക്കുട ക്രൈസ്ററ് കോളേജ്
മാഗസിൻ
ആയിരത്തി തൊള്ളായിരത്തി എൺപത്തി രണ്ട്



*Lead Kindly Light*



R. Jayasankar
Chief Student Editor.



Narendran V. R.
Magazine Committee Member.



A. G. Sunilkumar
Magazine Committee Member.

**Staff advisor:** Francis C. V. Department of English.

**Magazine Committee** assisted by Sreekumar M. K., Balasubramanyan C. P. and Ranjith P.

വികല വിശ്വാസങ്ങൾക്കും അയഥാർത്ഥ വീക്ഷണങ്ങൾക്കുമിടയ്ക്ക് എവിടേയോ നമുക്ക് നഷ്ടമായ സമരവീര്യം ഇവിടെ പുനർജ്ജനിക്കേണ്ടിയിരിക്കുന്നു. സർഗ്ഗാത്മകമായ എതിർപ്പുകളുടേയും ക്രിയാത്മക സമരങ്ങളുടേയും കാലമാവേണ്ട ഈ സമയത്ത് മൗനം പൂകുന്നത് ഏററവും വലിയ തെററാണ്. സ്വന്തം മനസ്സാക്ഷിയെ ഒററിക്കൊടുക്കുന്ന ഒരുവനുപോലും ചെയ്യാനാവാത്ത മഹാപാപമാണത്. അതിനാൽത്തന്നെ, സ്വന്തം വർത്തമാനത്തോട് നിഷ്കളങ്കമായും വിമർശനാത്മകമായും പ്രതികരിക്കേണ്ടിയിരിക്കുന്നു. അത്തരം പ്രതികരണ ക്രീയകൾക്കു മാത്രമേ ഈ ഊഷരതകളെ ജലസ്പർശമേൽപ്പിക്കുവാനാകൂ.

അത്ര നല്ലതൊന്നുമല്ലാത്ത ഒരു സമയത്താണ് നാം ജീവിക്കുന്നത്. ഈ കാലം പ്രാക്കളെപ്പോലും ഭ്രാന്തു പിടിപ്പിക്കുന്നു. അതിനോട് നാം എങ്ങിനെ പ്രതികരിക്കണമെന്ന ചോദ്യത്തിനു വളരെയധികം പ്രസക്തിയുണ്ട്. സ്വയം ചിന്തിക്കുന്നതോടൊപ്പം മററുള്ളവരെ നമ്മോടൊപ്പം ചിന്തിപ്പിയ്ക്കുക എന്ന ക്ലേശകരമായ കടമയും കൂടിയുണ്ട് നമുക്ക്. അതിനാൽത്തന്നെ, സങ്കുചിതമായ പരിചിന്തനങ്ങൾ ഉപേക്ഷിക്കുവാൻ സമയമായി. അപക്വമായ വിശ്വാസങ്ങൾക്കു നൽകുന്ന സാത്വിക പരിവേഷങ്ങൾ മറ നീക്കി കാണുവാനും കാലമായിരിക്കുന്നു. കാലത്തെ അതിന്റെ എല്ലാ സമഗ്രതകളോടും കൂടിത്തന്നെ ഉൾക്കൊള്ളുകയാണ് 'ഇന്നി'ന്റെ ആവശ്യം. പൊയ്ക്കിനാവുകൾ ഉപേക്ഷിച്ച് യാഥാർത്ഥ്യ ബോധത്തോടെ പ്രശ്നങ്ങളെ നേരിടുകയാണ്, ഓരോ ചലനത്തിലും ഓരോ ചിന്തയിലും അത്തരമൊരു തുടക്കത്തിന്റെ ആത്മാർത്ഥമായ പ്രതിഫലനങ്ങൾ ചികഞ്ഞെടുക്കുകയുമാണ് വേണ്ടത്.

CHRIST COLLEGE LIBRARY
ACC. No. 57428
CALL NO.

കണ്ണും കാതുമില്ലാത്തവനാണ് ചിന്തകളില്ലാത്തവൻ. ചിന്തകളില്ലാത്തവനാണ് ഇക്കാലത്ത് വേദനകളില്ലാത്തവൻ. ആവിയുണങ്ങാത്ത മുറിവുകളും ചിന്ത വററിയിട്ടില്ലാത്ത മനസ്സുകളും, അനിവാര്യമായതെന്തോ അതിനെ അനുഭവിച്ചറിയുന്നു. ഉയർത്തിപ്പിടിച്ചൊരു ചൂണ്ടു വിരലിന്റെ കഠിനതമായി കാലം നമ്മെ ചരിത്രത്തിലെ എല്ലാ സംഭവ പരമ്പരകൾക്കും വികാസ പരിണാമങ്ങൾക്കും സാക്ഷികളാക്കുന്നു. ഭാവിയെക്കുറിച്ചുള്ള സങ്കല്പങ്ങൾക്ക് നിശിതവും സുവ്യക്തവുമായൊരു രൂപം വാർക്കുവാൻ സഹായിക്കുന്ന മൂശയും ചരിത്രംതന്നെ. അങ്ങനെ ചരിത്രംതന്നെ, ചരിത്ര സൃഷ്ടാക്കൾക്ക്, അതിനുള്ള ചോദനയായി വർത്തിക്കുന്നു. അത്തരമൊരു പ്രക്രിയയുടെ തയ്യാറെടുപ്പിലേക്കായി നാം ആദ്യം ചെയ്യേണ്ടത് ഉപരിതല സ്പർശിയായ നിരീക്ഷണശീലം കൈവെടിഞ്ഞ് സമൂഹത്തിന്റെ അന്തർധാരകളിലേക്ക് ഊർന്നിറങ്ങുകയാണ്. അതിലേക്കായി ചുററും നടക്കുന്ന സംഭവങ്ങളോട് കൂടുതൽ ഗൗരവതരമായ ഒരു സമീപനവും, പ്രതികരണ ബോധവും നമ്മിൽ നിന്നും കാലം ആവശ്യപ്പെടുന്നു. അത്തരം ചിന്താശേഷിയും സംവദനക്ഷമതയും മാത്രമേ ഭാവിയെന്തായിരിക്കണമെന്നതിനെക്കുറിച്ച് സമഗ്രമായൊരു വീക്ഷണം സൃഷ്ടിക്കുവാൻ സഹായകമാവൂ.



കമ്പിവേലികൾക്കും ചാരക്കൂനകൾക്കും മുകളിൽ പ്രതീക്ഷയുടെ പക്ഷികൾ ചിറകടിച്ചു നില്ക്കുന്നു. അത് കണ്ടില്ലെന്ന് നടിക്കാൻ എല്ലാവർക്കും കഴിയില്ല. നമ്മുടെയെല്ലാം ഉള്ളിൽ അലിഞ്ഞുചേർന്നിരിക്കുന്ന ചരിത്രപരമായ ആ ശുഭാപ്തി വിശ്വാസം തന്നെയാണ് വീണ്ടും വീണ്ടും നമ്മെ മുന്നോട്ട് നയിയ്ക്കുന്നത്. അനുഭവങ്ങളുടെ നൈരന്തര്യത്തിലൂടെ പരിമിതികൾ മനസ്സിലാക്കി നാം പോരാടേണ്ടിയിരിയ്ക്കുന്നു. ഉർവ്വരതയുടെ പച്ചപ്പ് അത്രയൊന്നും അകലെയല്ല.

സ്ററുഡന്റ് എഡിററർ-ജയശങ്കർ ആർ.

○ പ്രിൻസിപ്പാളുടെ റിപ്പോർട്ട്. കവിത മനുഷ്യനിലേയ്ക്ക്. മഹാകാലത്തിന്റെ നാടകം. പ്രതിഭയുടെ കൊയ്ത്ത്. ഇന്ത്യൻ കവിതകൾ — വിവർത്തനങ്ങൾ. മണിമധുകർ. ബ്രഹ്മരാജൻ. ശിവ് കെ. കുമാർ. ശാന്ത ആചാര്യ. മനോഹർ ബാനർജ്യോപാദ്ധ്യായ്. ജഗദീഷ് ചതുർവേദി. വിനോദ് ശർമ്മ. തിരു. മു. മേത്ത. നകുലൻ. അരുൺ കൊലാട്കർ. മന്ത്രിയുണ്ടായ കഥ. രണ്ടു കഥകൾ — ഔദാര്യവാനായ രാജാവ്. അലക്കുകാരനും കഴുതയും. എന്റെ പക്ഷിയുടെ കുഞ്ഞ്. വെളിപാട്. വില്യം സരോയന്റെ മനോഹരമായ വെള്ളക്കുതിരയുടെ വേനൽ. വിദ്യാർത്ഥികളുടെ കവിതകൾ — മഹാവൃക്ഷം. സുബൈദ. കടൽക്കരയിൽ. മാതൃസ്. ഒരു സ്വപ്നം. ഹേ സൂര്യ നീ എന്നും നിലനിൽക്കുന്നു. ജഡതയുടെ താഴ്വരയിൽ പൊടിഞ്ഞുപൊന്തിയ ജീവനുകളെക്കുറിച്ച്. രാം കിങ്കറിന്റെ കല. ഋഷികേശൻ നായർ. പഥേർ പാഞ്ചാലി - നടപ്പാതയുടെ സംഗീതം. റഷ്യൻ യുദ്ധ-ശേഷ കവിതകൾ - അന്ന അഖ്മത്തോവ, ബോറിസ് പാസ്റ്റർനാക്ക്. ഓംഗ ബെർഗ്ഗോൾട്ട്സ്. ബോറിസ് സ്ലട്ട്സ്കി. യവ്ജനി വിനോകുറോവ്. വെളുത്ത മുയൽക്കുഞ്ഞ്. ഭാവഗീതികളിലെ ആത്മനിഷ്ഠത. പ്രലപനങ്ങൾ. മിം ഡോസ്ററിന്റെ മൂന്നു പേർഷ്യൻ കവിതകൾ. കല — കുറച്ചു സൗന്ദര്യശാസ്ത്ര ചിന്തകൾ. ഉത്പൽദത്തിന്റെ കൂടെ. കവിയരങ്ങിൽ ചൊല്ലിക്കേട്ട കവിതകൾ — നിശ്ശബ്ദത, ഓട്ടോവിൻ പാട്ട്, വേനൽ മഴ, നല്ല നടപ്പ്. ഇന്ത്യൻ വിദ്യാഭ്യാസം — കുറച്ചു കണക്കുകൾ. Education - Some thoughts on the subject and suggested remedies. Education — the need for a fundamental change in the beurocratic set up. Our Universities. On Rouault's art and influences. English poetry — Analogy. The man wonders. The mask is n't unveiled. Story untold. Sunset. Prey and killer. A summer noon. Transformation. Arts exhibition. Genetic engineering — a promise to coming years. Poakuveyil — an appraisal. Composite fish culture. റിപ്പോർട്ടുകൾ. ഇരുപത്തിയഞ്ചു തികയുന്ന ക്രൈസ്ററ് കോളേജ് ○

1981



Johnson K. D.
Joint Secretary



Joy Cherian Manjaly
General Secretary



Francis W. J.
Vice Chairman



Harishkumar
University Union Councillor



Antony Thekkekkara
Chairman



Dilkumar C. N.
University Union Councillor.
Joint Secretary, Calicut Uty. Union.



Nalinakshan S. K.
Fine arts Secretary



P. Jacob
General Captain.



Biju P. S.
Secretary, Chemistry Association



Francis Mathew
Secretary, Economics Association



Abraham Joseph
Secretary, Zoology Association



P. D. Francis
Union executive member



Walter P. John
P. G. Representative



Mohamed Ashraf. P. A.
Ist D. C. Representative



Vasan. V.
Secretary, Mathematics Assn.



Surendran K.
Union Executive member



Johnson Varghese
Secretary, Commerce Assn.



Joseph A. Mattam
Ist P. D. C. Representative



Prasad N. V.
IInd D. C. Representative



James Pazhayattil
Union Executive membe

## COLLEGE UNION COUNCIL MEMBERS

# SILVER JUBILEE CELEBRATIONS MARCH 1982

## — COLLEGE REPORT 1981-82 —

Hon: Chief Minister Sri. K. Karunakaran, His Excellency Bishop Clemens, Rev. Fr. Provincial, Rev. Rectors, Rev. Fathers, Sisters, members of the Staff, distinguished guests and beloved students:

Twenty-five years in the life of an institution may be deemed insignificant from the ultimate point of view of the infinity of space and the eternity of time. Yet in the humble calendar of human time, it is almost one-third of a life span. Another contingent of a quarter century in service is an unrealisable dream for us; nor could a student aspire to spend so much of his life in a single citadel of learning.

And that is why the torch of the Jubilee is lit, to inflame in all of us a fresh spirit of discovery, a revived sense of co-operation, dedication and self-awareness, and to ruminate over the past to appreciate better what has been done and what remains to be done. Here an institution announces its identity and calls out: "I have attained manhood; treat me no more like a baby, understand me for what I am worth; declare the truth about me to the world, to admire, or to condemn". This is exactly what this brief report intends to do.

Christ College grew out of a deep-felt need of the people of Irinjalakuda. It was the clairvoyance of Rt. Rev. Msgr. Clemens that knit together the various talents of Rev. Fr. Gabriel and Fr. Dismas and brought together the resourcefulness of Devamatha Province, Sri. K. L. Francis, then Secretary of the College Committee, and Sri. M. P. Kochudevassy, then Municipal Chairman in the building up of this institution. The College started in 1956, with 240 students and 14 members on the teaching staff. Its growth from then onwards has been steady, natural, and organic, like that of a tree.

At present we have nine departments of study, manned by 115 teachers and 55 members on the non-teaching staff with over 2200 students who pursue unfettered the mysteries of nature and the problems of human mind and intellect. In the years to come best efforts will be made to start five new courses, M. A. in Economics, B. Sc. and M. Sc. in Statistics, B. A. in English and B. Sc. in Botany. This is in addition to the new course which we have started this year, B. Sc. in Geology.

I crave your indulgence now for a few minutes to delve into the past. The credit of being the first student of the College goes to Rev. Fr. Bennett Kurian, now Principal of Devagiri College. We remember with pride our first batch of students of Chemistry, Zoology, Economics and Physics who secured cent per cent pass at the Bachelor level, and particularly Robert P. Panakal, who was the first student to secure Ist Rank at the Pre-Degree level. Twice we have bagged all the ranks at the Pre-Degree level, once in 1972. by Robert P. Panakal and Sasidharan A., and again in 1978 by K. N. Sunil and Rojan Kuruvilla. The credit of being the first Rank holder at the degree level is shared by A. J. Sakaria in B. Sc. Zoology and M. A. Augusty in B. Sc. Chemistry. The first student who secured Ist Rank in B. Com. was P. Chellappan of the class of 1961, in B. Sc. Physics, K. Parameswaran (1965) and in B. Sc. Mathematics T. V. Varghese (1978). P. Ramachandran was the first student to secure a University Rank in Economics.

At the M. Sc. level, the credit of being the first holders of first Rank goes to A. Sivadasan in Chemistry, E. R. Chandran in Zoology and R. Sreedharan in M. Com.

Ranks have been a regular feature of Christ College from the very beginning. Examination

results of the academic year 1980-81 have also measured upto our best traditions. With cent per cent pass in B. Sc. Physics, M. Sc. Chemistry and M. Sc. Zoology, 97% in B. Sc. Zoology, 94% in B. Sc. Chemistry, 86% in B. A. Economics and 76% in B. Com., our degree results have touched the pinnacle of excellence.

## UNIVERSITY EXAMINATION RESULTS APRIL 1981.

### II PRE-DEGREE.

| SUBJECT | | I Class | II Class | III Class | Total | Percentage |
|---|---|---|---|---|---|---|
| I Group | ... | 99 | 49 | 29 | 177 | 79 |
| II Group | ... | 50 | 31 | 17 | 98 | 63 |
| III Group | ... | 2 | 13 | 30 | 45 | 42 |
| IV Group | ... | 8 | 25 | 26 | 59 | 46 |
| | | 159 | 118 | 102 | 379 | 62 |

### FINAL B. A. / B. Sc. / B. Com.

| | | | | | | |
|---|---|---|---|---|---|---|
| B. Sc. Physic Main | ... | 26 | 3 | 3 | 32 | 100 |
| ,, Zoology Main | ... | 24 | 4 | — | 28 | 97 |
| ,, Mathematics Main | ... | 19 | 8 | 4 | 31 | 97 |
| ,, Chemistry Main | ... | 19 | 3 | 1 | 23 | 94 |
| B. A. Economics Main | ... | 1 | 12 | 31 | 44 | 86 |
| B. Com. | ... | 13 | 18 | 13 | 44 | 76 |

### FINAL M. Sc. / M. Com.

| | | | | | | |
|---|---|---|---|---|---|---|
| M. Sc. Chemistry | ... | 7 | — | — | 7 | 100 |
| ,, Zoology | ... | 7 | 1 | — | 8 | 100 |
| M. Com. | ... | 2 | 4 | 1 | 7 | 87.5 |

1. RAMDAS M. M. — Ist Rank in B. Sc. Chemistry.
2. UNNIKRISHNAN V. V. — IInd Rank in B. Sc. Zoology.
3. NAGARAJAN P. A. — Ist Rank in B. Com.
4. Rev. Fr. C. D. POULOSE — IIIrd Rank in M. Sc. Zoology.

However, the results in the examinations are not the only true measure of the grandeur of a College; it is in the shaping of the integrated human being that we have set our anxious eye. That is why extra-curricular activities occupy a rare place in our campus life.

The N. C. C. Unit of the College has also been dynamically active during the present academic year. It organised social service camps, blood-donation programmes and several parades. Sergant R. Krishnakumar participated in the army attachment camp in Trivandrum, while under officers V. A. Ouseph and P. Kannan participated in the Republic Day Selection Camps in Trichur and Quilon.

The year 1981 has been a period of progress for our N. S. S. Unit. We have rendered remarkable service in many fields in Irinjalakuda and the surrounding areas. This year we constructed 3 K. M. length of roads in and around Irinjalakuda.

Another major achievement of our N. S. S. Unit this year is the construction of 10 sanitary lavatories for different families at Madathikara lane near Irinjalakuda. Its soil testing campaign helped more than 200 farmers. It has also built up 'an army of blood-donors' ready to save sinking lives. 'The Youth For Rural Reconstruction' Camp held during the Pooja Holidays and the follow-up programmes of the various projects undertaken during the camp have won for the unit the love of our public.

The training of the physique and its various ls is a precondition of the development of the vers of the mind. And so our distinctions in the d of Sports and Games should not go unmarked. College Volley Ball Team came to the finals of Bishop Vayalil Trophy Tournament at Palai in ober 1981. (Sri. K. P. Thomas was selected to University Volley Ball Team in September 1981.) ey won the District Championship for the 12th r in succession. (Sri. Baiju got selected to the te Volley Ball Team to play the youth nationals.

Our Foot-ball Team brought back the coveted C. Mathew Trophy the symbol of Foot-ball supre- cy in the University after a lapse of five years. editable indeed is their victory, considering that team achieved this feat without the services of iversity Player Jacob and State Player Paulson. ngratulations. (Congratulations too to P. Jacob d P. J. Paulson who represented the Calicut iversity Foot-ball Team this year.)

(Four of our athletes established new records the Calicut University Athletic Meet, Subash, cob, Vinayakumar and Johnson. We remember em with pride.)

The College provides adequate facilities and ple opportunities to the budding artists in the ld of Fine Arts, We stood first at the Calicut iversity 'D' Zone Arts Festival. Our Group Dance am won the first place for the fifth time in suc- ssion. In addition we won the first and second ace in the following items :-

Oppana, Kolkkali, Tableau, Hindi Drama, Group usic, Single Dance, Elocutions, Instrumental Music, inting, Cartoon Drawing & Clay Modeling.

Ajayakumar Ghosh, U. K. Sudhakaran, E. A. dhakumar, M. K. Sugunan, Aziz Baker, M. D. Tomy and A. V. Rajan who led the various teams in group items, and P. K. Joy, C. V. Thomas, P. L. Peter, M. Bhasi, A. Sivasubramanian and S. K. Nalinakshan who won individual prizes deserve special mention. I congratulate all of them.

We have not forgotten the spiritual aspect of our academic life without which all our achiev- ments will remain in semi-darkness.

Through the Catholic Students Association and the various religious and philanthropic programmes undertaken by it, we have tried to instil in our students a sense of community, directoin, purpose and meaning, the absence of which virtues has led the present world to a spiritual crisis.

This report will remain imperfect if we fail to pay homage to the most loving and reverent memories of Rev. Fr. Boniface, Rev. Fr. Jose Chirayath, Professors P. P. Joseph, T. V. George, P. K. Mathew and M. I. Davis, and T. V. Varghese who passed away while still in the Service of Christ College. We bow before their hallowed memory. Let their souls rest in peace.

Any achievement has its debets. My heart is overwhelmed by a sense of gratitude towards those zealous souls who stood with us through thick and thin Rev. Fr. Leontius, Manager of the College, Fr. Kollannoor, our Bursar, dedicated members of the staff, Wardens of the Hostels, members of the guardians and well-wishers association and my beloved students.

Above all, with grateful heart I bow before Christ our light and life for his unfailing guidance and counsel. Thank you.

hrist College, Irinjalakuda,
arch 7, 1982.

**FR. J. V. AMBOOKAN**
PRINCIPAL.



# കവിത മനുഷ്യനിലേയ്ക്കു്

**ജോസ് ജോർജജ് വളവി**

**ആ**യിരത്തി തൊള്ളായിരത്തി അറുപത്തൊന്നിൽ പ്രസിദ്ധീകൃതമായ അയ്യപ്പപണിക്കരുടെ 'കുരുക്ഷേത്ര'ത്തോടെ മലയാള കവിതയിൽ അത്ഭുതാവഹമായ ഒരു പരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഈ പരിണാമം കവിതയുടെ രചനാഭംഗിയിൽ വരുന്നതല്ല. പ്രത്യുത അതിൻെറ രൂപഭാവങ്ങളിൽ വന്ന മാററമാണ്. അതായതു് കവിതയോടുള്ള സമീപനത്തിൽ മാററം വന്നിട്ടുണ്ടു് എന്നു ചുരുക്കം. (എന്നുവെച്ചു് മനുഷ്യനു് മനുഷ്യനോടുള്ള സമീപനത്തിൽ മാററം വന്നിട്ടുണ്ടു് എന്നൊന്നും നമ്മൾ തെററിദ്ധരിയ്ക്കേണ്ട ! മാററം വരുത്തുവാൻ വേണ്ടിയാണല്ലോ കവിത ഇവിടെ ആധുനികം, അത്യന്താധുനികം, ആധുനികോത്തരം എന്നീ പേരുകളിൽ വളരുന്നതു്.) ചങ്ങമ്പുഴയുടെ റൊമാൻറിക് കവിതകളിൽനിന്നും എൻ. വി. യുടെ സർറിയലിസ്റ്റിക് കവിതകളിൽ നിന്നും വ്യത്യസ്തമായി കവിത ഇവിടെ പുതിയൊരു മാനം കൊള്ളുകയാണു് 'കുരുക്ഷേത്ര'ത്തോടെ. മനുഷ്യൻ എല്ലാത്തിനും അധിപനെന്ന ആശയത്തിൻെറ പൊള്ളത്തരം തുറന്നു കാട്ടുകയാണു് പണിക്കർ തൻെറ കവിതയിലൂടെ.

''ആളു തിക്കിത്തിരക്കിയേററുന്ന-
താണു, ചന്തയാണെൻ പ്രപഞ്ചം
വില്പനയ്ക്കു ചരക്കുകൾ പേറി
വില്പനക്കാർ വരുന്നു, പോകുന്നു.
തങ്ങളെത്തന്നെ വില്ക്കുന്നു, വീണ്ടും
തങ്ങൾതന്നെ വിലപേശി നിൽപ്പൂ''

എന്നു പറയുന്നിടത്തു് മനുഷ്യനു് വന്നുചേർന്ന മൂല്യനഷ്ടമാണു് കവിതയെഴുതുവാൻ പണിക്കരെ പ്രേരിപ്പിക്കുന്നതു്. മതത്തിലും നിയമങ്ങളിലും മനുഷ്യനു് വന്നുചേർന്ന അവിശ്വാസം രേഖപ്പെടുത്തുന്നുണ്ടു് ഈ കവിത. അവിശ്വസിക്കാൻ ഇടയാക്കിയ സാഹചര്യത്തിൻെറ നിസ്സഹായത ചൂണ്ടിക്കാണിക്കുന്നുമുണ്ടു് ഈ കവിത.

''സീതയെക്കാട്ടിൽ കളയണോ,
രാവണരാജൻെറ ചോര
കുടിക്കണോ ലങ്കകൾ?''

ഈ വരികളിൽ മനുഷ്യൻെറ ആത്മസംഘർഷം പ്രകടമാകുന്നുണ്ടു്.

''നീതിക്കുവേണ്ടിക്കരഞ്ഞുഴന്നീടവേ
ഗീതചൊല്ലിക്കേട്ടൊരർജ്ജുനനല്ല
ഞാൻ''

അർജ്ജുനൻെറ നിസ്സഹായത മാനവരാശിയുടെ മുഴുവൻ നിസ്സഹായതയാണു്. ഈ നിസ്സഹായതയിൽ നമ്മെ സഹായിക്കാൻ ആരും മുന്നോട്ടു വരുന്നില്ല. അതുകൊണ്ടു് ഭീതിജനകവും നിരാശാജനകവുമായ ഈ ജീവിതത്തിൽ നിന്നു് കവി മോചനം കാംക്ഷിക്കുന്നുണ്ടു്.

''നാം പുണരും കിനാവിൻെറ ദിവ്യ-
നാഭിയിൽ നാമുയിർ-
ക്കൊള്ളുമെങ്കിൽ!''

ഇതു വെറും സ്വപ്നമല്ല. ആശയാണു്. ഈ ജീവിതത്തിൽ നിന്നു് സ്വയം മോചിതനാകാനുള്ള ആശ.

ടി. എസ്. എലിയററിൻെറ 'തരിശുഭൂമി' (Waste Land - 1919 പ്രസിദ്ധീകൃതമായതു്) എന്ന കവിത ഇവിടുത്തെ കവികളിൽ ചെലുത്തിയസ്വാധീനം അന്യാദൃശമത്രെ. വെറും വൃത്തത്തിനുള്ളിൽ കിടക്കുന്നതല്ല കവിത. വൃത്തം വേണമെന്നുമില്ല ഒരു കവിത ജനിക്കുവാൻ. മാത്രമല്ല വൃത്തം ശരിയ്ക്കൊപ്പിക്കുവാൻ കവിതയിലെ ആശയഗാംഭീര്യം വിട്ടുകളയുകയുമാണു് പലപ്പോഴും കവികൾ ചെയ്തിരുന്നതു്. ഇതിനെതിരായ ബോധപൂർവ്വമായ നീക്കമായിരുന്നു 'തരിശുഭൂമി'. ഇതിലെ പല വരികളും ഗദ്യരൂപത്തിലാണു്. ഈ സമ്പ്രദായത്തിൽ ആകൃഷ്ടരാവുകയും ചെയ്തു ഇവിടുത്തെ ആധുനിക കവികൾ. കവിതയുടെ അന്തഃസ്സത്ത കൈവിടാതെ കവിതയിൽ കൂടി തങ്ങളുടെ ആശയം ഫലപ്രദമായി അവതരിപ്പിയ്ക്കുവാനും കഴിയുന്നുണ്ടു്. ഉദാഹരണത്തിനു് കടമ്മനിട്ടയുടെ 'മത്തങ്ങ'യിലെ ചില വരികൾ. :

''ഞാൻ കണ്ട മത്തങ്ങയെക്കുറിച്ചു-
മാത്രമേ
എനിക്കു പറയാൻ കഴിയൂ
അതും കണ്ടിടത്തോളം മാത്രം.
പറഞ്ഞറിഞ്ഞതു വിഴുങ്ങാൻ
വിഷമമുണ്ടു്
എത്ര വലിയ സത്യങ്ങളും
വാക്കുകളാകുമ്പോഴേക്കും
കർമ്മങ്ങളായ് കഴിയുമ്പോഴേക്കും
ഏററവും വികൃതമായ
നുണകളായി രൂപം കൊള്ളുന്ന
വിരോധാഭാസം
മനം മറിച്ചിലുണ്ടാക്കുന്നു.
വാക്കുകളിൽ തുപ്പൽ
പുരളുന്നതിലാവാം
കർമ്മങ്ങളിൽ കറ പുരളുന്ന-
തിനാലാവാമിത്തകരാറു്
തുപ്പലു പുരളാത്ത വാക്കുകൾ!
കറ പുരളാത്ത കർമ്മങ്ങൾ
ഈ ഭൂമിയിൽ അതു സാധ്യമാണോ !
ആയതിനാൽ നമുക്കു
മത്തങ്ങയെക്കുറിച്ചാലോചിക്കാം''

ഇതിൽനിന്നു് ഉദ്ഭൂതമാകുന്ന താളവും ലയവും മനസ്സിലേയ്ക്കാഴ്ന്നിറങ്ങിച്ചെല്ലാനാവും വിധമാണു്. അതായതു് വൃത്തത്തിനുള്ളിൽ അവതരിപ്പിക്കാതെ തന്നെ ആശയത്തിൻെറ തീവ്രത അനുവാചകരിൽ അനുഭവിപ്പിക്കുവാൻ കവിയ്ക്കു സാധിക്കുന്നു.

മൂല്യനഷ്ടത്തിലുള്ള രോഷമാണു് പുതിയ കവിതയുടെ മുഖമുദ്ര എന്നു പറഞ്ഞുവല്ലോ. ഇതു് ഏതെല്ലാം രീതികളിലാണു് അവതരിപ്പിക്കുന്നതു് എന്നതിലാണു് പുതിയ കവിതയുടെ ഭാവുകത്വം കുടികൊള്ളുന്നതു്. രൂപഭാവത്തിലുണ്ടാകുന്ന നവീനതയാണു് രീതികൾ എന്നു പറയുന്നതുകൊണ്ടു് ഇവിടെ ഉദ്ദേശിക്കുന്നതു്.

''ഘനമൂക മനസ്സിൽ ചാരനിറം
പൂണ്ട മഹാശൂന്യതമാത്രം
കണ്ണിനു പിന്നിൽ കാതിനു പിന്നിൽ
കതകുകൾ മുറുകിയടഞ്ഞുകിടപ്പൂ''.
— എന്നു കക്കാട്.

''ഒപ്പം നടക്കുവാനില്ലാരു-
മില്ലെങ്ങും ചെന്നുചേരുവാൻ
ചെയ്യുവാനൊന്നുമില്ലാഞ്ഞീ
കടൽക്കരയിലെത്തീഞാൻ''

ക്രൈസ്ററ് കോളേജ്

എന്നു് ആററൂരും പാടുമ്പോൾ ആധുനിക മനുഷ്യനു് വന്നുചേർന്നിട്ടുള്ള ശൂന്യതയുടെ ആഴം മനസ്സിലാകുന്നുണ്ടു്. സ്വാർത്ഥതയും ചതിയും വഞ്ചനയും ഒക്കെ ചേർന്നിട്ടുള്ളതാണു് ഇന്നത്തെ ലോകം. നിയമത്തിൻേറയും സമൂഹത്തിലെ ആചാരങ്ങളുടേയും നടുവിൽ മനുഷ്യൻ നിസ്സഹായനാണു്. ഈ നിസ്സഹായതയുടെ തീവ്രമായ വേദനയാണു്. പുതിയ കവിതയുടെ മാനദണ്ഡം എന്നും പറയാം. മനുഷ്യൻ അവസരം കിട്ടുമ്പോഴൊക്കെ മററുള്ളവരെ വീഴ്ത്താനാണു് ശ്രമിക്കുന്നതു്. ഏതു 'നല്ല' കാര്യത്തിലും ഈ പ്രവണത ദർശിക്കാവുന്നതുമാണു്. മററുള്ളവരെ സഹായിക്കാവുന്നിടത്തുപോലും അവരെ ഉപദ്രവിച്ചു കീഴടക്കാനാണു് മനുഷ്യൻ ഇന്നു് ശ്രമിക്കുന്നതു്. ഇതു തെററാണു്; അനീതിയാണു്. ഈ സ്വാർത്ഥതയുടേയും കാപട്യത്തിൻേറയും കുഴികളിൽനിന്നു് നമ്മൾ മുക്തരാകണം. ഇന്നത്തെ മാനവരാശിയിൽ നിന്നു് വ്യത്യസ്തമായി പുതിയൊരു മാനവരാശിയെ പ്രതീക്ഷിക്കുന്നുണ്ടു് കവികൾ.

സമൂഹത്തിലെ ഓരോരുത്തരും ഇവിടത്തെ നാറിയ വ്യവസ്ഥിതിക്കെതിരെ പടപ്പൊരുതുവാൻ ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണു് സച്ചിദാനന്ദൻെറ കവിത. സച്ചിദാനന്ദൻെറ ഭാഷ ഗൌരവമുള്ളതാണു്.

''ദുരിതങ്ങളെല്ലാം
ചീറിപ്പതഞ്ഞുവന്നാലും
എവറസ്റ്റിൻെറ നട്ടെല്ലുള്ള
എൻെറയാത്മാവു് കീഴടങ്ങുകയില്ല''

എന്നു് ഒരവസരത്തിൽ കവി ദൃഢപ്രതിജ്ഞയെടുക്കുന്നുണ്ടു്. ഇതു മനുഷ്യരോടുള്ള ഒരു ആഹ്വാനമാണെന്നും പറയാം. ഏതു പ്രതിസന്ധിയേയും ധൈര്യപൂർവ്വം തരണം ചെയ്യുവാനുള്ള ആഹ്വാനം.

കടമ്മനിട്ട, കാവാലം, ഡി. വിനയചന്ദ്രൻ എന്നിവർക്കു് കവിതയോടുള്ള സമീപനവും ശ്രദ്ധേയമാണു്. കേരളത്തിൻെറ പുരാതന സമ്പത്തായ നാടൻ ശീലുകളിൽ ഇവർ തങ്ങളുടെ ശക്തിയെ ആവാഹിക്കുകയാണു്, അങ്ങനെ കവിതയിൽ തങ്ങളുടെ ആശയം വളരെ തീവ്രമായി അവതരിപ്പിക്കുകയും ചെയ്യുന്നു. ഉണർവ്വിൻെറ സംഗീതമാണു് കടമ്മനിട്ട കവിത. കടമ്മനിട്ടയുടെ കവിതകളെല്ലാം തന്നെ ഒരുണർത്തുപാട്ടിൽ ചെന്നവസാനിക്കുന്നുണ്ടു്. മൂല്യങ്ങളെല്ലാം നഷ്ടപ്പെടുമ്പോഴും ജീവിതത്തിനു് പുതിയൊരർത്ഥം കൊടുക്കാമോയെന്നു തിരയുകയാണു് കവി. മനുഷ്യരാശിയെ മുഴുവൻ കർമ്മോന്മുഖമാക്കാനാണു് കവിയുടെ ശ്രമം. അതുകൊണ്ടു തന്നെയാണല്ലോ കവി തനിക്കു പരിചിതമായ നാടൻപാട്ടുകളിലൂടെ തൻെറ കവിതയെ ആവിഷ്കരിക്കാൻ ശ്രമിക്കുന്നതും. അങ്ങനെ കവിതയെ മനുഷ്യനിലേയ്ക്കടുപ്പിക്കുവാനും കവിക്കു സാധിക്കുന്നു.

'ശാന്തയിൽ നിന്നു്' :

''നിറഞ്ഞ പെണ്ണേ, പുരികുഴലീ
കരിന്തകര കടഞ്ഞപെണ്ണേ
കടമമനിട്ടക്കാവു തീണ്ടാൻ
നീ ഉണരൂ, നീ ഉണരൂ
കാർക്കുന്തലിൽ മിന്നലുചൂടി
നീൾമിഴിയിൽ കതിരുപേറി
കാതുകളിൽ ഓലഞാത്തി
കല്ലുമാലയണിഞ്ഞൊരുങ്ങി
കടമ്മനിട്ടക്കാവു തീണ്ടാൻ
നീ ഉണരൂ, നീ ഉണരൂ.''

കടമമനിട്ടയുടെ കവിതകൾ താൻ ആവാഹിക്കുന്ന ശക്തിയുടെ പ്രതീകമാണെങ്കിൽ, കുഞ്ഞുണ്ണിക്കവിത പരിഹാസ്യദ്യോതകമാണു്. ഇദ്ദേഹത്തിൻെറ കവിത പലപ്പോഴും ഒന്നോ രണ്ടോ വരികൾ മാത്രമാണു്. പക്ഷേ അവയിലൂടെ പ്രകടമാകുന്ന ആശയം അതിനേക്കാൾ എത്രയോ മടങ്ങു് വലുതാണു്. അവ പലപ്പോഴും കുഞ്ചൻനമ്പ്യാരെ അനുസ്മരിപ്പിക്കുന്നുമുണ്ടു്. കുഞ്ഞുണ്ണിയുടെ കവിതകൾ പലപ്പോഴും മനുഷ്യൻെറ അർത്ഥമില്ലാത്ത അഹന്തയോടുള്ള പരിഹാസമാണു്.

''ഞാനിങ്ങനെയല്ലാതായാ-
ലിബ്ബ് ബ്രഹ്മാണ്ഡവുമിങ്ങനെ
യല്ലാതായിടു-
മമ്പട ഞാനേ!''

ഇല്ലാത്ത മഹത്വം പെരുപ്പിച്ചു കാട്ടുന്ന ചില രാഷ്ട്രീയ നേതാക്കന്മാർക്കെതിരെ കവിയുടെ വിരലുകൾ അനങ്ങുന്നു. ജനനന്മയെന്ന പേരിൽ ജനങ്ങളെ വഞ്ചിക്കുന്ന അത്തരം രാഷ്ട്രീയക്കാരോടു് കവിക്കു് രോഷവുമുണ്ടു്. അധികാര വർഗ്ഗത്തിൻെറ കരാളഹസ്തങ്ങളിൽപ്പെട്ടു് ഞെരുങ്ങുന്നതു് ഇവിടത്തെ പാവങ്ങളും ഇടത്തരക്കാരുമാണെന്നും കവി മനസ്സിലാക്കുന്നു.

''രണ്ടാന്തിയതി തൊട്ടേ ഞാ-
നെണ്ണുമൊന്നാന്തിയാകുവാ-
നെത്രനാളുകളുണ്ടെന്ന-
തമമട്ടാണെൻെറ ഭാരതം.''

പരിഹാസ്യദ്യോതകമായ കാഴ്ചപ്പാടു് ഗോവിന്ദനിലും കാണുന്നുണ്ടെങ്കിലും പൊതുവേ 'വാക്കിനു കൂട'ന്വേഷിക്കുന്ന ഈ കവിയുടെ കവിതകളിൽ അസമത്വത്തിൻെറയും അസ്വാതന്ത്ര്യത്തിൻെറയും അസഹിഷ്ണുതയും രോഷവുമാണു് പ്രകടമാവുന്നതു്. ഉപരിവർഗ്ഗത്തിനുനേരേ പത്തിതാഴ്ത്തിക്കിടക്കുന്ന അധമവർഗ്ഗത്തിനെ ആദ്യം പരിഹാസം കലർന്ന സഹതാപത്തോടെ നോക്കിക്കാണുകയും പിന്നീടു് പ്രതികൂല ശക്തികളുടെ നേരേ ചീറിയടുക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യൻ സ്വയം വരുത്തിത്തീർക്കുന്ന ചങ്ങല പൊട്ടിച്ചെറിയുവാനുദ്ദേശിച്ചു കൊണ്ടുള്ളതാണു് ഇദ്ദേഹത്തിൻെറ കവിത.

''ഭ്രാന്തുററ ശാർദ്ദൂലം പോൽ
ചാടിയെത്തുക, പിച്ചി
ച്ചീന്തുക വിഴപ്പിൻെറ കൂറയും
കരവയും''
''ചാട്ടകളിടിത്തീയ്യായ്ച്ചാടട്ടെ,
മൂർഖസർപ്പ-
പ്പത്തിയാകട്ടെ, വിഷക്കാററിൻെറ
നാക്കാകട്ടെ!''

മുതലായ വരികളിൽ തിളച്ചു മറിയുന്ന രോഷം ഗോവിന്ദനു് ഒരു വിപ്ലവകാരിയുടെ നിറവും മണവും കൊടുക്കുന്നു. പാവപ്പെട്ടവൻെറ ഉയർച്ചയാണല്ലോ ഗോവിന്ദൻെറ കവിതയുടെ ലക്ഷ്യവും!

കാല്പനികതയുടെ സൌന്ദര്യവുമായണിഞ്ഞുവരുന്ന ജി. കുമാരപിള്ളയുടേയും ആർ. രാമചന്ദ്രൻെറയും കവിതകളിലെ മുഖ്യമായ പ്രതിപാദ്യം ഏകാകിയും വിരഹിയുമായ മനുഷ്യനാണു്. കവിതയിലൂടെ വളരെ സൂക്ഷ്മമായ ഭാവങ്ങൾ ഇവർ കൈകാര്യം ചെയ്യുന്നു. മനുഷ്യൻെറ ഏകാന്തതയാണു് രാമചന്ദ്രൻെറ കവിതകളിലെ മുഖ്യവിഷയം. രാമചന്ദ്രൻെറ കവിതകളിലെ ബാഹ്യപ്രകടമല്ലാത്ത, ആന്തരികതാളവും ശ്രദ്ധേയമാണു്.

''ഈയന്ധകാരത്തി,-
ലീനിശ്ശബ്ദതയിൽ
നിൻ കരളിലെ-
ശ്ശ്യാമവർണ്ണമാം ദുഃഖത്തിൻ സത്യം

എന്നെച്ചൂഴ-
മീയേകാന്തതയിൽ നിഴലിച്ചേ
വിശ്വനായക,
നിന്നെ ഞാനറിയുന്നേൻ''.

മനുഷ്യനിൽ നിന്നു് ഈശ്വരനിലേക്കുയരുമ്പോഴും കവിയ്ക്കു് മുമ്പു് പറഞ്ഞ അതേ ദുഃഖം തന്നെയാണുള്ളതു്.

പുരാണങ്ങളിലേയ്ക്കിറങ്ങിച്ചെല്ലുന്ന അധുനിക കവികൾ അവയെ ഇന്നത്തെ ലോകവുമായി സമന്വയിപ്പിക്കാൻ ശ്രമിക്കുന്നുണ്ടു്. പണിക്കർ, ഗോവിന്ദൻ, സച്ചിദാനന്ദൻ, കുഞ്ഞുണ്ണി മുതലായവർ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ആററൂരിൻെറ കവിതകളും ഇത്തരത്തിലുൾപ്പെടുന്നവയാണ്.

''അററുപോയ തലയ്ക്കുനേരെയിഴ
യുന്ന ജഡംപോലെ
അസ്തമിക്കുന്ന സന്ധ്യ.
ദുസ്സഹമായ വേദനകൊണ്ടു ചിറി
കോട്ടി നില്ക്കുന്ന ദിക്കുകൾ!''
(ശാന്ത-കടമ്മനിട്ട രാമകൃഷ്ണൻ)

അമേരിക്ക,
മടിയിൽ മലത്തിവെച്ച ഉള്ളംകൈ
പോലെ
നിൻെറ ഭൂപടം ഞാൻ കാണുന്നു.
(പണിക്കരുടെ 'അമേരിയ്ക്ക')

''ജീവനുള്ള എല്ലാററിനേയും
സ്പർശിച്ചു പ്രതിമയാക്കുന്ന
ഒരു ദുർമന്ത്രവാദിനിയായി
സമയം എൻെറ മുമ്പിൽ
വന്നുനിൽക്കുന്നു''
(സച്ചിദാനന്ദൻെറ പ്രതിമകൾ)

മുതലായ ഉപമകൾ ശ്രദ്ധിക്കുക. കാലം മാറുന്തോറും മനുഷ്യൻെറ അവബോധത്തിനു മാററം വരുന്നുണ്ടു്. ഇതു് കവിതയിലും പ്രതിഫലിക്കുന്നുണ്ടു്. അതാണീ ഉപമകൾ തെളിയിക്കുന്നതു്. വൈരൂപ്യത്തിലും സൗന്ദര്യം കുടി കൊള്ളുന്നുണ്ടു്. കവിതയിലെ മനുഷ്യനും യഥാർത്ഥ മനുഷ്യനും രണ്ടല്ല എന്നു് ആധുനിക കവികൾ തെളിയിക്കുന്നു. മനുഷ്യനെപ്പററി ചിന്തിച്ചു് ചിന്തിച്ചു് മനുഷ്യനല്ലാതാക്കുന്ന പഴയ സമ്പ്രദായം വിട്ടു്, മനുഷ്യനെ മനുഷ്യനായി കാണുകയാണു് ഇന്നത്തെ കവിത. ഏതെങ്കിലും പ്രത്യേക ബിന്ദുവിൽനിന്നു് തുടങ്ങി കറങ്ങിക്കറങ്ങി മുകളിലേക്കു പോകുന്ന ചുഴലിക്കാററായിരുന്നല്ലോ പഴയ കവിത. എന്നാൽ പ്രപഞ്ചത്തിലെ ഓരോ മനുഷ്യൻേറയും അസ്തിത്വം സമ്മതിച്ചുകൊടുക്കുവാൻ നവീന കവികൾ തയ്യാറാകുന്നു. കവിത 'വൃത്ത'ത്തിലായാലും 'ഗദ്യ'ത്തിലായാലും 'വലുതാ'യാലും 'ചെറുതാ'യാലും അതിൻെറ പ്രതിപാദ്യം യഥാർത്ഥ മനുഷ്യനല്ലെങ്കിൽ അതു് ഇക്കാലത്തു് കവിതയായി കാണുക വിഷമം.

# മഹാകാലത്തിൻെറ നാടകം

## കെ. വി. തോമസ്

സി. എൻ. ശ്രീകണ്ഠൻനായരുടെ 'ലങ്കാലക്ഷ്മി' എന്ന നാടകത്തെക്കുറിച്ചു ശ്രദ്ധേയമായൊരു സൗന്ദര്യവിചാരം.

**സി.** ജെയിലൂടെ, ശ്രീകണ്ഠൻനായരിലൂടെ, ആൻറിഗണിയിലും സൗപർണ്ണികയിലുമെത്തി നില്ക്കുന്ന മലയാള നാടകം നൂറു തികയ്ക്കുന്ന ഈ വേളയിൽ ഈ ലേഖനം തികച്ചും പ്രസക്തമാണെന്നു തോന്നുന്നു.

ലങ്കാലക്ഷ്മീനാടകത്തിൻെറ പൂർവ്വാങ്കം. ലങ്കയുടെ പ്രവേശന ഗോപുരമാണു് രംഗം. രാത്രി. ഒരു രാക്ഷസ സ്ത്രീരൂപം അവ്യക്തമായിക്കാണാം. ഇരുളിലൂടെ ഹനുമാൻ കടന്നുവന്നു് രാക്ഷസിയെ ഉഗ്രമായി അടിക്കുകയും രാക്ഷസി നിലംപതിക്കയും ചെയ്യുന്നു. രാക്ഷസി എഴുന്നേല്ക്കുമ്പോൾ കാണാറാകുന്ന രൂപം ദിവ്യവും സുന്ദരവുമാണു്-ലങ്കാലക്ഷ്മി. തുടർന്നു് ലങ്കാലക്ഷ്മി-ഹനുമദ്സംവാദഃ. വിധാതൃശാപവശാൽ രക്ഷോരൂപം പൂണ്ടു് ലങ്കയ്ക്കു കാവലായി നിൽക്കേണ്ടി വന്നതും, ഹനുമദ് പ്രഹരത്താൽ ശാപമോക്ഷം സിദ്ധിച്ചതുമായ വൃത്താന്തങ്ങൾ ലങ്കാലക്ഷ്മി ഹനുമാനെ ധരിപ്പിക്കുന്നു. ഹനുമാൻ സീതാഹരണകഥയും തൻെറ ദൗത്യവും വിവരിക്കുന്നു. ഹനുമാനുവേണ്ട നിർദ്ദേശങ്ങൾ കൊടുത്ത ലങ്കാലക്ഷ്മി 'ഒരു യുഗസന്ധിക്കു നിമിത്തമാണു നീ'യെന്നു് ഓർമ്മിപ്പിച്ചുകൊണ്ടു് നന്ദിപൂർവ്വം യാത്രയാവുന്നു......

പ്രത്യക്ഷത്തിൽ നാടകഗാത്രവുമായി പറയത്തക്ക ബന്ധമൊന്നുമില്ലായെന്നു തോന്നിപ്പിക്കുന്ന ഈ പൂർവ്വാങ്കത്തിൻെറയും ഇതിൻെറയൊരു പരിശിഷ്ടമായ ഉത്തരാങ്കത്തിൻെറയും പ്രസക്തിയെന്താണു്? ഈ പൂർവ്വോത്തരാങ്കങ്ങൾ നിർബന്ധിച്ചില്ലായിരുന്നുവെങ്കിൽ നാടക പുരോഗതിക്കു വല്ല ഊനവും ഭവിക്കുമായിരുന്നോ? (ലങ്കാലക്ഷ്മീനാടകം രംഗത്തവതരിപ്പിക്കുമ്പോൾ പലപ്പോഴും പൂർവ്വോത്തരാങ്കങ്ങൾ ഒഴിവാക്കാറുണ്ടു് എന്ന വസ്തുതയും ഇവിടെ അനുസ്മരിക്കുക.) ലങ്കാലക്ഷ്മീമോചനം എന്ന പൂർവ്വാങ്ക സൂചനയുടെ വ്യഞ്ജനാതലമേതു്?

ഈ ചോദ്യങ്ങൾ 'കാലം' എന്ന അവ്യാകൃതവും അജ്ഞേയവുമായ പ്രതിഭാസത്തിൽ ചെന്നുമുട്ടുന്നുണ്ടെന്നാണ് എൻെറ വ്യക്തിപരമായ അനുഭവം. 'കാല'ത്തെ സംബന്ധിച്ച ദാർശനികമായ ഒരു വിശാലാടിസ്ഥാനം-നാടകകൃത്ത് അറിഞ്ഞോ അറിയാതെയോ-ഈ നാടകത്തിനു സിദ്ധിച്ചിട്ടുണ്ടെന്ന് ഈ പൂർവ്വോത്തരാങ്കങ്ങളും നാടകത്തിനുള്ളിലുള്ള മററു ശക്തമായ സൂചനകളും വെളിവാക്കുന്നു. ഏതാദൃശ സൂചനകളിൽ നിന്നു ഞാൻകണ്ടെടുത്ത ചില കാര്യങ്ങൾ ഇവിടെ കുറിയ്ക്കട്ടെ.

കാലത്തിനു രണ്ടവസ്ഥകളുണ്ട്: ജഡമെന്നും ജൈവമെന്നും. ജഡകാലം ശാസ്ത്രവ്യവഹാരനിഷ്ഠമാണ്. ജൈവകാലം മനോവ്യാപാരനിഷ്ഠവും. മനുഷ്യനൊഴികെയുള്ള ജന്തുജാലങ്ങൾ കടന്നുപോകുന്നതു ജഡകാലത്തിലൂടെ മാത്രമാണ്. ആദ്യന്തവിഹീനമായ ജഡകാലത്തിൻെറ പ്രഭാവത്തെ തടുത്തുനിറുത്താൻ, ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന, സർഗ്ഗാത്മക മനുഷ്യൻ സൃഷ്ടിക്കുന്ന സമാന്തര കാലമാണ് ജൈവകാലം. ആ കാലസൃഷ്ടിയുടെ രീതി പ്രതിജനഭിന്ന വിചിത്രമായിരിക്കുമെന്നു മാത്രം. കവി കാവ്യാനുഭൂതിയിലൂടെ, ഋഷി തപസ്സിലൂടെ, തത്വജ്ഞാനി ദർശനത്തിലൂടെ, ഗായകൻ രാഗലയങ്ങളിലൂടെ, പോരാളി യുദ്ധത്തിലൂടെ, ഭ്രാന്തൻ വിഭ്രാന്തിയിലൂടെ ജഡകാലപ്രഭാവത്തെ ചെറുക്കുകയും, തനതായ ജൈവകാലത്തിൽ അഭിരമിക്കുകയും ചെയ്യുന്നു.

നാഡിമിടിപ്പ്, ഉദയാസ്തമയങ്ങൾ, ഋതുഭേദങ്ങൾ തുടങ്ങിയ ആവർത്തന പ്രതിഭാസങ്ങളിലൂടെയാണ് ജഡകാലത്തെ നാമറിയുന്നതും അളക്കുന്നതും. ജൈവകാലം ശാസ്ത്രത്തിനു വിഷയമല്ല. അത് എല്ലാത്തരം സമയമാപനയന്ത്രങ്ങൾക്കും അതീതമാണ്; കാരണം അതിന് ആവർത്തനസ്വഭാവമില്ല.



മനുഷ്യമനസ്സിൽ ജൈവജഡകാലങ്ങൾ നിരന്തരം വൈരുദ്ധ്യാത്മകമായ സംഘട്ടനത്തിലേർപ്പെട്ടുനില്ക്കുന്നു. ജഡകാലത്തിനു പൂർണ്ണമായും കീഴ്പ്പെട്ട് തിന്നു, വിസർജ്ജിച്ചു, സന്തത്യുത്പാദനം നടത്തിയും മാത്രം കടന്നുപോകുന്ന മനുഷ്യൻ അടിമയാണ്; കാലത്തിൻെറ, വ്യവസ്ഥിതിയുടെ ജഡകാലത്തെ രോധിച്ചു നിറുത്തി ജൈവകാലത്തിൻെറ അധീശത്വം സ്ഥാപിക്കാൻ കഴിയുന്ന അവസ്ഥയാണ് മോചനം. എന്നാൽ ജഡകാലത്തിൽനിന്നു പൂർണ്ണമായും മുക്തമായി ജൈവകാല അത്യന്തങ്ങളിലെത്തുമ്പോൾ-ആ അവസ്ഥ ഭ്രാന്തമാണ്. അടിമത്തത്തിനും ഭ്രാന്തിനുമിടയ്ക്കുള്ള സുരക്ഷിതസ്ഥാനമാണു മനുഷ്യൻെറ മോചനസ്ഥാനം. അടിമത്തത്തിൻെറ അധോ മേഖലകളിൽനിന്നു വിഭ്രാന്തിയുടെ അപകട മേഖലകൾ വരെ കുതിച്ചു കയറി, വീണ്ടും ജഡകാലത്തിനു വഴങ്ങിക്കൊടുക്കുന്നൊരസാധാരണ ദുരന്ത കഥയാണ് രാവണൻേറതു്.

കാലം ഒരു അനുഭവമാണ്. ഇച്ഛ, സ്ഥലത്തിൽ, വസ്തുവിൽ പ്രവർത്തിക്കുമ്പോഴാണ് ആ അനുഭവമുണ്ടാകുന്നതു്. ആ അനുഭവം ആപേക്ഷികമാണ്. ഇച്ഛയുടെ സ്വഭാവഭേദമനുസരിച്ച് കാലാനുഭവത്തിൻെറ സ്വഭാവവും മാറും. ഇച്ഛയെ നിഗ്രഹിക്കാൻ കഴിഞ്ഞാൽ ഫലത്തിൽ അതു കാലത്തേയും നിഗ്രഹിക്കലാണ്. കാമഹന്താവായ പരമശിവൻ കാലഹന്താവായതിൻെറ ദാർശനികാടിസ്ഥാനം ഇതാണ്.

തപസ്സ് എന്നാൽ ബാഹ്യവസ്തുക്കളിൽനിന്നു മനസ്സിനെ, ഇച്ഛയെ, പിൻവലിക്കലാണ്. അതിനാൽ തപസ്സ് കാലരോധകമാണ്. തപസ്സാധനയുടെ ഉദഗ്രതയിൽ ജഡകാലപ്രഭാവത്തെ രോധിച്ചവനാണു രാവണൻ. രാവണ്യമായൊരാസുര പ്രഭാവത്തിൻെറ കാന്തികവലയത്തിനുള്ളിൽപ്പെട്ടുപോയ മഹാഘടികാരം കാലം നെടുനാൾ നിശ്ചലമായി നിന്നു. പുതയുന്ന താഴ്വാരങ്ങളിൽനിന്നു കുന്നിൻ മുകളിലേക്കും അവിടെനിന്നു നക്ഷത്രങ്ങളിൽ പിടിച്ചു ഗോളങ്ങളിൽ ചവിട്ടി കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്കുമുള്ള രാവണൻെറ ജൈത്രയാത്രക്ക് ഈ നിശ്ചല ഘടികാരം സാക്ഷിയായിരുന്നു. രാവണനിൽ സംഭൃതമായ കാലചൈതന്യം പാപവിധിശാപങ്ങളുടെ നിരന്തരാഘാതത്താൽ വാർന്നൊഴുകുന്ന കഥയാണ് ലങ്കാലക്ഷ്മി. പൂർവ്വാങ്കത്തിലെ ലങ്കാലക്ഷ്മീമോചനം ധ്വനിപ്പിക്കുന്നതു് ഇതാണ്.

രക്ഷോവീര്യം ലങ്കയിൽ തളച്ചിട്ട ഐശ്വര്യ ദേവതയാണു ലങ്കാലക്ഷ്മി. ആ ദേവതയുടെ മുഖാകൃതി പോലും രാക്ഷസീയമായി മാറിപ്പോയിരുന്നു. കാലപ്രഭാവത്തിന്നതീതനായ-ചിരം ജീവിയായ- ഹനുമാനാണ് ലങ്കാലക്ഷ്മീമോചനത്തിനു കളമൊരുക്കുന്നതു്. നെടുനാൾ ലങ്കയ്ക്കു കാവലായ നിന്ന ഐശ്വര്യമായ ആ ശക്തിയുടെ പരിരക്ഷ നഷ്ടമാകുന്നതോടെ ലങ്കയുടെ പതനം ആരംഭിക്കുന്നു. വിജയത്തിൻേറയും വംശവൃദ്ധിയുടേതുമായിരുന്ന കാലം യുദ്ധത്തിൻേറയും മരണത്തിൻേറയും പ്രചണ്ഡവഹ്നിയായി ആളിത്തുടങ്ങുന്നു.

രക്ഷോവംശത്തിൻെറ ഗതകാല ഗരിമയുടെ മഹിതോദാരമായ പ്രതീകമാണ് ലങ്കയുടെ താഴികക്കുടം - മയാസുരനിർമ്മിതം. കാലത്തിൻെറ പുതിയ വെല്ലുവിളികൾക്കു മുമ്പിൽ ആ ഗരിമ അടർന്നു പതിക്കാൻ തുടങ്ങുന്നു എന്ന ദുസ്സൂചനയോടെയാണ് ഒന്നാമങ്കത്തിൻെറ തുടക്കം. പൂർവ്വാങ്കസൂചിതമായ ലങ്കാലക്ഷ്മീമോചനത്തിൻെറ നാടകീയ പ്രതിരൂപ (dramatic counter part)മാണു താഴികക്കുടത്തിൻെറ തകർച്ച. യമനെ-കാലത്തിൻെറ മൂർത്തമായ യമനെ-തോല്പിച്ച രണവീരന്മാർ കാലത്തിൻെറ മാററം കണ്ടറിയുന്നില്ല. ഇന്ദ്രജിത്തിൻെറ വാക്കുകളുടെ ധ്വനി അതാണ്. 'യമനെ തോല്പിച്ച രണവീരന്മാർ ആരെ ഭയക്കണം? ലങ്കയാണ് ഏവർക്കും ഭയം. എന്നാൽ ആ പെരുമയുടെ സുരാപാനത്തിൽ ഓർമ്മകെട്ടുറങ്ങിയാൽ തപസ്സു പതിനായിരത്താണ്ടു വീണ്ടും വേണ്ടിവരും. പതിനായിരത്താണ്ടു നീണ്ടുനിന്ന രാവണൻെറ കൊടുംതപസ്സിനെയും ആ തപശ്ശക്തിയുടെ പിൻബലത്തോടെ ലങ്ക നടത്തിയ ജയഘോഷയാത്രയെയും, ആ യാത്ര ഇന്നെത്തിനിൽക്കുന്ന സന്ദിഗ്ദ്ധഘട്ടത്തെയും ഈ വാക്കുകൾ സൂചിപ്പിക്കുന്നു.

ധർമ്മിഷ്ഠനായ എല്ലാം കാണുകമാത്രം ചെയ്യുന്ന സ്വപാശ്വനമാത്രമെ ലങ്കക്കുമേൽ വീണിരിക്കുന്ന നിഴൽ അത്ഭുതത്തിൻേറതാണെന്നു തിരിച്ചറിയാനാവുന്നുള്ളു. വികാസത്തിൻേറയും

വിനാശത്തിൻേറയും ബീജം ഒന്നു തന്നെയെന്ന സുപാർശ്വ സൂചനയിലൂടെ ഈയങ്കത്തിൻെറ ആരംഭം മുതൽ ഉറവെടുത്തിരുന്ന ഒരു അന്തർനാടകം ഒരു സംഘട്ടന ശക്തിയായി വളർന്നു തുടങ്ങുന്നു. കാലമാണ് ആ സൂക്ഷ്മനാടകത്തിൻെറ ഇതിവൃത്തം. ഒരൊററ നടൻ മാത്രമേയുള്ള ആ നാടകത്തിൽ-രാവണൻ-രാജാവും യോദ്ധാവും കവിയും ഗായകനും, ഭർത്താവും കാമുകനും അച്ഛനും മകനും, സഹോദരനും വംശോദ്ധാരകനുമായ രാവണൻ-പരമ്പരയായ രാവണൻ-ബ്രഹ്മാവിൽ തുടങ്ങി ഇന്ദ്രജിത്തിലവസാനിക്കുന്ന ആ രാവണ പരമ്പരയിൽ ഹേതി, വിദ്യുൽകേശൻ, സുകേശൻ, സുമാലി, കൈകസി എന്നീ രക്ഷോവീര്യങ്ങളും പുലസ്ത്യൻ, വിശ്രവസ്സ് എന്നീ ആർഷവീര്യങ്ങളും സമ്മേളിക്കുന്നു. ഈ തലമുറകൾ പത്തു തലകളായി രാവണനിൽ പ്രതീകസാഫല്യം നേടുന്നു.

ലങ്കയുടെ പട നരച്ചു പോയി എന്ന ഇന്ദ്രജിത്തിൻെറ ആക്ഷേപത്തിനു മറുപടി കൊടുക്കുന്ന രാവണൻ തന്നിലും ച്ചേർന്നിരിക്കുന്ന കാലചൈതന്യത്തെ പററി തികച്ചും ബോധവാനാണ്. ''യമധർമ്മൻ പോലും പേടിക്കുന്ന ഈ നര പാതാളത്തിൽ പതിച്ച ഒരു വശത്തിൻെറ പുനരുത്ഥാനവും മൂന്നുലകങ്ങളുടെയും മേൽ ആ വംശം നേടിയ നായകത്വവും വിളിച്ചറിയിക്കുന്ന നരയാണ്. ഇന്ദ്രനെ കെട്ടിവലിച്ചിഴയ്ക്കാം. പക്ഷെ മുടിയിൽ നര ചൂടണമെങ്കിൽ കാലം കഴിയുക തന്നെ വേണം.''

കർമ്മത്തിൻെറ ദേവനാണ് 'രാവണൻ'. കർമ്മം കാലഹാരകവും ജ്ഞാനകാരകവുമാണ്. കർമ്മജ്ഞാനങ്ങളുടെ ആവർത്തനസ്വരൂപത്തെയാണ് നാം ശീലമെന്നു വിളിക്കുന്നത്. ശീലജ്ഞാനം ആപേക്ഷികമാണ്. അതു കാലബോധകമോ ആവാം. മനസ്സാണ് ഇച്ഛയാണ് അവിടെ ആധാരം. രാവണൻെറ വാക്കുകളിൽ ''മനസ്സാണ്, ഇച്ഛയാണ് ഏതിനും ആധാരം. മറെറല്ലാം പര്യായങ്ങളോ പാഠഭേദങ്ങളോ ആയിരിക്കും''.

അണകെട്ടി നിറുത്തിയിരുന്ന കാലം കൂലം തകർത്തു പായുകയാണ് രണ്ടാമങ്കത്തിൽ. ധൂമ്രാക്ഷപ്രഹസ്തന്മാർ വധിക്കപ്പെട്ടു. സുപാർശ്വൻെറ പ്രവചനാത്മക ഭാഷണം ആ തകർച്ചയെ വാക്കുകളിൽ ആവാഹിക്കുന്നു.'' മരണത്തിൻെറ ഗ്രീഷ്മം ലങ്കയിൽ വീശിക്കഴിഞ്ഞിരിക്കുന്നു. കാലം ചിലപ്പോൾ മരണത്തിൻെറ ഗന്ധവുമായി വരും. പല പകലുകളുടെയും അറുതി ഏതോ രാത്രിയിൽ തുടങ്ങുന്നു. അതുവരെ കേട്ടിട്ടില്ലാത്ത വികൃതശബ്ദങ്ങൾ കേൾക്കും. അപ്പോൾ ശ്രദ്ധിക്കണം. രാവിനെയും പകലിനെയും ഭയന്ന് അന്തിയിൽ പാർത്ത എനിക്കു കൂടുതൽ കാണുകമാത്രം കഴിഞ്ഞിരുന്നു''.

'രാജാവിൻെറ പാർശ്വങ്ങളിൽ പൊരുതിയിരുന്ന തലമുറ അവസാനിച്ചു. മെല്ലെയുരുളുന്ന കാലചക്രം ചിലപ്പോൾ കുതിച്ചു പായുന്നു. അപ്പോൾ കാററിൽ ഇലകളെപ്പോലെ പതനം ഒരുമിച്ചാണ്......ലങ്കയിൽ കാററിരമ്പിത്തുടങ്ങി.''

കാലത്തിൻെറ ഭാവം പലതാണ്. യുദ്ധത്തിൻെറ, വിജയത്തിൻെറ, വംശവൃദ്ധിയുടെ, വിനാശത്തിൻെറ, മരണത്തിൻെറ ഭാവങ്ങൾ കാലത്തിൻെറ മുഖത്തു മാറിമാറി പ്രത്യക്ഷപ്പെടും. സ്വപക്ഷത്തു മരണമായും ശത്രുപക്ഷത്തു വിജയമായും കാലം വേഷം പകരുന്നതിൻെറ അസഹ്യതയാണ് ഇന്ദ്രജിത്തിൻെറ വാക്കുകളിലുള്ളത്; ''അടരിൽ ചത്ത ശത്രു ഇളിച്ചുകൊണ്ട് എഴുന്നേററുവരിക, എത്ര അപഹാസ്യം! യുദ്ധത്തിലുള്ള കൗതുകം തന്നെ കുറഞ്ഞുപോകുന്നു.''

രാവണൻ നിഷേധാത്മകമായൊരു വ്യക്തിത്വമാണ്. ആ വ്യക്തിത്വത്തിൻെറ തന്നെ നിഷേധാത്മകാംശമാണു വിഭീഷണൻ. കാലത്തിനെതിരെ അതിജീവനശേഷി കൈക്കൊണ്ടവൻ-ചിരം ജീവി. ലങ്കയ്ക്കുമേൽ അശനിപാതം പോലെ പതിച്ചിരിക്കുന്ന കാലത്തിൻെറ വിധിയ്ക്കതീതൻ. ഒന്നാമങ്കത്തിൽ സൂചിതമാവുന്ന വിഭീഷണ നിരാസത്തോടെയാണ് രാവണപക്ഷത്തിൻെറ സർവ്വനാശത്തിലേയ്ക്കുള്ള ഗതിവേഗം ദ്വിഗുണീഭവിച്ചത്. ഈ കാലസന്ധിയിൽ രാവണനു കുംഭകർണ്ണഭാവത്തെ ഉണർത്തേണ്ടിവരുന്നു. ഉണർത്തിയിട്ടും ഉണരാതെ, തെളിച്ചിട്ടും തെളിയാതെ രാവണമനസ്സിൽ നിദ്രാണമായി വർത്തിക്കുകയും കാലഭൂമികയിൽ വീണൊടുങ്ങുകയും ചെയ്യൊരു ആസുരചൈതന്യമാണ് കുംഭകർണ്ണൻ. ഈ ചൈതന്യത്തെ ഉണർത്തിയെടുക്കാനുള്ള യജ്ഞത്തിനിടയിൽ രാവണൻ സംഗീതത്തിൽ വിലയംകൊള്ളുന്നു. കാലത്തിൽ തളച്ചിട്ട നാദമാണു സംഗീതം. സംഗീതം മനസ്സിൻെറ ഒരു ഭാവമാണ്; ഭാഗമാണ്. ഉറങ്ങിയ കാലചൈതന്യത്തെ ഉണർത്താൻ കാലഹന്താവായ ശങ്കരനോടു ബന്ധപ്പെട്ട സംഗീത വിശേഷണം, ശങ്കരാഭരണം തന്നെ ഉപയോഗിക്കപ്പെടുന്നു.

ആദ്യം സൂചിപ്പിച്ച ആ സൂക്ഷ്മനാടകം, കാണിയും, നടനും എല്ലാം രാവണൻതന്നെയായ ആ മഹാനാടകം, അതിൻെറ വിമർശസന്ധിയിലെത്തിയതായി രാവണ-മണ്ഡോദരീ സംവാദത്തിനിടയിൽ വെളിപ്പെടുന്നുണ്ട്:

''നിൻെറ കമിതാവ് ആടിയിട്ടുള്ള പ്രേമ നാടകങ്ങളിൽ ഒന്നാണിതു് എന്ന ധാരണയും മാററണം. സൗന്ദര്യാരാധകനായ ഒരു രാജാവിൻെറ ചാപല്യം മാത്രമല്ല ഈ നാടകത്തിൻെറ ഇതിവൃത്തം. യുദ്ധവും രാജ്യതന്ത്രവും വംശസംഘർഷവും മൂല്യങ്ങളുടെ പതനാഭ്യുദയവും അതിൽ അന്തർഭവിച്ചിരിക്കുന്നു. ചതിയും ദ്രോഹവും നാശവും ദിക്കുകൾ നാലിൻെറ വാഴ്ചയുമുണ്ടു. ഇനി ഇതിന് ഒരു നിർവ്വഹണസന്ധി മാത്രമേ ശേഷിക്കുന്നുള്ളു.'' സ്ഥലകാലങ്ങളിൽ കെട്ടപ്പെട്ട ഒരു ക്രിയയായി ജീവിതത്തെ അറിയുമ്പോഴാണ് അതിൻെറ നാടകീയത ബോദ്ധ്യപ്പെടുന്നതു്. സ്ഥലകാല ക്രിയൈക്യം നാടകത്തിൻെറ ആവശ്യമേന്മയായി എണ്ണാറുണ്ടല്ലോ.

ആസന്നമായ വിനാശത്തെക്കുറിച്ചുള്ള ബോധത്തെക്കാൾ രാവണനെ പീഡിപ്പിച്ചതു് ഭൗതിക സുഖജാലങ്ങളുടെ പിമ്പെ പാഞ്ഞ് പാഴിലാക്കിക്കളഞ്ഞ തൻെറ ജന്മത്തെപ്പററിയുള്ള സുപാർശ്വപരമാർശമാണ്. സ്വന്തം അസ്തിത്വത്തിൻെറ തായ്‌വേരിൽ പതിച്ച ആ ഖഡ്ഗം ഒരിക്കലും കലുങ്ങിയിട്ടില്ലാത്ത രാവണനെ ആകെ കുലുക്കിക്കളഞ്ഞു. രാവണ ഹൃദന്തത്തിൻെറ അശാന്തി ഈ മറുചോദ്യത്തിൽ തുടിച്ചുനില്ക്കുന്നു: ''മാതൃസഹോദരനായ ചങ്ങാതീ... ശങ്ക കൂടാതെ സത്യം പറയൂ... കേൾക്കാൻ മററാരുമില്ല, നമ്മുടെ ജീവിതം പാഴ്ചെലവായിരുന്നോ?'' വാക്യങ്ങൾക്കിടയിലെ ഇടവേള പോലും ജീവനാർജ്ജിച്ചു തേങ്ങി നിൽക്കുന്ന ഒരസാധാരണ സന്ദർഭം-തൻെറ ചിന്തയ്ക്കും പ്രവൃത്തിക്കും അതീതമായ ഉയരത്തിൽ ചരിക്കുന്ന രാവണൻെറ പ്രവൃത്തികളുടെ സാഫല്യ

നൈഷ്ഫല്യങ്ങളെ വിധിക്കാൻ സുപാർശ്വന കഴിയുന്നില്ല. ലങ്കയുടെ ഇടിഞ്ഞു വീണ താഴികക്കുടത്തെപ്പററി ഒരു മാത്ര ചിന്തിച്ചു പോകുന്നു രാവണൻ.

ഈ ദുരന്തജ്ഞാനത്തിൻെറ ആഘാതത്തിൽ നിന്നു മുക്ത നാവുന്നതിനു മുമ്പുതന്നെ അടുത്ത പ്രഹരം വന്നുചേരുന്നു. കുംഭകർണ്ണവധ വാർത്താശ്രവണം ദുരന്ത്യബോധത്തിൻെറ കരാളമായ സന്നിവേശം രാവണഹൃദന്തത്തെ പിളന്നു തുടങ്ങു കയാണ്. കാലത്തിൻെറ വീണ്ടെടുക്കാനാവാത്ത അവസ്ഥ രാവണനെ അസ്വസ്ഥനാക്കുന്നു. 'എല്ലാററിനും ഒരു കാല മുണ്ടെന്നു തോന്നിപ്പോകുന്നു. വിശ്വജേതാവായ രാവണൻെറ പകുതിയാണ് അടർന്ന് പതിച്ചതു്. എന്താണിതിൻെറ യെല്ലാം അർത്ഥം'? എന്ന ചോദ്യത്തിൻെറ ഉത്തരമായി വായിക്കാൻ കഴിയും. അതെ, ഉണരാൻ വളരെ, വളരെ വൈകിപ്പോയിരുന്നു.

കുംഭകർണ്ണവധത്തോടെ താൻ കൂടുതൽ ഏകനായി എന്ന ബോധം രാവണാത്മാവിനെ ശിഥിലീകരിക്കുന്നു. ഭൗതിക സുഖജാലങ്ങൾ വാരി വലിച്ചു കൂട്ടുന്നതിന്നായി സംഭരിതോ ജ്ജങ്ങളാകെ ധൂർത്തടിച്ചപ്പോൾ ശോഭകെട്ട് അന്തർമുഖരായി പ്പോയ രാവണൻെറ ആത്മശക്ത്യവബോധം-ദീർഘതപസ്സി ലൂടെ, കാലരോധനയിലൂടെ നേടിയ സർഗ്ഗചൈതന്യം തന്നെയാണ് കുംഭകർണ്ണൻ. അത്യന്തസംഹാരശേഷി സംവ ഹിക്കുന്ന ആ ശക്തിയെ രാവണൻ ഒരിക്കലും പൂർണ്ണമായി ഉണർത്താറില്ലായിരുന്നു 'നാം ഒരിക്കലും അവനെ പൂണ്ണമായി ഉണർത്താറില്ലായിരുന്നു. ഒരു കാലഘട്ടം മറയുകയാണ്. അതിവേഗം...നാം ഏകനായി.'

ഇന്ദ്രജിത്തിൻെറ മുന്നേററത്തിൽ വിജയത്തിൻെറ കിര ണം കണ്ടെത്തിയ രാവണൻ നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കാ നൊരു ശ്രമം നടത്തുന്നു. നയനങ്ങൾക്ക് അസുഖം പകരുന്ന കഴുത്തററ ആ താഴികക്കുടം പുനഃപ്രതിഷ്ഠിക്കാനുള്ള രാവ ണൻെറ ശ്രമം പാഴിലായി. താഴികക്കുടത്തിൻെറ തകർച്ച ഒരു കാലഘട്ടത്തിൻെറ തകർച്ചയാണ്. ഔന്നത്യത്തിൽ നിന്ന് ഔന്നത്യത്തിലേക്ക് കാലത്തിലൂടെ നടത്തിയ ആ ശാന്തമായ അന്വേഷണ യാത്രയ്ക്കിടയിൽ വഴിതെററി സംഭ രിത ശക്തികളാകെ വാർന്നൊഴുകി, കാലത്തിൻെറ ക്രൂര മായ ആന്ധ്യത്തിലേയ്ക്കിടിഞ്ഞു വീഴുന്ന രാവണപർവ്വത ത്തിൻെറ പ്രതീകമാണാ താഴികക്കുടം. അതു പുനഃപ്രതിഷ്ഠി ക്കാനുള്ള കർമ്മശേഷി ലങ്കയ്ക്കില്ലാതെ പോവുന്നു. ഈ നാടക ത്തിൻെറ തുടക്കം മുതൽ ഒടുക്കംവരെ ദുരന്തത്തിൻെറ നിഴൽ വീശിനിൽക്കുന്നൊരശുഭശകുനമാണു ലങ്കയുടെ താഴികക്കുടം.

ജയാപജയങ്ങളുടെ ഭൂതകാലം വൃദ്ധമാല്യവാൻെറ രൂപ ത്തിൽ രാവണൻ പ്രത്യക്ഷമാകുന്നു. രണ്ടാം രാക്ഷസ സാമ്രാ ജ്യം എത്തിനില്ക്കുന്ന സന്ദിഗ്ദ്ധഘട്ടത്തെപ്പററിയുള്ള ആശങ്ക മാല്യവാൻെറ വാക്കുകളിലുണ്ട്:

'എല്ലാം ഈശ്വരനിശ്ചയംപോലെ നടക്കട്ടെ...'

ഞങ്ങൾ ഇന്ദ്രനെ കൊല്ലാൻ പുറപ്പെട്ടപ്പോൾ ആകാശം ഇരുണ്ട് ചുവന്നു ചോരത്തുള്ളികൾ വർഷിച്ചു. കഴുകനും കുറുക്കനും ഘോരമായി അലറിവിളിച്ചുകൊണ്ടിരുന്നു. പറവ കൾ സ്വരഭേദത്തോടെ രോദനം ചെയ്തിരുന്നു. അതേ ദുർനി മിത്തങ്ങൾ ഇന്നും ലങ്കയിൽക്കാണാം. എല്ലാം ഒരു കണ ക്കിനു് ആവർത്തനമായിരിക്കാം. ഋതുഭേദം പോലെ, സൗര ഗ്രഹണംപോലെ, ധൂമകേതുക്കൾ ആകാശത്തിൽ ഇഴയും പോലെ.'

ജഡകാല പ്രഭാവത്തിനു മുമ്പിൽ ജൈവകാലം അമർന്നു പോകുമ്പോളാണ് കാലത്തിൻെറ ആവർത്തനഭാവം അനുഭൂത മാകുന്നതു്. ജഡകാലത്തിൻെറ ചുററുകോണി പോലുള്ള സഞ്ചാരപഥത്തിൽ സമാനഘട്ടങ്ങളുണ്ട്. ഈ സമാനഘട്ട ങ്ങളിലെത്തുമ്പോൾ കാലം ആവർത്തിക്കുന്നതായി തോന്നും.

ഈ സന്ദിഗ്ദ്ധഘട്ടത്തെ നേരിടാൻ താൻ പിന്നിട്ട കാല ത്തെ മുഴുവൻ സംഭരിക്കയാണു രാവണൻ: "നിമിത്തങ്ങൾ- അല്ലെങ്കിൽ നിമിത്തങ്ങളെ നാം ഒരു കാലവും നണ്ണിയിട്ടില്ല ......പറവകൾ ഘോരമായി ചീറുന്നതും വർഷധാരയിൽ നിറം വരുന്നതും യമഭടന്മാരുടെ മായാപ്രയോഗമാവാം നമ്മുടെ വീര്യം കെടുത്താൻ. മാർഗ്ഗമദ്ധ്യേ തളന്നാൽ എങ്ങനെ ലക്ഷ്യത്തിലെത്തും? നാം എന്നും സാഹസികനായിരുന്നു. രണാങ്കണമാണു രാവണൻെറ വളർത്തമ്മ. മഹേന്ദ്രഗിരിയും വിന്ധ്യനും ഹിമശൈലവും കൈലാസശൃംഗങ്ങളും ഈ സാഹ സികനെ പോററിവളത്തി. ഉയരങ്ങളുടെ ഈ പുത്രൻ താഴ്ന്ന തിരഭൂവിൽ എങ്ങനെ തോല്ക്കും? പുത്രനാശം കാലവിച്ഛിത്തി യാണ്; പരമ്പരകളുടെ അന്ത്യം.

ഇന്ദ്രജിത്തിൻെറ വധത്തോടെ രാവണൻെറ അവസാന ത്തെ പിടിവള്ളിയും നഷ്ടമാകുന്നു. കാലത്തിൻെറ അനന്ത പ്രവാഹത്തിൽ ഏതു നിമിഷവും കടപുഴകി വീഴാവുന്നൊരു വന്മരമായിത്തീർന്നിരിക്കുന്നു രാവണൻ.

കമ്മസംപൃഷ്ടമായ കാലഖണ്ഡങ്ങളിൽ വിസ്മൃതി മൃതി ക്കു പകരം നിൽക്കുന്നു. (കാളിദാസൻെറ ദുഷ്യന്തൻ ഉത്തമദൃ ഷ്ടാന്തം. ശാപജന്യമായ ശകുന്തള വിസ്മൃതി ദുഷ്യന്തനെ സംബന്ധിച്ചു മൃതിതന്നെയായിരുന്നുവെന്ന് തച്ചേതസ സ്മര തി നൂനമബോധപൂർവ്വം ഭാവസ്ഥിരാണി ജനനാന്തര സൗഹൃ ദാനി? എന്ന ശ്ലോകഖണ്ഡം വെളിവാക്കുന്നു.) എന്നാൽ കമ്മങ്ങളുടെ വൈയർത്ഥ്യം തികച്ചും ബോധ്യപ്പെടുന്ന അപൂർവ്വ കാലസന്ധികളിൽ സ്മൃതി മൃതിയായി വെളിപ്പെട്ടുതുടങ്ങുന്നു.

വിട്ടുകിടന്ന കണ്ണികൾ കൂടിച്ചേരുകയും ഭീതിദമായ ഏ തോ അർത്ഥം അതിൽ ധ്വനിക്കുകയും ചെയ്യുന്നതായി തോ ന്നുന്നു......വിഷ്ണുവിനെ വരനായി കിട്ടാൻ ഹിമാലയത്തിൽ തപം ചെയ്ത വേദവതിയെ ഗർവ്വിൽ നാം മാനഭംഗംചെയ്തു... അവളുടെ പുനർജ്ജന്മമാണോ സീത? ആണെന്നു് ഋഷിമാർ പറയുന്നു. സ്ത്രീ മൂലം നമുക്ക് ആപത്തുണ്ടാകുമെന്ന് ആ തപ സ്വിനി ശപിച്ചു. തീയിൽച്ചാടി മരിക്കും മുമ്പാണ് അവൾ ശപിച്ചതു്.

വേദവതീശാപവൃത്താന്തപുനസ്സ്മരണം പുനർജ്ജന്മമെന്ന കാലത്തിൻെറ ആവത്തന സ്വരൂപത്തേയും ഈ സന്ദർഭത്തിൽ മരണമെന്ന അതിൻെറ നീക്കുപോക്കില്ലാത്ത ഭാവത്തെയുമാ ണു വെളിവാക്കുന്നതു്. വിട്ടുകിടന്ന കണ്ണികൾ കൂടിച്ചേരു മ്പോളുണ്ടാവുന്ന ഭീതിദമായ അർത്ഥം ഇതാണ്.

കാലത്തിൻെറ ഏററവും ഭീഷണഭാവമായ മരണത്തെ രാവണൻ നേരിട്ടു കണ്ടുതുടങ്ങുകയാണ്: 'മരണത്തെ നേരിൽ ക്കാണാൻ യുദ്ധത്തിൻെറ മുഖത്തുനോക്കിയാൽ മതി...കഴുകനും •

എന്നെച്ചൂഴ-
മീയേകാന്തതയിൽ നിഴലിട്ടു
വിശ്വനായക,
നിന്നെ ഞാനറിയുന്നേൻ''.

മനുഷ്യനിൽ നിന്നു് ഈശ്വരനിലേക്കുയരുമ്പോഴും കവിക്കു് മുമ്പു് പറഞ്ഞ അതേ ദുഃഖം തന്നെയാണുള്ളതു്.

പുരാണങ്ങളിലേക്കിറങ്ങിച്ചെല്ലുന്ന അധുനിക കവികൾ അവയെ ഇന്നത്തെ ലോകവുമായി സമന്വയിപ്പിക്കാൻ ശ്രമിക്കുന്നുണ്ടു്. പണിക്കർ, ഗോവിന്ദൻ, സച്ചിദാനന്ദൻ, കുഞ്ഞുണ്ണി മുതലായവർ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ആററൂരിൻെറ കവിതകളും ഇത്തരത്തിലുൾപ്പെടുന്നവയാണു്.

''അററുപോയ തലയ്ക്കുനേരെയിഴ
യുന്ന ജഡംപോലെ
അസ്തമിക്കുന്ന സന്ധ്യ.
ദുസ്സഹമായ വേദനകൊണ്ടു ചിറി
കോട്ടി നില്ക്കുന്ന ദിക്കുകൾ!''
(ശാന്ത-കടമ്മനിട്ട രാമകൃഷ്ണൻ)

അമേരിക്ക,
മടിയിൽ മലത്തിവെച്ച ഉള്ളംകൈ
പോലെ
നിൻെറ ഭൂപടം ഞാൻ കാണുന്നു.
(പണിക്കരുടെ 'അമേരിക്ക')

''ജീവനുള്ള എല്ലാററിനേയും
സ്പർശിച്ച് പ്രതിമയാക്കുന്ന
ഒരു ദുർമന്ത്രവാദിനിയായി
സമയം എൻെറ മുമ്പിൽ
വന്നുനിൽക്കുന്നു''
(സച്ചിദാനന്ദൻെറ പ്രതിമകൾ)

മുതലായ ഉപമകൾ ശ്രദ്ധിക്കുക. കാലം മാറുന്തോറും മനുഷ്യൻെറ അവബോധത്തിനു മാററം വരുന്നുണ്ടു്. ഇതു് കവിതയിലും പ്രതിഫലിക്കുന്നുണ്ടു്. അതാണീ ഉപമകൾ തെളിയിക്കുന്നതു്. വൈ

രൂപ്യത്തിലും സൗന്ദര്യം കുടി കെ
ന്നുണ്ടു്. കവിതയിലെ മനുഷ്യനും
ഥാർത്ഥ മനുഷ്യനും രണ്ടല്ല എന്നു് ആ
നിക കവികൾ തെളിയിക്കുന്നു.
ഷ്യനെപ്പററി ചിന്തിച്ച് ചിന്തിച്ച്
ഷ്യനല്ലാതാക്കുന്ന പഴയ സമ്പ്രദാ
വിട്ടു്, മനുഷ്യനെ മനുഷ്യനായി കാ
യാണു് ഇന്നത്തെ കവിത. ഏതെങ്ക
പ്രത്യേക ബിന്ദുവിൽനിന്നു് തുടങ്ങി
ങ്ങിക്കറങ്ങി മുകളിലേക്കു പോകുന്ന
ലിക്കാററായിരുന്നല്ലോ പഴയ കവ
എന്നാൽ പ്രപഞ്ചത്തിലെ ഓരോ മ
ൻേറയും അസ്തിത്വം സമ്മതിച്ചുകൊ
വാൻ നവീന കവികൾ തയ്യാറാക
കവിത 'വൃത്ത'ത്തിലായാലും '
ത്തിലായാലും 'വലുതാ'യാലും '
താ'യാലും അതിൻെറ പ്രതിപ
യഥാർത്ഥ മനുഷ്യനല്ലെങ്കിൽ അതു് ഉ
ലത്തു് കവിതയായി കാണുക വിഷ

# മഹാകാലത്തിൻെറ നാടകം

**കെ. വി. തോമസ്**

സി. എൻ. ശ്രീകണ്ഠൻനായരുടെ 'ലങ്കാലക്ഷ്മി' എന്ന നാടകത്തെക്കുറിച്ചു ശ്രദ്ധേയമായൊരു സൗന്ദര്യവിച

**സി.** ജെയിലൂടെ, ശ്രീകണ്ഠൻനായരിലൂടെ, ആൻറിഗണിയിലും സൗപർണ്ണികയിലുമെത്തി നില്ക്കുന്ന മലയാള നാടകം നൂറു തികയ്ക്കുന്ന ഈ വേളയിൽ ഈ ലേഖനം തികച്ചും പ്രസക്തമാണെന്നു തോന്നുന്നു.

ലങ്കാലക്ഷ്മീനാടകത്തിൻെറ പൂർവ്വാങ്കം. ലങ്കയുടെ പ്രവേശന ഗോപുരമാണു് രംഗം. രാത്രി. ഒരു രാക്ഷസസ്ത്രീരൂപം അവ്യക്തമായിക്കാണാം. ഇരുളിലൂടെ ഹനുമാൻ കടന്നുവന്നു് രാക്ഷസിയെ ഉഗ്രമായി അടിക്കുകയും രാക്ഷസി നിലംപതിക്കയും ചെയ്യുന്നു. രാക്ഷസി എഴുന്നേല്ക്കുമ്പോൾ കാണാറാകുന്ന രൂപം ദിവ്യവും സുന്ദരവുമാണു്-ലങ്കാലക്ഷ്മി. തുടർന്നു് ലങ്കാലക്ഷ്മി-ഹനുമദ്സംവാദം. വിധാതൃശാപവശാൽ രക്ഷോരൂപം പൂണ്ടു് ലങ്കയ്ക്കു കാവലായി നിൽക്കേണ്ടിവന്നതും, ഹനുമദ് പ്രഹരത്താൽ ശാപമോക്ഷം സിദ്ധിച്ചതുമായ വൃത്താന്തങ്ങൾ ലങ്കാലക്ഷ്മി ഹനുമാനെ ധരിപ്പിക്കുന്നു. ഹനുമാൻ സീതാഹരണകഥയും തൻെറ ദൗത്യവും വിവരിക്കുന്നു. ഹനുമാനുവേണ്ട നിർദ്ദേശങ്ങൾ കൊടുത്ത ലങ്കാലക്ഷ്മി 'ഒരു യുഗസന്ധിക്കു നിമിത്തമാണു നീ'യെന്നു് ഓർമ്മിപ്പിച്ചുകൊണ്ടു് നന്ദിപൂർവ്വം യാത്രയാവുന്നു......

പ്രത്യക്ഷത്തിൽ നാടകഗാത്രവുമായി പറയത്തക്ക ബന്ധമൊന്നുമില്ലായെന്നു തോന്നിപ്പിക്കുന്ന ഈ പൂർവ്വാങ്കത്തിൻെറയും, ഇതിൻെറയൊരു പരിശിഷ്ടമായ ഉത്തരാങ്കത്തിൻെറയും പ്രസക്തിയെന്താണു്? ഈ പൂർവ്വോത്തരാങ്കങ്ങൾ നിർബന്ധിച്ചില്ലായിരുന്നുവെങ്കിൽ നാടക പുരോഗതിക്കു വല്ല ഊനവും ഭവിക്കുമായിരുന്നോ? (ലങ്കാലക്ഷ്മീനാടകം
ത്തവതരിപ്പിക്കുമ്പോൾ പലപ്പോഴും പൂർവ്വോത്തരാ
ഒഴിവാക്കാറുണ്ടു് എന്ന വസ്തുതയും ഇവിടെ അനുസ്മരി
ലങ്കാലക്ഷ്മീമോചനം എന്ന പൂർവ്വാങ്ക സൂചനയുടെ
നാതലമേതു്?

ക്രൈസ്ററ് കോ

ഈ ചോദ്യങ്ങൾ 'കാലം' എന്ന അവ്യാകൃതവും അജ്ഞേയവുമായ പ്രതിഭാസത്തിൽ ചെന്നുമുട്ടുന്നുണ്ടെന്നാണ് എൻെറ വ്യക്തിപരമായ അനുഭവം. 'കാല'ത്തെ സംബന്ധിച്ച ദാർശനികമായ ഒരു വിശാലാടിസ്ഥാനം-നാടകകൃത്ത് അറിഞ്ഞോ അറിയാതെയോ-ഈ നാടകത്തിനു സിദ്ധിച്ചിട്ടുണ്ടെന്ന് ഈ പൂർവ്വോത്തരാങ്കങ്ങളും നാടകത്തിനുള്ളിലുള്ള മററു ശക്തമായ സൂചനകളും വെളിവാക്കുന്നു. ഏതാദൃശ സൂചനകളിൽ നിന്നു ഞാൻകണ്ടെടുത്ത ചില കാര്യങ്ങൾ ഇവിടെ കുറിയ്ക്കട്ടെ.

കാലത്തിനു രണ്ടവസ്ഥകളുണ്ട്: ജഡമെന്നും, ജൈവമെന്നും. ജഡകാലം ശാസ്ത്രവ്യവഹാരനിഷ്ഠമാണ്. ജൈവകാലം മനോവ്യാപാരനിഷ്ഠവും. മനുഷ്യനൊഴികെയുള്ള ജന്തുജാലങ്ങൾ കടന്നുപോകുന്നതു ജഡകാലത്തിലൂടെ മാത്രമാണ്. ആദ്യന്തവിഹീനമായ ജഡകാലത്തിൻെറ പ്രഭാവത്തെ തട്ടത്തുനിറുത്താൻ, ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന, സർഗ്ഗാത്മക മനുഷ്യൻ സൃഷ്ടിക്കുന്ന സമാന്തര കാലമാണ് ജൈവകാലം. ആ കാലസൃഷ്ടിയുടെ രീതി പ്രതിജനഭിന്ന വിചിത്രമായിരിക്കുമെന്നു മാത്രം. കവി കാവ്യാനുഭൂതിയിലൂടെ, ഋഷി തപസ്സിലൂടെ, തത്വജ്ഞാനി ദർശനത്തിലൂടെ, ഗായകൻ രാഗലയങ്ങളിലൂടെ, പോരാളി യുദ്ധത്തിലൂടെ, ഭ്രാന്തൻ വിഭ്രാന്തിയിലൂടെ ജഡകാലപ്രഭാവത്തെ ചെറുക്കുകയും തനതായ ജൈവകാലത്തിൽ അഭിരമിക്കുകയും ചെയ്യുന്നു.

നാഡിമിടിപ്പ്, ഉദയാസ്തമയങ്ങൾ, ഋതുഭേദങ്ങൾ തുടങ്ങിയ ആവർത്തന പ്രതിഭാസങ്ങളിലൂടെയാണ് ജഡകാലത്തെ നാമറിയുന്നതും അളക്കുന്നതും. ജൈവകാലം ശാസ്ത്രത്തിനു വിഷയമല്ല. അതു് എല്ലാത്തരം സമയമാപനയന്ത്രങ്ങൾക്കും അതീതമാണ്; കാരണം അതിന് ആവർത്തനസ്വഭാവമില്ല.

മനുഷ്യമനസ്സിൽ ജൈവജഡകാലങ്ങൾ നിരന്തരം വൈരുദ്ധ്യാത്മകമായ സംഘട്ടനത്തിലേർപ്പെട്ടുനില്ക്കുന്നു. ജഡകാലത്തിനു പൂർണ്ണമായും കീഴ്പ്പെട്ട് തിന്നു വിസർജ്ജിച്ചു, സന്തത്യുത്പാദനം നടത്തിയും മാത്രം കടന്നുപോകുന്ന മനുഷ്യൻ അടിമയാണ്; കാലത്തിൻെറ, വ്യവസ്ഥിതിയുടെ ജഡകാലത്തെ രോധിച്ചു നിറുത്തി ജൈവകാലത്തിൻെറ അധീശത്വം സ്ഥാപിക്കാൻ കഴിയുന്ന അവസ്ഥയാണ് മോചനം. എന്നാൽ ജഡകാലത്തിൽനിന്നു പൂർണ്ണമായും മുക്തമായി ജൈവകാല അത്യന്തങ്ങളിലെത്തുമ്പോൾ-ആ അവസ്ഥ ഭ്രാന്തമാണ്. അടിമത്തത്തിനും ഭ്രാന്തിനുമിടയ്ക്കുള്ള സുരക്ഷിതസ്ഥാനമാണു മനുഷ്യൻെറ മോചനസ്ഥാനം. അടിമത്തത്തിൻെറ അധോ മേഖലകളിൽനിന്നു വിഭ്രാന്തിയുടെ അപകട മേഖലകൾ വരെ കുതിച്ചു കയറി, വീണ്ടും ജഡകാലത്തിനു വഴങ്ങിക്കൊടുക്കുന്നൊരസാധാരണ ദുരന്ത കഥയാണ് രാവണൻേറതു്.

കാലം ഒരു അനുഭവമാണ്. ഇച്ഛ, സ്ഥലത്തിൽ, വസ്തുവിൽ പ്രവർത്തിക്കുമ്പോഴാണ് ആ അനുഭവമുണ്ടാകുന്നതു്. ആ അനുഭവം ആപേക്ഷികമാണ്. ഇച്ഛയുടെ സ്വഭാവഭേദമനുസരിച്ച് കാലാനുഭവത്തിൻെറ സ്വഭാവവും മാറും. ഇച്ഛയെ നിഗ്രഹിക്കാൻ കഴിഞ്ഞാൽ ഫലത്തിൽ അതു കാലത്തേയും നിഗ്രഹിക്കലാണ്. കാമഹന്താവായ പരമശിവൻ കാലഹന്താവായതിൻെറ ദാർശനികാടിസ്ഥാനം ഇതാണ്.

തപസ്സ് എന്നാൽ ബാഹ്യവസ്തുക്കളിൽനിന്നു മനസ്സിനെ, ഇച്ഛയെ, പിൻവലിക്കലാണ്. അതിനാൽ തപസ്സ് കാലരോധകമാണ്. തപസ്സാധനയുടെ ഉദഗ്രതയിൽ ജഡകാലപ്രഭാവത്തെ രോധിച്ചവനാണു രാവണൻ. രാവണ്യമായൊരാസുര പ്രഭാവത്തിൻെറ കാന്തികവലയത്തിനുള്ളിൽപ്പെട്ടുപോയ മഹാഘടികാരം കാലം നെടുനാൾ നിശ്ചലമായി നിന്നു. പുതയുന്ന താഴ്‌വാരങ്ങളിൽനിന്നു കുന്നിൻ മുകളിലേക്കും അവിടെനിന്നു നക്ഷത്രങ്ങളിൽ പിടിച്ചു ഗോളങ്ങളിൽ ചവിട്ടി കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്കുമുള്ള രാവണൻെറ ജൈത്രയാത്രക്ക് ഈ നിശ്ചല ഘടികാരം സാക്ഷിയായിരുന്നു. രാവണനിൽ സംഭൃതമായ കാലചൈതന്യം പാപവിധിശാപങ്ങളുടെ നിരന്തരാഘാതത്താൽ വാർന്നൊഴുകുന്ന കഥയാണ് ലങ്കാലക്ഷ്മി. പൂർവ്വാങ്കത്തിലെ ലങ്കാലക്ഷ്മീമോചനം ധ്വനിപ്പിക്കുന്നതു് ഇതാണ്.

രക്ഷോവീര്യം ലങ്കയിൽ തളച്ചിട്ട ഐശ്വര്യ ദേവതയാണു ലങ്കാലക്ഷ്മി. ആ ദേവതയുടെ മുഖാകൃതി പോലും രാക്ഷസീയമായി മാറിപ്പോയിരുന്നു. കാലപ്രഭാവത്തിന്നതീതനായ-ചിരം ജീവിയായ- ഹനുമാനാണ് ലങ്കാലക്ഷ്മീമോചനത്തിനു കളമൊരുക്കുന്നതു്. നെടുനാൾ ലങ്കയ്ക്കു കാവലായ നിന്ന ഐശ്വര്യമായ ആ ശക്തിയുടെ പരിരക്ഷ നഷ്ടമാകുന്നതോടെ ലങ്കയുടെ പതനമാരംഭിക്കുന്നു. വിജയത്തിൻേറയും വംശവൃദ്ധിയുടേതുമായിരുന്ന കാലം യുദ്ധത്തിൻേറയും മരണത്തിൻേറയും പ്രചണ്ഡവഹ്നിയായി ആളിത്തുടങ്ങുന്നു.



രക്ഷോവംശത്തിൻെറ ഗതകാല ഗരിമയുടെ മഹിതോദാരമായ പ്രതീകമാണ് ലങ്കയുടെ താഴികക്കുടം - മയാസുരനിർമ്മിതം. കാലത്തിൻെറ പുതിയ വെല്ലുവിളികൾക്കു മുമ്പിൽ ആ ഗരിമ അടർന്നു പതിക്കാൻ തുടങ്ങുന്നു എന്ന ദുസ്സൂചനയോടെയാണ് ഒന്നാമങ്കത്തിൻെറ തുടക്കം. പൂർവ്വാങ്കസൂചിതമായ ലങ്കാലക്ഷ്മീമോചനത്തിൻെറ നാടകീയ പ്രതിരൂപ (dramatic counter part)മാണു താഴികക്കുടത്തിൻെറ തകർച്ച. യമനെ-കാലത്തിൻെറ മൂർത്തമായ യമനെ-തോല്പിച്ച രണവീരന്മാർ കാലത്തിൻെറ മാററം കണ്ടറിയുന്നില്ല. ഇന്ദ്രജിത്തിൻെറ വാക്കുകളുടെ ധ്വനി അതാണ്. 'യമനെ തോല്പിച്ച രണവീരന്മാർ ആരെ ഭയക്കണം? ലങ്കയാണ് ഏവർക്കും ഭയം. എന്നാൽ ആ പെരുമയുടെ സുരാപാനത്തിൽ ഓർമ്മകെട്ടുറങ്ങിയാൽ തപസ്സു പതിനായിരത്താണ്ടു വീണ്ടും വേണ്ടിവരും. പതിനായിരത്താണ്ടു നീണ്ടുനിന്ന രാവണൻെറ കൊടുംതപസ്സിനെയും ആ തപശ്ശക്തിയുടെ പിൻബലത്തോടെ ലങ്ക നടത്തിയ ജയഘോഷ യാത്രയെയും, ആ യാത്ര ഇന്നെത്തിനില്ക്കുന്ന സന്ദിഗ്ദ്ധഘട്ടത്തെയും ഈ വാക്കുകൾ സൂചിപ്പിക്കുന്നു.

ധർമ്മിഷ്ഠനായ എല്ലാം കാണുകമാത്രം ചെയ്യുന്ന സുപാർശ്വനു മാത്രമേ ലങ്കക്കുമേൽ വീണിരിക്കുന്ന നിഴൽ അത്തുതത്തിൻേറതാണെന്നു തിരിച്ചറിയാനാവുന്നുള്ളു. വികാസത്തിൻേറയും

വിനാശത്തിൻേറയും ബീജം ഒന്നു തന്നെയെന്ന സുപാർശ്വ സൂചനയിലൂടെ ഈയങ്കത്തിൻെറ ആരംഭം മുതൽ ഉറവെടുത്തിരുന്ന ഒരു അന്തർനാടകം ഒരു സംഘട്ടന ശക്തിയായി വളർന്നു തുടങ്ങുന്നു. കാലമാണ് ആ സൂക്ഷ്മനാടകത്തിൻെറ ഇതിവൃത്തം. ഒരൊററ നടൻ മാത്രമേയുള്ളു ആ നാടകത്തിൽ_രാവണൻ_രാജാവും യോദ്ധാവും കവിയും ഗായകനും, ഭർത്താവും കാമുകനും അച്ഛനും മകനും, സഹോദരനും വംശോദ്ധാരകനുമായ രാവണൻ_പരമ്പരയായ രാവണൻ_ബ്രഹ്മാവിൽ തുടങ്ങി ഇന്ദ്രജിത്തിലവസാനിക്കുന്ന ആ രാവണ പരമ്പരയിൽ ഹേതി, വിദ്യുൽകേശൻ, സുകേശൻ, സുമാലി, കൈകസി എന്നീ രക്ഷോവീര്യങ്ങളും പുലസ്ത്യൻ, വിശ്രവസ്സ് എന്നീ ആർഷവീര്യങ്ങളും സമ്മേളിക്കുന്നു. ഈ തലമുറകൾ പത്തു തലകളായി രാവണനിൽ പ്രതീകസാഫല്യം നേടുന്നു.

ലങ്കയുടെ പട നരച്ചു പോയി എന്ന ഇന്ദ്രജിത്തിൻെറ ആക്ഷേപത്തിനു മറുപടി കൊടുക്കുന്ന രാവണൻ തന്നിലും ച്ചേർന്നിരിക്കുന്ന കാലചൈതന്യത്തെ പററി തികച്ചും ബോധവാനാണ്. ''യമധർമ്മൻ പോലും പേടിക്കുന്ന ഈ നര പാതാളത്തിൽ പതിച്ച ഒരു വശത്തിൻെറ പുനരുത്ഥാനവും മൂന്നുലകങ്ങളുടെയും മേൽ ആ വംശം നേടിയ നായകത്വവും വിളിച്ചറിയിക്കുന്ന നരയാണ്. ഇന്ദ്രനെ കെട്ടിവലിച്ചിഴച്ചു. പക്ഷെ മുടിയിൽ നര ചൂടണമെങ്കിൽ കാലം കഴിയുക തന്നെ വേണം.''

കർമ്മത്തിൻെറ ദേവനാണ് 'രാവണൻ'. കർമ്മം കാലഹാരകവും ജ്ഞാനകാരകവുമാണ്. കർമ്മജ്ഞാനങ്ങളുടെ ആവർത്തനസ്വരൂപത്തെയാണ് നാം ശീലമെന്നു വിളിക്കുന്നത്. ശീലജ്ഞാനം ആപേക്ഷികമാണ്. അതു കാലബോധകമോ ആവാം. മനസ്സാണ് ഇച്ഛയാണ് അവിടെ ആധാരം. രാവണൻെറ വാക്കുകളിൽ ''മനസ്സാണ്, ഇച്ഛയാണ് ഏതിനും ആധാരം. മറെറല്ലാം പര്യായങ്ങളോ പാഠഭേദങ്ങളോ ആയിരിക്കും''.

അണകെട്ടി നിറുത്തിയിരുന്ന കാലം കൂലം തകർത്തു പായുകയാണ് രണ്ടാമങ്കത്തിൽ. ധൂമ്രാക്ഷപ്രഹസ്തന്മാർ വധിക്കപ്പെട്ടു. സുപാർശ്വൻെറ പ്രവചനാത്മക ഭാഷണം ആ തകർച്ചയെ വാക്കുകളിൽ ആവാഹിക്കുന്നു.'' മരണത്തിൻെറ ഗ്രീഷ്മം ലങ്കയിൽ വീശിക്കഴിഞ്ഞിരിക്കുന്നു. കാലം ചിലപ്പോൾ മരണത്തിൻെറ ഗന്ധവുമായി വരും. പല പകലുകളുടെയും അറുതി ഏതോ രാത്രിയിൽ തുടങ്ങുന്നു. അതുവരെ കേട്ടിട്ടില്ലാത്ത വികൃതശബ്ദങ്ങൾ കേൾക്കും. അപ്പോൾ ശ്രദ്ധിക്കണം. രാവിനെയും പകലിനെയും ഭയന്ന് അന്തിയിൽ പാർത്ത എനിക്കു കൂടുതൽ കാണുകമാത്രം കഴിഞ്ഞിരുന്നു''.

'രാജാവിൻെറ പാർശ്വങ്ങളിൽ പൊരുതിയിരുന്ന തലമുറ അവസാനിച്ചു. മെല്ലെയുരുളുന്ന കാലചക്രം ചിലപ്പോൾ കുതിച്ചു പായുന്നു. അപ്പോൾ കാററിൽ ഇലകളെപ്പോലെ പതനം ഒരുമിച്ചാണ്......ലങ്കയിൽ കാററിരമ്പിത്തുടങ്ങി.''

കാലത്തിൻെറ ഭാവം പലതാണ്. യുദ്ധത്തിൻെറ, വിജയത്തിൻെറ, വംശവൃദ്ധിയുടെ, വിനാശത്തിൻെറ, മരണത്തിൻെറ ഭാവങ്ങൾ കാലത്തിൻെറ മുഖത്തു മാറിമാറി പ്രത്യക്ഷപ്പെടും. സ്വപക്ഷത്തു മരണമായും ശത്രുപക്ഷത്തു വിജയമായും കാലം വേഷം പകരുന്നതിൻെറ അസഹ്യതയാണ് ഇന്ദ്രജിത്തിൻെറ വാക്കുകളിലുള്ളത്; ''അടരിൽ ചത്ത ശത്രു ഇളിച്ചുകൊണ്ട് എഴുന്നേററുവരിക, എത്ര അപഹാസ്യം! യുദ്ധത്തിലുള്ള കൗതുകം തന്നെ കുറഞ്ഞുപോകുന്നു.''

രാവണൻ നിഷേധാത്മകമായൊരു വ്യക്തിത്വമാണ്. ആ വ്യക്തിത്വത്തിൻെറ തന്നെ നിഷേധാത്മകാംശമാണു വിഭീഷണൻ. കാലത്തിനെതിരെ അതിജീവനശേഷി കൈക്കൊണ്ടവൻ - ചിരം ജീവി. ലങ്കയുമേൽ അശനിപാതം പോലെ പതിച്ചിരിക്കുന്ന കാലത്തിൻെറ വിധിയ്ക്കതീതൻ. ഒന്നാമങ്കത്തിൽ സൂചിതമാവുന്ന വിഭീഷണ നിരാസത്തോടെയാണ് രാവണപക്ഷത്തിൻെറ സർവ്വനാശത്തിലേയ്ക്കുള്ള ഗതിവേഗം ദ്വിഗുണീഭവിച്ചത്. ഈ കാലസന്ധിയിൽ രാവണനു കുംഭകർണ്ണഭാവത്തെ ഉണർത്തേണ്ടിവരുന്നു. ഉണർത്തിയിട്ടും ഉണരാതെ, തെളിച്ചിട്ടും തെളിയാതെ രാവണമനസ്സിൽ നിദ്രാണമായി വർത്തിക്കുകയും കാലഭ്രമികയിൽ വീണൊടുങ്ങുകയും ചെയ്യൊരു ആസുരചൈതന്യമാണ് കുംഭകർണ്ണൻ. ഈ ചൈതന്യത്തെ ഉണർത്തിയെടുക്കാനുള്ള യജ്ഞത്തിനിടയിൽ രാവണൻ സംഗീതത്തിൽ വിലയംകൊള്ളുന്നു. കാലത്തിൽ തളച്ചിട്ട നാദമാണു സംഗീതം. സംഗീതം മനസ്സിൻെറ ഒരു ഭാവമാണ്; ഭാഗമാണ്. ഉറങ്ങിയ കാലചൈതന്യത്തെ ഉണർത്താൻ കാലഹന്താവായ ശങ്കരനോടു ബന്ധപ്പെട്ട സംഗീത വിശേഷണം, ശങ്കരാഭരണം തന്നെ ഉപയോഗിക്കപ്പെടുന്നു.

ആദ്യം സൂചിപ്പിച്ച ആ സൂക്ഷ്മനാടകം, കാണിയും, നടനും എല്ലാം രാവണൻതന്നെയായ ആ മഹാനാടകം, അതിൻെറ വിമർശസന്ധിയിലെത്തിയതായി രാവണ_മണ്ഡോദരീ സംവാദത്തിനിടയിൽ വെളിപ്പെടുന്നുണ്ട്:

''നിൻെറ കമിതാവ് ആടിയിട്ടുള്ള പ്രേമ നാടകങ്ങളിൽ ഒന്നാണിത് എന്ന ധാരണയും മാററണം. സൗന്ദര്യാരാധകനായ ഒരു രാജാവിൻെറ ചാപല്യം മാത്രമല്ല ഈ നാടകത്തിൻെറ ഇതിവൃത്തം. യുദ്ധവും രാജ്യതന്ത്രവും വംശസംഘർഷവും മൂല്യങ്ങളുടെ പതനാഭ്യുദയവും അതിൽ അന്തർഭവിച്ചിരിക്കുന്നു. ചതിയും ദ്രോഹവും നാശവും ദിക്കുകൾ നാലിൻെറ വാഴ്ചകയുമുണ്ടു. ഇനി ഇതിന് ഒരു നിർവ്വഹണസന്ധി മാത്രമേ ശേഷിക്കുന്നുള്ളു.'' സ്ഥലകാലങ്ങളിൽ കെട്ടപ്പെട്ട ഒരു ക്രിയയായി ജീവിതത്തെ അറിയുമ്പോഴാണ് അതിൻെറ നാടകീയത ബോദ്ധ്യപ്പെടുന്നത്. സ്ഥലകാല ക്രിയൈക്യം നാടകത്തിൻെറ ആവശ്യമേന്മയായി എണ്ണാറുണ്ടല്ലോ.

ആസന്നമായ വിനാശത്തെക്കുറിച്ചുള്ള ബോധത്തെക്കാൾ രാവണനെ പീഡിപ്പിച്ചതു് ഭൗതിക സുഖജാലങ്ങളുടെ പിമ്പേ പാഞ്ഞ് പാഴിലാക്കിക്കളഞ്ഞ തൻെറ ജന്മത്തെപ്പററിയുള്ള സുപാർശ്വപരമാർശമാണ്. സ്വന്തം അസ്തിത്വത്തിൻെറ തായ്‌വേരിൽ പതിച്ച ആ ഖഡ്ഗം ഒരിക്കലും കലുങ്ങിയിട്ടില്ലാത്ത രാവണനെ ആകെ കുലുക്കിക്കളഞ്ഞു. രാവണ ഹൃദന്തത്തിൻെറ അശാന്തി ഈ മറുചോദ്യത്തിൽ തുടിച്ചുനില്ക്കുന്നു: ''മാതൃസഹോദരനായ ചങ്ങാതീ... ശങ്ക കൂടാതെ സത്യം പറയൂ... കേൾക്കാൻ മററാരുമില്ല, നമ്മുടെ ജീവിതം പാഴ്ചെലവായിരുന്നോ?'' വാക്യങ്ങൾക്കിടയിലെ ഇടവേള പോലും ജീവനാർജ്ജിച്ചു തേങ്ങി നിൽക്കുന്ന ഒരസാധാരണ സന്ദർഭം_തൻെറ ചിന്തയ്ക്കും പ്രവൃത്തിക്കും അതീതമായ ഉയരത്തിൽ ചരിക്കുന്ന രാവണൻെറ പ്രവൃത്തികളുടെ സാഫല്യ

നൈഷ്ഫല്യങ്ങളെ വിധിക്കാൻ സ്വപാർശ്വന കഴിയുന്നില്ല. ലങ്കയുടെ ഇടിഞ്ഞു വീണ താഴികക്കുടത്തെപ്പററി ഒരു മാത്ര ചിന്തിച്ചു പോകുന്നു രാവണൻ.

ഈ ദുരന്തജ്ഞാനത്തിൻെറ ആഘാതത്തിൽ നിന്നു മുക്തനാവുന്നതിനു മുമ്പുതന്നെ അടുത്ത പ്രഹരം വന്നുചേരുന്നു. കുംഭകർണ്ണവധ വാർത്താശ്രവണം ദുരന്ത്യബോധത്തിൻെറ കരാളമായ സന്നിവേശം രാവണഹൃദന്തത്തെ പിളർന്നു തുടങ്ങുകയാണ്. കാലത്തിൻെറ വീണ്ടെടുക്കാനാവാത്ത അവസ്ഥ രാവണനെ അസ്വസ്ഥനാക്കുന്നു. 'എല്ലാററിനും ഒരു കാലമുണ്ടെന്നു തോന്നിപ്പോകുന്നു. വിശ്വജേതാവായ രാവണൻെറ പകുതിയാണ് അടർന്ന് പതിച്ചതു്. എന്താണിതിൻെറയെല്ലാം അർത്ഥം'? എന്ന ചോദ്യത്തിൻെറ ഉത്തരമായി വായിക്കാൻ കഴിയും. അതെ, ഉണരാൻ വളരെ, വളരെ വൈകിപ്പോയിരുന്നു.

കുംഭകർണ്ണവധത്തോടെ താൻ കൂടുതൽ ഏകനായി എന്ന ബോധം രാവണാത്മാവിനെ ശിഥിലീകരിക്കുന്നു. ഭൗതിക സുഖജാലങ്ങൾ വാരി വലിച്ചു കൂട്ടുന്നതിന്നായി സംഭരിതോർജ്ജങ്ങളാകെ ധൂർത്തടിച്ചപ്പോൾ ശോഭകെട്ട് അന്തർമുഖരായിപ്പോയ രാവണൻെറ ആത്മശക്ത്യവബോധം-ദീർഘതപസ്സിലൂടെ, കാലരോധനയിലൂടെ നേടിയ സർഗ്ഗചൈതന്യം തന്നെയാണ് കുംഭകർണ്ണൻ. അത്യന്തസംഹാരശേഷി സംവഹിക്കുന്ന ആ ശക്തിയെ രാവണൻ ഒരിക്കലും പൂർണ്ണമായി ഉണർത്താറില്ലായിരുന്നു 'നാം ഒരിക്കലും അവനെ പൂർണ്ണമായി ഉണർത്താറില്ലായിരുന്നു. ഒരു കാലഘട്ടം മറയുകയാണ്. അതിവേഗം...നാം ഏകനായി.'

ഇന്ദ്രജിത്തിൻെറ മുന്നേററത്തിൽ വിജയത്തിൻെറ കിരണം കണ്ടെത്തിയ രാവണൻ നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കാനൊരു ശ്രമം നടത്തുന്നു. നയനങ്ങൾക്ക് അസുഖം പകരുന്ന കഴുത്തററ ആ താഴികക്കുടം പുനഃപ്രതിഷ്ഠിക്കാനുള്ള രാവണൻെറ ശ്രമം പാഴിലായി. താഴികക്കുടത്തിൻെറ തകർച്ച ഒരു കാലഘട്ടത്തിൻെറ തകർച്ചയാണ്. ഔന്നത്യത്തിൽ നിന്ന് ഔന്നത്യത്തിലേക്ക് കാലത്തിലൂടെ നടത്തിയ ആശാന്തമായ അന്വേഷണ യാത്രയ്ക്കിടയിൽ വഴിതെററി സംഭരിത ശക്തികളാകെ വാർന്നൊഴുകി, കാലത്തിൻെറ ക്രൂരമായ ആന്ധ്യത്തിലേയ്ക്കിടിഞ്ഞു വീഴുന്ന രാവണപർവ്വതത്തിൻെറ പ്രതീകമാണാ താഴികക്കുടം. അതു പുനഃപ്രതിഷ്ഠിക്കാനുള്ള കർമ്മശേഷി ലങ്കയ്ക്കില്ലാതെ പോവുന്നു. ഈ നാടകത്തിൻെറ തുടക്കം മുതൽ ഒടുക്കംവരെ ദുരന്തത്തിൻെറ നിഴൽ വീശിനിൽക്കുന്നൊരശുഭശകുനമാണു ലങ്കയുടെ താഴികക്കുടം.

ജയാപജയങ്ങളുടെ ഭൂതകാലം വൃദ്ധമാല്യവാൻെറ രൂപത്തിൽ രാവണൻ പ്രത്യക്ഷമാകുന്നു. രണ്ടാം രാക്ഷസ സാമ്രാജ്യം എത്തിനില്ക്കുന്ന സന്ദിഗ്ദ്ധഘട്ടത്തെപ്പററിയുള്ള ആശങ്ക മാല്യവാൻെറ വാക്കുകളിലുണ്ട്:

'എല്ലാം ഈശ്വരനിശ്ചയംപോലെ നടക്കട്ടെ...'

ഞങ്ങൾ ഇന്ദ്രനെ കൊല്ലാൻ പുറപ്പെട്ടപ്പോൾ ആകാശം ഇരുണ്ട് ചുവന്ന് ചോരത്തുള്ളികൾ വർഷിച്ചു. കഴുകനും കുറുക്കനും ഘോരമായി അലറിവിളിച്ചുകൊണ്ടിരുന്നു. പറവകൾ സ്വരഭേദത്തോടെ രോദനം ചെയ്തിരുന്നു. അതേ ദുർനിമിത്തങ്ങൾ ഇന്നും ലങ്കയിൽക്കാണാം. എല്ലാം ഒരു കണക്കിന്, ആവർത്തനമായിരിക്കാം. ഋതുഭേദം പോലെ, സൗരഗ്രഹണംപോലെ, ധൂമകേതുക്കൾ ആകാശത്തിൽ ഇഴയും പോലെ.'

ജഡകാല പ്രഭാവത്തിനു മുമ്പിൽ ജൈവകാലം അമർന്നു പോകുമ്പോളാണ് കാലത്തിൻെറ ആവർത്തനഭാവം അനുഭൂതമാകുന്നതു്. ജഡകാലത്തിൻെറ ചുററുകോണി പോലുള്ള സഞ്ചാരപഥത്തിൽ സമാനഘട്ടങ്ങളുണ്ട്. ഈ സമാനഘട്ടങ്ങളിലെത്തുമ്പോൾ കാലം ആവർത്തിക്കുന്നതായി തോന്നും.

ഈ സന്ദിഗ്ദ്ധഘട്ടത്തെ നേരിടാൻ താൻ പിന്നിട്ട കാലത്തെ മുഴുവൻ സംഭരിക്കുകയാണു രാവണൻ: "നിമിത്തങ്ങൾ- അല്ലെങ്കിൽ നിമിത്തങ്ങളെ നാം ഒരു കാലവും നണ്ണിയിട്ടില്ല ......പറവകൾ ഘോരമായി ചീറുന്നതും വർഷധാരയിൽ നിറം വരുന്നതും യമഭടന്മാരുടെ മായാപ്രയോഗമാവാം നമ്മുടെ വീര്യം കെടുത്താൻ. മാഗ്ഗമദ്ധ്യേ തളന്നാൽ എങ്ങനെ ലക്ഷ്യത്തിലെത്തും? നാം എന്നും സാഹസികനായിരുന്നു. രണാങ്കണമാണു രാവണൻെറ വളർത്തമ്മ. മഹേന്ദ്രഗിരിയും വിന്ധ്യനും ഹിമശൈലവും കൈലാസശൃംഗങ്ങളും ഈ സാഹസികനെ പോററിവളത്തി. ഉയരങ്ങളുടെ ഈ പുത്രൻ താഴ്ന്ന തിരഭൂവിൽ എങ്ങനെ തോല്ക്കും? പുത്രനാശം കാലവിച്ഛിത്തിയാണ്; പരമ്പരകളുടെ അന്ത്യം.

ഇന്ദ്രജിത്തിൻെറ വധത്തോടെ രാവണൻെറ അവസാനത്തെ പിടിവള്ളിയും നഷ്ടമാകുന്നു. കാലത്തിൻെറ അനന്തപ്രവാഹത്തിൽ ഏതു നിമിഷവും കടപുഴകി വീഴാവുന്നൊരു വന്മരമായിത്തീർന്നിരിക്കുന്നു രാവണൻ.

കമ്മസംപുഷ്ടമായ കാലഖണ്ഡങ്ങളിൽ വിസ്മൃതി മൃതിക്കു പകരം നിൽക്കുന്നു. (കാളിദാസൻെറ ദുഷ്യന്തൻ ഉത്തമദൃഷ്ടാന്തം. ശാപജന്യമായ ശകുന്തള വിസ്മൃതി ദുഷ്യന്തനെ സംബന്ധിച്ചു മൃതിതന്നെയായിരുന്നുവെന്ന് തച്ചേതസ സ്മരതി നൂനമബോധപൂർവ്വം ഭാവസ്ഥിരാണി ജനനാന്തര സൗഹൃദാനി? എന്ന ശ്ലോകഖണ്ഡം വെളിവാക്കുന്നു.) എന്നാൽ കമ്മങ്ങളുടെ വൈയർത്ഥ്യം തികച്ചും ബോധ്യപ്പെടുന്ന അപൂർവ്വ കാലസന്ധികളിൽ സ്മൃതി മൃതിയായി വെളിപ്പെട്ടുതുടങ്ങുന്നു.

വിട്ടുകിടന്ന കണ്ണികൾ കൂടിച്ചേരുകയും ഭീതിദമായ ഏതോ അർത്ഥം അതിൽ ധ്വനിക്കുകയും ചെയ്യുന്നതായി തോന്നുന്നു......വിഷ്ണുവിനെ വരനായി കിട്ടാൻ ഹിമാലയത്തിൽ തപം ചെയ്ത വേദവതിയെ ഗർവ്വിൽ നാം മാനഭംഗംചെയ്തു... അവളുടെ പുനർജ്ജന്മമാണോ സീത? ആണെന്ന് ഋഷിമാർ പറയുന്നു. സ്ത്രീ മൂലം നമുക്ക് ആപത്തുണ്ടാകുമെന്ന് ആ തപസ്വിനി ശപിച്ചു. തീയിൽച്ചാടി മരിക്കും മുമ്പാണ് അവൾ ശപിച്ചതു്.

വേദവതീശാപവൃത്താന്തപുനസ്മരണം പുനർജ്ജന്മമെന്ന കാലത്തിൻെറ ആവത്തന സ്വരൂപത്തേയും ഈ സന്ദർഭത്തിൽ മരണമെന്ന അതിൻെറ നീക്കുപോക്കില്ലാത്ത ഭാവത്തെയുമാണു വെളിവാക്കുന്നതു്. വിട്ടുകിടന്ന കണ്ണികൾ കൂടിച്ചേരുമ്പോളുണ്ടാവുന്ന ഭീതിദമായ അർത്ഥം ഇതാണ്.

കാലത്തിൻെറ ഏററവും ഭീഷണഭാവമായ മരണത്തെ രാവണൻ നേരിട്ടു കണ്ടുതുടങ്ങുകയാണ്: 'മരണത്തെ നേരിൽക്കാണാൻ യുദ്ധത്തിൻെറ മുഖത്തുനോക്കിയാൽ മതി...കഴുകനും •

കുറുക്കനും കീലം പൊട്ടിയ തേരുരുാം നക്കി ചോര കുടിക്കു മ്പോാം മരണത്തെ കാണാം. കബന്ധങ്ങളുടെ ഭ്രമിയും കറുത്ത ചിറകിട്ടടിക്കുന്ന ആകാശവും അപ്പോാം മരണമായി മാറുന്നു. മരണം തന്നെയാണ് എല്ലാം. അകലെ നാം വിജയത്തിൻെറ ലഹരിയിലും പരാജയത്തിൻെറ വ്യഥയിലും ജീവിതം ഘോഷിക്കുന്നു. പക്ഷെ വിജയമായും പരാജയമായും കൊണ്ടാടിയതു് മരണമെന്ന ഏകവും അവ്യാജവുമായ സത്യംതന്നെയല്ലേ?'

ഇവിടത്തെ 'അകലെ' എന്ന പ്രയോഗം തികച്ചും അത്ഥവത്താണ്. മരണത്തിൻെറ മുമ്പിൽ നില്ക്കുന്ന രാവണനു് ജീവിതം— നേട്ടങ്ങളുടേതായ ജീവിതം— വിദൂരസ്ഥമായ ഒരോർമ്മ മാത്രമാണ് കാലം ദൂരമാകുന്നു. മണ്ഡോദരിയുടെ വാക്കുകളിലും ഈയർത്ഥം അന്തർഹിതമാവുന്നുണ്ടു്: "ദൂരം വളരെ താണ്ടിക്കഴിഞ്ഞു. തിരിച്ചു വരാൻ ആവാത്തവിധം. എങ്കിലും നോക്കാം നമുക്കു്. ഈ അന്ത്യനിമിഷത്തിൽ, എവിടെ നിലകൊണ്ടോ അവിടേക്കു തിരിച്ചുവരാൻ. ശക്തിയിലേക്കു്, വിജയത്തിലേക്കു് തിരിച്ചു വരാൻ".

തിരിച്ചുവരവിനുള്ള അന്ത്യശ്രമമാണു നികുംഭിലയിലെ ഹോമം: രാവണകൃതശിവസ്തോത്രം പഞ്ചചാമരമാണു ഹോമമന്ത്രം. പഞ്ചചാമരം കാലാരിയായ ശിവനെ ഉപാസിക്കുന്നതാണ്. കാല വിധ്വംസന ശേഷി വീണ്ടെടുക്കാനുള്ള മന്ത്രം. മണ്ഡോദരീമാനഭംഗത്തോടെ ലങ്കയ്ക്കു്, രാവണനു് കാവലായിരുന്ന അവസാനവിശുദ്ധിയും നഷ്ടമായി. ശൈവപൂജ മുടങ്ങി. രാവണൻ സ്വയം സംഹാരദേവതയായി അവതരിച്ചു് സംഹാരോദ്യുക്തമായ കാലത്തിലേക്കു്, മരണത്തിലേക്കു്, കുതിച്ചു കയറുന്നു-ഒരു ചാവേറിൻെറ ഊററത്തോടെ.

അന്തരീക്ഷം ചോര വർഷിച്ചുനിന്ന ഒരു മുഹൂർത്തത്തിൽ പിറന്നുവീണ രാവണൻ മണ്ഡോദരി നിന്ന രാജസത്തിലേക്കുള്ള ആ ഉയച്ച്യ്ക്കിടയിൽ ആ കഥാപാത്രസൃഷ്ടിയിൽ നിദ്രാണമായി വത്തിച്ചിരുന്ന ഈദൃശ (കാലസംബന്ധിയായ) സങ്കല്പങ്ങാംക്കു കൂടുതൽ തെളിവിയന്നതാകാം. തിട്ടമില്ല. വാൽമീകിരാമായണം പലവുരു വായിച്ചിട്ടും മനസ്സിലുദിക്കാത്ത ഇക്കാര്യങ്ങാം ലങ്കാലക്ഷ്മീപഠനത്തിൽനിന്നു സിദ്ധമായി എന്ന വ്യക്തിപരമായ അനുഭവത്തെ മുൻനിർത്തിപ്പറഞ്ഞാൽ ഈദൃശസങ്കല്പങ്ങളിലേക്കു് അനുവാചക മനസ്സിനെ പായിക്കാനുള്ള നിമിത്തങ്ങളൊരുക്കിവച്ചു എന്നതിൻെറ മേന്മയെങ്കിലും നാടകകൃത്തിനവകാശപ്പെട്ടതാണ്. വിംശതിഹസ്തങ്ങളും പൃക്തികന്ധരങ്ങളുമായി കാലഭ്രമികയിൽ തിളങ്ങുന്ന ഒരു വംശപ്പൊലിമയെ സ്ഥലത്തിൽനിന്നു കാലത്തിലേക്കു് ഉയർത്തിയതു് ശ്രീകണ്ഠൻനായരുടെ പ്രതിഭതന്നെയാണെന്നു് എൻെറ അന്തഃകരണം മന്ത്രിക്കുന്നു.

## പ്രതിഭയുടെ കൊയ്ത്തു്

നരേന്ദ്രൻ വി. ആർ.

**വൈലോപ്പിള്ളിയുടെ കാവ്യജീവിതത്തിൻെറ പുതിയ വഴിയമ്പലമായ മകരക്കൊയ്ത്തിനെപ്പററി ഒരു സൗന്ദര്യവിചാരം.**

"**ഹാ!** വിജിഗീഷു മൃത്യുവിന്നാമോ
ജീവിതത്തിൽ കൊടിപ്പടം താഴ്ത്താൻ!''

നാൽപ്പതുകളിൽ ആസ്വാദക കേരളം ആ പുതിയ ശ
കേട്ടു — കന്നിക്കൊയ്ത്തിലൂടെ — തുടർന്നു് ഏറെ സമാ
രങ്ങാം വൈലോപ്പിള്ളിയുടേതായി പ്രസിദ്ധീകൃതമായ
ഇതാ ഈ എൺപതുകളിൽ മകരക്കൊയ്ത്തും പ്രസിദ്ധ
രിച്ചിരിക്കുകയാണ്. വയലാർ അവാർഡ് ഈ വർ
വൈലോപ്പിള്ളിക്കു് നൽകിക്കൊണ്ടു് സ്വയം ധന്യമാ
ത്തീർന്നിരിക്കുന്നു.

വൈലോപ്പിള്ളിയുടെ സമീപകാലം വരെയുള്ള
ഹിത്യജീവിതം സസൂക്ഷ്മം നിരീക്ഷിച്ചിരുന്നവരൊ
പുതിയ ഒരു സമാഹാരം അദ്ദേഹം പ്രസിദ്ധീകരിക്കുമെ
വിചാരിച്ചിരിക്കുകയില്ല. ആമുഖത്തിൽ അദ്ദേഹം ത
പറയുന്നു: ''...... ഈ കാലഘട്ടത്തിനിടയിൽ എന്നെ
ധിച്ച ഒരു തരം മടുപ്പ് കൊണ്ടാണ് ഞാൻ അക്കാര്യത്ത
ഉത്സാഹിക്കാതിരുന്നതു്. തേടിപ്പിടിച്ച് ശേഖരിച്ചെ
ക, പലതും പകർത്തുകയോ അവിടവിടെ തിരുത്തുക
ചെയ്യുക, ക്രമത്തിലടുക്കി തയ്യാറാക്കുക — ഇതൊക്കെ ക്ലേ
രമായി തോന്നി......ഏതായാലും സപ്തതി വന്നുചേർന്ന
ടെ എനിക്കു് തെല്ലൊരുന്മേഷം തോന്നി. സുഹൃത്തുക്ക
പ്രോത്സാഹിപ്പിച്ചു. അങ്ങനെ വീടില്ലാതെ കിടന്ന എ
എൺപതോളം കവിതകാംക്ക് ഞാൻ ഭവനം നിർമ്മിച്ചു
ടുത്തു് ധന്യത നേടി.'' ഇതിൽ ആനുകാലികങ്ങളിൽ മു
പ്രത്യക്ഷപ്പെടാതിരുന്ന കവിതകാം ഇല്ലെന്നു തന്നെ പറയ
എങ്കിലും കളകളില്ലാതെ തഴച്ചു നിൽക്കുന്ന ഒരു പാടം
ലെ ഈ സമാഹാരം ആസ്വാദക ഹൃദയങ്ങാംക്കു് കുളിർ
പകരുന്നു.

ആദ്യസമാഹാരമായ കന്നിക്കൊയ്ത്തിൽനിന്നു് മ
ക്കൊയ്ത്തിലേക്കുള്ള പ്രയാണത്തിൽ വൈലോപ്പിള്ളി
കാവ്യശൈലിയിൽ ധാരാളം പ്രത്യേകതകാം ഉണ്ടായിട്ടു
പരിതഃസ്ഥിതികളോടുള്ള തൻെറ പ്രതികരണം തുറന്നു
യുന്ന രീതിയും ഏകാന്തതയുടെ അപൂർവ്വ ദർശനങ്ങളും
കാലീന സംഭവവികാസങ്ങാം മാത്രം കാവ്യവിഷയമ
ന്നതും മററും കന്നിക്കൊയ്ത്തിൽ അപൂർവ്വമാണ്.

### സാവിത്രി

ഈ സമാഹാരത്തിലെ ഉജ്ജ്വലമായ കവിതകളി
ന്നാണ് സാവിത്രി. കവിയും സ്ത്രീകളുമായുള്ള ബന്ധമാ
ഇതിൽ അനാവരണം ചെയ്യുന്നതു്. വൈലോപ്പിള്ളി
ക്കലും പ്രേമകവിതകളെഴുതീട്ടില്ല. അനുരാഗത്തെപ്പ

ക്രൈസ്റ്റ് കോ

പറഞ്ഞു് ഉറക്കെ നെഞ്ചത്തടിച്ച് നിലവിളിച്ചിട്ടില്ല. വളരെ ചെറുപ്പത്തിൽ കവിയുടെ മനസ്സിൽ സ്ഥാനം പിടിച്ചവളാണ് ധർമ്മധീരയായ സാവിത്രി. കലാലയ ജീവിതം മധുചഷകം നീട്ടിയപ്പോഴും കവി ആ സാവിത്രിയെ മറന്നില്ല. ഒരു ദിവസം കവി സാവിത്രിയെ കണ്ടെത്തി. ഒരു ഗ്രാമീണ കന്യകയിൽ. കവി അവളെ കാമുകിയായല്ല മകളായാണ് കണ്ടതു്. സാവധാനം അപവാദങ്ങൾ പരന്നു. അവൾ വീട്ടിൽ വരാതായി.

''കവിയല്ലിവൻ, വിടൻ, കല്ലെറിയുക, കേൾക്കായ്
ഇവിടെച്ചെലവാകില്ലിക്കണ്ണിമാങ്ങാ പ്രേമം
എന്നമ്മപോലും നീട്ടി കൊള്ളിവാക്കുകൾ, കേണേൻ
എന്തെന്നെ വെടിഞ്ഞുപോ കഷ്ടമെൻ സാവിത്രിയും''

കവിയുടെ ജീവിതത്തിന്റെ താളം തെററി. ആത്മഹത്യയ്ക്കു ശ്രമിച്ച കവിയെ സാവിത്രി മൃത്യുവിൽനിന്നും പിടിച്ചുമാററുന്നു. അവളുടെ തോളിൽ ചാരി കവി ജീവിതയാത്രയിൽ ആശ്വാസം കണ്ടെത്തുന്നു.

കവിഹൃദയം പൂർണ്ണമായ സ്ത്രീത്വത്തെ ആശിച്ചു. പക്ഷേ ലോകം അതിനെ ഉച്ചക്കിറുക്കായാണ് കണ്ടതു്. അവസാനം താനന്വേഷിച്ചിരുന്ന സാവിത്രി തന്റെ ഭാവനതന്നെയായിരുന്നുവെന്നു് കവി കണ്ടെത്തുന്നു. അതാണ് കവിതയുടെ മർമ്മം.

## കണ്ണീരിന്റെ മഴവില്ലുകൾ

ഈ സമാഹാരത്തിലെ മറെറാരു ഉജ്ജ്വലമായ കവിതയാണ് 'അച്ഛൻ'. രാത്രിയുടെ മദ്ധ്യയാമങ്ങളിൽ ഏതോ വിചാരങ്ങളിൽ മുഴുകി ഉറങ്ങാതെ കിടക്കുന്ന കവി. തൊട്ടടുത്തു കൊച്ചുമകൻ ഗാഢനിദ്രയിൽ ലയിച്ചിരിക്കുന്നു. അപ്പോൾ രാത്രിയുടെ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് ഒരു പക്ഷിയുടെ കൂകൽ കേൾക്കായി. 'ചീ...ചീടർർ...' എന്നു്. ഇത്തിരി നേരം കഴിഞ്ഞു് അതിനു മറുപടിയെന്ന പോലെ 'ടർർ...' എന്ന നേർത്ത ശബ്ദം കേൾക്കുന്നു. കവി ചിന്തിക്കുന്നു.

''പുത്തരിയല്ലിതെൻ കാതിനു്, രാവിലി-
തെത്രയോ വട്ടം ഞാൻ കേട്ടിരിപ്പൂ''

ബുൾബുളോ? മഞ്ഞക്കിളിയോ? സ്വരത്തിന്റെ ബുദ്ബുദം മാത്രം അറിക വയ്യാ. തന്നെപ്പോലെ ഒരച്ഛനായ ആ കിളി മുററത്തെ ചെമ്പകമരത്തിൽ ചേക്കിരിക്കുമ്പോൾ അടുത്ത മുല്ലയിൽ ഉറക്കം തൂങ്ങുന്ന മകനോടു് ''ഞാനിതാ അടുത്തുണ്ടു്, നന്നായുറങ്ങിക്കൊള്ളൂ. ഒന്നുകൊണ്ടും മോൻ ഭയപ്പെടേണ്ട'' എന്നുപറയുമ്പോൾ ആ കൊച്ചുപക്ഷി പാതിയുറക്കത്തിൽ ''അച്ഛാ ശരി ശരി'' എന്നു പറയുന്നതാവാമെന്നു് കവി വിചാരിക്കുന്നു. ഈ സമയത്തു് മകൻ കവിയുടെ നെഞ്ചിൽ കൈ ചേർത്തുവെച്ച് നല്ല ഉറക്കമാണ്. കവിയിലെ പുത്രവാത്സല്യം സാവധാനം ഉണരുന്നു.

എന്താണീ കവിതയുടെ പ്രത്യേകത? ഏകാന്തമായ സ്വകാര്യജീവിതത്തെക്കുറിച്ച് വിശകലനം ചെയ്താൽ മാത്രമേ ഉള്ളിൽത്തട്ടുന്ന വികാര തീവ്രത സ്പഷ്ടമാകൂ. കവിയുടെ ജീവിതവും സാധാരണ മനുഷ്യന്റെ ജീവിതവും സമാന്തരരേഖകളായി കൊണ്ടുപോകുന്നവരുണ്ടു്. ഇവിടെ ആ രേഖകൾ കൂട്ടിമുട്ടുന്നു. തൽഫലമായി കാവ്യമധുരമായ ഒരന്തർദർശനം കവിയ്ക്കു കിട്ടുന്നു.

## ഒരു രാത്രിയുടെ ഓർമ്മയ്ക്ക്.

ഈ സമാഹാരത്തിന്റെ മദ്ധ്യഭാഗത്തു് പ്രത്യേകം ഒരു പേരു നൽകി വേർതിരിച്ച പതിനൊന്നു കവിതകളുണ്ടു്. ''അടിയന്തിരം'' പേരു സൂചിപ്പിക്കും പോലെ രാഷ്ട്രീയ സംഭവ വികാസങ്ങളെ അടിസ്ഥാനമാക്കി '75 മുതൽ '79 വരെയുള്ള കാലഘട്ടത്തിൽ എഴുതിയവയാണാ കവിതകൾ. കാവ്യഗുണം കൊണ്ടു് ഉയർന്നു നിൽക്കുന്നവെങ്കിലും രാഷ്ട്രീയമായി കവിയെ പഴിചാരാൻ ഉപകരിച്ചേക്കാവുന്നവയാണവ. അതു് തന്റെ ഹൃദയസത്യമാണെന്നും അതിന്റെ പേരിൽ താൻ ആരോടും മാപ്പു പറയേണ്ടതായി തോന്നുന്നില്ലെന്നും കവി പറയുന്നു. നർമ്മരസം ചില കവിതകൾക്കു മധുരം പകരുന്നു. മാവേലി നാടു വാണീടും കാലം എന്ന കവിത രാഷ്ട്രീയ പരിവേഷമില്ലാതിരുന്നാലും അത്യുന്നതമായ കാവ്യഗുണമുൾക്കൊള്ളുന്നവയാണ്. മഹാബലിയുടെ ഏകാധിപത്യകാലത്തു് താനും തന്റെ വീണയും ഈ ഭൂമിയിലുണ്ടാവാതിരുന്നതു് ഭാഗ്യമായെന്നു് ആശ്വസിക്കുന്ന കലാകാരനാണ് ആ കവിതയിലെ ജീവതന്തു.

## സഹ്യന്റെ മകൾ.

വളർത്തുമകൾ ആണ് മറെറാരു ശ്രദ്ധേയമായ കവിത. കാട്ടിലെ വിരസമായ ജീവിതത്തിൽ ഒരു വനം വകുപ്പുദ്യോഗസ്ഥന്റെ വാത്സല്യത്തിനു പാത്രമായി ഒരു പിടിയാനക്കുട്ടി. അയാളുടെ ശുശ്രൂഷ കൊണ്ടാണ് അവളുടെ ജീവൻ രക്ഷപ്പെട്ടതുതന്നെ. അവൾ വനാന്തരത്തിലേക്ക് തിരിച്ചയയ്ക്കപ്പെട്ടു. അയാളും മലമ്പനി പിടിപ്പെട്ടു് നാട്ടിലേക്കു മടങ്ങി. വർഷങ്ങൾക്കുശേഷം അയാൾ ഔദ്യോഗിക കാര്യങ്ങൾക്കായി പഴയ ജോലിസ്ഥലത്തെത്തുന്നു. വേനലിന്റെ ചൂടു സഹിക്കാനാകാതെ അയാളും കൂട്ടുകാരും മുററത്തുതന്നെ പായ് വിരിച്ചു കിടന്നുറങ്ങുന്നു. പാതിരാമയക്കത്തിൽ മാറത്തും മുഖത്തും ഒരു ശീതളസ്പർശമേല്ക്കുവെ അയാൾ കണ്ണു തുറക്കാതെ തപ്പിനോക്കുമ്പോൾ തടയുന്നതു് പണ്ടെങ്ങോ മുറിവേററ ഒരു തുമ്പിക്കൈയാണ്. അയാളുടെ ഹൃദയം ആനന്ദം കൊണ്ടും വാത്സല്യം കൊണ്ടും നിറഞ്ഞു തുളുമ്പി. അവളോടു് സുരക്ഷിതമായി കാട്ടിലേക്ക് തിരിച്ചുപൊയ്ക്കൊള്ളാൻ അയാൾ നിർദ്ദേശിക്കുന്നു.

''നിഴൽപോൽ മറഞ്ഞു നീ എന്നുള്ളിലൂറിക്കൂടി
അഴലോ നിശ്ശൂന്യതാ ബോധമോ നിർവ്വേദമോ''?

വികാരതീവ്രത മുററിനില്ക്കുന്നതാണു ഈ അവസാനരംഗം.

വെള്ളിലവള്ളി, മുടിനാരുകൾ, പത്തിലൊന്നു്, വടക്കേച്ചിറ, അത്യാനന്ദം തുടങ്ങിയ കവിതകൾ കൊച്ചുകൊച്ചു കാര്യങ്ങളെ കുറിച്ചെഴുതിയിട്ടുള്ളതും എന്നാൽ ചിന്താമാധുര്യമേറുന്നവയുമാണ്. തൃശ്ശൂരിലെ തിരുവാതിരകൾ കുറച്ചുകൂടി ഉന്നതമായ ചിന്താതലത്തിൽ നില്ക്കുന്ന ആക്ഷേപകവിതയാണ്. കൃഷ്ണനും ദുർവ്വാസാവും, ഉപമന്യു തുടങ്ങിയവ പൗരാണിക കഥകളുടെ ആധുനിക കാവ്യാഖ്യാനങ്ങളത്രേ. അലയാഴി പെററ മകൾ എന്ന കവിത മനോഹരമായ ഒരു ദണ്ഡകമാണ്.

ഇങ്ങനെ വ്യത്യസ്തമായ രചനാരീതിയും ആശയങ്ങളും ഉൾപ്പെട്ടതാണെങ്കിലും ഇവയെയെല്ലാം അതിജീവിച്ചുകൊണ്ട് പൊതുവായി ഉയർന്നുനില്ക്കുന്ന ഒരു പ്രത്യേകത ഈ സമാഹാരത്തിലുണ്ട്. മൗലികമായ ഭാവന, അചുംബിതബിംബങ്ങൾ, ഹൃദയസ്പർശിയായ ചിത്രീകരണം എല്ലാററിനും പുറമേ കാവ്യസാന്ദ്രമായ ഭാഷയും.

യുവതലമുറയിലെ കവിതാസ്വാദകരിൽ ഭൂരിഭാഗവും വൈലോപ്പിള്ളിയെ അവഗണിക്കുകയാണെന്നൊരു പരാതിയുണ്ട്. വൈലോപ്പിള്ളിക്കവിത വായിക്കുന്നത് ഒരു പഴഞ്ചൻ ഏർപ്പാടാണെന്നുവരെ ധരിച്ചുവെച്ചിരിക്കുന്ന സുഹൃത്തുക്കളുണ്ട്. നൂതനമായ അതിൻെറ സൗഭഗം അസ്വദിക്കാൻ കഴിയാത്ത ആ നിർഭാഗ്യവാന്മാരെപ്പററി എന്തുപറയാൻ!

ഒരു കാര്യം ശ്രദ്ധേയമാണ്. വൈലോപ്പിള്ളിയുടെ വാഹനം സൈക്കിളാണ്, അന്നും ഇന്നും. മനുഷ്യശക്തിയെ ആശ്രയിച്ചു മാത്രമോടുന്ന ആ ശകടത്തിൽ ജനത്തിരക്കിനിടയിലൂടെ കുതിക്കുന്ന ആ എഴുപത്തൊന്നുകാരൻ ഒററയ്ക്കുമുന്നേറുന്നു. അതു തന്നെയാണദ്ദേഹത്തിൻെറ കവിതയും.

## ഇൻഡ്യൻ കവിതകൾ

## വിവർത്തനങ്ങൾ.

**അ**ടുത്ത താളുകളിൽ കുറേ, യിൻഡ്യൻ കവിതകളെ ഞങ്ങൾ അവതരിപ്പിയ്ക്കുന്നു. വിദേശ കവിതകളുടെ വിവർത്തനങ്ങളോളം തന്നെ പ്രാധാന്യം കൊടുക്കാഞ്ഞിട്ടാകാം, എലുവാദിനേയും, നെരൂദയേയും, വിററ് മാനേയും, ബോദ്‌ലയറേയും, ബ്രെഹ്ററിനേയും, യവ്തുഷങ്കോവിനേയും, തീർത്തും രണ്ടാം കിടക്കാരായ വിററ്മോറിനേയും, നിൽസ്വൻസണേയും പോലുമറിയുന്ന ഇവിടത്തെ കവിതാസ്വാദകർ സമകാലിക ഇൻഡ്യൻ കവികളെപ്പററിയോ കവിതകളെപ്പററിയോ പറയുമ്പോൾ അമ്പരക്കുന്നത്. ഇൻഡ്യയിലെ, മററുഭാഷകളിലെ ആധുനിക കവിതാധാരകളെ ആസ്വാദകർക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്ന ശ്രമങ്ങൾക്ക് അടുത്ത കാലത്ത് ഒരുണർവ് ഉണ്ടായിട്ടുള്ളത് സന്തോഷകരവും സ്വാഗതാർഹവുമാണ്. ആ വഴിയ്ക്കുള്ള ഉദ്യമങ്ങൾക്ക് ഒരു കലാലയ മാസികയുടെ പരിധികൾക്കകത്തു നിന്നുകൊണ്ടുള്ള എളിയ സംഭാവന എന്ന നിലയ്ക്കു കൂടിയുള്ളതാണിവ.

സൃഷ്ടിയെ കാലത്തോടു ബന്ധപ്പെടുത്തുന്ന ഒരു കവിയ്ക്ക് കവിതയും ജീവിതവുമായിട്ടുള്ള ബന്ധം സൃഷ്ടി-കാല ബന്ധത്തിൻെറ സ്വാഭാവികമായ ഒരു തുടർച്ചയായിക്കാണാൻ ക്ലേശിക്കേണ്ടി വരുന്നില്ല ഈ ബന്ധം ചരിത്രത്തിൻെറ ഓരോ ഘട്ടത്തിലും വെവ്വേറെ ഭാവങ്ങളാർജ്ജിക്കുന്നുവെങ്കിൽക്കൂടി, അടിസ്ഥാന പരമായി അതു് മുറിച്ചു മാററാൻ കഴിയാത്തതാകുന്നു. ഈ പോക്കിൽ, സാമാന്യവൽക്കരിക്കപ്പെ സൗന്ദര്യസങ്കല്പങ്ങൾ വർജ്ജിക്കപ്പെടുകയും പുതിയവ പ്രതിഷ്ഠിയ്ക്കപ്പെടുകയും ചെയ്യുന്നു. 'മഞ്ഞും, നദിയും പൂക്കളും', തടവറകൾക്കും വെടിയുണ്ടകൾക്കും വഴിമാറിക്കൊടുത്തതും മറെറാന്നും കൊണ്ടല്ല.

ഈ കാലത്ത് വിമർശനാത്മകമായ പ്രതികരണ ശേഷി കാത്തു സൂക്ഷിയ്ക്കുക എന്നത് ശ്രമകരമാ ഒരു കർത്തവ്യം തന്നെ. ജീർണ്ണിച്ച ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയോട് വേണ്ടുംവണ്ണം പ്രതികരിയ്ക്കുന ഈ കവിതകൾ. ഇന്നത്തെ സാഹചര്യങ്ങളിൽ സ്വാഭാവികമായി ഉയിർക്കൊള്ളുന്ന രോഷമാണ് ഇതിലെ മിക്ക കവിതകൾക്കും പ്രേരകശക്തി. അവയുടെ മുഖമുദ്രയും അതുതന്നെ. വർത്തമാനത്തിൻെറ കണ്ണാടിയായ ഈ കവിതകളെല്ലാം തന്നെ വത്തിയ്ക്കുമ്പോൾ അവ നമ്മെത്തന്നെ പ്രതിഫലിപ്പിയ്ക്കുന്നു. ഓരോ നീര നിഷേധവും, ഓരോ അന്യായവും, ഒരു കൊച്ചുകുട്ടിയെപ്പോലെ ചൂണ്ടിക്കാട്ടുന്നു. അങ്ങനെ നിഷ്കള മായി പ്രതികരിയ്ക്കുക വഴി കവിതയുടെ ചരിത്രപരമായ ധർമ്മം പാലിയ്ക്കുകയാണ് അവ. വ്യക്തമാ ഒരു രൂപം പ്രാപിയ്ക്കാതെ, അങ്ങിങ്ങു ചിതറിക്കിടക്കുന്ന അനുഭവങ്ങളെ വ്യക്തമായ ബോധതലത്തിലേ യർത്തി വിത്തുകളെ പൊട്ടിമുളപ്പിച്ച്, വളർത്തി വൃക്ഷങ്ങളാക്കുകയാണ് കവി ചെയ്യേണ്ടതെന്നതെങ്കിൽ ക കർമ്മം ഈ കവിതകളെല്ലാം തന്നെ പാലിച്ചിരിയ്ക്കുന്നുവെന്ന് നിസ്സംശയം പറയാം. ഇങ്ങനെ സംഭ കുമ്പോഴാണ് കവിത, കർത്തവ്യമാവുന്നതും കലാപമാവുന്നതും. പ്രതിബദ്ധത സമൂഹത്തോടുള്ള പ്രതിജ്ഞ ബദ്ധതയാവുന്നതും ഇവിടെത്തന്നെ.

കാലിക ഇൻഡ്യൻ കവിതയെ അടുത്തറിയുക എന്ന ലക്ഷ്യത്തോടെ, വാസനയും താൽപ്പര്യവുമ അനേകം വിദ്യാർത്ഥികളെ മാസികാസമിതി വിവർത്തനങ്ങൾക്കായി സമീപിച്ചു. ഏതാണ്ടിരുപ ഞ്ചോളം കവിതകൾ-വിവിധ മൂലഭാഷകളിൽ നിന്ന് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യപ്പെട്ടവ, മലയാള ലേയ്ക്ക് പരിഭാഷപ്പെടുത്തുകയുണ്ടായി. മെച്ചപ്പെട്ടവയെന്ന് തോന്നിയവ തിരഞ്ഞെടുത്ത് പ്രസിദ്ധീകരിക്ക സ്വതന്ത്രവിവർത്തനങ്ങളാണ് എല്ലാംതന്നെ. ഷിവ് കെ. കുമാറിൻെറ 'കാളി' എന്ന കവിതയൊഴി എല്ലാ കവിതകളും 'ഇൻഡ്യൻ ലിററേച്ചറി'ൽ നിന്നുമാണ് തിരഞ്ഞെടുത്തത്. 'കാളി'യാകട്ടെ ഷി കെ. കുമാറിൻെറ 'സബ്ട്ടർഫ്യൂജ്' എന്ന കവിതാസമാഹാരത്തിൽ നിന്നും, ജോഷി, ഹരിദാസൻ, ബാ ഫ്രാൻസിസ്, ജയശങ്കർ എന്നിവരാണ് കവിതകളുടെ മൊഴിമാററം നിർവ്വഹിച്ചിരിയ്ക്കുന്നത്.

-എഡിറ

ഹിന്ദി കവിത:

## ഇത് ആ കാലമാണ്

**മധുമണികർ**



എന്നിലൂടെ കടന്നുപോകുന്ന ആ പാത
വെളിയിലേയ്ക്കു് അതിന്റെ തല നീട്ടുന്നു
കളങ്കമുള്ളേടത്തു് അതിന്റെ വായ പിളർക്കുന്നു.
ആ പാതയ്ക്കു മേലെ, ചൂടുള്ള നീരാവിയെപ്പോലെ
നിങ്ങളുടെ കാലൊച്ചകൾ പറക്കുന്നു
പാറയ്ക്കുള്ളിലെ അരുവി വല്ലാതെ വിറയ്ക്കുന്നു.
ജീനിച്ചവിട്ടുപടികൾക്കും ശബ്ദങ്ങൾക്കുമിടയ്ക്കു്
നഷ്ടപ്പെട്ട വാക്കുകളെ തിരിച്ചെടുക്കാൻ
ഞാൻ കുതിരയുടെ അടുത്തേയ്ക്കു് തിരക്കിടുന്നു
പക്ഷെ ഈ —

ഈ കാലം, എന്റെ അച്ഛനെ മരത്തോടു ചേർത്തുകെട്ടി
വെടിവെച്ചുകൊന്ന കാലമാണ്.
ഇരുണ്ടതും, നിർദ്ദയങ്ങളുമായ സായാഹ്നങ്ങളുമായി
ഭാഗങ്ങളായി ചിന്തപ്പെട്ട, കത്രികകളുടെ കിതപ്പേററു്
മുറിവേററ തുണിതുണ്ടുകളെപ്പോലെ
ശബ്ദങ്ങൾ തങ്ങിനിൽക്കുന്ന പാതയിലൂടെ
ഇതാ ഞാൻ വന്നു കഴിഞ്ഞു.
പ്രതിക്കൂട്ടിലെ അഴികളിൽ നിങ്ങളുടെ
കൈമുട്ടുകൾ വിശ്രമിക്കുന്നു,
കാൽവിരലുകളാകട്ടെ, വർഷങ്ങളായി
നിങ്ങളുടെ പാദരക്ഷയിൽ ദ്വാരങ്ങളുണ്ടാക്കിക്കൊണ്ടേയിരിയ്ക്കുന്നു.

എനിക്കറിയാം,
മഴയ്ക്കുവേണ്ടിയുള്ള ഈ വിരസമായ കാത്തിരിപ്പിൽ,
ന്യായത്തിന്റേയും തുലാസിന്റേയും തണുത്ത ചിരിയ്ക്കു്
കാതോർത്തുകൊണ്ടു്, നീ കാററിനെപ്പററി ആലോചിയ്ക്കുയായിരുന്നു.
കോടതിയുടെ വാതിലുകൾ അതുകേട്ടു് കേട്ടു് മരവിച്ചിരിക്കുന്നു.
സ്വന്തം നഖങ്ങൾ കൊണ്ടതു് തലചൊറിയുന്നു,

ഇവയൊന്നിലും കൂസാതെ, എനിക്ക് ഇവിടുന്നു് തന്നെ
തിരിച്ചുപോകാം, ഈ യാത്രയിൽ അടിഞ്ഞുകയറിയ
മാലിന്യങ്ങളും, രക്തത്തിൽനിന്നു് കുതിച്ചുചാടുന്ന
പുരാതനമായ ആ ദാഹവും സ്വന്തം കൈമുട്ടുകളിലേററിക്കൊണ്ടു്.

നിങ്ങൾക്കറിയാമോ, തീർച്ചയായും നാം രണ്ടുപേരും
ഏതു നിശ്ശബ്ദ സംഗീതത്തിൽ നിന്നാണു് പിറന്നതെന്നു് ?
താളത്തിന്റെ കറുത്ത നിശ്ശബ്ദതയിലെത്തിയ ശേഷം
അതു മുറിയുകയും അവസാനിയ്ക്കുയും വേണം.
ഇതാ അത് അവസാനിയ്ക്കുയും പുനർജ്ജനിയ്ക്കുകയും ചെയ്യുന്നു.
നിൽക്കുകയും വീണ്ടും തുടങ്ങുകയും ചെയ്യുന്നു.
കുതിരയുടെ കടിഞ്ഞാണുകളെ വലിച്ചുകൊണ്ടു്
അതു് ഇതാ കുതിയ്ക്കുന്നു.

ബംഗാളി കവിത

## മരിച്ചവർ

**ബ്രഹ്മരാജൻ**

**രാ**വിന്റെ ആദ്യനാഴികകളിൽ, മരിച്ചവരിൽനിന്ന്
മരണത്തിന്റെ മണം ചുററും പടരുന്നു.
ചിലന്തിവലകൾ പോലെ അത്
മുറിയുടെ ചുവരുകളിൽ അള്ളിപ്പിടിയ്ക്കുന്നു;
അടുത്ത ദിവസം
തവിട്ടുനിറത്തിലുള്ള കൂണുകൾ
നാസാദ്വാരങ്ങളിൽ മുളച്ചുപൊന്തുന്നു.
കൊള്ളിയാനുകൾ വേദനകളെപ്പോലെ ഇഴയുന്നതിനാൽ
ഹൃദയത്തിന്റെ ചുവരുകൾ
എളുപ്പത്തിൽ വിണ്ടുകീറുന്നു;
തോടുകൾ പൊട്ടി അവ ഉടഞ്ഞു തകരുന്നു.
രാവ് അടിച്ചമർത്തുമ്പോഴും
ശരത്കാല ഉദയത്തിലെ ചീവീടുകൾ
സ്വന്തം ആർത്തനാദങ്ങൾ പുറത്ത് എത്തിയ്ക്കുന്നു;
കുയിലുകളുടെ കൂജനങ്ങൾക്കുമീതെ അവ ഉയരുന്നു.
വനവൃക്ഷങ്ങൾ
മസ്തിഷ്കത്തിന്റെ പാതയിലൂടെ തെന്നി അകലുമ്പോൾ
ലോറിയുടെ കിതപ്പുകൾ മെല്ലെയായി
സിംഫണി പരകോടിയിൽ അവസാനിയ്ക്കുന്നു.
ചവിട്ടിയകലുന്ന പാദങ്ങൾക്കു കീഴെ
മരിച്ച ഇലകൾ വിറയ്ക്കുന്നു.
പെട്ടെന്ന് വനമാകെ തീപ്പിടിയ്ക്കുന്നു;
എരിഞ്ഞടങ്ങി, കരിഞ്ഞ, മാംസത്തിന്റെ
ഗന്ധം വമിയ്ക്കുന്നു.

ഇംഗ്ലീഷ് കവിത

## കാളി

**ശിവ് കെ. കുമാർ**

**വെ**ട്ടിയരിയപ്പെട്ട ഒരു തെരുവുപട്ടിയുടെ
പാറപോലുറഞ്ഞ കണ്ണുകൾ
പഴക്കമാർന്ന എന്നെ തുറിച്ചു നോക്കുന്നു.
നിന്റെ ഇരുണ്ട ഉടലിനെ ഓരോ വട്ടം ചുററുമ്പോഴും
തുരുമ്പിന്റെ നിറമുള്ള മൂർഖൻ നാവ്
വെളിയിലേയ്ക്ക് നീളുന്നു.

പൂജാരിയുടെ പിറുപിറുക്കലിന്റെ ഏകതാനതയ്ക്കപ്പുറത്ത്
ഒരാട്ടിൻ കുട്ടി, കത്തിമുനയ്ക്കുവേണ്ടി കേഴുന്നു.
ഉടഞ്ഞ മുലഞെട്ടുകൾക്കിടയിൽക്കുരുങ്ങിക്കിടക്കുന്ന
കുട്ടി എന്തായാലും മരിയ്ക്കും,
പക്ഷെ നിന്റെ തേൻ, ധമനികൾ അറുത്ത്
പ്രധരിയ്ക്കുന്ന ശുദ്ധമായ ചോരയാണ്.

സൃഷ്ടിക്കാനുള്ള വഴി സംഹാരമാണ്.
എങ്കിലിതാ, എല്ലാ കുറുനരികൾക്കു, മുററിക്കുടിക്കാൻ
എന്റെ കണ്ണങ്ങളിൽ, ആവോളം രക്തം
ഞാനൊളിപ്പിച്ചു വച്ചിരിക്കുന്നു.

# അപരിചിതൻ

**ശാന്ത ആചാര്യ**

**നീ**ങ്ങൾ അപരിചിതനായി, ചുണ്ടുകളിൽ
ചോദ്യങ്ങളൊന്നുമില്ലാതെ എൻെറയരികിൽ വന്നു.
വാതിലിൽ എത്തിനോക്കിയ നിങ്ങളോട്
ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ എഴുന്നു നില്ക്കുന്ന
ആ അവസ്ഥ അറിഞ്ഞുകൊണ്ടുതന്നെ
ഗ്രീഷ്മത്തിലെ സൂര്യനോടൊപ്പം ഞാനും
നിശ്ശബ്ദനായിരുന്നു.

നിങ്ങൾ, സ്വേച്ഛയാ അപരിചതത്വം മാററിവച്ചു.
കണ്ണുകൾ, എൻെറ കണ്ണുകളോട് ശാന്തിയെപ്പററി സംസാരിച്ചു.
ഞാൻ മെല്ലെയാണ് നീങ്ങിയതു്, മുറുകി നിൽക്കുന്ന ആ
അവസ്ഥയിൽ എന്തെങ്കിലും അയവു വന്നേയ്ക്കുമോ
എന്ന് ഭയന്നു്, വാക്കുകളിൽ വിശ്വാസമില്ലാതെ.

ഒരു പാസ്പോർട്ടിൻെറ ഔദ്യോഗിക ഇലകളിൽ
നിങ്ങളുടെ കഥ നിങ്ങൾ എൻെറ നേരേ നീട്ടി.
അതിനുശേഷമാണ് ഞാൻ നിങ്ങളുടെ മകളുമായി
സ്നേഹത്തിലായതു്, ഇന്ന് അകററപ്പെട്ട
അവളുടെ പത്തുവർഷങ്ങളിലെ നിഷ്കളങ്കതയും
പൊട്ടിപ്പോയ, മുൻനിരയിലെ ഒരു പല്ലും.
നിങ്ങളോട് ഒരു സമയത്തു് തോന്നിയ വികാരമെന്തെന്ന്
ഓർക്കാനല്ലാതെ മറെറാന്നിനും അവൾക്ക് കഴിയുകയില്ല.
ഇന്നവർ നിങ്ങൾ കാട്ടിയ ആർദ്രത മറന്നു കഴിഞ്ഞിരിക്കാം,
ആണ്ടുകൾക്കുമുൻപ് അവളുടെ അമ്മ ചെയ്തതുപോലെ.

ഓർമ്മകൾ ബോധത്തിൻെറ ഉപരിതലങ്ങളിൽ
ജനിയ്ക്കാൻ വെമ്പുന്ന സ്വപ്നങ്ങൾ ചിതറിക്കിടക്കുന്നതിനിടയ്ക്ക്
പുതുക്കപ്പെടുവാനായി വന്നണയുന്നു.
നിങ്ങളും, ഒരു കൈക്കുടന്ന പവിഴങ്ങൾ പെറുക്കിയ ശേഷം
ഈ വേനൽദിനത്തിലെ സൂര്യനിൽ മറഞ്ഞിരിക്കുന്ന
കാര്യങ്ങൾ തിരയുവാനായി അകലുന്നു.
അപ്പോൾ നിങ്ങൾക്ക് ഞാനുമായി ബന്ധപ്പെടാൻ ശ്രമിയ്ക്കാം.
പഴയ, ആ എന്നെ കാണുവാൻ
ഒരു പക്ഷെ സാധിയ്ക്കയില്ലെങ്കിൽപ്പോലും.

നിങ്ങൾ എൻെറയരികിൽ വരുമെന്ന് എനിയ്ക്കറിയാം, വീണ്ടും,
ചുണ്ടുകളിൽ വിശദീകരണങ്ങളൊന്നും തന്നെയില്ലാതെ.

എൻെറ വാതിലിൽ എത്തി നോക്കുന്ന നിങ്ങളോട് അകത്തു
വരാൻ പറയുമ്പോൾ, അന്ന് ഞാനും
നിശ്ശബ്ദനായിരിക്കും, അടുത്തൊരു വേനലിലെ
സൂര്യനെപ്പോലെ.

## രേഖകൾ

**മനോഹർ ബാന്ദ്യോപാദ്ധ്യായ്**

**നി**ന്റെ മിഴികളിൽ
കടലുകൾ ഇരമ്പുന്നതു് ഞാൻ കണ്ടിട്ടുണ്ടു്.
ചുഴലിയ്ക്കു മുമ്പുള്ള ശാന്തതപോലെ
കണ്ണുകൾ നിറഞ്ഞു നില്ക്കുമ്പോൾ
വാക്കുകൾ വേലിയേററത്തിൽ
ആഴത്തിൽ അടിയുന്നു.

ഞാൻ, എന്നും നിന്റെ കണ്ണുകളേക്കാളും
കുറച്ചുമാത്രമേ എഴുതിയിട്ടുള്ളു.
ഒരു പക്ഷേ എന്നിൽത്തന്നെ നഷ്ടപ്പെട്ടതിനെപ്പററി
ഒരിക്കലും, ഒരിക്കലും എഴുതുവാൻ എനിക്കു് സാധിയ്ക്കുയില്ല,
തീർച്ചയായും നിനക്കു് എന്റെ നേത്രങ്ങളിൽ
വാശിയോടെ വരച്ച മായ്ക്കപ്പെട്ട വരകൾ
വായിയ്ക്കുാനും കഴിയുകയില്ല.

ഹിന്ദി കവിത

## ഇന്നു്

**ജഗദീഷ് ചതുർവേദി**

**യാ**തൊരു ഉറപ്പും എനിക്കു് ആശ്വാസം തരുന്നില്ല.
ഒരു മുഖഭാവവും എന്നെ ആകർഷിക്കുന്നില്ല.
എന്റേതുപോലും
കണ്ണാടിയിൽ
പ്രാന്തുപിടിച്ചൊരു പ്രാവിന്റെ
മുഖം പോലെ തോന്നുന്നു.

## വിലാപഗാനം

**വിനോദ്ശർമ്മ**

**അ**വർ നെരൂദയുടെ വരികൾ കേട്ടു
എല്ലാവരും, ആരും എന്റെ വാക്കുകൾ കേട്ടില്ല.

വേദനിപ്പിയ്ക്കപ്പെട്ട,
കല്ലിനെപ്പോലും നോവിയ്ക്കുന്ന കവിതയായ
ചുളുങ്ങി, ക്ഷീണിച്ച മുഖമുള്ള
അദ്ദേഹം പോലും.

നെരൂദാ, നിങ്ങളെ
നഗരത്തിലെ ഏററവും വലിയ ഗ്രന്ഥ ശേഖരത്തിൽ
തടവിലാക്കിയിരിക്കുന്നു.

ഞാൻ
വേദനകൊണ്ടു് പുളഞ്ഞു്
ഇവിടെ, ഈ കാൻസർ വാർഡിന്റെ
മുപ്പത്തിരണ്ടാമത്തെക്കിടക്കയിൽ.
ഇവിടന്നു് മരണം എത്ര അകലെയാണു്?

തമിഴ് കവിത

## സമാധാനം

**തിരു. മു. മേത്ത**

**വി**യററ്നാം തരംഗ ദൈർഘ്യത്തിൽ
പ്രക്ഷേപണം ചെയ്ത
ദുഃഖത്തിന്റെ ഗീതങ്ങളാണ്
നിങ്ങളിതുവരെ കേട്ടത്.

എല്ലാ തരംഗങ്ങളിലും
ഞങ്ങൾ അതേ ശോക ഗാനങ്ങൾ
പ്രക്ഷേപണം ചെയ്യുന്നതുവരെ
വിട—
എല്ലാ ശ്രോതാക്കൾക്കും.

തമിഴ് കവിത

## കല്പനകൾ

**നകുലൻ**

**മ**യിലിന്റെ കണ്ണുകൾ
അമ്മയുടെ മുലപ്പാൽ
ഗ്രീഷ്മത്തിന്റെ ഗാഭീര്യം.
ഹേമന്തത്തിന്റെ തണുത്ത്, കറുത്ത്
ഉറഞ്ഞ ദിനങ്ങൾ.
താഴോട്ടു പോകലെന്ന അവസാനിക്കാത്ത
പ്രക്രിയ.
ദേവതയുടെ രൗദ്രഭംഗി,
സർവ്വം സഹയായ ഭൂമിയും.

ഇംഗ്ലീഷ് കവിത

## അവൾ

**അരുൺ കൊലാട്കർ**

**അ**യാളുടെ ഭാര്യ ഒരു രാജ്ഞിയെപ്പോലെ
തിരകളെ തിരിച്ചയച്ചിരിയ്ക്കുന്നു
എണ്ണയിട്ട അഭ്യാസികളുടെ ഒരു നിര

അവളുടെ അടഞ്ഞ കണ്ണുകൾ
ഇരുണ്ട വൃത്തങ്ങളിൽക്കൂടി നീങ്ങുകയാണ്
ഇച്ഛകൾക്കു വിപരീതമായി

ഒരു പുരാവസ്തു ശാസ്ത്രജ്ഞന്റെ വിരലുകൾപോലെ
കാററ് അവളുടെ കല്ലുപോലുള്ള
മുഖത്തുകൂടി അരിച്ചു നീങ്ങുന്നു
ഒരു പഴകിയ ശാസനയാലെന്നവണ്ണം
അതിന്മേൽ കീറിമുറിച്ച ഒരു പുഞ്ചിരി

ചങ്ങലയ്ക്കിട്ട അവളുടെ ഭർത്താവു്
അവളുടെ മുമ്പിലേയ്ക്ക് അതോടെ
ആനയിയ്ക്കപ്പെടുന്നു
അയാളിൽ നിന്നും
ഇഴഞ്ഞുനീങ്ങുന്ന തുടലുകളുടെ കിലുക്കം

അദ്ദേഹത്തെ നിങ്ങൾ ചെന്നായ്ക്കൾക്കെറിഞ്ഞോളൂ
അയാളുടെ വലത്തേ നാസാദ്വാരത്തിലെ
രോമത്തിലൊന്നിൽ ഉറപ്പിച്ചു നോക്കിക്കൊണ്ട്
അവൾ പറയുന്നു

# മന്ത്രിയുണ്ടായ കഥ

**ബി. മോഹൻദാസ്**

**അ**യാഠം തപസ്സിനു പോയതിനു കാരണം അതുതന്നെ ആയിരുന്നു.

കുട്ടിക്കാലത്തു് അമ്മ പറഞ്ഞു കൊടുത്ത കഥകഠം കേട്ടാണ് അയാഠം വളർന്നതു്. വലുതായപ്പോഠം ലോകദുഃഖങ്ങഠം കാണാനുള്ള കരുത്തില്ലാതെ പോയി.

''ഇന്ത്യയുടെ വർത്തമാനകാല പ്രശ്നങ്ങഠം'' എന്ന തൻെറ പുസ്തകത്തിനു് സാഹിത്യ അക്കാദമി അവാർഡ് കിട്ടിയെന്നതൊഴിച്ചാൽ തൻെറ പ്രവർത്തനങ്ങഠംക്കൊണ്ടു് ലോകത്തിൻെറ വാലിൻെറ വളവു് വളരെയൊന്നും നിവർത്താനായില്ല......

എങ്കിലും മെലിഞ്ഞുനീണ്ട അയാഠം ബസ്സിൽ ചുരുണ്ടുമടങ്ങി നിന്നു് മോചനത്തെ കുറിച്ചാലോചിക്കുമ്പോഠം ആരും അയാഠംക്കു് ഇരിക്കാൻ സീററ് കൊടുക്കുകയോ കണ്ടതായി ഭാവിക്കുകയോ ചെയ്തില്ല.

താൻ കുട്ടിക്കാലം മുതൽക്കു് സ്വപ്നങ്ങഠം കണ്ടിരുന്ന ഗ്രാമത്തിൻെറ വടക്കു് ഭാഗത്തുള്ള നിത്യഹരിതവനങ്ങഠം വെട്ടിത്തെളിച്ചു് അവിടെ ഫാക്ടറിയുണ്ടാക്കാൻ തുടങ്ങിയെന്ന വാർത്തയാണു് അദ്ദേഹത്തെ പെട്ടെന്നു് തളർത്തിയതു്.

ഭാര്യയേയും പോഷകാഹാര കുറവുമൂലം മരിസ്സാറായ കൊച്ചുമകനേയും വിട്ടു് ഒരു രാത്രി അയാഠം അപ്രത്യക്ഷനായി.

ഗ്രാമത്തിൻെറ വടക്കുഭാഗത്തു് അവശേഷിച്ച മരച്ചുവട്ടിൽ അയാഠംക്കു് ചുററും മൺപുററു് പൊന്തി.

വർഷങ്ങഠംക്കു് ശേഷം അതു് പൊടിയടർന്നു വീണപ്പോഠം പ്രഭാപരിവേഷത്താൽ നിൽക്കുന്ന ഏതോ ശക്തിയേയാണു് അയാഠംക്കു് കാണുവാൻ കഴിഞ്ഞതു്.

''ഇതെടുക്കു''

ആ രൂപം അപ്രത്യക്ഷമായി. അയാളുടെ സമീപത്തു് ഒരു കാറും അതിനുള്ളിൽ തെരഞ്ഞെടുപ്പു് സ്ഥാനാർത്ഥിത്വത്തിനുള്ള അപേക്ഷാ ഫോറവും ഒരു പ്രകടന പത്രികയും കിടപ്പുണ്ടായിരുന്നു.

അപ്പോഴാണു് അയാഠം തനിക്കു വന്ന മാററം ശ്രദ്ധിച്ചതു്. വലിയൊരു കുടവയർ.

അതിനു മുകളിലൊരു ഖദർ ജുബ്ബയും.

പിന്നെ അയാഠം താമസിച്ചില്ല.

കാറിൽ കയറി തൻെറ നിയോജക മണ്ഡലത്തിലേക്കു് വളരെ വേഗത്തിൽ ഓടിച്ചുപോയി.

▭

## രണ്ടു കഥകൾ

**ലിംസൺ തോമസ്, ഇരിങ്ങാലക്കുട.**

# ഔദാര്യവാനായ രാജാവു്

**രാ**ജാവരുളിച്ചെയ്തു; നിങ്ങഠം ഭാഗ്യവാന്മാരാണ്. ജനങ്ങഠം തിരുവായ്ക്കെതിർവായില്ലാതെ കുനിഞ്ഞു് വണങ്ങി പ്രതിവചിച്ചു, ഞങ്ങഠം ഭാഗ്യവാന്മാരാണേ.......രാജാവു് തുടർന്നു: നിങ്ങഠം വിവാഹിതരല്ലെ? ആണെ. നിങ്ങഠംക്കു പെൺമക്കളില്ലേ? ഉവ്വേ.

അവർക്കു് പ്രസവിക്കേണ്ടേ?

—ഭർത്താക്കന്മാരുടെ തളർന്ന ഹൃദയങ്ങഠം ഭാര്യമാരെ നോക്കി.

—മാതാപിതാക്കളുടെ ഉടഞ്ഞ സ്വപ്നങ്ങഠം മക്കളെ നോക്കി.

വേണ്ടേ? രാജാവു് സ്വരമുയർത്തി. വേ......ണ്ടേണേ...... രാജാവു് ജനങ്ങളുടെ തലച്ചോറിൽ മെതിച്ചു് വാക്കുകഠം പുറത്തേയ്ക്കെടുപ്പിച്ചു. എന്നിട്ടു് തുടർന്നു; അവരെ അന്തഃപുരത്തിലേയ്ക്കയയ്ക്കു. നിങ്ങഠംക്കുവേണ്ടി. നിങ്ങളുടെ വീട്ടുമുററങ്ങളിൽ ഇളം കാലുകഠം നൃത്തം ചവിട്ടുവാൻ വേണ്ടി,

○

# അലക്കുകാരനും കഴുതയും

**ഒ**രിടത്തൊരിടത്തൊരു അലക്കുകാരനുണ്ടായിരുന്നു. അയാളുടെ വിഴുപ്പുവസ്ത്രങ്ങഠം ചുമക്കുവാൻ ഒരു കഴുതയെ ജനിപ്പിച്ചപോൽ. താങ്ങാനാവാത്ത ഭാരം പുറത്തേററി, കിതച്ചു കിതച്ചു്, വായിൽ പതചാടിച്ചു്, ദാഹവിവശനായി കഴുത നടന്നു. ക്ഷീണം കണ്ട അലക്കുകാരൻ കഴുതയെപ്പഠിപ്പിച്ചു. ഈ ഭാണ്ഡത്തിന്നുള്ളിലെ വിഴുപ്പുവസ്ത്രങ്ങഠം ഏതെല്ലാം? അഞ്ചുമാർക്കിൻെറ ചോദ്യം.

അവശനായ കഴുത, വായും തുറന്നു് മിഴിച്ചുനിന്നു. തല്ലി തല്ലി സഹികെട്ട അലക്കുകാരൻ വീണ്ടും വീണ്ടും ഓർമ്മപ്പിച്ചു.

നമ്പർ (1) ഹിററ്ലറുടെ വാളറ.
,, (2) ക്ലിയോപാട്രയുടെ അടിവസ്ത്രങ്ങഠം
,, (3) മഹാത്മാഗാന്ധിയുടെ താറു്
,, (4) ഐൻസ്റ്റിൻെറ തലപ്പാവു്

അലക്കുകാരൻെറ വായിൽനിന്നും തെറിക്കുന്ന തുള്ളികഠം അത്താക്കുമ്പോഠം, അയാഠം ചോദ്യവും ഉത്തരങ്ങളും ആവർത്തിക്കുകയായിരുന്നു. നമ്പർ (5)......

പിന്നെ, നട്ടെല്ലൊടിഞ്ഞപ്പോഠം, കാലുകഠം തളർന്നപ്പോഠം, കണ്ണുകഠം മിഴിച്ചപ്പോഠം, അപ്പോഠം, അപ്പോഠം..., ഒന്നുമില്ല. കഴുത ചത്തു! എന്നാൽ ഇന്നും മുഷിഞ്ഞ ഭാണ്ഡക്കെട്ടും മുതുകിൽ ചുമത്തി കഴുതക്കാരൻ പഠിപ്പിക്കുന്നു. പക്ഷെ ആ ഒരിടത്തൊരിടം ഇവിടമാണ്. കഴുതകളെല്ലാം......

▭

ക്രൈസ്ററ് കോളേ

# എന്റെ പക്ഷിയുടെ കുഞ്ഞ്

കെ. എ. ഫ്രാൻസി

### പ്രഭാതം

കറുകപ്പുല്ലിൽ തങ്ങിനിന്ന മഴത്തുള്ളികളെ
തട്ടിത്തെറുപ്പിച്ച് കുട്ടിനടന്നു.
നിറഞ്ഞ തോട്ടിൻ വരമ്പിലൂടെ
മത്തങ്ങപ്പുല്ലിൽ തുള്ളിനടക്കുന്ന പുൽച്ചാടികളെ ശ്രദ്ധിച്ച്,
തെളിവെള്ളത്തിൽ ചൂട്ടൻ മീനിനെ നോക്കി,
കുട്ടി ഒരു നിമിഷം നിന്നു.
അമ്മയുടെ ഒപ്പമെത്താൻ പിന്നെ—
കുട്ടി ഓടി.

### മദ്ധ്യാഹ്നം

മീനമാസം തുറിച്ചുനോക്കുന്ന മണ്ണിലൂടെ
ചെറുപ്പക്കാരൻ നടന്നു.
വെള്ളം വററിയ തോട്ടിൽ അവസാനത്തെ
മത്സ്യത്തിന്റെ ശവത്തിനുവേണ്ടി, ഒരു കാക്ക—
വെയിലേററു കരിഞ്ഞ പെൺകുട്ടിയെ
അയാളെയോർമ്മിപ്പിച്ചു:
''വേഗം, അവസാന വണ്ടിയ്ക്കു സമയമായി''—
കർപ്പൂരവിളക്ക് ഊതിക്കെടുത്തി പൂജാരി,
നടയടച്ച് ഉറക്കമായിരുന്നു.

### സന്ധ്യ

അരയാലിലകളിൽ രാത്രിയുടെ പാട്ട്.
ഇരുട്ടിന്റെ ആളൊഴിഞ്ഞ തീരത്ത് അയാളൊററയ്ക്ക്.
കപ്പലുകൾ പാഞ്ഞുവരുന്നു.
കപ്പലിനെയും രാത്രിയെയും വിഴുങ്ങുന്ന,
പിന്നെയും അലറുന്ന കുതിര.
കടൽക്കരയിൽ നിറയെ ശവങ്ങളായിരുന്നു.
മണ്ണിൽ നിറയെ നക്ഷത്രങ്ങൾ, കറുത്ത ആകാശം.
കണിയാരു് വാരിയെറിയുന്ന കവടി—
ഒന്ന് ശുക്രൻ, ചൊവ്വ, കണ്ടകശ്ശനി.
പെട്ടെന്നോർത്തു;
അയാളമ്മയോടെന്നാണ് രഹസ്യം പറഞ്ഞത് ?
പിന്നീടെത്ര പിറന്നാളുകൾ കഴിഞ്ഞു?
പഴയപുസ്തകങ്ങൾക്കിടയിൽ
പണ്ട്, വളപ്പൊട്ടുകളും, സ്ലേററുപെൻസിലും സൂക്ഷിച്ചിരുന്ന,
ഒരൊഴിഞ്ഞ ജ്യോമട്രിപ്പെട്ടിയുണ്ട്.
അയാൾ വീട്ടിലേക്ക് വഴി തിരഞ്ഞു നടന്നു.

### രാത്രി

രാത്രിയെ കുട്ടിയ്ക്കു ഭയമായിരുന്നു.
മുത്തശ്ശിയുടെ ശുഷ്കിച്ച മുലകൾക്കിടയിൽ
മുഖം പൂഴ്ത്തിക്കിടന്ന് കുട്ടി യക്ഷിയെ സ്വപ്നം കണ്ടു.
ചേച്ചിയുടെ ശരീരത്തിൽ പററിപ്പിടിച്ച് കിടന്ന്
രാജകുമാരിയെ കണ്ടു.
മുത്തശ്ശിയുടെ കഥ തീർന്നപ്പോൾ,
കുമാരി രാജകുമാരനൊത്ത് മാന്ത്രിക കൊട്ടാരത്തിലേയ്ക്ക് പറന്നപ്പോൾ
അയാൾ രാത്രിയെ കാത്തിരുന്നു.
ഇരുട്ടിന്റെ സർപ്പക്കാവിലും, പാലച്ചുവട്ടിലും
ആർത്തിയോടെ നോക്കി.
പിന്നെ രാത്രി വന്നു. പിന്നെ രാത്രി വന്നു. പിന്നെ രാത്രി വന്നു

ചെറുകഥ

# വെളിപാടു്

**ബാലസുബ്രഹ്മണ്യൻ**

…**ഒ**ഴുക്കു്, ശക്തിയായ ഒഴുക്കു്. ഒഴുക്കിൽ പൊങ്ങുതടിപോലെ കയങ്ങളും ചുഴികളും താണ്ടി ഒഴുകുന്നു. കിഴുക്കാം തൂക്കായ പാറകളിലെവിടെയോ ഉടക്കുന്നു.

ഞെട്ടിയുണർന്നു. കിടക്കയിൽ എഴുന്നേററിരുന്നു് കിതച്ചു. കണ്ണുകളിൽ പേക്കിനാവിൻെറ ഇഴകഠം. സ്വപ്നത്തിൻെറ പിടിയിൽനിന്നും പൂർണ്ണമായി വേർപെട്ടിരുന്നില്ല. എപ്പോഴാണാവോ വന്നു് കിടന്നതു്. പതിവ് പോലെ അമ്പലനടയിലെ ആൽത്തറയിൽനിന്നു് ആരെങ്കിലും വിളിച്ചു് കൊണ്ടു് വന്നിട്ടുണ്ടാകും. ഒന്നും ഓർക്കുന്നില്ല. വാതിൽ തുറന്നപ്പോഠം ചെറിയമ്മയുടെ കൺകളിൽ കണ്ട നിസ്സംഗതയൊഴിച്ചു്.

അകലെ എവിടെ നിന്നോ ഉയന്നു് വന്ന കാലൻകോഴിയുടെ കരച്ചിൽ. മരണത്തെ തുകിലുണത്തുന്ന കാലൻകോഴി. തെക്കിണിയിൽ കത്തിച്ചുവെച്ച നിലവിളക്കിൻ കീഴിൽ വെളുത്ത തുണിയിൽ നീണ്ടു് നിവർന്നു കിടക്കുന്ന മുത്തശ്ശി. കാൽകീഴിൽ നാഴികമണിയുടെ നിസ്സംഗതയുമായി ചെറിയമ്മ.

ദർഭപ്പുല്ലിൻെറ മോതിരമണിഞ്ഞു് കയ്യടിച്ചു് ബലികാക്കകളെ വിളിക്കുമ്പോഠം തൻെറ കൺപോളകഠം നനഞ്ഞുവോ? ബാല്യത്തിനു് സുരക്ഷിതത്വമേകി കണ്ണാടി മാളികയിലേയ്ക്കു് ഏഴു് കുതിരകളെ പൂട്ടിയ രഥത്തിൽ തന്നെക്കൂട്ടിക്കൊണ്ടുപോയ മുത്തശ്ശി.

“ഇനി നീ ഒററയ്ക്കാവുമെന്നറിയാം. നിനക്കു് വേണമെങ്കിൽ കോളേജ് ഹോസ്റ്റലിലേക്കു് മാറാം.” ദൂരെ നിന്നുള്ള ഡാഡിയുടേയും മമ്മിയുടേയും കത്തു്. മിനുസമുള്ള കടലാസ്സിൽ മരിച്ചു് കിടക്കുന്ന അക്ഷരങ്ങഠം. മറുപടിയായി ഒന്നും എഴുതിയില്ല.

കോളേജിൽ പോകുന്നതു് തന്നെ മടുത്തു് തുടങ്ങിയിരിക്കുന്നു. തണുത്തു് മരവിച്ച ക്ലാസ്സുകഠം. കോളേജ് ലൈബ്രറിയിൽ മുഴുവൻ തേർഡ് ടേമിൻെറ നിശ്വാസങ്ങഠം. പാണ്ഡേയുടെ ടെക്സ്റ്റിനെ പററിയും ഫിസിക്കൽ കെമിസ്ട്രിയിലെ പ്രോബ്ലങ്ങളെ കുറിച്ചുമുള്ള ചർച്ചകഠം. എല്ലാം മനം മടുപ്പിക്കുന്നു. സഹപാഠികഠക്കു മുന്നിൽ കൺകളിൽ നിസ്സംഗതയുമായി ഇരുന്നു് കൊടുത്തു. അവരുടെ ചോദ്യങ്ങഠക്കു് മുന്നിൽ വെറുതെ ചിരിച്ചു.

ഒരു ദിവസം പ്രസാദചന്ദ്രൻ ചോദിച്ചു. ‘തനിക്കു് കുറച്ചു് ജോലിയായി കൂടെ. എന്താ തൻെറ പ്രോബ്ലം? എനിക്കറിഞ്ഞുകൂടാ പ്രസാദ് എന്താണെൻെറ പ്രോബ്ലമെന്നു്. ആവശ്യത്തിലധികം പണം. വല്ലപ്പോഴുമെത്തുന്ന അധിക വാത്സല്യം. എന്നിട്ടും.

മുടിയഴിച്ചിട്ടൊഴുകുന്ന തണുത്ത കാററു്. അതു് ഓമ്മകളെ ആവാഹിച്ചും കൊണ്ടെത്തുന്നു. കാററിൽ ആടിയു… യുന്ന അശോകം. രക്തത്തുള്ളികളെ പോ… ലെ ഇററിററു് വീഴുന്ന പൂക്കഠം. മ… ത്തിൻെറ വേരററു് തുടങ്ങിയിരിക്കുന്… എപ്പോഴാണാവോ അതു് വീഴുക? മ… ത്തശ്ശി അതിനെ വളരെയധികം ശുശ്രൂ… ഷിച്ചിരുന്നു. ചെറിയമ്മ ചോദിക്കാ… ണ്ടു് ‘‘എന്തിനാ ഈ ആവശ്യല്ലാത്ത … രൊക്കെ മുററത്തു്’’. മുത്തശ്ശിക്കൈ… ന്നറിയില്ല, അതിനെ വളരെ ഇഷ്ടമ… യിരുന്നു.

ബാല്യത്തിൻെറ നനുത്ത തീരത്തു… ഈ കൊമ്പുകളിൽ ഊഞ്ഞാലാടിക്കളി… ക്കാൻ മോഹിച്ചിരുന്നു. ‘‘കുട്ട്യേ വെ… തെ കാലും, കയ്യും ഒടിയ്ക്കുണ്ട’’. എവിടെ… നിന്നോ ഉയർന്നു് വരുന്ന ശകാരങ്ങ… അന്നു് മുത്തശ്ശിയായിരുന്നു എല്ലാററിന… കളിക്കൂട്ടു്. വർഷത്തിലൊരിക്കൽ നി… യെ കളിക്കോപ്പുകളും സാധനങ്ങളുമായ… മോനെ കാണാനെത്തുന്ന അപരിചിതര… ഡാഡിയും മമ്മിയും.

പിന്നെ വന്നപോലെ, കുറെ പാ… കഴിച്ചു് ഫ്രണ്ട്സിനെ കണ്ടു് തിരിച്ച… പോകുന്നു.

‘‘അവഠക്കും അവനും നാടും കൂ… ഒന്നും വേണന്നില്ല. പോട്ടെ. മോനേ… കൂടി. എന്തിനാ ഇങ്ങനെ അന്യരാ… ത്തു് കിടന്നു് കഷ്ടപ്പെടണു്’’. മുത്തശ്ശ… അടുത്ത വീട്ടിലെ പെണ്ണുങ്ങളോടു് വി… രിക്കുന്നു. വായിൽ നിറയെ മുറുക്കാ… മായി വടക്കേ തിണ്ണയിലിരുന്നു് വ… മാനം പറയുന്ന മുത്തശ്ശിയുടെ രൂപ… നേർത്തുനേർത്തു നേത്തില്ലാതാകുന്നു.

കാററടിച്ചു് വരണ്ട അന്തരീക്ഷ… ത്തിൻെറ ഘനം കൂടിക്കൂടി വരുന്നു. ന… രകളിലെവിടേയോ പായുന്ന ദാഹ… മെല്ലെ എഴുന്നേററു് മേശവലിപ്പു് തുറന്… കാണെക്കാണെ അന്തരീക്ഷത്തിൻെ… സാന്ദ്രത കുറഞ്ഞുവന്നു. ഘനം കുറഞ… അന്തരീക്ഷത്തിൽ തൂവലിൻെറ ലാഘ… ത്തോടെ ഒഴുകി, ഒഴുകി നടന്നു.

ക്രൈസ്ററ് കോളേ…

# മനോഹരമായ വെള്ളക്കുതിരയുടെ വേനൽ

## വില്യം സരോയൻ

**ലോ**കം വിവിധതരം അത്ഭുതങ്ങളാൽ നിറഞ്ഞതും ജീവിതം സുന്ദരമായ ഒരു കിനാവായിരുന്നതും, എന്നാൽ ഇന്നു് മാഞ്ഞുപോയതും ആയ ആ പഴയ നല്ല കാലങ്ങളിൽ, ഒരു ദിവസം സുപ്രഭാതത്തിൽ ഞാനൊഴിച്ച് മററെല്ലാവരും ചൂടനെന്നു് വിളിച്ചിരുന്ന എന്റെ മച്ചുനൻ മൊറാഡ് വീട്ടിൽ വന്നു് എന്നെ വിളിച്ചുണർത്തി. ഒരു നാലുമണിയായിട്ടുണ്ടാകണം അപ്പോൾ.

'ആരം' എന്റെ മുറിയുടെ ജനാലയ്ക്കു പുറത്തുനിന്നു് അവൻ വിളിച്ചു. ഞാൻ കിടക്കയിൽനിന്നും പുറത്തുചാടി ജനാലയ്ക്കു വെളിയിലേയ്ക്കുനോക്കി. എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിയുമായിരുന്നില്ല. മൊറാഡ് മനോഹരമായ ഒരു തുവെള്ളക്കുതിരയുടെ പുറത്തിരിയ്ക്കുകയായിരുന്നു!

നേരം പുലർന്നിരുന്നില്ല. വേനൽക്കാലമായതുകൊണ്ടും പ്രഭാതത്തിന്റെ പൊട്ടിവിടരൽ അധികമൊന്നും അകലത്തല്ലാതിരുന്നതിനാലും കിനാവു കാണുകയല്ല എന്നറിയാൻ മാത്രമുള്ള വെളിച്ചം പക്ഷേ അപ്പോഴുമുണ്ടായിരുന്നു.

ഞാൻ തല വെളിയിലേയ്ക്കിട്ടു.

'അതെ, നീ കാണുന്നതു് ഒരു കുതിരയെത്തന്നെയാണു്'. അവൻ തന്റെ ആർമീനിയൻ ചുവയോടെ പറഞ്ഞു. 'സവാരി ചെയ്യണമെങ്കിൽ പെട്ടെന്നു് എഴുന്നേററുവാ'

> വില്യം സരോയൻ, 'മനോഹരമായ വെള്ളക്കുതിരയുടെ വേനൽ' എന്ന കഥയിൽ, കഴിഞ്ഞ കാലത്തെ സുന്ദരമായ ചില ഓർമ്മകൾ, കാലിഫോർണിയായിലെ ഫ്രെസ്നോ എന്ന ലോകത്തിലേയ്ക്കും, ആയിരത്തി തൊള്ളായിരത്തി പതിനഞ്ച് മുതൽ ഇരുപത്തഞ്ച് വരെ (സരോയനു് അന്നു് ഏഴ് വയസ്സുണ്ടു്. സ്വന്തം താഴ്‌വാരം ഉപേക്ഷിച്ച്, ലോകത്തിലെ വേറെ ചില സ്ഥലങ്ങളിൽ, ഒരു പ്രത്യേക മനുഷ്യനായി ജീവിക്കാൻ തുടങ്ങുകയായിരുന്നു അദ്ദേഹം അന്നു്.) യുള്ള കാലഘട്ടത്തിലേയ്ക്കും, ഗ്ലാരോഗ്ലാനിയൻ കുടുംബത്തിലെ, അദ്ദേഹത്തോടൊപ്പം വിഹരിക്കാൻ ഇഷ്ടപ്പെട്ടിരുന്ന ചിലരിലേയ്ക്കും മടക്കിക്കൊണ്ടുവരുന്നു. അതായതു് വായനക്കാരനെ ചിരിപ്പിയ്ക്കുന്ന വലിയ അത്ഭുതങ്ങൾ ഉൾപ്പെടുന്ന അത്ര സുന്ദരമൊന്നുമല്ലാത്ത ചെറിയ നഗരത്തിലേയ്ക്കും, മനുഷ്യഗണത്തിന്റെയാകെത്തന്നെ ഒരു 'മിനി' പതിപ്പായ അഭിമാനികളും ശുണ്ഠിക്കാരുമായ സരോയൻ മാരിലേയ്ക്കും. □

താൻ ജീവിച്ചിരിക്കുന്നു എന്നറിയുന്നതിൽ, ഈ ലോകത്തു് നിനച്ചിരിക്കാതെ പിറന്നു വീണ എല്ലാവരേക്കാളും കൂടുതലായി സന്തോഷിക്കുന്ന തരക്കാരനാണു് അവനെന്നു് എനിക്കു പണ്ടേ അറിയാമായിരുന്നു. എങ്കിൽക്കൂടി, ഇങ്ങനെയൊന്നു് അവനിൽ നിന്നു് തീരെ പ്രതീക്ഷിച്ചിരുന്നില്ല. അതിനാൽ അത്തരം പ്രവൃത്തിയെ വിശ്വസിക്കാനും സാധ്യമായിരുന്നില്ല.

ഒന്നാമതായി, എന്റെ ഏററവും മുമ്പത്തെ സ്വപ്നങ്ങൾ കുതിരകളെക്കുറിച്ചുള്ളു് സ്വപ്നങ്ങളായിരുന്നു. ആദ്യത്തെ മോഹങ്ങൾ കുതിരപ്പുറത്തു് സവാരി ചെയ്യാനുള്ള മോഹങ്ങളും. ഇതാണു് അത്ഭുതകരമായ ഭാഗം. രണ്ടാമതായി, ഞങ്ങൾ പാവങ്ങളായിരുന്നു. അതായിരുന്നു ഞാൻ കണ്ടതിനെ വിശ്വസിക്കാൻ സമ്മതിക്കാതിരുന്ന ഭാഗം.

ഞങ്ങൾ പാവങ്ങളായിരുന്നു. ഞങ്ങൾക്കു് കാശുണ്ടായിരുന്നില്ല. ഗ്ലാരോഗ്ലാനിയൻ കുടുംബം ആകെത്തന്നെ പാവങ്ങളായിരുന്നു. ഞങ്ങൾക്കു് ഭക്ഷണത്തിനുള്ള വക കിട്ടിയിരുന്നതു് എവിടെ നിന്നാണെന്നു് ആർക്കും മനസ്സിലാകുമായിരുന്നില്ല; കുടുംബത്തിലെ പ്രായം ചെന്നവർക്കുപോലും. എല്ലാററിലും പ്രധാനം പക്ഷെ, ഇത്രയൊക്കെയായിട്ടും മോഷ്ടിക്കാതിരിക്കുന്നതിൽ ഞങ്ങൾ പേരെടുത്തവരായിരുന്നു എന്നതാണു്. ഞങ്ങൾ ലോകത്തിലെ തന്നെ പണക്കാരെന്നു് ആലോചിക്കാൻ ഇഷ്ടപ്പെട്ടിരുന്ന കുടുംബക്കാർ (അതേതാണ്ടു് പത്തു നൂററാണ്ടുകളെങ്കിലും പിൻപ് ആയിരുന്നിരിക്കണം) ആയിരുന്നപ്പോൾപോലും ഇക്കാര്യത്തിൽ പേരെടുത്തിരുന്നു. അഭിമാനമുള്ളവരായിരുന്നു ഞങ്ങൾ. തെററിലും ശരിയിലും വിശ്വസിച്ചിരുന്ന നല്ലവർ. അങ്ങനെയുള്ളവർ എങ്ങനെയാ മോഷ്ടിക്കാൻ ഇഷ്ടപ്പെടുക?

അതിനാലാണു്, കുതിരയെ കാണാനും കേൾക്കാനും കഴിയുമായിരുന്നിട്ടും അതിനെ എന്റെ മച്ചുനൻ മൊറാഡുമായോ, ഞാനുമായോ, എന്റെ കുടുംബത്തിലെ ഉണർന്നവരും ഉറങ്ങുന്നവരുമായ മററാരെങ്കിലുമായോ ബന്ധപ്പെടുത്തിക്കാണാൻ എനിക്കു് കഴിയാഞ്ഞതു്. മൊറാഡിനു് അതു വാങ്ങാനുള്ള കാശുണ്ടാവില്ലെന്നു് എനിക്കു് നന്നായറിയാമായിരുന്നു. കാശുണ്ടാവാതെ, മോഷ്ടിക്കാതെ (ആ സാദ്ധ്യത ഗ്ലാരോഗ്ലാനിയൻകാരനായ എനിയ്ക്കു് ചിന്തിക്കാനേ സാധിക്കുമായിരുന്നില്ല) ആ കുതിര എങ്ങനെയവിടെ വരും?

ഞാൻ ആദ്യം മച്ചുനനേയും, പിന്നെ കുതിരയേയും തറപ്പിച്ചുനോക്കി.

'മൊറാഡ്,' പെട്ടെന്നു് ഞാൻ ചോദിച്ചു, 'നിനക്കു് എവിടെ നിന്നാണിതിനെ കിട്ടിയതു്?

'സവാരി ചെയ്യണമെങ്കിൽ', അവൻ പറഞ്ഞു,' ജനാലയ്ക്കു് പുറത്തു് ചാടു്'.

അപ്പോൾ അതു് സത്യം തന്നെ. അവൻ കുതിരയെ അതിൻെറ ഉടമസ്ഥനിൽ നിന്നു് എടുത്തതാവും. എൻെറ ഇഷ്ടംപോലെ, അതിനെ ഓടിക്കാൻ വേണമോ വേണ്ടയോ എന്നറിയാൻ വന്നതായിരുന്നു അവൻ.

പിന്നെപ്പിന്നെ എനിക്കു തോന്നി ഒരു കുതിരയെ ഒരു സവാരിയ്ക്കുവേണ്ടി മോഷ്ടിക്കുന്നതും മററെന്തെങ്കിലും മോഷ്ടിക്കുന്നതും (ഉദാഹരണത്തിനു് പണം) ഒരേ പോലെയല്ല. ആകെ എനിക്കു് തോന്നിയതു് അവൻ ചെയ്തതു് മോഷണമേ അല്ല എന്നാണു്. എൻേറയും മൊറാഡിൻേറയും കുതിരഭ്രാന്തും, സവാരി സ്വപ്നങ്ങളും അറിഞ്ഞിരുന്നെങ്കിൽ നിങ്ങൾ പോലും അതു മോഷണമേ അല്ല എന്നു പറയും. കുതിരയെ വേറൊരാൾക്കു് വിൽക്കാതിരിക്കുന്നതുവരെ അതു മോഷണം ആവില്ല; ആർക്കെങ്കിലും വില്ക്കുക എന്നതു് ഒരിക്കലും ഉണ്ടാവില്ലെന്നു് എനിക്കു് നന്നായറിയുകയും ചെയ്യുമായിരുന്നു.

പിന്നെ തീരുമാനിക്കാൻ ഒന്നുമുണ്ടായിരുന്നില്ല. വസ്ത്രങ്ങൾ തിരുകിക്കയററി, ആദ്യം ജനാലയിലൂടെ താഴോട്ടു ചാടുകയും പിന്നെ മൊറാഡിനു പിന്നിലായി കുതിരപ്പുറത്തു് ഇരിപ്പുറപ്പിയ്ക്കുകയും ചെയ്തു.

ആ വർഷം ടൗണിൻെറ അതിർത്തിയിലാണു് ഞങ്ങൾ താമസിച്ചിരുന്നതു്. വീടിൻെറ പിൻഭാഗത്തു് ഗ്രാമമായിരുന്നു. മൂന്നുമിനിട്ടാകയില്ല, അതിനു മുൻപുതന്നെ ഞങ്ങൾ നഗരത്തിനു വെളിയിലായി. കുതിര ഓടുവാൻ തുടങ്ങി. ചുററും തങ്ങിനില്ക്കുന്ന വായു പുതിയതും ഉജ്ജ്വലവുമായി അനുഭവപ്പെട്ടു. ഓടുന്ന കുതിരയുടെ പുറത്തിരിയ്ക്കുന്ന അനുഭവം അത്ഭുതാവഹമായിരുന്നു. അപ്പോഴേയ്ക്കും, ഞങ്ങളുടെ കുടുംബത്തിലെ ചൂടൻ, മുൻപിലിരിയ്ക്കുന്ന മച്ചുനൻ മൊറാഡ് പാടുവാൻ തുടങ്ങി. ക്ഷമിക്കണം, ഞാനുദ്ദേശിക്കുന്നതു് അവൻ അലറിത്തുടങ്ങി എന്നുതന്നെയാണു്.

എല്ലാ കുടുംബത്തിലും എവിടെയെങ്കിലും, കുറച്ചു ഭ്രാന്തുള്ള ഓരോ കുട്ടിയെങ്കിലും ഉണ്ടാവും. ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഞങ്ങളുടെ ഗ്ലാരോഗ്ലാനിയൻ കുടുംബത്തിലെ അത്തരക്കാരനായിരുന്നു മൊറാഡ്. മൊറാഡിനു മുന്നെ, ആ സ്ഥാനം ഞങ്ങളുടെ അമ്മാവൻ ഖോസ്റോവിനുള്ളതായിരുന്നു. 'അതു് അത്രയ്ക്കേയുള്ളു' എന്നു പറഞ്ഞു് എല്ലാവരുടേയും സംസാരം തടഞ്ഞിരുന്ന, തലയിൽ വളരെ കറുത്ത മുടിയോടുകൂടിയ, ആകാരത്തിൽ വളരെ വലുതായിരുന്ന ഒരു മനുഷ്യൻ. ആരു് എന്തു പറഞ്ഞാലും ഖോസ്റോവമ്മാവനു് 'അതു് അത്രയ്ക്കു'യുണ്ടായിരുന്നുള്ളു. ഒരിക്കൽ സ്റ്റോർ മുറിയിലേയ്ക്കോടിവന്നു് വീടു് തീപിടിച്ചിരിയ്ക്കുന്നു എന്നു് പറഞ്ഞതു് അദ്ദേഹത്തിൻെറ മകൻ ആരക്കു് ആയിരുന്നു. 'അതു് അത്രയ്ക്കേയുള്ളു', ഖോസ്റോവമ്മാവൻ അലറി.

എൻെറ മച്ചുനൻ മൊറാഡിനു് ഏററവും കൂടുതൽ അടുപ്പവും ഈ മനുഷ്യനോടായിരുന്നു; മൊറാഡിൻെറ അച്ഛൻ വിവേകിയും മൃദുപ്രകൃതിയുമായിരുന്ന സൊറാബ് ആയിരുന്നുവെങ്കിൽപ്പോലും. ഞങ്ങളുടെ കുടുംബത്തിൽ അതു് അങ്ങനെയായിരുന്നു. ഒരു മനുഷ്യൻ തൻെറ മകൻെറ ദേഹത്തിൻെറ അച്ഛനാകാം എന്നാൽ അവൻെറ മനസ്സിൻേറയും അച്ഛനാകണമെന്നു് വേണമായിരുന്നില്ല.

ഞങ്ങൾ യാത്ര തുടർന്നുകൊണ്ടിരുന്നു, ഒപ്പം മച്ചുന
മൊറാഡ് പാട്ടു് തുടരുകയും ചെയ്തു. യാത്ര ഗ്രാമപ്രദേശത്തു
കൂടിത്തന്നെയായിരുന്നു. പെട്ടെന്നു് മൊറാഡ് പറഞ്ഞു
'താഴെയിറങ്ങ്, എനിയ്ക്കിനി കുറേ നേരം തനിയേ ഓട
യ്ക്കണം'.

'എനിക്കു് തനിയേ ഓട്ടാൻ തരുമോ' ഞാൻ ചോദിച്ചു.

'അതു് കുതിരയുടെ ഇഷ്ടമാണു്', മൊറാഡ് മൊഴിഞ്ഞു
'താഴെയിറങ്ങ്'.

'കുതിര എന്നെ ഓടിക്കാൻ അനുവദിയ്ക്കും'

'നമുക്കു നോക്കാം', അവൻ പറഞ്ഞു, 'പക്ഷേ എനിക
കുതിരകളെ നന്നായറിയാമെന്നു് ഓർക്കുക'.

'നിനക്കു് കുതിരകളെപ്പററി എന്തൊക്കെയറിയാമേ
അതൊക്കെ എനിക്കുമറിയാം', ഞാൻ പറഞ്ഞു.

'നിൻെറ രക്ഷ ഓർത്തു് അങ്ങനെ തന്നെയെന്നു് വിച
രിക്ക. ഏതായാലും താഴെയിറങ്ങു്'.

'ശരി, പക്ഷെ തനിയേ ഓടിക്കാൻ ശ്രമിക്കുന്നതി
എന്നെ സമ്മതിക്കണമെന്ന കാര്യം മറക്കരുതു്'. എന്നി
ഞാൻ താഴെയിറങ്ങി.

മൊറാഡ് ഓടാൻ ആജ്ഞകൊടുത്തതോടെ കുത
അതിൻെറ പിൻകാലുകളിന്മേൽ നിൽക്കുകയും ഞാൻ കണ്ട
ള്ളതിലേയ്ക്കും വേഗത്തിൽ ഓടാൻ തുടങ്ങുകയും ചെ
മച്ചുനൻ മൊറാഡ്, വരണ്ട വിത്തുകൾ ചിതറിക്കിടക്ക
പാടത്തിനു കുറുകേയും അരുവി കടന്നു് പറമ്പിലൂടെയും കുത
പ്പുറത്തിരുന്നു് യാത്ര തുടങ്ങി. ഒരഞ്ചു മിനിട്ടായിക്കാണ
മേലാകെ നനഞ്ഞു് അവൻ മടങ്ങിയെത്തി.

സൂര്യൻ ഉയർന്നു് വരുന്നുണ്ടായിരുന്നു.

'ഇനി എൻെറ ഊഴമാണു്'.

അതോടെ മൊറാഡ് താഴെയിറങ്ങി. 'ഓടിക്കു്', അ
പറഞ്ഞു. ഞാൻ കുതിരയുടെ പുറത്തു് കയറി. ഒരു നിമിഷ
ഒരാൾക്കു് ആലോചിക്കാവുന്നത്രയും വലിയ പേടി ഞ
അറിഞ്ഞു. കുതിര അനങ്ങിയില്ല!

'നീയെന്തു കണ്ടിട്ടാണു് വെറുതേയിരിക്കുന്നതു്', ആ
എല്ലാവരും എണീററു് ജോലികളിൽ മുഴുകുന്നതിനു മു
തന്നെ കുതിരയെ തിരിച്ചു കൊണ്ടുചെന്നു് കെട്ടേണ്ടിയ
കുന്നു'. അപ്പോഴേയ്ക്കും കുതിര പിൻകാലുകളിൽ ഉയർ
അതിനുശേഷം ഓടിത്തുടങ്ങി. എനിക്കു് എന്താണു് ചെ
ണ്ടതെന്നു് അറിയുമായിരുന്നില്ല. പാടത്തിനു കുറുകേ അര
യിലേയ്ക്കു് ഓടുന്നതിനു പകരം അതു് പാതയിൽ
കീഴോട്ടു്, ഡിക്രൻ ഹലാബിയൻ എന്നുപേരായ ക
ക്കാരൻെറ വീഞ്ഞുപാടത്തേയ്ക്കു കയറി വീഞ്ഞുചെടി
യെല്ലാം ചവുട്ടി മെതിക്കാൻ തുടങ്ങി. ഏതാണ്ടു് എട്ടു
വീഞ്ഞുചെടികൾക്കു മുകളിലൂടെ അതു ചാടിയിരിക്ക
അപ്പോഴേക്കും ഞാൻ താഴെ വീണു. അതു്, എന്നിട്ടും
തുടർന്നു.

അപ്പോഴേയ്ക്കും മച്ചുനൻ മൊറാഡ് പാതയിലൂടെ,
ക്കിതച്ചു് എൻെറയടുത്തു് എത്തിച്ചേർന്നു. 'നമുക്കത
പിടിക്കേണ്ടതുണ്ടു്', അവൻ ഉച്ചത്തിൽ പറയുന്നുണ്ടായിര
'നീയിതുവഴി, ഞാൻ ആ വഴിയ്ക്കും. അതിനെ എങ്ങ

ക്രൈസ്ററ് കോ

കണ്ടുമുട്ടുകയാണെങ്കിൽ സ്വല്പം ദയവുകാട്ടണേ. ഞാൻ അടുത്തു ണ്ടാവും', ഇത്രയും ഒററശ്വാസത്തിൽ പറഞ്ഞ് അവൻ ഓടി പ്പോയി.

കുതിരയെ കണ്ടുപിടിച്ച് തിരികെക്കൊണ്ടുവരാൻ ഏതാണ്ട് അരമണിക്കൂർ എടുത്തു. കുതിരയുമായി മൊറാഡ് എൻെറ അടുത്തേയ്ക്ക് വന്നു.

'ഏതായാലും ഇത്രയൊക്കെയായി; ശരി, മുകളിൽ ക്കയറ്, ലോകം മുഴവൻ ഉണർന്നുകഴിഞ്ഞു', അവൻ പറഞ്ഞു 'ഇനി എന്തു ചെയ്യും'? ഞാൻ ചോദിച്ചു.

'ഒന്നുകിൽ അവനെ മടക്കിക്കൊണ്ടു ചെന്ന് ലായത്തിൽ കെട്ടാം, അല്ലെങ്കിൽ നാളെ രാവിലെ വരെ, ആരും കാണാ ത്ത ഒരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകാം'. പക്ഷെ, രണ്ടാ മത്തെ കാര്യമേ അവൻ ചെയ്യുകയുണ്ടാവുള്ള എന്ന് എനിക്ക് ഏതാണ്ട് ഉറപ്പായിരുന്നു. ഞാൻ പെട്ടെന്ന് ചോദിച്ചു. 'നീയെത്ര കാലമായി കുതിരയെ മോഷ്ടിക്കുന്നു'? അവൻ വളരെ നാളുകളായി കുതിരപ്പുറത്ത് സവാരി ചെയ്യാൻ തുട ങ്ങിയിട്ട് എന്നും, ഞാൻ എത്രകണ്ട് കുതിരപ്പുറത്ത് ഒന്നു കയറാൻ ആഗ്രഹിക്കുന്നു എന്നതുകൊണ്ട് മാത്രമാണ് അവൻ എൻെറയടുക്കൽ വന്നതെന്നു, എനിക്ക് പെട്ടെന്ന് തോന്നി യതിനാലാണ് ഞാൻ അങ്ങനെ ചോദിച്ചത്.

'കുതിരയെ മോഷ്ടിച്ചെന്നാരു പറഞ്ഞു'; അവൻ തിരിച്ചു ചോദിച്ചു.

'എങ്കിൽ നിൻെറ സവാരി തുടങ്ങിയിട്ട് എത്ര നാളായി?

'ഇന്നു രാവിലെ വരെ ഞാൻ കുതിരയെ തൊട്ടിട്ടു പോലുമില്ല'.

'സത്യമാണോ നീയീ പറയുന്നത്?'

'തീർച്ചയായും അല്ല', അവൻ ഒരു ചെറുചിരിയോടെ പറഞ്ഞു. പക്ഷെ നാം കണ്ടുപിടിയ്ക്കപ്പെട്ടു കഴിഞ്ഞാൽ നീ യങ്ങിനയാണ് പറയേണ്ടത്. ഞാൻ ഏതായാലും നുണ പറഞ്ഞു. ഇനി നീയും കൂടിയെന്തിനു് നുണ പറയണം? നിനക്കറിയാവുന്നത് നാം ഇന്ന് സവാരി ചെയ്തു എന്നതു മാത്രമാണല്ലൊ'.

'ശരി' ഞാൻ പറഞ്ഞു.
അവൻ കുതിരയെ നടത്തിച്ച് ഫെററ് വാജിയൻ എന്നു പേരായ കൃഷിക്കാരൻെറ പാടത്തിനടുത്തുള്ള ലായത്തിൽ കൊണ്ടുചെന്നു കെട്ടി. എന്നിട്ട് രണ്ടുപേരും വീട്ടിലേയ്ക്ക് നടന്നു.

'കുതിരയെ, നീ ചെയ്തതുപോലെ വന്യമായി ഓടിക്കുക എന്നത് അത്ര എളുപ്പമൊന്നുമല്ല', വീട്ടിലേയ്ക്കുള്ള വഴിയേ അമർത്തിച്ചിരിച്ചുകൊണ്ട് മൊറാഡ് പറഞ്ഞു. 'പക്ഷേ, ഞാൻ നിന്നോടു പറഞ്ഞില്ലേ, എനിക്കു കുതിരകളെ നന്നാ യറിയാം, എനിക്കിഷ്ടമുള്ളതൊക്കെ കുതിരകളെക്കൊണ്ടു ചെയ്യിക്കാൻ എനിക്കു കഴിയും. കുതിര എന്നെ എളുപ്പം മനസ്സിലാക്കുന്നു'. അങ്ങനെ ഞങ്ങൾ വീട്ടിലെത്തി.

അന്നുച്ചയ്ക്ക് ഖോസ്റോവമ്മാവൻ വീട്ടിൽ വന്നുചേർന്നു. പഴയ ഗ്രാമത്തെയും, കാലങ്ങളെയും ഓർത്തുകൊണ്ട് അദ്ദേഹം വരാന്തയിൽ പുകവലിച്ചിരുന്നു. അപ്പോഴേയ്ക്കും വേറെയൊരു സന്ദർശകൻ വീട്ടിലെത്തി. ജോൺ ബൈറോ എന്നുപേരായ ഒരു കൃഷിക്കാരൻ. അയാളും കുറേനേരം പുകവലിച്ചിരുന്നു. പിന്നെ, കഴിഞ്ഞമാസം മോഷ്ടിക്കപ്പെട്ട് തിരിച്ചുകിട്ടിയ തൂവെള്ളക്കുതിരയെ കീണ്ടും കാണാതായ വിവരത്തെപ്പററി, വർദ്ധിച്ച സങ്കടത്തോടെ സംസാരിച്ചു. എനിക്ക് ഒന്നും മനസ്സിലാവുന്നില്ല. അയാൾ പുലമ്പുന്നുണ്ടായിരുന്നു.

ഖോസ്റോവമ്മാവൻ പെട്ടെന്ന് ഇടയ്ക്ക് കയറി അലറി. 'അത് അത്ര്യയ്യൊന്നുമില്ലെന്നേ, ഈ കുതിരയുടെ നഷ്ടം എന്താണ്? മാതൃഭൂമി തന്നെ നമുക്ക് നഷ്ടപ്പെട്ടില്ലേ? ഒരു കുതിരയുടെ പേരും പറഞ്ഞ് അലമുറയിടുന്നത് എത്ര മോശ മാണ്'!

'നഗരത്തിൽ ജീവിക്കുന്ന നിങ്ങളെ സംബന്ധിച്ച് അതു ശരിയായിരിക്കാം', ബൈറോ പറഞ്ഞു. 'പക്ഷെ ഒരു ഗ്രാമീണനായ ഞാനെങ്ങനെ എൻെറ കുതിരയില്ലാതെ ചുററിനടക്കും'?

'അത്ര്യയ്യൊന്നുമില്ലെന്നേ അത്' അമ്മാവൻ ഗർജ്ജിക്കുക തന്നെയായിരുന്നു.

'ഞാൻ ഇന്ന് ഇത്രത്തോളം വരാൻ തന്നെ പത്തുനാഴിക നടന്നിട്ടുണ്ട്'. ജോൺ ബൈറോ

'നിങ്ങൾക്ക് കാലുകളുണ്ട്, ഹെ മനുഷ്യാ', ഉച്ചത്തിൽ അമ്മാവൻ,

'എൻെറ ഇടത്തേക്കാൽ എന്തുമാത്രം വേദനിക്കുന്നു ണ്ടെന്നോ'

'അത് അത്ര്യയ്യൊന്നുമില്ലെന്നേ'.

'ആ കുതിരയെ വാങ്ങാൻതന്നെ അറുപതു ഡോളർ ചെലവായിട്ടുണ്ട്'. ബൈറോ.

'എന്താണ് പണം, പറയൂ, ഹെ'. അമ്മാവൻ.
ക്ഷോഭിച്ചു ബൈറോ അതോടെ എഴുന്നേററ് വീട്ടിനുപുറ ത്തേയ്ക്കു പോയി. 'ഒന്നു നില്ക്കണേ', അമ്മ അയാളുടെ പിന്നാലെ ഓടിച്ചെന്ന് പറഞ്ഞു. 'ക്ഷമിക്കണം, അദ്ദേഹ ത്തിനു് വളരെ വിശാലമായ ഒരു ഹൃദയമുണ്ട്, കേട്ടോ. മാതൃഭൂമി നഷ്ടപ്പെട്ടതിലുള്ള ദുഃഖം ഒന്നുകൊണ്ടുമാത്രമാണി ങ്ങനെ'.

കൃഷിക്കാരൻ പോയതോടെ ഞാൻ മച്ചുനൻ മൊറാ ഡിൻെറ വീട്ടിലേയ്ക്കോടി. ഞാൻ ഓടിക്കിതച്ചു ചെല്ലുന്നതു കണ്ടയുടൻ അവൻ എഴുന്നേററു ചോദിച്ചു, 'എന്താണ്, എന്താണ് ആരം'?

'ആ കർഷകനില്ലേ, ജോൺ ബൈറോ' ഞാൻ പറഞ്ഞു, 'അയാൾ വീട്ടിൽ വന്നിരുന്നു. അയാൾക്ക് അയാളുടെ കുതിരയെ എന്തുമാത്രം ആവശ്യമുണ്ടെന്നോ? നീ ഒരു മാസ ത്തോളമായല്ലൊ അതിൻെറ അടുത്ത് പെരുമാറാൻ തുടങ്ങി യിട്ട്. ഇനി ഞാൻ സവാരി ചെയ്യാൻ പഠിച്ചതിനുശേഷം തിരിച്ചുകൊണ്ട് ചെന്ന് കെട്ടിയാൽ മതി. അതുവരെ അത് മടക്കുകയില്ലെന്ന് നീ സത്യം ചെയ്യണം'.

'നീയതു പഠിക്കാൻ ഒരു വർഷം പിടിയ്ക്കും'. മൊറാഡ് മൊഴിഞ്ഞു.

'എന്നാൽ ഒരു വർഷം നമ്മുടെ വശം വയ്ക്കാം'. ഞാൻ. മൊറാഡ് ഇതു കേട്ട യുടൻ ചാടി എഴുന്നേററു. 'എന്തു്'! അവൻ ഉച്ചത്തിൽ പറഞ്ഞു. 'നീ ഗ്ലാരോഗ്ലാനിയൻ കുടുംബത്തിലെ ഒരാളോടാണോ മോഷ്ടിക്കാൻ പറയുന്നതു്? കുതിര അതിൻെറ യഥാർത്ഥ ഉടമസ്ഥൻെറ അടുത്തേയ്ക്കുതന്നെ തിരിച്ചുപോകണം'.

'എപ്പോൾ?'

'ആറുമാസത്തിനകം, ഏററവും വൈകുകയാണെങ്കിൽ.'

അതോടെ, എല്ലാ ദിവസവും രാവിലെ കുതിരയെ ലായത്തിനു പുറത്തു് കൊണ്ടു വന്നു് ഓടിക്കാൻ തുടങ്ങി. എൻെറ ഊഴമാവുമ്പോൾ എല്ലാ ദിനവും അതു് വീഞ്ഞുകളുടേയും ചെറുവൃക്ഷങ്ങളുടേയും മുകളിലൂടെ ചാടുകയും എന്നെ താഴത്തിട്ടു് ഓടിപ്പോവുകയും ചെയ്തു. പക്ഷെ ഞാൻ ശുഭാപ്തി വിശ്വാസിയായിരുന്നു. എന്നെങ്കിലും മൊറാഡ് കുതിര ഓടിക്കുന്നതുപോലെത്തന്നെ തനിക്കും കുതിരയെ ഓട്ടാൻ കഴിയുമെന്നു് ന്യായമായും ഞാൻ എന്നെ വിശ്വസിപ്പിച്ചു.

രണ്ടാഴ്ചയായിട്ടുണ്ടാവും, ഒരു ദിവസം കൃഷിക്കാരൻ ഫെററ് വാജിയൻെറ പഴയ വീഞ്ഞുപാടത്തേയ്ക്കുള്ള വഴിയേ, ഉടമസ്ഥനായ കൃഷിക്കാരൻ ജോൺ ബൈറോവിൻെറ മുന്നിൽ ചെന്നുപെട്ടു. നഗരത്തിലേയ്ക്കു പോകുകയായിരുന്നു അയാൾ.

'എന്നെ സംസാരിക്കാൻ വിടൂ', മൊറാഡ് പറഞ്ഞു. 'എനിക്കു് കൃഷിക്കാരുമായി പെരുമാറാൻ നന്നായി അറിയാം'.

'സുപ്രഭാതം മി. ജോൺ ബൈറോ', മച്ചുനൻ മൊറാഡ് കൃഷിക്കാരനോടു് പറഞ്ഞു. ബൈറോ കുതിരയെ നല്ലവണ്ണം നിരീക്ഷിച്ചു.

'സുപ്രഭാതം, എൻെറ കൂട്ടുകാരുടെ മക്കളെ'. പിന്നെ ചോദിച്ചു 'നിങ്ങളുടെ കുതിയുടെ പേരെന്താണു്?

''എൻെറ തങ്കക്കുടം''. മൊറാഡ് തൻെറ ആർമീനിയൻ ചുവയോടെ പറഞ്ഞു.

'നല്ലപേരു്' ജോൺ ബൈറോ മൊഴിഞ്ഞു. വളരെ നല്ല കുതിരയ്ക്കു് യോജിച്ചൊരു പേരു തന്നെ. പക്ഷേഇതു് എന്നിൽ നിന്നും കുറേയാഴ്ച മുൻപു് മോഷണം പോയ കുതിരയെപ്പോലെ തന്നെയിരിയ്ക്കുന്നു, ഞാൻ അതിൻെറ വായ ഒന്നു് പരിശോധിച്ചോട്ടെ'.

'തീർച്ചയായും'. മൊറാഡ് പതറിയില്ല. എന്നിട്ടു് കുതിരയോടായി,' വായ തുറക്കൂ എൻെറ തങ്കക്കുടമേ'.

കൃഷിക്കാരൻ കുതിരയുടെ വായ പരിശോധിച്ചു. എന്നിട്ടു് പറഞ്ഞു. 'നിങ്ങളുടെ അച്ഛനേയും അമ്മയേയും അറിഞ്ഞിരുന്നില്ല എങ്കിൽ ഇതു് എൻെറ കുതിരയാണു് എന്നു് ഞാൻ വിശ്വസിച്ചേനെ. നിങ്ങളുടെ കുടുംബത്തിൻെറ ശ്രേയസ്സ് എനിയ്ക്കു നന്നായറിയാം. എങ്കിലും ഈ കുതിര എൻെറ മോഷണം പോയ കുതിരയെപ്പോലെ തന്നെ യിരിക്കുന്നുവെന്നു് പറയാതെ വയ്യ. കുറച്ചുകൂടി വിശ്വാസമില്ലാത്ത ആളായിരുന്നുവെങ്കിൽ ഹൃദയത്തിനു പകരം സ്വന്തം കണ്ണുകളെ അയാൾ വിശ്വസിച്ചേനെ. 'കുട്ടികളായ സുഹൃത്തുക്കളെ, നിങ്ങൾക്കു് നല്ല ദിനമായിരിക്കട്ടെ'.

'നല്ല ദിനം മി. ജോൺ ബൈറോ'. മൊറാഡ് പറഞ്ഞു.

അടുത്ത ദിവസം പുലർച്ചക്കു മുമ്പുതന്നെ ഞങ്ങൾ കുതിരയെ ജോൺ ബൈറോവിൻെറ വീഞ്ഞുപാടത്തിനരുകിലെ ലായത്തിൽ കൊണ്ടുചെന്നുകെട്ടി. പട്ടികൾ ഉണ്ടായിരുന്നുവെങ്കിലും, അവററ, ഒററ ശബ്ദം പോലുമുണ്ടാക്കാതെ ഞങ്ങളുടെ പിറകേ നടന്നു് ഓരോ പ്രവൃത്തിയും നിരീക്ഷിച്ചുകൊണ്ടിരുന്നു.

'പട്ടികളെ എനിക്കു് നന്നായറിയാം' മൊറാഡ് പറഞ്ഞു. അവൻ കൈകൾ കുതിരയുടെ കഴുത്തിൽ പിണച്ചു. സ്വന്തം മൂക്കുകൊണ്ടു് കുതിരയുടെ മൂക്കിൽ സ്നേഹപൂർവ്വം ഉരുമ്മി. അതിനുശേഷം ഞങ്ങൾ മടങ്ങിപ്പോന്നു.

പിറേറന്നുച്ചക്കു് ജോൺ ബൈറോ ഞങ്ങളുടെ വീട്ടിൽ വിരുന്നിനു വന്നു. മോഷ്ടിക്കപ്പെട്ടു് തിരിച്ചുകിട്ടിയ കുതിരയെ അമ്മയ്ക്കു് കാണിച്ചുകൊടുത്തു. 'എനിക്കു് എന്താണു് പറയേണ്ടതെന്നു് അറിയില്ല'. അയാൾ പറഞ്ഞു. 'കുതിര എന്നത്തേക്കാളും ശക്തനായിരിക്കുന്നു. ശാന്തനും. ദൈവത്തിനു സ്തുതി'. വികാരാധീനനായി ബൈറോ മൊഴിഞ്ഞു.

വീട്ടിലുണ്ടായിരുന്ന ഖോസ്റോവമ്മാവനു് ദേഷ്യം വന്നു. 'ശാന്തനാകു മനുഷ്യാ' അദ്ദേഹം അലറി. 'നിങ്ങളുടെ കുതിരയെ തിരിച്ചുകിട്ടി. ശരിതന്നെ. പക്ഷെ അതു് അത്രയ്ക്കൊന്നുമില്ലെന്നേ'!

Percentage of PUC/PDC results for the last 25 years.

| YEAR | PUC/PDC |
| --- | --- |
| 1956—57 | 49 |
| 57—58 | 54.5 |
| 58—59 | 67.5 |
| 59—60 | 54 |
| 60—61 | 57.6 |
| 61—62 | 51 |
| 62—63 | 68 |
| 63—64 | 64 |
| 64—65 | 64 |
| 65—66 | 66.5 |
| 66—67 | |
| 67—68 | |
| 68—69 | 59.8 |
| 69—70 | 68 |
| 70—71 | 63.7 |
| 71—72 | 43.6 |
| 72—73 | 50.3 |
| 73—74 | 42 |
| 74—75 | 55.2 |
| 75—76 | 78.37 |
| 76—77 | 63 |
| 77—78 | 71 |
| 78—79 | 73 |
| 79—80 | 74 |
| 80—81 | 62 |

**കവിതകൾ**

# മഹാവൃക്ഷം

**അജിത്കുമാർ കെ.**

[ പ്രപഞ്ചോല്പത്തിയെക്കുറിച്ചുള്ള ഒരു പുരാതനോക്തിയാണിതിൻെറ ബീജം ]



"**ബീ**ജം ഉമികൊണ്ടു് മൂടപ്പെട്ടുകിടക്കുന്നു.
തപസ്സിൻെറ മഹിമാ (ഊഷ്മാവു)വുകൊണ്ടു് ആ ഒന്നു ജനിച്ചു"
(നാസദീയസൂക്തം)

ഹൃദയത്തിൻെറ മഹിമാവുകൊണ്ടതു കിളിർത്തു.
അപാരതയുടെ വളമാർജ്ജിച്ചതു വളർന്നു.
അതിൻെറ വേരാണ്ടാണ്ടിറങ്ങി.
അതിൻെറ കാണ്ഡം വീണ്ടും വീണ്ടുമുയർന്നു.
ശാഖകൾ പടർന്നുപന്തലിച്ചു.
അതിൻെറ ഇലകളിൽ നിന്നുയർന്ന മാരുതൻ കാലമായി.
അതിൻെറ പിണ്ഡം സ്ഥലമായി.
പൂക്കൾ അനുഭൂതിയായി.

അതു പിന്നേയും പിന്നേയും പൂത്തു.
പിന്നേയും പിന്നേയും കായ്ച്ചു.

പക്ഷേ, ആ പൂക്കൾ നാമാരും കണ്ടില്ല.
ആ കായ്കൾ നാമാരും രുചിച്ചില്ല.

നാമവ കണ്ടുപോലുമില്ല.
ഇലയോ, വേരോ, തടിയോപോലും പൂർണ്ണമായിക്കണ്ടില്ല.

എന്തുകൊണ്ടാണതു്?
സ്പർശനം അതിൻെറ മൂന്നുമാനങ്ങൾക്കുമാത്രം അതിരിടുന്നു.
കാഴ്ചയുടെ ശരം അതിൻെറ പിണ്ഡത്തിൽ മാത്രമേല്ക്കുന്നു.
നമ്മുടെ ജിഹ്വകല്ലുണ്ടത്തിനു മുന്നിലെ പൂച്ചയുടേതുപോലെ മാത്രം.
ആ കുയിലിൻെറ കളഭാഷണം കേൾക്കാനതിനു വിധിയില്ല.
ആ മഹദ് പുഷ്പത്തിൻെറ സുഗന്ധമേല്ക്കാനീ നാസികക്കു കഴിവില്ല.

മനസ്സു്,
അതു വെറുമൊരു തിരികല്ലുമാത്രമാണു്.

നാം മൊട്ടുകളാണു്, പക്ഷേ...
ഇലകളെ മാത്രം കാണുന്നു.
പൂക്കളെ തിരയുന്നു.

നമുക്കുവിരിയാം, പരിമളം പരത്താം.
വിരിഞ്ഞു മുട്ടലമാകാം സൗന്ദര്യമാകാം.
തേൻ പകരാം
ആനന്ദം വിതറാം.

## സുബൈദ

**നളിനാക്ഷൻ.**

നനുത്ത പൂമരങ്ങൾക്കിടയിൽ നിന്നു്
ഒരു തീജ്വാല പറന്നു പോകുന്നു.

സൈനിക പരേഡുപോലെ
രാപ്പക്ഷികൾ
ഇല കൊഴിഞ്ഞ മരത്തിൽനിന്നും
ഇല കൊഴിഞ്ഞ മരത്തിലേയ്ക്കു് പറന്നകലുന്നു.
വിറളി പിടിച്ചൊരു കൊടുങ്കാററു്
മുറിയിലേയ്ക്കാഞ്ഞടിച്ചു്
കാവൽക്കാരൻെറ കുന്തമുന പോലെ
ചെവി തുളഞ്ഞു് കടന്നു പോകുന്നു
നനുത്ത പൂമരങ്ങൾക്കിടയിൽ നിന്നു്
ഒരു തീജ്വാല പറന്നു പോകുന്നു.

കടൽപ്പുറപ്പോളമൊഴുകിപ്പരന്നു്
ദീർഘ നിശ്വാസങ്ങളൊഴിഞ്ഞ ഒരു നിമിഷം
കാത്തിരിയ്ക്കുയാണു് സുബൈദ,
ഇപ്പോൾ ഈ രാത്രിയിൽ
മരണത്തിൻെറ സന്ദേശവുമായി
പറന്നു വരുന്നതാരാണു് ?
സ്വപ്നങ്ങളുടെ വസന്ത കാലത്തിനിടയ്ക്കു്
വേനൽ മഴയെക്കുറിച്ചു് പാടിയതാരാണു് ?
സുബൈദ,
ആചാരങ്ങളുടെ മുൾക്കീരിടം ചൂടി
സൂഹൃത്തിൻെറ ചുവന്ന പൂ സൂക്ഷിച്ച ദിവസം
ഇന്നു് കടന്നു പോവുകയാണു്.

ചെറു മക്കളുടെ പിറന്നാൾ ദിവസത്തിനൊരു
സമ്മാനം
കരുതി വെയ്ക്കാൻ കഴിയാതെ
കണ്ണും കാതും ചിന്തകളുമില്ലാത്ത ലോകത്തിനു്
പണയം വെച്ചൊരു മനസ്സു്.
എനിയ്ക്കറിയാം
പെരിയാർ വരണ്ടുണങ്ങിയതും
മനമെരിഞ്ഞ ചുടലച്ചാരം കാററിൽ പറന്നുയന്നതും
പനി പിടിച്ച ഈ രാത്രിയിലാണെന്നു്.

കരിവളയും കുങ്കുമച്ചാത്തും
ഒരു ചെമ്പനിനീർ പൂവും
ആരോരും കാണാത്തൊരു പൊൻ വിളക്കും
ഈ മൗന മുഹൂർത്തത്തിൽ
വീണ്ടും സുബൈദയാകുന്നു,

ഇനിയും ജനിക്കാത്ത പൂ മൊട്ടുകൾക്കു വേണ്ടി
പൂവിതൾ അറുത്തെടുത്തും കൊണ്ടു് ആരോപോവു
കരിവളയുടെ ലക്ഷ്മണ രേഖ പൊട്ടിച്ചിതറി
സുബൈദ എങ്ങോ പറന്നു പോവുന്നു.
കുങ്കുമച്ചാത്തു് ഇരുളിലലിഞ്ഞു്
ഉഷസ്സന്ധ്യയായും ഒഴുകിപ്പോകുന്നു.

ഈ നിശ്ശബ്ദ മുഹൂർത്തത്തിൽ
ആരോരും കാണാത്ത പൊൻ വിളക്കു്
വരും കാലത്തെ ചുവപ്പു തട്ടമണിഞ്ഞു്
വീണ്ടും സുബൈദയാകുന്നു.
സഹ്യാദ്രിയുടെ പച്ചത്തട്ടത്തിനുള്ളിൽ
ഇപ്പോൾ സുബൈദയില്ല.
അവൾ,
ഈ മുറിയ്ക്കകത്തു് പ്രശാന്തയായി, കുട്ടികളേ
നിങ്ങളുടെ വരവും പോക്കും നോക്കിയിരിയ്ക്കുയാണ്
സുബൈദ
നിങ്ങളുടെ വരവും പോക്കും
നോക്കിയിരിയ്ക്കയാണു്.

## കടൽക്കരയിൽ

**രാജീവൻ.**

പാരാവാരത്തിൻെറ പ്രശാന്തതയ്ക്കരികിൽ
രണ്ടുപേർ കലഹിച്ചു കൊണ്ടിരുന്നു.
ഒന്നാമൻ, തന്നിൽത്തന്നെ
നരകം തൊട്ടറിഞ്ഞവനായിരുന്നു,
ഭ്രാന്തനുമായിരുന്നു.

അപരൻ, ബാദ്ധ്യതകളുടെ വക്താവായിരുന്നു
മൂർത്തമായിരുന്നു അവനിൽ
ശക്തിയുടെ പ്രതീക്ഷ.

സൂര്യ പതനത്തിലെ കലഹ മൂർദ്ധന്യത്തിൽ
സമുദ്രത്തിൻെറ അഗാധതകളിലേയ്ക്കു്
തന്നെത്തന്നെ വലിച്ചെറിഞ്ഞു്
ഒന്നാമൻ കടന്നു പോയി.
മഴവില്ലിൻ കൊമ്പിലേയ്ക്കുള്ള വഴിയ്ക്കരികിൽ
തീ കാഞ്ഞുകൊണ്ടു്
രണ്ടാമൻ മാത്രമവശേഷിച്ചു,
ശബ്ദത്തിൻെറ ആവനാഴി
അനാഥമായി തുരുമ്പെടുത്തു കൊണ്ടിരുന്നു.
ഒടുവിൽ, അയാൾക്കൊന്നുറക്കെ
പറയണമെന്നു തോന്നി, ''നിങ്ങൾ നിങ്ങളുടെ...''

ക്രൈസ്ററ് കോളേജ

പക്ഷെ ചുണ്ടൊന്നിളക്കാൻ പോലും
കഴിയുന്നതിനു മുമ്പ്, പെട്ടൊന്നെരെറുമ്പായി
സ്വന്തം തീക്കുണ്ഡത്തിൽ അയാളെരിഞ്ഞു തീർന്നു.
അവബോധത്തിൻെറ ചാരം, കടൽ
താ
ഴേ
യ്ക്കും കൊണ്ടു പോയി.

## മാത്യൂസ്

**ബാലസുബ്രഹ്മണ്യൻ.**

കറുത്ത രക്തം ഉരുകിയൊലിയ്ക്കുന്ന
നിറത്തിൽ
ഒഴുകിയകലുന്ന വെളുത്ത കാറിൽ
മാത്യൂസ് ! നിന്നെ ഞാൻ കണ്ടു.
കടൽത്തിരകളുടെ സംഗീതം
അലയടിച്ചുയന്നിരുന്ന നിൻെറ കണ്ണുകളിൽ
ചുവന്ന ഞരമ്പുകൾ പിടഞ്ഞുയന്നതെപ്പോഴാണ് ?
നിൻെറ ബലിഷ്ഠമായ ശരീരത്തിൽ
പതഞ്ഞിരുന്ന കരുത്തിൻെറ അലകളിൽ
കൊഴപ്പടിഞ്ഞു കൂടിയതെപ്പോഴാണ് ?
തുടു തുടുത്ത പുതു പാട്ടുകൾ
വിരിഞ്ഞിരുന്ന നിൻെറ ഹൃദയത്തിൽ
ഗിററാറിൻെറ താള ലയങ്ങൾ ഉയന്നതെപ്പോഴാണ്?
രാവിൻെറ മാംസള ഞൊറിവിൽ
നീല വെളിച്ചത്തിന്നലകളിൽ
നിൻെറ സ്നേഹം പൂവിടുന്നതും ഞാനറിഞ്ഞു,

ചുററും കാട്ടുതീ പടന്നുയന്നപ്പോഴും
കൌമാരത്തിൻെറ പാലച്ചോട്ടിൽ
പൂത്തു കിടന്നിരുന്ന നിലാത്തുണ്ടുകളെക്കുറിച്ച്
നീയെനിയ്ക്കെഴുതിയിരുന്നുവല്ലൊ.
നീ കണ്ണെറിഞ്ഞത്
പൂമരക്കൊമ്പിലെ പൊന്നിലക്കുട്ടിലേയ്ക്കാണെന്ന്
ഞങ്ങൾ അറിഞ്ഞിരുന്നില്ല.
കാററാടി മരങ്ങളിൽ, ച്ചൂളം വിളിച്ചെത്തുന്ന കാററിൽ
നിൻെറ മുഴങ്ങുന്ന ശബ്ദം
കരുത്തിൻെറ സംഗീതം ചേർക്കുന്നതും കണ്ട്
ഞങ്ങൾ അത്ഭുതം കൂടിയിരുന്നുവല്ലോ.
നിൻെറ ആജ്ഞാ ശക്തിയുള്ള കൺകളിൽ
നിന്നുയന്നിരുന്ന തീഷ്ണരശ്മികൾ
ഞങ്ങളുടെ ഞരമ്പുകളിൽ
അഗ്നിയായി, അവേശമായി
ചുവന്ന സ്വപ്നമായി, പടന്നു കയറിയിരുന്നുവല്ലൊ.

## ഒരു സ്വപ്നം

**ബാലൻ**

ഇന്നലെ
മഴത്തുള്ളികളുടെ മരണ ഗാനം കേട്ട്
ഞാനമ്മയുടെ തലോടലിനു വേണ്ടി കരഞ്ഞു.
കണ്ണു നീരുണങ്ങിയ, അമ്മയുടെ
വരണ്ട കവിൾത്തടത്തിലെ
ചൂടിന് വേണ്ടി ഞാൻ പായയിൽ പരതി.
ഇല്ലിയാൻ കുന്നിലെ ചെകുത്താൻെറ
ഗ്വാ ഗ്വാ വിളികളിൽ
ഞാൻ വിയത്ത് കുളിച്ചു.
പിന്നെപ്പിന്നെ
മഞ്ഞിൻെറ മാർദ്ദവമുള്ള എൻെറ
കൈത്തണ്ടയിൽ ഗ്രീഷ്മം ചേക്കേറുന്നത്
ഞാനറിഞ്ഞു.
മാണിക്കക്കൊട്ടാരത്തിലെ രാജകുമാരിയെ
ഞാൻ പല വട്ടം സ്വപ്നം കണ്ടു.
ഉത്സവപ്പറമ്പിലെ കുപ്പിവളകളിൽ
എൻെറ വണ്ണു സ്വപ്നം കുരുങ്ങിക്കിടന്നു.
അകലെ യമുനയുടെ തീരത്ത്
മുറിഞ്ഞ് വീണ സ്വപ്നങ്ങളുടെ സീൽക്കാരം
ഞാൻ കേട്ടു.
നിശാ ഗന്ധികളുടെ സൌരഭ്യത്തിനായ്
ഇരുളിൻെറ ഗുഹാ മുഖങ്ങൾ തേടി,
പുഴയുടെ നനുത്ത മാറിൽ
വിരലോടിയ്ക്കുന്ന നിലാവിൽ
എൻെറ സ്വപ്നങ്ങൾ ചേക്കേറി.
നിലാവിൻെറ നീല യവനികയിൽ
ഞാനാകെ മറന്നു.
സൂര്യൻെറ തീഷ്ണ രശ്മികൾ
ഞാനറിഞ്ഞപ്പോൾ
അകലെ ഈറനായ വയൽ വരമ്പിൽ
മുറിഞ്ഞ് വീണ ഒരു പാദസരത്തിൻെറ
തേങ്ങലുയർന്നു.

---

അമ്മയുടെ കണ്ണീരിൻെറ തടവറ പൊളിച്ച്
നിൻെറ തേർച്ചക്രങ്ങളുടെ താളത്തിൽ
നീ ഞങ്ങളൊന്നിച്ച് പുതു പാട്ടുകൾ
പാടിയതോക്കുന്നില്ലേ ?
പിന്നെപ്പോഴോ, നിനക്കു് തേർച്ചക്രങ്ങൾ
നഷ്ടപ്പെടുന്നതും
ഉണന്നപ്പോൾ നിൻെറ കാലൊച്ച
അകന്നകന്നു പോകുന്നതും മാത്രം ഞങ്ങളറിഞ്ഞു.

# ഹേ സൂര്യ, നീ എന്നും നിലനിൽക്കുന്നു

**നരേന്ദ്രൻ**

അമേരിക്കൻ കുടിയേററക്കാരുടെ അനീതികളോടു് പൊരു വീരസ്വർഗ്ഗം പ്രാപിച്ച താഷ്ങ്കാവിററ്കോ [ക്രേസി ഹോഴ്സ്] എ റെഡ് ഇൻഡ്യൻ യോദ്ധാവിനു്. അദ്ദേഹത്തിൻെറ അന്ത്യാഭിലാഷ പ്ര രം മരണശേഷം ഹൃദയം വേർപെടുത്തി അദ്ദേഹം സ്നേഹിച്ചിരു 'ചങ്ക്പേ ഓപ്പി' താഴ്വാരത്തിലെ നദീതീരത്തു് സംസ്കരിക്ക യുണ്ടായി.

ഒരു നീലവനിയായ് മനസ്സിൻെറ കോണിൽ നിന്‍
സ്മൃതിതൻ പദന്യാസമുയരുമ്പൊഴെപ്പൊഴും
തളരാതെയൊഴുകുന്ന നിൻ കൊച്ചു പുഴ മുന്നി—
ലുണരുന്നു, ചാരെ നിൻ ബലികുടീരത്തിനെ—
പ്പുണരുന്ന ചെടികൾതൻ കവിളിലെക്കണ്ണുനീർ
പുലരവേയൊരു കൈ തടവിമായ്ക്കുന്നതും
ഇരുളിൻെറ കരിനിഴൽ ചാഞ്ഞുപരക്കുമ്പൊ—
ളൊരു കൊച്ചുകുരുവി നിൻ കനിവിൻെറ ഹൃദയം
മറചെയ്ത മണ്ണിൻെറ മടിയിലൊരു വനശുഭ്ര
മലർമാല ചാർത്തിപ്പറന്നു മായുന്നതും
കാലം കുതിച്ചേറെ മുന്നേറിയെങ്കിലും
കാണുന്നു ഞാൻ സഖേ, സാകൂതമിപ്പൊഴും
തെളിനിലാവുയരുന്ന രാവിൽ ശ്മശാനങ്ങ—
ളുണരവേ കുഴിമാടമൊക്കെപ്പിളർന്നു നിൻ
ഹൃദയമുറങ്ങുന്ന മണ്ണിലേക്കവരുടെ
വലതുകൈ നീട്ടുന്നു ഹാ! രക്തസാക്ഷികൾ.
അക്കഥയിന്നു പഴഞ്ചനായ്പ്പോകില്ല—
മോർക്കുന്നു ഞാനക്കരുത്തിൻ കരങ്ങളിൽ
കത്തിയുരുകിത്തിളച്ചാത്മശക്തിത—
ന്നഗ്നി ജ്വലിച്ചു കുതിച്ചന്നുയർന്നതും
പത്തികൾ താഴ്ത്തിയതിൻ മുന്നിൽ സാമ്രാജ്യ
ശക്തികൾ പത്തിയിഴഞ്ഞു മറഞ്ഞതും
മുപ്പതു വെള്ളി തിളങ്ങവേ നാടിൻെറ
യപ്പുതു പൗരുഷം കൈവിലങ്ങിട്ടതും
അന്നു നിൻ ഗാഗുൽത്ത തേടുന്ന യാത്രയിൽ
പൊങ്ങിയ ഗാനം ശ്രവിക്കുന്നിതിന്നു ഞാൻ:

''ഹേ, സൂര്യ,
നീയെന്നും നിലനിൽക്കുന്നു.
എന്നാൽ കൈററ്സെങ്കോ എന്ന ഞങ്ങൾ
മരിക്കണം.
ഹേ ഭൂമി,
നീയെന്നും നിലനിൽക്കുന്നു.
എന്നാൽ കൈററ്സെങ്കോ എന്ന ഞങ്ങൾ
മരിക്കണം.''

# ജഡതയുടെ താഴ്‌വരയിൽ പൊടിഞ്ഞുപൊന്തിയ ജീവനുകളെക്കുറിച്ച്

**ഉണ്ണികൃഷ്ണൻ കെ.**

**അ**താ പോകുന്നു—
കാലാന്തരത്തിന്റെ അഗ്നി കുടിച്ചുകൊണ്ട്
ഒരുപററം ആട്ടിൻകുഞ്ഞുങ്ങൾ.

ചാഞ്ഞുമറയുന്ന സൂര്യനുകീഴെ,
ചുവന്നുതുടുത്ത സന്ധ്യയിൽ
മുന്തിരിക്കോപ്പയിലെ വിഷം നുണച്ചുകൊണ്ട്
പുഴക്കരയിലൂടെ
ഇരുളിന്റെ കാട്ടുപൊന്തയിലേക്ക്
അവ നുഴഞ്ഞു കയറുന്നു.

നിഷ്കളങ്കമായ നെഞ്ചിൽ
നിശ്ശൂന്യതയുടെ ഒരിരുണ്ട തുളയുമായി
അവ കടന്നുപോകുന്നു.

അവതാരങ്ങൾക്കും, പ്രവചനങ്ങൾക്കുമിടയിൽ
സ്പുത്നിക്കുകൾക്കും, പുഷ്പങ്ങൾക്കുമിടയിൽ
ഹിരോഷിമയുടെ ഒരു പാതാളം
വാ പിളരുന്നു.
മുകുളങ്ങളെ വാട്ടിക്കളയുന്ന ഒരു വിഷക്കാററു വീശുന്നു.
പൊരുളുകളുടെ
എല്ലാ വെളിപാടുകൾക്കും
പേക്കിനാവുകൾക്കുമപ്പുറം
നിലനിൽപ്പിന്റെ സ്തബ്ധപ്രപഞ്ചം
ഇരുണ്ടു കറുത്തുവരുന്നു.

അവസാനമതാ—
ഇടയൻ തെളിക്കുന്ന ആട്ടിൻപററങ്ങൾ
ഇരുട്ടുപരന്നു കഴിഞ്ഞ പുഴക്കരയിൽനിന്ന്
തരിശുപടരുന്ന മലമേടുകളിലേക്ക്
ഏങ്ങിവലിഞ്ഞു കയറുന്നു.

അവയിലൊരു വസ്തു ജീർണ്ണിക്കുന്നു,
അവയിലൊരു കാലം ജീർണ്ണിക്കുന്നു.
അവയിലവതന്നെ ജഡമായ്
ചീഞ്ഞുനാറുന്നു.
നവദ്വാരങ്ങളും മൂടിയടച്ചുകൊണ്ട്
വെയിലിനും കാററിനുമിടയിലൂടെ
ഇരുട്ടിലേക്ക്
അവയോടിയകന്നുകൊണ്ടിരിക്കുന്നു.

വിധിയുടെ മൗനഭീകരമായ രാവിൽ,
നക്ഷത്രങ്ങളില്ലാതിരുന്ന കറുത്ത വാവിൽ,
അവയുടെ അസ്പഷ്ടമർമ്മരങ്ങൾ
പ്രപഞ്ചത്തിന്റെ ഗഗനതയിൽ, കാററിൽ
അലിഞ്ഞുപോകുന്നു.

പക്ഷെ, അപ്പോഴും അവയറിയുന്നില്ലല്ലൊ,
തങ്ങൾ നയിക്കപ്പെടുന്നത്
അറവുശാലയിലേക്കാണ് എന്ന സത്യം!
ഓ— നാളെ സ്വാതന്ത്ര്യദിനമാണല്ലൊ!

# രാം കിങ്കറിന്റെ കല *

പരമ്പരാഗത കലയിൽനിന്നും ആധുനിക കലയിലേയ്ക്കുള്ള പരിവർത്തനഘട്ടത്തിലെ ഇന്ത്യയിലെ ഏററവും പ്രമുഖനായ മൗലികശില്പിയാണ് രാംകിങ്കർ. പാരമ്പര്യത്തിന്റെ പിടിയിലമർന്നിരുന്ന ഒരു കാലഘട്ടത്തിൽത്തന്നെ, പാരമ്പര്യവാദിയോ അക്കാദമിക്കോ ആകാതെ അടിസ്ഥാനപരമായി വ്യക്തിഗതവും സ്വന്തം വ്യക്തിത്വത്തിലും ചുററുപാടിലും വേരൂന്നിയതുമായ ഒരു ശൈലി വളർത്തിയെടുത്തു എന്നതിലാണ് അദ്ദേഹത്തിന്റെ പ്രസക്തി. അദ്ദേഹത്തിന്റെ കാലത്തെ ശില്പികളും ചിത്രകാരന്മാരും രണ്ടു തരമായിരുന്നു, ബംഗാൾ ശൈലിയിൽ ദേശീയവും കാല്പനികവും ആയ കല വളർത്തിയെടുത്തവർ, പാശ്ചാത്യ ശൈലിയിൽ വിട്ടുവീഴ്ചയില്ലാത്ത അക്കാദമിസത്തോടു ക്ലറുപുലർത്തിയിരുന്നവർ. രാംകിങ്കറിന്റെ കലയാകട്ടെ അടിസ്ഥാനപരമായി വ്യക്തിഗതവും മാർഗ്ഗദർശകവുമാണ്. അതിന്റെ സവിശേഷതകൾ ഊർജ്ജവും, സമൃദ്ധിയും, ഉന്മേഷവുമാണ്. അതിനു വളർച്ചയുടെ ഊർദ്ധ്വഗതിയുണ്ട്; രൂപങ്ങളും ആകൃതികളും ചലനാത്മകവും ഭൗമികവുമാണ്. തന്റെ കൃതികളിൽ ഭൂരിഭാഗവും വാതിൽപ്പുറദൃശ്യങ്ങളാണ് എന്നതു് രാംകിങ്കറിന്റെ പ്രത്യേകതയാണ്. സൃഷ്ടികൾ കാററിനോടും മണ്ണിനോടും ബന്ധപ്പെട്ടിരിക്കുന്നു; പൂക്കളുടേയും കായ്കളുടേയും ഭാഗമായിത്തീരുന്നു. ചില കലാകാരന്മാരുടെ കൃതികളെ സജീവമാക്കുന്നതു് സംഘർഷമാണ്. പരിണിതശില്പം പോലും സ്വസ്ഥമല്ല, കാരണം, അതിന്റെ ചലനാത്മകത്വത്തിനു പുറമെ, കലാകാരന്റെ ചോദ്യമുന്നയിപ്പും അന്വേഷണവും അതിൽ അനുഭവപ്പെടുന്നു. അതുപോലുള്ള ഒരു വ്യക്തിത്വമാണ് രാംകിങ്കറിന്റേതു്. വികാരത്തിലൂടെ, ലക്ഷ്യത്തിലൂടെ, പരിശ്രമത്തിലൂടെ കലാസൃഷ്ടി ജന്മമെടുക്കുമ്പോൾ, അതു് അലസമായ ആശയത്തിന്റെ ജന്മമല്ല, പ്രത്യുത, ജീവിതത്തിന്റെ ലക്ഷണവും, ആകസ്മികതയും ചൈതന്യവും ഉള്ള നിരന്തരം മാറുന്ന സത്തയാണ്.

രാംകിങ്കർ ബംഗാളിൽ ബങ്കുറാജ്ജില്ലയിൽ ഒരു ഗ്രാമത്തിൽ 1910-ൽ ജനിച്ചു. ബങ്കുറായിലെ വിദ്യാഭ്യാസത്തിനുശേഷം അവസാനം 1925-ൽ ശാന്തിനികേതനിലെത്തിച്ചേർന്നു. അക്കാലത്തു് ശാന്തിനികേതനിലെ ജീവിതം ആദർശാത്മകവും, ലളിതവും, സന്തോഷപ്രദവുമായിരുന്നു. ടാഗോർ വിദ്യാർത്ഥികളുടെയിടയിൽ കഴിഞ്ഞുകൂടി, അവരുടെയിടയിൽ ഉദാരമായ സ്വാധീനമായി വർത്തിച്ചു. ആശ്രമവാസികളിൽ പലരുടേയും ദർശനവും വിശാലവീക്ഷണവും അഗാധമായ മനുഷ്യത്വവും അവിടെയുള്ള പല യുവാക്കളേയും പ്രചോദിപ്പിച്ചു. രാംകിങ്കർ പഠിക്കുമ്പോൾത്തന്നെ സമ്പാദിക്കാൻ തുടങ്ങുകയും തന്റെ വാസനകൾ യോജിച്ച സാഹചര്യത്തിൽ ശില്പകലയിലും ചിത്രരചനയിലും ആത്മസാക്ഷാൽക്കാരം കണ്ടെത്തുകയും ചെയ്തു. ആ സ്ഥലത്തിന്റെ പ്രകൃതിഭംഗിയെപ്പോലെ തന്നെ, സംഗീതവും നാടകവും കവിതയും എല്ലാം അദ്ദേഹത്തിന്റെ വളർച്ചയെ സഹായിക്കുകയും ആ പ്രകൃതിയുടെ ഭാഗമാവുകയും ചെയ്തു.

രാംകിങ്കർ ശാന്തിനികേതനിൽ 37 വർഷങ്ങളോളം കഴിച്ചിട്ടുണ്ട്. കഴിഞ്ഞ മുപ്പതുകൊല്ലമായിട്ടു് അദ്ദേഹം കലാഭവൻ എന്ന കലാവിദ്യാലയത്തിലെ വിശിഷ്ടാംഗമാണ്. സ്റ്റുഡിയോയ്ക്കകത്തും പുറത്തും അദ്ദേഹം വേനൽക്കാലത്തെ ചൂടും, രാത്രിയും, പകലും, അവഗണിച്ച് സ്വസ്ഥതയെന്തന്നറിയാതെ നിരന്തരമായി അദ്ധ്വാനിക്കുന്നു. ഒഴിവുസമയം അദ്ദേഹം സംഭാഷണത്തിലും സംഗീതത്തിലും ചിലവഴിക്കുന്നു; തനിക്കു പ്രിയപ്പെട്ട സന്താൾ കർഷകർ വസിക്കുന്ന ഗ്രാമങ്ങൾ സന്ദർശിക്കുന്നതിനും അദ്ദേഹം സമയം കണ്ടെത്തുന്നു. അദ്ദേഹം ഒരിക്കലും ക്ഷീണിതനോ അസ്വസ്ഥനോ, കാലത്തെയോ ഭാവിയെയോപററി ആകുലനോ അല്ല. പ്രശസ്തിക്കും പണത്തിനും വേണ്ടിയുള്ള വെറിമൂലം കളങ്കപ്പെടാത്ത, ആഹ്ലാദവും നർമ്മബോധവും

ആത്മവിശ്വാസവും അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിൻെറ രക്ഷാസങ്കേതം കലയാണ്. രാംകിങ്കറിൻെറ സൃഷ്ടികൾ അദ്ദേഹത്തിന് ജീവിതത്തോടുള്ള അഭിനിവേശത്തിൻെറ സ്ഥിരീകരണമാണ്.



കാപൊസിഷൻ - റാംകിങ്കർ
സിമൻറിൽ ചെയ്ത ഒരു ശിൽപ്പം. ( 1948 )

രാംകിങ്കറിൻെറ ശില്പങ്ങളെല്ലാം പരിസരങ്ങളുമായി തന്മയീഭവിക്കുന്നവയാണ്. ലൊക്കേഷനിൽ തന്നെ സൃഷ്ടിക്കപ്പെടുന്നതുകൊണ്ട്, അവയുടെ സന്ദർഭത്തിൽനിന്ന് അവ വളരുന്നു. രൂപങ്ങൾ — സിമൻറിലോ, പ്ളാസ്ററിലോ, കല്ലിലോ ഏതിലായാലും, അവയുടെ നിയമങ്ങളാൽ നയിക്കപ്പെടുകയും പെരുകുകയും ചെയ്യുന്നു. ആനന്ദനിർഭരവും സജീവവുമായ ഒരു ശൈലിയാണദ്ദേഹത്തിൻേറതു്. അതുകൊണ്ട് അമൂർത്തമായാലും യഥാതഥമായാലും ശൈലീകൃതമായാലും, രൂപങ്ങൾക്ക് വളർച്ചയുടേതായ ജൈവസ്വഭാവമുണ്ട്. അവ ഭൂമിയിൽനിന്ന് പൊട്ടിപ്പിളർന്നുയരുന്നു, അല്ലെങ്കിൽ ഐതിഹാസികമായ ഒരു കഥനസ്വഭാവവും സജീവമായ രേഖകളുമായി ഒരു സ്ഥലത്തു നട്ടപോലെ തോന്നിക്കുന്നു. കഠിനാദ്ധ്വാനത്തിനു ശേഷമാണ് കലാകാരൻ സൃഷ്ടിയുടെ പൂർണ്ണതയിലെത്തുന്നത്. ആശയം രൂപമായി മാറുന്നത് സാവധാനവും സജീവവും സുനിശ്ചിതവുമായാണ്. ഓരോ രചനക്കും ഒരു ആന്തരികോർജ്ജമുണ്ട്. അതു് ഒരേ സമയം മാനുഷികവും ഭൗമികവും പ്രതീകാത്മകവുമായ ഒരു മഹാചേഷ്ടയാണ്.

രാംകിങ്കർ സ്വന്തമായ പഥങ്ങൾ വെട്ടിത്തുറക്കാൻ ഒരിക്കലും മടിച്ചിട്ടില്ല. നവദർശനത്തിൻേറയും വിപ്ലവത്തിൻേറതുമായ ഈ സ്വഭാവം രാംകിങ്കറിനെ ഇന്ത്യയിലെ യഥാർത്ഥ ആധുനിക ശില്പികളുടെ പഥദർശകനാക്കിമാററുന്നു. വസ്തുക്കൾ തെരഞ്ഞെടുക്കുന്നതിലും ഉപയോഗിക്കുന്നതിലും തൻെറ ലക്ഷ്യത്തിനനുയോജ്യമായ നിയമങ്ങളേ അദ്ദേഹം പാലിക്കാറുള്ളൂ. സ്വന്തം ലക്ഷ്യമനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് അദ്ദേഹം തീർത്തും സ്വതന്ത്രനായിരിക്കുന്നു. നിയമങ്ങളുടെ പരിമിതികളെ ആ സൃഷ്ടികൾ ഉല്ലംഘിക്കുന്നു; നിസ്സംശയമായും അവ സമകാലീനമായിരിക്കുന്നു.

മുഖ്യരചനകളിൽ ചിലതു് സ്വതന്ത്രമായി നിൽക്കുന്ന വാതിൽപ്പുറ നിർമ്മിതികളാണ്. പരുക്കനായ ഉപരിതലത്തോടുകൂടിയ ചലനാത്മകമായ ഒരു സംഘമാണ് ''സന്താൾകുടുംബം''. അതു് അതിൻെറ പരിസരത്തിൻെറ നിശ്ചലതയുമായി നന്നായി ഇടഞ്ഞുനില്ക്കുന്നു. റോഡിനരികിൽ നില്ക്കുന്ന ഈ ശില്പം റോഡിൻെറ ചലനവും പ്രാകൃത മനുഷ്യരുടെ ഉത്സാഹത്തിമിർപ്പും ആവാഹിക്കുന്നു. മറെറാരു സ്മരണീയ ശില്പമായ ''സുജാത'' മരങ്ങൾക്കിടയ്ക്കാണ് നില്ക്കുന്നതു്. ആ മരങ്ങളെപ്പോലെതന്നെ മെലിഞ്ഞു് സ്വതന്ത്രയായ ഒരു പെണ്ണ്. ശാന്തിനികേതനിലെ ഗസ്ററ് ഹൗസ് ഉദ്യാനത്തിലുള്ള ദീപമാതൃക ഒരമൂർത്ത രചനയാണ്. സംഗീതത്തിലെന്നപോലെയുള്ള പല്ലവികൾ അനുഭവപ്പെടുത്തുന്ന ഒരു ശില്പം. മനുഷ്യശില്പരചനയിലും അദ്ദേഹം അദ്വിതീയനാണ്. ശക്തിയും വികാരവും നിറഞ്ഞുനിൽക്കുന്നവയാണ് ഓടിൽ നിർമ്മിച്ച ''ഒരു സ്ത്രീയുടെ ശില്പം'', ''മി. ഗാംഗുലിയുടെ ശിരസ്സ്'' എന്നിവ.

ശ്രദ്ധേയനായ ഒരു പെയിൻറർ കൂടിയാണ് രാംകിങ്കർ. തുടങ്ങിയത് മിനിയേച്ചറി ലാണെങ്കിലും താമസംവിനാ ഓയിലും വാട്ടർകളറും സ്വീകരിച്ചു. ഇത് അദ്ദേഹത്തിൻെറ ആവി ഷ്കരണമേഖലയെ വികസിപ്പിച്ചു. ഓയിലുകൾ എപ്പോഴും പരീക്ഷണാത്മകമായിരുന്നു—പോർട്രെയിററുകളിൽനിന്നും അമൂർത്ത മാതൃകകളിലേക്ക്, ദുരന്താത്മകമായ വീൻയററികളിൽ നിന്ന് (വാങ്മയചിത്രം—Vignettes) ലാളിത്യവും ഗാംഭീര്യവും കലർന്ന കടുത്ത വർണ്ണങ്ങ ളിലുള്ള സ്മരണീയ രചനകളിലേയ്ക്കു്.

അദ്ദേഹത്തെ പ്രചോദിപ്പിച്ചിട്ടുള്ള മററു കലാരൂപങ്ങൾ മാതൃക, നാടകീയദൃശ്യം, ഗ്രാഫിക്ക് പുനരാവിഷ്കരണം തുടങ്ങിയവയാണ്. വാട്ടർ കളറും ബ്രഷ്ഡ്രായിങ്ങുകളും ധാരാള മുണ്ട്. രാംകിങ്കറിൻെറ ഓയിലുകൾ പാരമ്പര്യ നിഷേധിയാണ്. പോർട്രെയിററിൽ മനോ ഹരമായ പെയിൻറിങ്ങിനു പുറമേ, ചിത്രത്തിനിരിക്കുന്ന വ്യക്തിയുടെ നിരൂപണവും അദ്ദേഹം സാധിക്കുന്നു. രചനകളിൽ, പ്രത്യേകിച്ച് പ്രകൃതിദൃശ്യങ്ങളിൽ, അദ്ദേഹത്തിൻെറ ശൈലി വിശാലമായ ഘടനാസംയോജനവും, വിശാലതയും, ഐതിഹാസിക രൂപങ്ങൾ പ്രതിഷ്ഠിക്ക പ്പെട്ടിട്ടുള്ള അന്തരീക്ഷവും പ്രകടിപ്പിക്കുന്നു. വാട്ടർ കളറുകൾ പരമ്പരാഗതമാണെങ്കിലും അവയ്ക്ക് ശക്തിയും സ്വാഭാവികതയും ഉണ്ട്. ബ്രഷ്രചനകളിൽ സജീവമായ വരകളും നാതിദീർഘമായ സൂചനകളും കലർന്ന ജീവിതത്തിൽ നിന്നെടുത്ത സംഭവചിത്രങ്ങളും ഉൾപ്പെടുന്നു.

രാംകിങ്കറിനോട് കലയെപ്പററി സംസാരിക്കുകയെന്നതു് തുറന്ന മനസ്സിൻെറ ഇളംകാററു കൊള്ളുകയാണ്. അദ്ദേഹത്തിനു് കല അകാരണമാണ്. അദ്ദേഹം ജോലിചെയ്യുന്നതു് ലാഭ ത്തിനുവേണ്ടിയല്ല. അദ്ദേഹം കലാസൃഷ്ടി നടത്തുന്നതു്, വിജനമായ വനത്തിലായാലും പൂവിനു് വിരിഞ്ഞേ കഴിയൂ എന്നതുകൊണ്ടാണ്. പൂവിനു് വിരിയൽ അനിവാര്യമാണ്. മണ്ണും, ആകാശവും, കാലാവസ്ഥയും സൂര്യനും ലക്ഷ്യരഹിതമായി പൂവിനെ വിരിയിയ്ക്കാൻ ഗൂഢാ ലോചന നടത്തുന്നു. വ്യർത്ഥമായാലും, അതിൻെറ നീതീകരണവും സാക്ഷാൽക്കാരവും വിരിയലിലാണ്. കലാകാരൻ ആവശ്യത്തിനുവേണ്ടി കാത്തുനില്ക്കുന്നില്ല; ആവശ്യം അയാളുടെ ഉള്ളിലാണ്. ഒരു സർഗ്ഗാത്മകക്രിയയും ആവശ്യത്തിനുവേണ്ടി കാക്കുന്നില്ല, അതു് സാക്ഷാൽ ക്കാരത്തെ കാത്തുനില്ക്കുന്നു. ചുവരുകളില്ലാത്ത മ്യൂസിയങ്ങളെപ്പററി നിരൂപകർ പറയാറുണ്ട്. നമുക്കെല്ലാം നമ്മുടേതായ മ്യൂസിയങ്ങൾ ഉണ്ട്—അനുഭവങ്ങളും ശൈശവകാലസ്മൃതികളും, ഓർമ്മകളും പുസ്തകങ്ങളും സംഭാഷണങ്ങളും എല്ലാം അടങ്ങിയ മ്യൂസിയങ്ങൾ. പക്ഷെ, കലാ കാരൻ സൃഷ്ടിയിലേർപ്പെടുമ്പോൾ ഈ ആന്തരിക മ്യൂസിയത്തെപ്പോലും മറക്കുന്നു. അയാൾ അയാളുടെ ശക്തിയുടെ ഉറവിടമായ യോഗാത്മകഗൃഹത്തിൽ പ്രവേശിക്കുന്നു; സൃഷ്ടിപരമായ ഉന്മാദത്തിൽ അയാൾ ഉയരുന്നു. രാംകിങ്കറിനു് കല വെല്ലുവിളിയാണ്,— സൃഷ്ടിപരമായ ഉന്മേഷം വരൾച്ചയോടും വൈകൃതത്തോടും ജീവിതത്തിൻെറ നിഷ്ഫലതയോടും നടത്തുന്ന വെല്ലുവിളി.

വെല്ലുവിളിയും പ്രതികരണവും ഒരു കളിയാണ്. ജയവും തോൽവിയും അപ്രധാനമാണ്, പ്രധാനം കളിയാണ്. രാംകിങ്കറിനു് കല മായയാണ് — നിഗൂഢമായ വിധത്തിൽ കബളി പ്പിയ്ക്കുന്ന, പക്ഷെ ജീവിതത്തെ ജീവിതയോഗ്യമാക്കുന്ന മായ. ▭

---

* ഈ ലേഖനം രാംകിങ്കറിൻെറ മരണത്തിനു മുൻപു് തയ്യാറാക്കപ്പെട്ട ലേഖനമായതിനാൽ വർ ത്തമാന കാലത്തിലാണ് ഇതു് എഴുതിയിരിക്കുന്നതു്.

CHRIST COLLEGE LIBRARY
ACC. No.
CALL NO.

ഋഷീകേശൻ നായർ

**തി**രക്കിട്ടോടുന്ന വാഹനങ്ങളാൽ നിബിഡമായ നിരത്തുവിട്ട് നാട്ടുപാതയിലേയ്ക്കു തിരിയുന്നിടത്തു വെച്ചാണ് എന്റെ തലച്ചോറിലേയ്ക്ക് ഒരു ഉറുമ്പിൻകൂട് പൊട്ടിവീണതു്. ആലോചിക്കുന്തോറും ഉറുമ്പുകളുടെ എണ്ണം ലക്ഷ്യമില്ലാതെ പെരുകി. ചുണ്ടുകൾ വിറച്ചു. കക്ഷങ്ങളിൽ വിയർപ്പു മണികളുരുണ്ടുകൂടി.

പടിപ്പുരയും പൂമുഖവും പിന്നിട്ട് മുറിയിലേയ്ക്കു നടക്കുമ്പോൾ മനസ്സിനെ തണുപ്പിക്കാനെന്നോണം ലാഘവബുദ്ധിയോടെ മറെറന്തോ ചിന്തിച്ചുകൊണ്ടിരുന്നു.

പതിയെ കണ്ണുതുറക്കുമ്പോഴേയ്ക്കും ഉറുമ്പിൻ കൂട്ടങ്ങളിൽ ഭൂരിഭാഗവും പുറത്തേയ്ക്കൊഴുകിപ്പോയിരുന്നു. ശേഷിക്കുന്ന ഉറുമ്പുകളെയത്രയും വിസ്മരിക്കാൻ ശ്രമിച്ചുകൊണ്ടു് മുഖം മറച്ചിരുന്ന തലയിണയെടുത്തുമാററി ഓരം ചെരിഞ്ഞു കിടന്നു.

ഇന്നലെ രാത്രിയും ഉറക്കത്തിൽ ഞാനെന്തൊക്കെയോ വിളിച്ചു പറയുകയുണ്ടായെന്ന് അമ്മതന്നേയാണ് എന്നോടു പറഞ്ഞതു്.

കട്ടിലിൻ വിരിച്ച കോസടിയിൽ ഞാനമ്മയോടു പററിച്ചേർന്നു കിടക്കുകയായിരുന്നു. എന്റെ ചുണ്ടുകളിൽ മുലപ്പാലിന്റെ പൊട്ടിയമരാത്ത കുമിളകളുണ്ടായിരുന്നു. പെട്ടന്നായിരിക്കണം ചരിത്രം പഠിപ്പിക്കുന്ന സൗദാമിനിടീച്ചറുടെ സമൃദ്ധമായ പിൻഭാഗത്തെക്കുറിച്ചുള്ള ചീത്തവിചാരം തീരെ വകതിരിവില്ലാത്തൊരു ചിന്തപോലെ ഓർമ്മയിലേയ്ക്കു കടന്നുവന്നിരിക്കുക.

കണ്ണുതുറന്നപ്പോഴേയ്ക്കും മുറിയിലാകെ ഇരുട്ടു വ്യാപിച്ചിരുന്നു. വസ്ത്രങ്ങളത്രയും വിയർപ്പിൽ കുതിർന്നിരുന്നു.

ഞാനിത്തരം കാര്യങ്ങളെക്കുറിച്ച് ജയപാലപ്പണിക്കരോടു മാത്രമേ സംസാരിക്കാറുള്ളൂ. ജയപാലപ്പണിക്കർ എന്റെ ഫ്രണ്ടാണ്. ഡിഗ്രികോഴ്സിനു പഠിക്കുന്ന ജയപാലപ്പണിക്കർക്ക് എന്നേക്കാൾ രണ്ടുവർഷത്തിന്റെ അധികവളച്ചയും അതിനാൽതന്നെ മേൽച്ചുണ്ടിനെ മറയ്ക്കുന്ന കട്ടിമീശയും, ഇളംനീല ചായം തേച്ച സ്കൂട്ടറും സ്വന്തമായുണ്ടായിരുന്നു. പട്ടണത്തിൽ വല്ലപ്പോഴുമൊക്കെ ഉണ്ടാകാറുള്ള കവിയരങ്ങുകളിലേയ്ക്ക് എന്നെ നിർബ്ബന്ധപൂർവ്വം കൂട്ടിക്കൊണ്ടു പോകാറുള്ളതു് ജയപാലപ്പണിക്കരായിരുന്നു. പരിചയപ്പെട്ടതിനുശേഷമുണ്ടായ കൊച്ചു കാലയളവിനുള്ളിൽതന്നെ അസാധാരണമായൊരു മാനസിക ഐക്യം ഞങ്ങൾക്കിടയിൽ നിലവിൽവന്നിരുന്നു. പക്ഷെ ഇടയ്ക്കിടെ ഗഞ്ചാവു ബീഡി കത്തിയ്ക്കുന്ന ദുഃസ്വഭാവമുണ്ടായിരുന്നു അയാൾക്ക്. ഹാഷീഷ് എന്ന പെയിൻ കില്ലറെകുറിച്ച് എന്നെ പറഞ്ഞു കേൾപ്പിച്ചതും ജയപാലപ്പണിക്കരായിരുന്നു.

കോളേജു ഗാർഡനിലെ ഗാന്ധിപ്രതിമയ്ക്കു താഴേയുള്ള സിമൻറു ബഞ്ചിലിരുന്നു അന്യോന്യം സ്വകാര്യങ്ങൾ പറയുക ഞങ്ങൾ ഒരു പതിവാക്കിയിരുന്നു.

ഉള്ളിലുയർന്നിരുന്ന കിതപ്പിനെ മറച്ചുകൊണ്ടു് വർദ്ധിച്ച ഉത്സാഹത്തോടെ ഞാനോരോ വാചകങ്ങളുരുവിടുമ്പോഴും അയാൾ നിഷേധാർത്ഥത്തിൽ തലയാട്ടിക്കൊണ്ടിരുന്നു.

''മുലപ്പാലിന്റെ സ്വാദെന്താണെന്ന് ജയപാലനറിയ്യോ......?''

ഒടുവിൽ ഞാൻ കിതച്ചുകൊണ്ടു ചോദിച്ചു. ജയപാലപ്പണിക്കർ ചിരിച്ചു. അയാളുടെ ജനനംതന്നെ കട്ടിമീശയോടു കൂടിയായിരുന്നുവെന്നും, ഇളംനീല ചായം തേച്ച സ്കൂട്ടറോടിക്കുന്നതിനു വേണ്ടിയാണ് അയാൾ ഭൂമുഖത്തേയ്ക്കു വന്നതെന്നും തോന്നിച്ചു. പൊട്ടിച്ചിരിക്കിടയിൽ ഞാൻ പറഞ്ഞതത്രയും ഒരു സ്വപ്നമാണെന്നു പ്രഖ്യാപിക്കുകയും തുടർന്ന് അതിനു ന്യായീകരണം തേടാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു അയാൾ.

ക്ലാസ്സുകൾ കഴിഞ്ഞു്, ജയപാലപ്പണിക്കരുടെ സ്കൂട്ടറിനു പുറകിലിരുന്ന് ഐസ്ക്രീം പാർലറിനെ ലക്ഷ്യമാക്കി മുന്നോട്ടു പായുമ്പോഴായിരുന്നു അടുത്ത കോൺവെൻറിലെ മണിയൊച്ച കാതിലേയ്ക്കു വീണതു്. സ്കൂൾവിട്ട ആഹ്ലാദത്തോടെ പലവർണ്ണങ്ങളിൽ ചിതറിത്തെറിയ്ക്കുന്ന കുസൃതിക്കുട്ടികളായിരുന്നു റോഡുനിറയെ.

ഞാൻ കൗതുകപൂർവ്വം നോക്കിയിരുന്നു. എന്റെ ചുണ്ടുകളിൽ മുലപ്പാൽ നുരഞ്ഞുവെന്നും പിന്നീട് ഞാൻ ഓർമ്മയിൽ നിന്നെന്നോണം സംസാരിച്ചതു് പൂമുഖത്തെ ചുമരിൽ ആണിയടിച്ചുതൂക്കിയ ആറുമാസം പ്രായമായ ഒരാൺകുഞ്ഞിന്റെ സത്യസന്ധമായ പുഞ്ചിരിയെക്കുറിച്ചു മാത്രമായിരുന്നുവെന്നും ജയപാലപ്പണിക്കർ എന്നെ ഓർമ്മിപ്പിച്ചു.

സിമൻറു ബെഞ്ചിന്റെ കൈവരിയിൽ കൈമുട്ടുകളൂന്നി തെല്ലൊരു തളർച്ചയോടെ ഗാന്ധിപ്രതിമയിൽ കണ്ണുനട്ടിരിക്കുകയായിരുന്നു ഞാൻ.

''അല്ലെങ്കിലും ഇതൊക്കെ കവിമനസ്സുകളുടെ പൊതുസ്വഭാവമാണെന്നേയ്...... ഋഷികേശൻ നായർ ഭയപ്പെടാതിരിക്കണം.''

ശബ്ദമല്പം ഘനപ്പെടുത്തി ജയപാലപ്പണിക്കരതു പറയുമ്പോഴും ഒരു വങ്കനെപ്പോലെ ചിരിച്ചുകൊണ്ടിരുന്നു അയാൾ.

അന്നുരാത്രി ഞാനെന്റെബാല്യത്തെക്കുറിച്ച് കുറെയേറെ എഴുതി. ഐസ്ക്രീം പാർലറിലേയ്ക്കുള്ള സ്കൂട്ടർ യാത്രയും, കോൺവെൻറു കുഞ്ഞുങ്ങളും മനസ്സിൽ നിറഞ്ഞുനിന്നിരുന്നു.

പൂമുഖത്തെ ചുമരിൽതൂക്കിയ വാൾക്ലോക്കിന്റെ നിശ്ശബ്ദതയിൽ മുഖമമർത്തി, മുറിയിലെ ഏകാന്തത അനുഭവിച്ചറിയുന്നതിനിടയിലാണ് സൗദാമിനി ടീച്ചർ കടന്നുവന്നതു്.

ഞങ്ങളെ ചരിത്രം പഠിപ്പിക്കാനെത്തുന്ന സൗദാമിനി ടീച്ചർക്കു് സമ്പൂർണ്ണമായ പിൻഭാഗമുണ്ടായിരുന്നു.

കോളേജുവിട്ട നേരങ്ങളിൽ ഗാന്ധിപ്രതിമയ്ക്കു താഴേയിരുന്നു് ജയപാലപ്പണിക്കരുമായി സൊള്ളുന്നതിനിടയിലെല്ലാം സൗദാമിനിടീച്ചർ കടന്നുവന്നിട്ടുണ്ടു്. സംഭാഷണത്തിനിടയിൽ ഇടയ്ക്കിടെ മുറിഞ്ഞുവീഴാറുള്ള ഇടവേളകളിൽ നാക്കു് അല്പമൊന്നു പുറത്തേയ്ക്കു നീട്ടി ചുണ്ടുനനയ്ക്കുന്നതു കാണുമ്പോഴൊക്കെ ജയപാലപ്പണിക്കർ പറയും-

''ഈയിടെയായി കവിയ്ക്ക് വിഷയമല്പം ഏറെണ്ട്ണ്ട്.'' കട്ടിമീശയ്ക്കു താഴെ ഒളിപ്പിച്ചുവെച്ച കള്ളച്ചിരിയോടെ ഒരു താക്കീതും.

''ഋഷികേശൻ നായരെ...തനിയ്ക്കു മീശ മൊളയ്ക്കാൻ തുടങ്ങണേള്ളൂ...ട്ടൊ...''

അയാളെൻെറ മേൽച്ചുണ്ടിലെ നനുത്ത രോമങ്ങൾക്കിടയിൽ വിരലുകൾ പായിക്കും.

ഒരു ഞെട്ടലോടെ മുല്ലപ്പടർപ്പുകളിൽനിന്നു നൂണിറങ്ങുമ്പോഴേക്കും വിയർപ്പു ചാലുകൾ എന്നെ നനച്ചിരിക്കും. പാപബോധം നിഴലിയ്ക്കുന്ന കണ്ണുകളോടെ ഞാനന്നു മുഴവൻ മുഖം മറച്ചു നടക്കും. ജയപാലപ്പണിക്കർ ഉച്ചത്തിൽ പൊട്ടിച്ചിരിക്കുന്ന ദിവസങ്ങളിലൊന്നായിത്തീരും അതു്.

ജയപാലപ്പണിക്കർ ഉച്ചത്തിൽ പൊട്ടിച്ചിരിക്കാൻ കാരണമാക്കിയ മററൊരു സംഭവം മാത്രമേ അവശേഷിക്കുന്നുള്ളൂ. അന്നു സിമൻറു ബെഞ്ചിലിരുന്നു സംസാരിക്കാൻ തുടങ്ങുമ്പോഴാണ് ഗാന്ധിപ്രതിമയിൽ വിശ്രമിച്ചിരുന്ന ഒരു കാക്ക സമൃദ്ധിയോടെ കാഷ്ഠിച്ചതു്.

എല്ലാ ദിവസങ്ങളുടേയും അവസാനം പേലെത്തന്നെ മുഷിപ്പു തോന്നിപ്പിക്കുന്നതായിരുന്നു കോളേജിൽനിന്നും പതിവു ബസ്സിൽ വീട്ടിലേയ്ക്കുള്ള മടക്കയാത്ര. ബസ്സിൻെറ ചുമരിനോടു ചേർന്നേ ഞാനിരിക്കുക പതിവുള്ളൂ. യാത്രയുടെ മദ്ധ്യത്തിൽ എവിടെ നിന്നെങ്കിലുമാകാം തികച്ചും പ്രൗഢയായൊരു സ്ത്രീ ബസ്സിൽ കയറിപ്പററിയിരുന്നു.

നിറയെ ആളുകളുണ്ടായിരുന്നു. ബസ്സിൻെറ മുൻഭാഗം നിറഞ്ഞുനിന്നിരുന്ന പെൺകുട്ടികളെയെല്ലാം മാററിനിർത്തിയ എൻെറ കണ്ണുകൾ മദ്ധ്യവയസ്കയായ സ്ത്രീയിൽ തറഞ്ഞുനിന്നതിനു കാരണമുണ്ടായിരുന്നു.

പെൺകുട്ടികളെ എനിയ്ക്കിഷ്ടമായിരുന്നുവെങ്കിലും അവരുടെ കൂട്ടത്തെ എനിയ്ക്കു വെറുപ്പായിരുന്നു. അവരുടെ നീണ്ടു കൂർത്ത മുനയുണങ്ങാത്ത കണ്ണുകൾ എന്നെ കൊത്തിവലിയ്ക്കുമെന്നു ഞാൻ ഭയപ്പെടുകയും ചെയ്തിരുന്നു. പ്രത്യേകിച്ചു കാരണങ്ങളൊന്നും ഇല്ലാതെത്തന്നെ മദ്ധ്യവയസ്കയുടെ നേക്കുണ്ടായ താല്പര്യം മനസ്സിൽ സൂക്ഷിച്ചുവെച്ചു. തലകുനിച്ചു വെറുതെ സീററിനടയിലേയ്ക്കു നോക്കിയിരുന്നു.

ഒട്ടൊന്നുറക്കെയുള്ള ബഹളം കേട്ട് പുറത്തേയ്ക്കു ശ്രദ്ധിയ്ക്കുമ്പോൾ ഗൾഫുകാരൻ കുഞ്ഞമ്മദിൻെറ തുണിക്കടയ്ക്കു മുന്നിലുള്ള മൈൽക്കുററിയോടുചേർന്ന് ബസ്സുനിർത്തിയിരിക്കുന്നതായി അനുഭവപ്പെട്ടു. പെൺകുട്ടികളിലേറിയ പങ്കും അവിടെയിറങ്ങുമെന്നറിയാമായിരുന്നതുകൊണ്ടു ഞാൻ വീണ്ടും സീററിനടിയിലേക്കു മടങ്ങി.

പെട്ടെന്ന് ചെറുപ്പക്കാരനായ കണ്ടക്ടറുടെ ഉച്ചത്തിലുള്ള ശബ്ദം കേട്ടു.

'' ഹേയ്......ഒന്നു നില്ക്കണം. നിങ്ങൾ ടിക്കററെടുത്തില്ല...അതെയതെ നിങ്ങളോടു തന്ന്യാപറഞ്ഞതു്.. ''

ഞാൻ സീററിനടിയിൽനിന്നും തലയുരിയെടുത്തു. ജനത്തിനിടയിൽ ധൃതിപ്രാപിച്ച പൂച്ചക്കാലുകളുമായി മദ്ധ്യവയസ്ക തിരിഞ്ഞുനിന്നു. ചുണ്ടുകളെ വിരിയിച്ച ഒരു മഞ്ഞച്ചിരിയോടെ വാനിററി ബാഗ് തുറക്കുന്നതിനിടയിൽ മദ്ധ്യ
യസ്ക പറയുന്നതു കേട്ടു.

—'' ഓ......ഈ വല്ലാത്ത ബഹളത്തിനിടയിൽ ഞാ
തങ്ങു മറന്നു...... ''

കണ്ടക്ടർ പതുക്കെയൊന്നു കാക്കിച്ചു.

''—വണ്ടിക്കൂലിക്ക് കാശില്യാന്നെങ്കി... അതുപറഞ
മത്യാന്നു...''

ബസ്സിൽ നിന്നിറങ്ങിയ പെൺകുട്ടികളും, സീററി
രിക്കുന്ന യാത്രക്കാരും വല്ലാത്തൊരു ഭാവത്തോടെ മദ്ധ്യ
സ്കയെ നോക്കുന്നതു കണ്ടു. ബഹളംകേട്ടു പുറത്തേക്കിറ
വന്ന തുണിക്കടയിലെ ജോലിക്കാർ ചിരിയമർത്തിക്കൊ
കടയിലേക്കു കയറിപ്പോയി.

തിരക്കിനിടയിലേക്ക് തുണിയുരിക്കപ്പെട്ടവനാ
ഞാൻ തെറിച്ചു വീണു. വാനിററിബാഗു തുറക്കുന്ന മദ്ധ
യസ്കയുടെ ചിരിയും, കണ്ടക്ടർ കാക്കിക്കുന്ന മിനുസമില്ലാ
ഒച്ചയും ശിരസ്സിനുള്ളിലേക്ക് ചൂളം വിളിയോടെ പാ
കയറി. ഞാനെൻെറ നഗ്നതയൊളിപ്പിക്കാൻ പാടുപ്പെ
കക്ഷങ്ങളിൽ ഉറവുപ്പൊട്ടി.

വണ്ടി നിന്നപ്പോൾ ഞാൻ സീററിൽനിന്നും ചാടി
ന്നേററു. ഷർട്ടിൻെറ കീശയിലേക്കു വിരലുകൾ പാ
നനഞ്ഞു കുതിർന്ന ടിക്കററുയർത്തിപ്പിടിച്ചുകൊണ്ട് ഒ
റക്കെ വിളിച്ചു പറഞ്ഞു.

''കണ്ടക്ടർ സാറെ......ഋഷികേശൻ നായർ ടിക്ക
ത്തിട്ടുണ്ട്......ട്ട്വോ, ഞാൻ കാശു തരണതു് ആ
സ്കൻ കണ്ടതാ......ഒരു പുത്തൻ ഉറുപ്പികാർന്നു......''

## സുനിൽകുമാർ എ. ജി.

പിഞ്ഞിപ്പോയ കടലാസ്സു കഷ്ണം കണ്ടക്ടറുടെ മുഖത്തേ
റിഞ്ഞു ഞാനോടി.

ജയപാലപ്പണിക്കരുടെ പൊട്ടിച്ചിരിയുടെ ഔ
ത്തിൽ സിമൻറു ബെഞ്ചിനു വിള്ളലുകളുണ്ടായി. ചെ
ച്ചിരിക്കിടയിൽ ഗഞ്ചാവിൻെറ പുക ആകാശത്തേ
ഞ്ഞിട്ട് നുറുങ്ങിപ്പോയ വാക്കുകൾകൊണ്ടയാൾ പറഞ്ഞു

ഋഷികേശൻ നായരേ...
താൻ യാഥാർത്ഥ്യത്തിൻെറ കവിയാകുന്നു......കാ
ത്തിൻെറ നിശ്വാസം നിൻേറതാകുന്നു......

പൊട്ടിച്ചിരിയുടെ അവസാനത്തിൽ ബീഡിത്തുണ്ട്
ച്ചെറിഞ്ഞ് സ്കൂട്ടർ സ്റ്റാർട്ടാക്കി അയാൾ നഗരത്തി
പാഞ്ഞുപോയി. സിമൻറു ബെഞ്ചിൽ നിന്നെ
ബസ്സ്റ്റോപ്പിലേക്കു നടക്കുമ്പോൾ ഗാന്ധിപ്രതിമ
പുതിയതായി പതിച്ച കറുത്ത ചിത്രത്തെക്കുറിച്ചുള്ള
എന്നെ വേദനിപ്പിച്ചു.

കട്ടിലിൽ നിന്നേഴുന്നേററിരുന്നു. കട്ടിലിൻെറ
നെഞ്ചുററി ജനലിനരികിലേക്കു പാഞ്ഞുപോകുന്ന
കറുത്തരേഖ കണ്ണിലുടക്കി. ഉറുമ്പുകളോരോന്നും
യാതെ തലച്ചോറിലേക്കു പ്രവേശിച്ചു.

സന്ധ്യക്കു നടക്കാനിറങ്ങുക എന്നതു് ഒരു ശീല
പരിണമിച്ചിരുന്നു. ആദ്യമൊക്കെ തിരക്കേറിയ ന
ലൂടെ നടക്കുന്ന പതിവെനിക്കില്ലായിരുന്നു.

ക്രൈസ്ററ് കേ

ടാർചെയ്ത നിരത്തിന്റെ വടക്കോട്ടുള്ള വളവും പിന്നിട്ട് ഏറെക്കഴിഞ്ഞതിനുശേഷം ചെമ്മണ്ണുനിറഞ്ഞ റോഡിലേയ്ക്കിറങ്ങാൻ തുടങ്ങുമ്പോഴാണ് അവരെ കണ്ടത്. അവർ മൂന്നുപേരുണ്ടായിരുന്നു. പല സായാഹ്ന സവാരികളിലും അവരെന്നെ മറികടന്നു പോകുകയോ, എനിക്കു പുറകിലായി സഞ്ചരിക്കുകയോ ചെയ്തിട്ടുണ്ട്. അവർ മൂന്നുപേരും ആത്മബന്ധമുള്ള സുഹൃത്തുക്കളായിരിക്കുമെന്നു ഞാനൂഹിച്ചിരുന്നു. മൂന്നുപേർക്കും ജയപാലപ്പണിക്കരുടെതിനേക്കാൾ കട്ടികൂടിയ മേൽമീശയുണ്ടായിരുന്നുവെന്നതിനാൽ സുന്ദരന്മാരുമായിരുന്നു.

ഏതാണ്ട കയ്യകലത്തോളം അടുത്തുവന്നപ്പോൾ മൂന്നു പേരും നിന്നു. അവരിൽ ഏററവും സുന്ദരനെന്നു തോന്നിച്ച ഒരാൾ എനിയ്ക്കരിലേക്കു നടന്നുവന്നു. ഒരുരഹസ്യം പറയുന്ന സൂക്ഷ്മതയോടെ അയാൾ ചുണ്ടുകൾ ചലിപ്പിച്ചു.

''വടക്കെ വളവിലെ ടെറസ്സിട്ട വീട്ടിലെ ക്രിസ്ത്യാനി പെൺകുട്ടിയുമായി ഋഷികേശൻനായർക്കെന്താ ബന്ധം?''

രാവിലെ മഴപെയ്തിട്ടുണ്ടായിരുന്നു. കാലുകൾ നനഞ്ഞ മണ്ണിലേക്കു താഴ്ന്നു.

ജയപാലപ്പണിക്കരോടുപോലും പറഞ്ഞിട്ടില്ലാത്ത സ്വകാര്യബന്ധമായിരുന്നു. വടക്കേ വളവിലെ ടെറസ്സിട്ട വീട്ടിലെ പ്രസരിപ്പുള്ള പെൺകുട്ടിയെ എനിക്കിഷ്ടമായിരുന്നു. ഇതിനിടെ ഞാനാപെൺകുട്ടിയോട് എന്തെങ്കിലുമൊക്കെ സംസാരിക്കുകയും ചെയ്തിരുന്നു. ആ കുട്ടിയെ കണ്ടുമുട്ടാൻ തുടങ്ങിയതിൽപ്പിന്നെ സൗദാമിനി ടീച്ചറുടെ പിൻഭാഗത്തെക്കുറിച്ചുള്ള ചിന്ത മാഞ്ഞുപോകാൻ തുടങ്ങിയിരുന്നു.

ടാറിട്ട റോഡിലൂടെ ചീറിപ്പാഞ്ഞുകൊണ്ടുവന്ന വാഹനം തികച്ചും അപ്രതീക്ഷിതമായി ചെമ്മൺ പാതയിലേക്കു തിരിഞ്ഞു. റോഡുനിറയെ ചളിക്കുണ്ടുകളുണ്ടായിരുന്നു. ദേഹമാസകലം ചേറ് വന്നുപൊതിഞ്ഞു. വാഹനത്തോടൊപ്പം സുന്ദരന്മാരുടെ പൊട്ടിച്ചിരിയും വർദ്ധിച്ച വേഗതയിൽ കിഴക്കോട്ടു പാഞ്ഞുപോയി.

ഞാനവിടെനിന്നും ഓടിപ്പോരുകയായിരുന്നു. ഞാനാദ്യമായി ജയപാലപ്പണിക്കർ പറയാറുള്ള ഹാഷിഷ് എന്ന പെയിൻ കില്ലറെക്കുറിച്ചു ചിന്തിച്ചതും അപ്പോഴായിരുന്നു.

---

## പഥേർ പാഞ്ചാലി

## നടപ്പാതയുടെ സംഗീതം

**മാ**ഘമാസത്തിലെ ഒരു തണുത്ത രാത്രിയിൽ സർബോജയയ്ക്കു (കരുണാബാനർജിയാണ് ആ ഭാഗമഭിനയിയ്ക്കുന്നത്) ഒരാൺകുഞ്ഞു പിറക്കുന്നു. ഹരിഹർ (സർബോജയയുടെ ഭർത്താവ്—കനു ബാനർജി.) സന്തോഷവാനാണ്. ഭാഗ്യമെന്നുതന്നെ പറയട്ടെ ഹരിഹറിന് കുറച്ചാഴ്ചകൾക്കകംതന്നെ സമീന്ദാരുടെ ഖജനാവിൽ ഒരു കണക്കെഴുത്തുകാരന്റെ പണി കിട്ടുന്നു. വയസ്സിയായ ഇന്ദിർ നവജാതനായ അപ്പുവിനെ താരാട്ടു പാടിയുറക്കുമ്പോൾ ഹരിഹർ, സർബോജയ മൊത്തു് അടുക്കളയിലിരുന്ന് ഭാവിയെക്കുറിച്ച് ആലോചിച്ച് ഉറയ്ക്കുന്നു. അയാളിലെ ശുഭാപ്തിവിശ്വാസവും നല്ല നാളുകളെക്കുറിച്ചുള്ള സ്വപ്നങ്ങളും സർബോജയയിലേയ്ക്കും പകരുകയാണ്.

ആറു വർഷങ്ങൾക്ക് ശേഷമുള്ള സംഭവങ്ങളാണ് കഥയിൽക്കൂടി പിന്നീട് ചുരുളഴിയുന്നത് (സാമ്പത്തിക കാരണങ്ങളാൽ, പാഥേർ പാഞ്ചാലിയുടെ നിർമ്മാണം എട്ടുമാസത്തോളം നിർത്തിവയ്ക്കേണ്ടതായി വന്നു. ആ എട്ടുമാസത്തെ ഇടവേള, ആറുവർഷങ്ങൾക്കുശേഷമുള്ള കഥയാണ് ഇനി പറയാനുള്ളത് എന്നിരിക്കെ, ചിത്രത്തിന് സ്വാഭാവികത (naturality) കൊടുക്കുന്നു. ഉദാഹരണത്തിന്, ചിത്രത്തിന്റെ ആദ്യഷോട്ടുകളിൽ പ്രത്യക്ഷമാവുന്ന, സർബോജയും മററും നട്ടുനനച്ചു വളർത്തിയിരുന്ന ചെടി ചിത്രീകരണം നിർത്തിവച്ചിരുന്ന കാലത്തു് വളർന്ന് വൃക്ഷമായിരുന്നു. വൃക്ഷം പിന്നീടും ചിത്രത്തിൽ പ്രത്യക്ഷമാവുന്നുണ്ട്.

ഹരിഹർ അപ്പോഴും സമീന്ദാരുടെ ഖജനാവിൽത്തന്നെയാണ്. വീട് ഇടിഞ്ഞുപൊളിഞ്ഞു്, മുൻപത്തേക്കാൾ പഴക്കം തോന്നിയ്ക്കുന്നു. ദുർഗ്ഗയ്ക്ക് പന്ത്രണ്ടുവയസ്സായി. (ദുർഗ്ഗയുടെ ഭാഗം, രാങ്കിബാനർജിയെന്ന ബാലിക, കുറേക്കൂടി വളർച്ചയെത്തിയ ഉമാദാസ് ഗുപ്തയെ ഏൽപ്പിച്ചു കഴിഞ്ഞു. ദുർഗ്ഗയ്ക്കു പന്ത്രണ്ടുവയസ്സായല്ലോ.) അമ്മയാലും പെങ്ങളാലും പരിലാളിതനായിക്കഴിയുന്ന അപ്പു അടുത്തുള്ള പള്ളിക്കൂടത്തിലേയ്ക്ക് പോകാൻ തുടങ്ങിയിട്ടുണ്ട്. പച്ചക്കറി വില്പന നടത്തുന്നതോടൊപ്പം അദ്ധ്യാപനവും നടത്തിവരുന്ന 'പണ്ഡിററ്' ആണ് അദ്ധ്യാപകൻ. (തുളസീ ചക്രവർത്തിയാണ് അദ്ധ്യാപകന്റെ വേഷമിടുന്നത്. പിന്നീട് പരാസ്പത്തറിൽ കേന്ദ്രകഥാപാത്രത്തെ വ്യാഖ്യാനിക്കുന്നതിയ്യാളാണ്. സാധാരണയിൽനിന്നും വിഭിന്ന മുഖഭാവങ്ങളുള്ള ചക്രവർത്തിയുടെ പ്രയോജനം സത്യജിത്റേ ശരിയ്ക്കും മനസ്സിലാക്കിയിരുന്നു). അപ്പുവോടൊപ്പം പള്ളിക്കൂടത്തിൽ വേറെ എട്ടു കുട്ടികളുമുണ്ട്.

ഒരു നട്ടുച്ച. സർബോജയ അപ്പുവിന് ആഹാരം പകർന്നു കൊടുക്കുകയാണ്. പെട്ടെന്ന് മിസസ്. മുഖർജി അവരുടെ രണ്ടുപെൺമക്കളുമായി അവിടെയെത്തുന്നു. കോപം നിഴലിട്ട ഒരു മുഖഭാവമാണ് അവരുടേത്. അത്ഭുതവിവശയായ സർബോജയ എന്താണുണ്ടായതെന്ന് പറയുവാൻ മിസസ്. മുഖർജിയോട് കേഴുന്നു. അന്നുച്ചയ്ക്ക്, മകളായ പിഞ്ചിയുടെ മാല മോഷണം പോയിരിയ്ക്കുന്നു. മോഷണക്കുററം മിസസ്. മുഖർജി ദുർഗ്ഗയിൽ ആരോപിക്കുകയാണ്. സർബോജയ ദുർഗ്ഗയെ വിളിച്ച് പരിശോധിക്കുന്നു; പക്ഷെ അവളുടെ ശരീരത്തിലെങ്ങും തന്നെ മോഷണവിധേയമായ മാല കാണുന്നില്ല. മാല കണ്ടെത്താനുള്ള ശ്രമം വിഫലമാകുന്നതോടെ മിസസ്. മുഖർജി രോഷാകുലയാകുന്നു. സർബോജയയെ, മതിയാവോളം തെറി പറഞ്ഞു് വന്നതുപോലെത്തന്നെ മിസസ്. മുഖർജി തിരിച്ചുപോവുകയാണ്. കണക്കില്ലാതെ

നാണംകെടുകയും, മനസ് വ്രണപ്പെടുകയും ചെയ്ത സർബോജയ തൻെറ ദേഷ്യം മുഴുവൻ ദുർഗ്ഗയുടെ മേൽതീർക്കുന്നു. ദുർഗ്ഗ വീട്ടിനു പുറത്താക്കപ്പെടുകയാണ് ചെയ്യുന്നത്. വയസ്സായ ഇന്ദിർ ഇടപെടുവാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ ദേഷ്യം മൂത്ത സർബോജയയിൽനിന്ന് വഴക്കുകിട്ടാനേ അതുപകരിക്കുന്നുള്ളു. അപ്പു എല്ലാം കണ്ടുനില്ക്കുന്നു. ഭയത്താൽ മൂകനായി.

രോഷം മൂത്ത സർബോജയ ദുർഗ്ഗയെ ശാസിക്കുന്നതു് റിയലിസ്റ്റിക് അഭിനയത്തിൻെറ മനോഹരമായ മുഹൂർത്തങ്ങളിലൊന്നാണ്. ആ നിമിഷങ്ങൾ നമ്മെ നൊമ്പരപ്പെടുത്തുകയും ചെയ്യുന്നു. 1950-ൽ സത്യജിത്റേ, റോബർട്ടോ റോസല്ലിനിയുടെ രണ്ടു ചിത്രങ്ങൾ, 'ഓപ്പൺ സിററി' യും 'ലാ വോസ് ഹ്യൂമാനാ' യും കണ്ടിരുന്നു. അന്നാ മഗ്‌ദാനിയുടെ അഭിനയമാണ് റേയ്ക്ക് ഏററവും കൂടുതൽ വൈകാരികാനുഭൂതി പകർന്നതു്. റേയുടെ മനസ്സിൽ മായാതെ കിടന്നതും മഗ്‌ദാനിയുടെ അഭിനയമായിരുന്നു. കരുണാ ബാനർജി, ദുർഗ്ഗയെ തലമുടിയിൽ പിടിച്ചുവലിച്ചും നിലത്തിഴച്ചും ഗേററിനു വെളിയിലാക്കുമ്പോൾ മാഗ്‌ദാനിയുടെ അഭിനയത്തിലെ വികാര വിസ്ഫോടന രംഗങ്ങളോടു തുലനം ചെയ്യാവുന്ന വൈകാരിക ഗുണമാണ് അവർ ആർജ്ജിക്കുന്നതു്. സംസ്കാരശൂന്യയായ ഒരു സ്ത്രീ (മിസസ്. മുഖർജി) വഴിവയ്ക്കുന്ന മാനഹാനിയുടെ നേർക്ക് വെറും സാധാരണക്കാരിയായ ഒരമ്മയ്ക്കുള്ള രോഷത്തിൻെറ, പ്രതീകാത്മകമായ ഒരു രംഗമാണ് അതു്.



അധികം കഴിയുന്നില്ല, അതിനുമുമ്പുതന്നെ, ദുർഗ്ഗയോടു് താനെന്തുമാത്രം ക്രൂരതയാണ് കാട്ടിയതെന്ന് സർബോജയ മനസ്സിലാക്കുന്നു. ദുർഗ്ഗയെ അന്വേഷിച്ചു കണ്ടെത്തി തിരിച്ചു കൊണ്ടുവരാൻ അപ്പുവിനെ അവർ വെളിയിലേക്കയയ്ക്കുന്നു. ആ കടമ ചെയ്യാൻ അപ്പുവിന് സന്തോഷമേയുള്ളു. അപ്പുവോടൊപ്പം ദുർഗ്ഗ തിരിച്ചുവീട്ടിലെത്തുന്നു. അന്നുരാത്രി വയസ്സിയായ ഇന്ദിർ രണ്ടുകുട്ടികൾക്കും യക്ഷിക്കഥ പറഞ്ഞുകൊടുത്തുകൊണ്ടിരിക്കുമ്പോൾ, ഹരിഹർ തനിക്കു കിട്ടേണ്ട മൂന്നുമാസത്തെ ശമ്പളവും ഒരു ധനിക കർഷക കുടുംബത്തിൽ ഒരു ജോലിക്കുള്ള കരാറുമായി മടങ്ങിയെത്തുന്നു. എങ്കിലും അഭിമാനിയായ ഹരിഹർ അതു് സ്വീകരിക്കാൻ വലിയ തിടുക്കമൊന്നും കാട്ടുന്നില്ല.

ദാരിദ്ര്യം മനുഷ്യനെ എത്രമാത്രം രാകിയൊതുക്കുമെന്ന വസ്തുതയിലേക്ക് ഇത്രകണ്ട് ചുഴിഞ്ഞിറങ്ങുന്ന ചിത്രങ്ങൾ വളരെക്കുറച്ചേയുള്ളു. വൈകാരികത്വത്തിൻെറ കാര്യത്തിൽ കുറച്ചു ചിത്രങ്ങളേ പഥേർ പാഞ്ചാലിക്കു പിന്നിലായിട്ടുള്ളു. എങ്കിലും വളരെക്കുറച്ചു ചിത്രങ്ങളേ വികാരങ്ങളുടെ ആധികാരികത്വം ഇത്രത്തോളം ആഴത്തിൽ സംരക്ഷിക്കുന്നുള്ളു. ജീവിതത്തിലെന്നപോലെ, നമ്മെ ഏററം വേദനിപ്പിക്കുന്ന നിമിഷങ്ങളുടെ കാഠിന്യത്തെപ്പോലും, അബോധപൂർവ്വം കടന്നുവന്ന് നമ്മെ ചിരിപ്പിക്കുന്ന എന്തെങ്കിലുമൊന്ന് റേയ്ക്കുമാ

യ്ച്ചു കളഞ്ഞുകൂടായ്കയില്ല. പഥേർ പാഞ്ചാലി കണ്ടു
ണ്ടിരിക്കുന്ന ഒരാളുടെ മനോപ്രകൃതി (mood)യും ഒന്ന
നിന്ന് മറെറാന്നിലേക്ക് നിരന്തരമായി മാറിക്കൊണ്ടി
ക്കുന്നു. ജീവിതത്തെ അതിൻെറ എല്ലാ പൂർണ്ണതകളോടും
ത്തന്നെ നാം അത്തരമൊരു പ്രക്രിയയിലൂടെ അനുഭവിച്ച
യുന്നു. അതിലെ, ഒരു ഭാവഗീതിപോലെ സുന്ദരമായ, യ
ത്ഥവും ഉല്ലാസപ്രദവുമായ കൗമാര കാലാനുഭവങ്ങൾ, ഭ
ജനിപ്പിക്കുന്ന ദാരിദ്ര്യാവസ്ഥയിൽ വീണ്ടുംവീണ്ടും വ
ട്ടുന്നു; ഇരുണ്ട ഒരു വനത്തിൽ ഇഴഞ്ഞെത്താൻ വെമ്പ
വെയിൽച്ചീളുകളെപ്പോലെ. വേദനിപ്പിക്കുന്ന കൊച്ചുകൊ
വഴക്കുകളും ഭക്ഷണ സമ്പാദനത്തിനുള്ള ഉപാധികളും മ
ങ്ങളും മിഠായി വില്പനക്കാരൻെറ ആവർത്തിച്ചുള്ള സന്ദർ
ങ്ങൾക്കു വഴിതെളിക്കുന്നു. അയാളുടെ കൂടപോലും ര
ങ്കറിൻെറ സംഗീതത്തിനൊത്തു് നൃത്തം തുള്ളുകയാണ്.

'പൂജ' വരുന്നു. അപ്പുവിനും ദുർഗ്ഗയ്ക്കും മുതിർന്ന
പ്പോലെ ദാരിദ്ര്യത്തിൻെറ കാഠിന്യം അനുഭവപ്പെടുന്ന
അവരുടേതായ കൊച്ചുമാർഗ്ഗങ്ങളിൽക്കൂടി അവർ സന്തോ
ക്കുന്നു. അപ്പുവിൻെറ ഭാവനയെ ഉത്തേജിപ്പിക്കുന്നതു്
ജാത്രാ (ഗ്രാമത്തിലെ നാടകശാല) പ്രകടനമാണ്. വ
ലെത്തിയശേഷം ദുർഗ്ഗയുടെ ആഭരണങ്ങളണിഞ്ഞു് ന
ത്തിലെ രാജാവിനെപ്പോലെ വേഷം കെട്ടിക്കളിക്ക
(ഇവിടെ പ്രേക്ഷകൻ, റേയുടെ ചിത്രങ്ങളിൽ പിന്നീട്
പ്പോഴും ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്ന ഒരു വസ്തുവി
നിലക്കണ്ണാടിയെ — പരി
പ്പെടുന്നു. കണ്ണാടികൾ
രെയധികം രസകരമായ
ശ്യമാതൃക (visual patt
കളുടെ നിർമ്മിതിയെ സഹ
ക്കുന്നു, മുറികളുടെ വീ
കോണങ്ങളുൾപ്പെടെ.
ഞ്ചൻ ഗംഗ' യിലെ സ
സത്തിനുള്ള ആ കുടിൽ
ഉദാഹരണം. Mirror-
ഏററവും പ്രതീകാത്മക
ഉപയോഗം ഒരു പക്ഷ
'അഭിജാനി'ലെ ആദ്യ
മാണ്. പൊട്ടിയ ന
ണ്ണാടി അവിടെ നാർസ
ൻെറ മാനസികാവസ്
പ്രതിഫലിപ്പിക്കുന്നു.) അപ്പു തൻെറ ആഭരണങ്ങളെ
വിവരം ദുർഗ്ഗ മനസ്സിലാക്കുന്നു. അവർ വഴക്കിടുകയ
ദുർഗ്ഗ തൻെറ കൊച്ചനിയനോടു് ദേഷ്യം അഭിനയിച്ചു്
പ്പോവുന്നു; ഗ്രാമത്തിനു വെളിയിലേക്ക്, പുഴക്കരികി
മൈതാനികൾക്കും നെൽപ്പാടങ്ങൾക്കും കുറുകെ.
ചേച്ചിയുടെ കൂട്ടുകെട്ട് നഷ്ടപ്പെടുമെന്ന് ഭയന്ന് അ
എന്തിനും തുനിഞ്ഞവനായി ദുർഗ്ഗയെ പിൻതുടരുകയ
ഓടിയോടി അവരെത്തുന്നതു് അന്നുവരെ അവർക്കിര
അപരിചിതമായിരുന്ന 'കാഷ്' വയലിലാണ്. (ക
ഒരു പ്രത്യേക ഋതുവിൽ മാത്രം പുഷ്പിക്കുന്ന ചെടിയ
വെളുത്തു് മനോഹരമായ പുഷ്പം. പൂവിട്ടു നില്ക്കു
പ്രദേശമാകെ വെൺമ പരത്തി ചേതോഹരമായ കാഴ്
പ്രദാനം ചെയ്യുന്നു. 'കാഷ്' വയലിലെ രംഗമാണ
കാരണങ്ങൾകൊണ്ടും, ആദ്യം ക്യാമറയിലാക്കാൻ റേ ത

നിച്ചതു്. ആദ്യ ദിവസത്തെ ചിത്രീകരണം കഴിഞ്ഞു് അടുത്ത ദിവസം എല്ലാം തയ്യാറാക്കി വന്നുനോക്കിയപ്പോൾ 'കാഷ്' പുഷ്പങ്ങളെല്ലാംതന്നെ അപ്രത്യക്ഷമായിരിക്കുന്നതു് അവരെ നിരാശപ്പെടുത്തിയ കഥ റായി തന്റെ ഒരു പുസ്തകത്തിൽ വിവരിക്കുന്നുണ്ടു്. ലൊക്കേഷനാകെ പുഷ്പങ്ങളും ചെടികളും പുല്ലുകളുംപോലുമില്ലാതെ തവിട്ടുനിറമാണ്ടു് കിടന്നിരുന്നു. അലഞ്ഞു നടന്നിരുന്ന കന്നുകാലികൾ അവ തിന്നു തീർക്കുകയാണുണ്ടായതു് എന്നു് ഒടുവിലവർ മനസ്സിലാക്കി. രണ്ടു മാർഗ്ഗങ്ങളേ മുന്നിലുണ്ടായിരുന്നുള്ളു. ഒന്നു് അടുത്ത വർഷം അവ പുഷ്പിക്കുന്നതുവരെ കാത്തിരിക്കുക. രണ്ടു്, 'കാഷ്' വയലിൽ അപ്പുവും ദുർഗ്ഗയും അഭിനയിക്കുന്ന രംഗമാകെത്തന്നെ കഥയിൽനിന്നും മാററി, വേറെയേതെങ്കിലും ലൊക്കേഷനിൽവച്ചു് ആ ഭാഗങ്ങൾ അവരെക്കൊണ്ടു് അഭിനയിപ്പിക്കുക. റേക്ക് അതൊട്ടുംതന്നെ ഇഷ്ടമായിരുന്നില്ല. ഒടുവിൽ ബംഗാൾ ഗവൺമെൻറിന്റെ സാമ്പത്തിക സഹായത്തോടെ, രണ്ടുവർഷങ്ങൾക്കുശേഷം അതേ സ്ഥലത്തു്, അതേ 'കാഷ്' വയലിൽത്തന്നെ മുഴുവൻ രംഗങ്ങളും, ആദ്യംമുതൽക്കു് ചിത്രീകരിക്കുകയുണ്ടായി). വയലിന്റെ അതിർത്തിയിൽവച്ചു് അപ്പുവും ദുർഗ്ഗയും ഒരുമിച്ചു ചേരുന്നു; അവരുടെ നീണ്ട പ്രയാണത്തിനു് ഒരു സമ്മാനമെന്നോണം, തികച്ചും അപ്രതീക്ഷിതമായി തീവണ്ടിയെ ക്ഷണനേരത്തേക്കു് ദർശിക്കാനുള്ള അവസരം അവർക്കിരുവർക്കും ലഭിക്കുകയും ചെയ്യുന്നു. അവരുടെ ആദ്യത്തെ കാഴ്ചയാണതു്. തീവണ്ടി അവരെ വിസ്മയംകൊള്ളിക്കുന്നു. 'കാഷ്' പാടത്തിന്റെ വിദൂരമായ അതിർവരമ്പിൽ ഒരു കളിപ്പാട്ടത്തെപ്പോലെ ഇഴഞ്ഞുനീങ്ങുന്ന തീവണ്ടി, ആധുനിക ലോകം ഗ്രാമ ജീവിതത്തിൽ മുറിച്ചുകടക്കാൻ ശ്രമിക്കുന്നതിന്റെ പ്രതീകാത്മകമായ ചിത്രമാണു്. തീവണ്ടിക്കു്, അപ്പുവിന്റെ വളർച്ചയിലും അവന്റെ ജീവിതത്തിലെ ചില സുപ്രധാന സംഭവങ്ങളിലും എന്തു പങ്കാണുള്ളതെന്നു് അപ്പുവിനെ പൂർണ്ണതയിലെത്തിക്കുന്ന 'അപരാജിത' യിലും 'അപ്പുർസൻസാറി'ലുംകൂടി വരച്ചു കാട്ടുന്നുണ്ടു്. ഇവിടെ അപ്പു അതിന്റെ അസ്തിത്വത്തെ വിസ്മയപൂർവ്വം കണ്ടെത്തുകയാണു്.

പഥേർ പാഞ്ചാലിയിലെ, തീവണ്ടിയുടെ സീക്വൻസ് തന്റെ ചിത്രങ്ങളുടെ sound track-നു വേണ്ടി യഥാർത്ഥ ശബ്ദങ്ങളെത്തന്നെ പരമാവധി ഉപയോഗപ്പെടുത്തുന്ന റേയുടെ സ്വഭാവം സ്ഥിരപ്പെടുത്തുന്നുണ്ടു്. അപ്പുവിലെ അന്വേഷണ കൗതുകത്തെ ടെലഗ്രാഫ് കമ്പികൾ ഉണ്ടാക്കുന്ന വിചിത്രശബ്ദങ്ങൾ തൊട്ടുണർത്തുന്നു. ഈ അന്വേഷണ കൗതുകം, ജിജ്ഞാസ—അപ്പുവിന്റെ പിന്നീടുള്ള വളർച്ചയിൽ എത്രയോ പ്രധാനപ്പെട്ട ഒരു പങ്കുവഹിക്കുന്ന ആ ഗുണവിശേഷം—ഇവിടെനിന്നുമാണു് തുടങ്ങുന്നതു്.

വീട്ടിൽനിന്നും പുറത്താക്കപ്പെട്ട വയസ്സിയായ ഇന്ദിർ (എൺപതുവയസ്സായ ചുനീബാലദേവിയാണു് ഇന്ദിറിന്റെ ഭാഗമഭിനയിക്കുന്നതു്) വീണ്ടും മടങ്ങിച്ചെല്ലുന്നു. ഇത്തവണ അവർക്കു് രോഗം പിടിപെട്ടിരിക്കുന്നു. തന്റെ വീട്ടിൽത്തന്നെ മരിക്കാൻ അനുവദിക്കണമെന്നു് അവർ സർബോജയയോടു് യാചിക്കുന്നു. പക്ഷെ, അപ്പോഴും സംശയങ്ങൾ വിട്ടുമാറിയിട്ടില്ലാത്ത സർബോജയ അതു് നിരസിക്കയാണു്. അങ്ങനെ ഇന്ദിറിനു് വീണ്ടും വീടിനോടു് യാത്ര പറയേണ്ടി വരുന്നു. അവർ വിറച്ചു് വിറച്ചു് പുറത്തേയ്ക്കു് പോകുന്നു. അപ്പുവും ദുർഗ്ഗയും വീട്ടിലേക്കു മടങ്ങിവരുമ്പോൾ മുളങ്കാട്ടുകൾക്കിടക്കു് കിടക്കുന്ന ഇന്ദിറിനെയാണു് കാണുന്നതു്. രണ്ടുപേരും ഇന്ദിറിന്റെ അടുത്തേക്കുചെല്ലുന്നു; അമ്മായിയെ കണ്ടെത്തിയതു് അവരിൽ സന്തോഷമുളവാക്കുന്നു. അത്രകണ്ടാണു് അവർ രണ്ടുപേരും ഇന്ദിരാമ്മായിയെ സ്നേഹിക്കുന്നതു്. പക്ഷെ ദുർഗ്ഗ, കുട്ടികളിൽ കൂടുതൽ മൂപ്പെത്തിയവളും അതിനാൽ കൂടുതൽ അറിവുള്ളവളുമായ ദുർഗ്ഗ, ഞെട്ടലോടെ തന്റെ പ്രിയപ്പെട്ട അമ്മായി മരിച്ചതായി മനസ്സിലാക്കുന്നു.

ജീവിതത്തിന്റെ സായാഹ്നത്തിൽ ചുനീബാല അസാധാരണമായൊരു കഥാപാത്രത്തെ സൃഷ്ടിച്ചു. അവരുടെ കഥാപാത്രസൃഷ്ടിയുടെ ഏററവും മറക്കാനാവാത്ത ഘടകം, വാർദ്ധക്യത്തിന്റെ ഒരു സൂചനപോലുമില്ലാതെ, അവരിൽ നുരയിട്ടിരുന്ന ജീവിതത്തിന്റെ ആഹ്ലാദവും പ്രസരിപ്പും കലർന്ന അംശത്തെ എത്രകണ്ടു് സമർത്ഥമായാണു് പ്രേക്ഷകനിലേക്കു് പകരുന്നതു് എന്നതാണു്. യഥാർത്ഥ ജീവിതത്തിൽ കാലം അവരോടു കാട്ടിയ ക്രൂരതകളെയൊക്കെ സൗകര്യപൂർവ്വം വിസ്മരിച്ചു് അവർക്കെങ്ങനെ നിഷ്കളങ്കമായി ചിരിക്കാൻ കഴിഞ്ഞു എന്നതു് നമ്മെ അതിശയപ്പെടുത്തും. ഇന്ദിറിന്റെ കഥാപാത്ര സൃഷ്ടിക്കുവേണ്ടി അത്തരം ക്രൂരമായ അനുഭവങ്ങളെ എത്രമാത്രം ശക്തിയോടെ പുനരാവിഷ്കരിക്കാൻ ചുനീബാലക്കു സാധിച്ചു എന്നതാണു് അതിലേറെ പ്രധാനം.

ഇന്ദിറിന്റെ മരണം കഥയിലെ പ്രധാനപ്പെട്ട ക്ലൈമാക്സുകളിൽ ആദ്യത്തേതാണു്. അവിടം മുതൽക്കു് നാടകീയാംശം (dramatic element) കഥയുടെമേൽ പിടിമുറുക്കുന്നുണ്ടു്. വസ്തുതകളെ എടുത്തുകാട്ടുന്ന സ്വഭാവം (documentary element) മുമ്പുപറഞ്ഞതിനു് ഏതാണ്ടു് കീഴ്‌വഴങ്ങുകയും ചെയ്യുന്നു.

അഗ്രഹായ മാസം. നേരത്തെ തീരുമാനിച്ചിരുന്നതുപോലെ ഹരിഹർ ധനിക കർഷകന്റെ വീട്ടിലേക്കു് ഉപക്രമചടങ്ങിനായി തിരിക്കുന്നു. 'ഒരാഴ്ചക്കകം ഞാൻ തിരികെയെത്തും', അയാൾ പറയുന്നു, 'കിട്ടുന്ന കാശുകൊണ്ടു് വീടു നന്നാക്കുകയുമാകാം. അതുചെയ്യാതെ ഒരു മഴക്കാലംകൂടി ഇതു നിലനില്ക്കുമെന്നു് തോന്നുന്നില്ല.' പക്ഷെ, വീടുവിട്ട ഹരിഹറിന്റെ ഭാഗത്തുനിന്നു് ഒരു നീണ്ട നിശ്ശബ്ദതയാണു് ലഭിക്കുന്നതു്. ഒടുവിൽ ഹരിഹറിൽനിന്നുമുള്ള ഒരെഴുത്തു് കിട്ടുന്നു. ധനിക കർഷകന്റെ കുടുംബത്തിൽ രണ്ടു മരണങ്ങളുണ്ടായതുമൂലം ചടങ്ങ് വേണ്ടെന്നുവച്ചിരിക്കുകയാണു്. ഹരിഹർ ബനാറസിലേക്കു് പോവുന്നു. അവിടെ പുരാണങ്ങൾ വായിച്ചും മററും വീടു നന്നാക്കുവാൻ വേണ്ടത്ര പണം അയാൾ സമ്പാദിക്കുകയാണു്.

ദിനങ്ങൾ ആഴ്ചകളാവുന്നു. ആഴ്ചകൾ മാസങ്ങളും. മഴക്കാലം വരികയും പോകയും ചെയ്യുന്നു. പക്ഷെ ഹരഹിറിൽനിന്നും രണ്ടാമതൊരെഴുത്തു പ്രതീക്ഷിക്കുന്ന സർബോജയക്കു് അയാളെക്കുറിച്ചു് ഒരു വിവരവും ലഭിക്കുന്നില്ല. മുഖർജിയുടെ ഏററവും മൂത്തമകളായ, സുന്ദരിയും ശാന്തശീലയുമായ രാഹു (ദുർഗ്ഗയുടെ കൂട്ടുകാരിയാണു് അവൾ) വിന്റെ വിവാഹം നിശ്ചയിക്കപ്പെടുന്നു. കൂട്ടുകാരി വിവാഹിതയാകുന്നതിൽ ദുർഗ്ഗക്കു സന്തോഷമുണ്ടെങ്കിലും ആ വിവാഹം അവളെ നൊമ്പരപ്പെടുത്തുന്നുണ്ടു്. അവൾ ഒററയാകുകയാണല്ലൊ. അറിവിനുവേണ്ടിയുള്ള അപ്പുവിന്റെ ദാഹം വളർന്നു

കൊണ്ടേയിരിക്കുന്നു. ഒപ്പം, അത്ഭുതം കൂടാനുള്ള അവന്റെ കഴിവും ജിജ്ഞാസയും.

പക്ഷെ അവരുടെ ദാരിദ്ര്യവും വളരുകയാണ്. ജീവിതത്തിൽ താൻ തോററുകൊണ്ടേയിരിക്കുന്ന ഒരു സമരം നടത്തുകയാണെന്ന് സർബോജയ മനസ്സിലാക്കുന്നു. അതോടെ അവർ തന്റെ സമ്പാദ്യങ്ങൾ രഹസ്യമായി വിൽക്കാനും പണയം വയ്ക്കാനും തയ്യാറാവുകയാണ്. നീലമണിയുടെ ഭാര്യ ഇതറിഞ്ഞു് സർബോജയയെ സഹായിക്കുന്നു. ആദ്യം അറച്ചുനിൽക്കുന്ന സർബോജയ, പിന്നീട് സഹായങ്ങൾ സ്വീകരിക്കുന്നു.

പഥേർ പാഞ്ചാലിയുടെ സംക്ഷേപത്തിൽ, സംഭവങ്ങൾ നടക്കുന്നതു് ആണ്ടിന്റെ ഏതു കാലമാണെന്നതിനും, ഓരോ സീക്വൻസിന്റേയും രാത്രി-പകലുകളുടെ സമയങ്ങൾക്കും റേ പ്രാധാന്യം കൊടുത്തിരിക്കുന്നു. സമയത്തെ പ്രതിനിധാനം ചെയ്യുന്ന വ്യത്യസ്തമായ, പരമ്പരാഗത രാഗങ്ങളെപ്പററി, ശാന്തിനികേതനിലെ പല സുഹൃത്തുക്കളുമായി അദ്ദേഹം ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. വർഷങ്ങൾക്കു മുമ്പ് 'വീടും ലോകവും' എന്ന ടാഗോർക്കഥയുടെ ചിത്രനിർമ്മാണത്തിനിടയിൽത്തന്നെ പ്രകാശത്തിന്റെ മൂല്യത്തിലുണ്ടാവുന്ന ഗുണപരമായ വ്യത്യാസങ്ങളെക്കുറിച്ച് റേ മനസ്സിലാക്കിയിരുന്നു. വേനൽക്കാലത്തെ തെളിഞ്ഞ പ്രകാശവും മഴക്കാലത്തെ അരണ്ടവെളിച്ചവും സിനിമാട്ടോഗ്രാഫിയിൽ വഹിക്കുന്ന പങ്കിനെക്കുറിച്ചും റേ ബോധവാനായിരുന്നു.

അവസാനം, ഹരിഹറിൽനിന്ന് ചിരപ്രതീക്ഷിതമായ ഒരെഴുത്ത് ലഭിക്കുന്നു. അയാൾ കുറച്ചു പണം സമ്പാദിച്ചിട്ടുണ്ട്. അതുമായി വീട്ടിലേക്ക് മടങ്ങുവാൻ തീരുമാനിച്ചു കഴിഞ്ഞു. പുതുവത്സരദിവസം. ദുർഗ്ഗ പുണ്യപുകർത വ്രതമനുഷ്ഠിക്കുകയാണ്. (ബാലികമാർ അത്തരം വ്രതങ്ങൾ അനുഷ്ഠിക്കുന്നതു് ബംഗാളിലൊരാചാരമാണ്). പെട്ടെന്ന് യാതൊരു മുന്നറിയിപ്പുമില്ലാതെ തുലാവർഷം കടന്നുവരികയാണ്. വ്രതമൊക്കെ അവസാനിപ്പിച്ച്, പുറത്തേക്ക് പോയ അപ്പുവിനെ തിരയാനായി ദുർഗ്ഗ ഇറങ്ങിപ്പുറപ്പെടുന്നു. മാവിൻ കൂട്ടങ്ങൾക്കിടയ്ക്ക് അവൾ അപ്പുവിനെ കണ്ടെത്തുന്നു. അതിനുശേഷം, മഴ.

ചിത്രത്തിലെ ആസ്വാദ്യകരമായ ഭാഗങ്ങളിലൊന്നാണ് മഴയുടെ വരവിനു മുൻപത്തെ രംഗങ്ങൾ. ഞണ്ടുകൾ ജലാശയങ്ങളുടെ ഉപരിതലങ്ങളിൽ പാഞ്ഞു നടക്കുന്നു. ശക്തിപ്രാപിക്കുന്ന കാററിൽ, തടാകത്തിലെ താമരയിലകളുടെ വശങ്ങൾ, അവ പരന്നു കിടക്കുന്ന ജലനിരപ്പിൽനിന്ന് ഉയരാൻ വെമ്പുന്നപോലെ തോന്നുന്നു. കാററ് വീണ്ടും ശക്തിയാർജ്ജിക്കുകയാണ്. ചിത്രത്തിന്റെ tempo-യും അതോടൊപ്പം ഉയരുന്നു. പ്രകൃതിയുടെ മാററത്തിനനുസൃതമാണ് രവിശങ്കറിന്റെ സംഗീതം. അതിന്റെ പ്രകാശന സ്വഭാവം അത്ഭുതാവഹമാണ്. ഞണ്ടുകളുടെ പരക്കംപാച്ചിൽ ജീവിതാഹ്ലാദത്തിന്റെ പ്രതിഫലനമാണ്. പുതുമഴ ഉദ്ദീപിപ്പിക്കുന്ന നവാഹ്ലാദം ദുർഗ്ഗയുടെ ജ്വര ബാധിച്ച പോലുള്ള മുഖഭാവങ്ങളിലും പ്രകടമാണ്. അപ്പുവും ദുർഗ്ഗയും മഴയത്തു് പാടത്തേയ്ക്കോടുന്നു. മഴ വരുന്നതോടെ, അവൾ ദേഹമാകെ നനയുവാൻവേണ്ടി വട്ടമിട്ടോടുകയാണ്. അപ്പുവിനു് പക്ഷെ അത്രത്തോളം ധൈര്യമില്ല. അവൻ ഒരു മര

ത്തിനു ചുവട്ടിൽ കൂടുന്നു. ദുർഗ്ഗ അപ്പുവോടൊപ്പം ചേരുന്നു
രണ്ടുപേരും തണുത്ത് വിറയ്ക്കുന്നു. കാലവർഷം ഓരോ
വർഷവും നമ്മുടെ ജീവിതത്തിൽ കടന്നുവരുന്നത്, വരണ്ടുകി
ക്കുന്ന നിലങ്ങൾക്ക് പുതുജീവൻ പകർന്നുകൊണ്ടാണ്
അതോടൊപ്പംതന്നെ വെള്ളപ്പൊക്കങ്ങളും, മരണങ്ങളും നാ
നഷ്ടങ്ങളും. ഹിന്ദുതത്വശാസ്ത്രത്തിന്റെ ദ്വയാത്മകത
(dualism) തന്നെ ഇതിൽനിന്നാണ് ഉരുത്തിരിയു
തെന്ന് തോന്നുന്നു.

ദുർഗ്ഗയ്ക്കു് ജലദോഷം പിടിപെടുകയാണ്. അത് ന്യൂമോ
ണിയയായി വളരുന്നു. ഗ്രാമത്തിലെ വൈദ്യൻ അയാളാ
ക്കഴിയുന്നതൊക്കെ ചെയ്യുകയാണ്. പക്ഷെ അതു് അ
ല്ലൊന്നുമാവുന്നില്ല. പുറത്തു്, മഴയും തണുപ്പും കാററും കൂ
ക്കൂടിവരികയാണ്. അതിന്റെ മൂർദ്ധന്യത്തിൽ അവരു
വീടു് ഇടിഞ്ഞുപൊളിഞ്ഞു് നിലം പൊത്തുന്നു—ദുർഗ്ഗയു
ജീവനും അതോടെ വേർപെടുകയാണ്.

ദുർഗ്ഗയുടെ വേർപാടിനു ശേഷമുള്ള ആറു് ദിനരാത്ര
ളിലെ സർബോജയ, മരവിച്ച എന്തോ ഒന്നിനെയാണ
പ്രേക്ഷകനെ ഓർമ്മിപ്പിക്കുന്നതു്. അപ്പു ഇടിഞ്ഞുപൊളിഞ്ഞ
വീടിന്റെ അവശിഷ്ടങ്ങൾക്കുചുററും അലഞ്ഞുതിരിയുന്ന
അപ്പോഴേക്കും ഹരിഹർ മടങ്ങിയെത്തുന്നു. അയാളുടെ കൈ
വശം സർബോജയക്കുവേണ്ടി വാങ്ങിയ ഒരു സാരിയുണ്ട
ദൂരെനിന്നുതന്നെ അയാൾക്ക് നാശനഷ്ടങ്ങൾ കാണാ
പക്ഷെ ദുർഗ്ഗയുടെ മരണത്തെപ്പററി അയാൾക്ക് അറിയി
ഹരിഹർ വീട്ടിലെത്തി സംസാരിയ്ക്കാൻ തുടങ്ങുമ്പോൾ
പൊട്ടിക്കരച്ചിലാണ് സർബോജയയിൽനിന്നുള്ള മറുപ
അതു് കരുണാബാനർജിയുടെ (സർബോജയ) ശബ്ദമ
കഠിനമായ വേദനയുടെ ആ നിലവിളി പശ്ചാത്തല സം
തത്തിൽനിന്നാണ് വരുന്നതു്. ഒരേ ഒരു ഉപകരണത്തി
നിന്നാണ് രവിശങ്കറും റേയും ചേർന്ന് ആ സംഗീതം രൂ
പ്പെടുത്തിയതു്. ഉയർന്ന tone (സ്വരം) ൽ ഉള്ള സാ
ഗിൽനിന്നും.

വേദന കിനിയുന്ന കുറേ ഓർമ്മകളല്ലാതെ ഹരിഹറി
കുടുംബത്തിന് അവിടെ യാതൊന്നും ബാക്കിയില്ല. അ
ബനാറസിലേക്ക് തിരിയ്ക്കാൻ തീർച്ചപ്പെടുത്തുന്നു. ഹരിഹ
സർബോജയയും അപ്പുവും ചേർന്ന് അതിനുള്ള ഒരുക്കങ്ങൾ
ത്തുമ്പോൾ അയൽക്കാർ അവർക്കുചുററുംകൂടി ഉപദേശങ്ങ
നൽകുകയാണ്. കഠിനഹൃദയയായ മിസസ്. മുഖർജി
പോലും തന്റെ മനസ്സുമാറുന്നപോലെ തോന്നുന്നു. അ
സർബോജയക്ക് ഒരുപഹാരം സമ്മാനിക്കുകയാണ്. അ
നിടെ, മാറാലകൾക്കിടക്ക് പൊടിപിടിച്ച ഒരു ചെറ
പാത്രം അപ്പു കണ്ടെത്തുന്നു. അതിനകത്തു്, മിസസ്
മുഖർജിയുടെ മകളിൽനിന്നും ദുർഗ്ഗ മോഷ്ടിച്ച മാല
പക്ഷെ അതു് ആരുംതന്നെ അറിയുന്നില്ല. അവൻ മാല
ട്ടത്തു് കുളത്തിലേയ്ക്കെറിയുകയാണ്. അച്ഛനും, അമ്മ
ആ മകനും ഇളകിയാടുന്ന ഒരു കാളവണ്ടിയിൽ ഒരു പുത
ജീവിതത്തിന്റെ ആരംഭമെന്ന് അവർ വിശ്വസിക്കുന
ത്തേക്ക് പോകുമ്പോൾ, ഒരു പാമ്പ് ഇടിഞ്ഞുപൊളി
വീട്ടിലേക്ക് ഇഴഞ്ഞു കയറുന്ന ഷോട്ടിൽ ചിത്രം അവസ
ക്കുന്നു. ആളൊഴിഞ്ഞ വീടുകളിലേക്ക് പാമ്പ് ഇഴ
കയറുമെന്നാണല്ലൊ ഭാരതീയ സങ്കല്പം.

ക്രൈസ്ററ് കോ

# റഷ്യൻ യുദ്ധ-ശേഷ കവിതകൾ

**വിവർത്തനങ്ങൾ**

## അന്ന അഖ്മത്തോവ (1889-1966)

വിപ്ലവത്തിനു മുൻപുതന്നെ, തന്റെ രണ്ടാമത്തെ സമാഹാരമായ റോസറി (1914) യോടുകൂടി അഖ്മത്തോവ പ്രസിദ്ധിയാർജ്ജിച്ചിരുന്നു. അനോ ഡോമിനി (1922) യാണ് വേറൊരു സമാഹാരം. ജീവിതത്തിന്റെ ഏറിയപങ്കും ലെനിൻഗ്രാഡിൽ കഴിച്ചുകൂട്ടിയ അവർ തന്റെ സമകാലികരായ യുവകവികളെ പലരേയും സ്വാധീനിയ്ക്കുകയുണ്ടായി. സ്ഥല-കാലങ്ങളെപ്പററിയുള്ള വ്യക്തമായ ബോധം, ഔപചാരികമായ പൂർണ്ണത എന്നിവ അഖ്മത്തോവാ കവിതകളുടെ പ്രത്യേകതകളാണ്. കവിതകൾ, അവ ആദ്യകാലത്തെ, സ്നേഹം സ്ഫുരിക്കുന്ന ഭാവഗീതികളാകട്ടെ, വിശാലവും, പ്രതീകാത്മകവും, വിഷയസംബന്ധിയായ സങ്കീർണ്ണതകൾ നിറഞ്ഞ അവസാന കാലഘട്ടത്തിലേതാവട്ടെ, ഒരേററുപറച്ചിലിന്റെ സ്വഭാവം ഉൾക്കൊള്ളാതെ തന്നെ, സ്വാധീനതയുടേയും വിശുദ്ധിയുടേയും നിർബ്ബന്ധത്തോടെയെഴുതപ്പെട്ട, ഒരു കവിതാ പുസ്തകംപോലെ തുറന്നതാണ്.

### രണ്ടു പദ്യങ്ങൾ

#### I

ഒട്ടകങ്ങളുടെ ശബ്ദാരവങ്ങളേയും
സുക്കോവ്സ്കി തെരുവിലെ വെള്ളപൂശിയ വസതിയേയും
മറക്കാൻ സമയമായിരിയ്ക്കുന്നു.
ബിർച്ചുമരങ്ങളിലേയ്ക്കും, കൂണുകളിലേയ്ക്കും
വിശാലമായ മോസ്കോശിശിരത്തിലേയ്ക്കും പോകാൻ ഇതാ സമയമായി.
അവിടെ, മഞ്ഞിൽക്കുളിച്ച് എല്ലാമെല്ലാം
പ്രകാശപൂരിതമായി നില്ക്കുന്നു.
ആകാശം ഉയരങ്ങളിലേയ്ക്ക് പടർന്നു കയറുന്നു,
റോഗാചേവ് ഹൈവേയാകട്ടെ, യുവാവായ *ബ്ലോക്കിന്റെ
കള്ളന്റെ ചൂളം കുത്തിന് ചെകിടോർത്തിരിക്കുന്നു.

*അലക്സാണ്ടർ ബ്ലോക്ക്

#### II

നിങ്ങളുടെ ഇരുണ്ട ഓർമ്മകളിൽ തപ്പിത്തിരയുമ്പോൾ
മുട്ടുകൾ വരെയെത്തുന്ന കൈയ്യുറകൾ കണ്ടെത്തുന്നു,
പിറേറർസ്ബർഗ്ഗിലെ രാത്രിയും. തിയ്യേററിനകത്തെ
അറയുടെ ഇരുട്ടിൽ ആ, ശ്വാസം മുട്ടിക്കുന്ന മധുരതരമായ ഗന്ധം.
കടലിൽനിന്നും വീശുന്ന കാററ്. അവിടെ നിരകൾക്ക് മദ്ധ്യേ
നിശ്വാസങ്ങളെ അവഗണിച്ച്
ബ്ലോക്ക് നിങ്ങളെ നോക്കി ധിക്കാരത്തോടെ പുഞ്ചിരിക്കുന്നു.
കാലത്തിന്റെ ദുരന്തത്തിന് അനുയോജ്യമായി.

### കത്തിയെരിഞ്ഞ നോട്ടുപുസ്തകം

നിങ്ങളുടെ സന്തോഷവതിയായ സഹോദരി
ഇപ്പോൾത്തന്നെ ബുക്ക് ഷെൽഫിൽ തലകാട്ടുന്നു.
നിങ്ങൾക്കുമീതെ നക്ഷത്രഗണങ്ങളുടെ കഷണങ്ങൾ,
കീഴെ തീജ്വാലകൾ അവശേഷിപ്പിച്ച കരി.
നിങ്ങൾ എന്തുമാത്രം പ്രാർത്ഥിച്ചു, ജീവിയ്ക്കാൻ എത്രമാത്രം
മോഹമുണ്ടായിരുന്നു നിങ്ങൾക്ക്.
രൂക്ഷമായ അഗ്നിയെ നിങ്ങൾ എത്രയധികം പേടിച്ചിരുന്നു.

പെട്ടെന്നു് നിങ്ങളുടെ ശരീരം വിറകൊള്ളുവാൻ തുടങ്ങി.
പുറത്തേയ്ക്കു പാഞ്ഞുപോയ ഒരു ശബ്ദം എന്നെ പിരാകി.
പെട്ടെന്നു് എല്ലാ പൈൻമരങ്ങളും ചിണുങ്ങുവാൻ തുടങ്ങി,
നിലാവലിഞ്ഞ ജലങ്ങളിൽ അവ പ്രതിബിംബിച്ചു.
'അപ്പോഴേയ്ക്കും ഏററവും വിശുദ്ധമായ വസന്തകാലങ്ങൾ
ശവമാടത്തിനു ചുററുമുള്ള മരണനൃത്തം ചവിട്ടാൻ തുടങ്ങിയിരുന്നു.

### സ്വപ്നത്തിൽ

അനശ്വരമായ വിരഹം നിങ്ങളോളംതന്നെ
ഞാനും അനുഭവിയ്ക്കുന്നു, സഹിയ്ക്കുന്നു.
എന്തിനാണു് അങ്ങു് കരയുന്നതു്? എനിക്കു്
നിങ്ങളുടെ കൈകൾ തരൂ, ഒരു കിനാവിൽ
വീണ്ടും വന്നു് കാണാമെന്നു് സത്യം ചെയ്യൂ.
അങ്ങയും ഞാനും വിഷാദത്തിൻെറ ഒരു പർവ്വതമാണു്.
ഈ ഭൂമിയിൽ ഇനിയൊരിക്കലും നാം കണ്ടുമുട്ടുകയില്ല,
എങ്കിലും പാതിരാത്രിയിൽ നക്ഷത്രങ്ങൾ വഴിക്കു്
ഒരു സന്ദേശം, അതെങ്കിലും......

## ബോറിസ് പാസ്ററർനാക്കു് (1890–1960).

സാംസ്കാരിക പാരമ്പര്യമുള്ള ഒരു കുടുംബത്തിൽ മോസ്ക്കോവിൽ ജനിച്ചു. അച്ഛൻ പ്രസിദ്ധനായ ചിത്രകാരനായിരുന്നു. അമ്മ ഒരു കൺസർട്ടു് പിയാനിസ്റ്റും. കലാജീവിതം, ഒരു സംഗീതജ്ഞനെന്ന നിലയിൽ സ്ക്രിയാബിൻെറ മാർഗ്ഗദർശിത്വത്തിൽ ആരംഭിച്ചു. പിന്നീടു് കവിതയിലേയ്ക്കു് തിരിഞ്ഞു. പലപ്പോഴും പാസ്റ്റർനാക്കിൻെറ കുടുംബം സന്ദർശിക്കാറുണ്ടായിരുന്ന റിൽക്കിൻെറ സ്വാധീനം കവിതകളിൽ പ്രകടമാണു്. ചരിത്രപരമായ അനിവാര്യതയിൽ വിശ്വസിച്ചു. 1912ൽത്തന്നെ ആദ്യകവിത പ്രസിദ്ധീകരിച്ചുവെങ്കിലും മൈ സിസ്റ്റർ ലൈഫു് (1922), തീംസ് ആൻഡു് വേരിയേഷൻസ് (1923) മാണു് ഒരു പക്ഷേ മയക്കോവ്സ്കിയ്ക്കു പിന്നിൽ മാത്രമായിട്ടുള്ള പ്രസിദ്ധി നേടിക്കൊടുത്തതു്. 1958ൽ ഡോക്ടർ ഷിവാഗോ എന്ന കൃതി സമ്മാനാർഹമായെങ്കിലും അദ്ദേഹം സമ്മാനം നിരസിച്ചു. മയക്കോവ്സ്കി സ്കൂളിൻെറ പ്രത്യേകതയായിരുന്ന ആക്ഷേപം ചൊരിയുന്ന വാചാലമായ ശൈലി ഉപേക്ഷിച്ചു് 1930കളിൽ കൂടുതൽ ക്ലാസ്സിക്കലും പരമ്പരാഗതവുമായ ഒരു ശൈലിയോടടുത്തു. അവസാന കാലഘട്ടത്തിലെ ശ്രദ്ധേയമായ നേട്ടം ഷിവാഗോ കവിതകളാണു്. തുളച്ചു കയറുന്ന, പ്രാചീനതുടിപ്പുകൾ ഉൾക്കൊള്ളുന്ന വീക്ഷണശൈലി, അദ്ദേഹത്തെ തൻെറ കാലത്തെ സ്വാധീനശേഷിയുള്ള, ഒരുപക്ഷേ ഒരേ ഒരു കവിയാക്കുന്നു. എല്ലാവിധ വിഷയങ്ങളേയും തൻെറ കവിതയ്ക്കു വസ്തുക്കളാക്കുന്ന സ്വതന്ത്രമനസ്ഥിതി, ഫ്യൂച്ചറിസ്റ്റ് പരീക്ഷണാനുഭവങ്ങളുടെ സമീകരണവും രൂപഭേദവും, കവിതാഘടനയിലും വിവരണത്തിലും പ്രകടമാവുന്ന, പലപ്പോഴും ഗദ്യഭാഷയുടെ അതിർത്തിക്കടുത്തെത്തുന്ന അതിവ്യക്തത തുടങ്ങിയവയാണു് പാസ്റ്റർനാക്കു് കവിതകളുടെ സവിശേഷതകൾ.

### പേരിടാത്ത ഒരു കവിത (ഒരു ഭാഗം)

എല്ലാററിലും ഞാൻ വാസ്തവമായ സത്തിനെ
അന്വേഷിക്കുന്നു. പ്രവൃത്തിയിൽ,
പാതയ്ക്കു വേണ്ടിയുള്ള തിരച്ചിലിൽ, ഹൃദയത്തിൻെറ
അദ്ധ്വാനത്തിൽ.

കഴിഞ്ഞുപോയ ദിനങ്ങളുടെ സത്തയ്ക്കു്,
അതിൻെറ കാരണങ്ങൾക്കു് അടിസ്ഥാനത്തിനു്,
വേരുകൾക്കു്, കാതലിനു്.

എല്ലാ സമയത്തും വിധിയുടെ സംഭവങ്ങളുടെ,
പരിണാമങ്ങളുടെ ചരടുകളെ
നിയന്ത്രിച്ചുകൊണ്ടു്–

ജീവിയ്ക്കുവാൻ, ചിന്തിയ്ക്കുവാൻ, അനുഭവിയ്ക്കുവാൻ
സ്നേഹിയ്ക്കുവാൻ, കണ്ടെത്തുവാൻ,
നീതിനിഷേധത്തെക്കുറിച്ച്, പാപത്തെക്കുറിച്ച് ചൊല്ലുവാൻ
ഗോത്രങ്ങളെക്കുറിച്ച്, വേട്ടയാടലുകളെക്കുറിച്ച്
ബദ്ധപ്പെടുത്തുന്ന യാദൃശ്ചികതകളെക്കുറിച്ച്
കൈമുട്ടുകളെക്കുറിച്ച്, ദാനങ്ങളെ, കൈപ്പത്തികളെക്കുറിച്ച്,
ഞാൻ പറയും, വികാരങ്ങളുടെ നിയമങ്ങളെക്കുറിച്ച്,
അതിൻെറ പ്രാരംഭത്തെക്കുറിച്ച്
അവയുടെ നാമങ്ങളുടെ ആദ്യാക്ഷരങ്ങളെക്കുറിച്ച്
ഞാൻ ആവർത്തിച്ചുപറയും.

എന്നിട്ട്, എൻെറ കവിതകളെ ഒരു തോട്ടത്തിലെന്നപോലെ
നിരത്തും, എൻെറ ഞരമ്പുകളുടെ എല്ലാ പതർച്ചകളോടും കൂടി
ഒരേ പുസ്തകത്തിൽ, ഒരേ കെട്ടിൽ. ഓരോ വരിയിലും
നാരങ്ങാച്ചെടികൾ അനുക്രമം പുഷ്പിയ്ക്കും.

അന്ന് എൻെറ കവിതകൾ ഓരോന്നും പനിനീർപൂക്കളുടെ
ഉച്ഛ്വാസത്താൽ തുടുക്കും.

## ഓൾഗ ബെർഗ്ഗോൾട്ട്സ് (1910- )

ലെനിൻഗ്രാഡിൽ ജനിച്ചു. തന്നെ സ്വാധീനിച്ച അഖ്മത്തോവയെപ്പോലെ തന്നെ ഓൾഗയ്ക്കും വടക്കൻ നഗരിയുമായി ബന്ധമുണ്ട്. സ്വന്തം അനുഭവങ്ങളിൽനിന്ന്, ജർമ്മൻകാരുടെ ലെനിൻഗ്രാഡ് 'ബ്ലോക്കേഡി'നെക്കുറിച്ച് എഴുതപ്പെട്ട ലെനിൻഗ്രാഡ് നോട്ട് ബുക്ക് ആണ് ശ്രദ്ധിക്കപ്പെട്ട ആദ്യപുസ്തകം. ക്രമമായി ചിട്ടപ്പെടുത്തിയ, സംയമനം പാലിച്ചുകൊണ്ടുള്ള വിവരണരീതി. വാസ്തവത്തിൽ അവരുടെ കവിതയ്ക്ക് സഹിയ്ക്കാനാവാത്ത ഒരുതരം രൂക്ഷതയാണ് നൽകുന്നത്. പ്രധാനമായും അറിയപ്പെടുന്നത് അവരുടെ യുദ്ധകാല കവിതകളിലൂടെയാണെങ്കിലും ഭാവഗീതങ്ങൾക്കു തുല്യമായ, വികാരതീവ്രമായ സ്നേഹഗീതങ്ങളും പ്രസിദ്ധങ്ങളാണ്.

### പേരിടാത്ത ഒരു കവിത

നിങ്ങൾക്കിഷ്ടമുള്ളപ്പോൾ ഉണർന്നോളൂ, പക്ഷെ എൻെറയുള്ളിൽ മാത്രം ഉണരുക,
കോച്ചുന്ന തണുപ്പിൽ, നിശ്ശബ്ദമായ എൻെറ ആഴങ്ങളിൽ.
ഞാൻ വാക്കുകൾക്കുവേണ്ടി യാചിയ്ക്കുകയില്ല. പക്ഷെ നീ
ജീവിച്ചിരിയ്ക്കുന്നുവെന്നതിന് ഒരു സൂചനയെങ്കിലും തരൂ.
വളരെയൊന്നുമല്ല— നിൻെറ സമയത്തിൻെറ ഒരു മാത്ര, ഒരു നിമിഷം
അല്ലെങ്കിൽ ഒരു വരി കവിത, ഒരു നിശ്വാസം, ഒരു നിലവിളി,
എൻെറ ചെവിയിൽ ഒരു സ്വകാര്യം, അല്ലെങ്കിൽ ഒരു ഞരക്കം
നിശ്ശബ്ദമാക്കപ്പെട്ട നിൻെറ ചങ്ങലകളുടെ കിലുക്കം.

## ബോറിസ് സ്ലട്ട്സ്കി (1919- )

ഉക്രെയിനിൽ ജനിച്ചു. 1941-5 കാലഘട്ടത്തിൽ പട്ടാളത്തിൽ സേവനം അനുഷ്ഠിച്ചതു കാരണം യുദ്ധകാലാനുഭവങ്ങൾ സ്ലട്ട്സ്കി കവിതകൾക്ക് നിറം ചേർക്കുന്നു. 1957ൽ ആദ്യസമാഹാരമായ 'മെമ്മറി' പ്രസിദ്ധീകരിച്ചു. സ്ലട്ട്സ്കി, തൻെറ യുദ്ധകാല കവികളുടെ തലമുറയിൽ ഒരുപക്ഷെ ഏററവും മുൻപന്തിയിൽ നിൽക്കുന്നു. കവിതകൾ സംസാരഭാഷയിലുള്ളതും ഗദ്യത്തിനടുത്തെത്തുന്നവയുമാണ്. തുണ്ടുതുണ്ടായി ചിതറിക്കിടക്കുന്ന ഘടനയ്ക്ക്, മനഃപൂർവ്വം നൽകപ്പെട്ട പരുപരുപ്പ് കരുത്ത് കൊടുക്കുന്നു. വാദപ്രതിവാദധ്വനി മുഴങ്ങുന്ന വരികൾ വരണ്ടവയാണ്. നിയമജ്ഞനായുള്ള കവിയുടെ ആദ്യകാല പരിശീലനത്തിൻെറ സ്വാധീനമായിരിക്കാം ഇത്. അലങ്കാരതത്ത്വങ്ങളും പരമ്പരാഗത കവിതാധാരണകളും വെടിഞ്ഞ കാവ്യഭാഷയ്ക്കു വേണ്ടിയാണ് സ്ലട്ട്സ്കിയുടെ അന്വേഷണമെന്ന് വ്യക്തം; വൊസ്നസെൻസ്കിയെപ്പോലെ, നിയോ-റൊമാൻറിക്കോ, നിയോ-ഫ്യൂച്ചറിസ്റ്റോ ആയതിൻെറ വിപരീത പ്രവണതയെയാണ് ഇദ്ദേഹം പ്രതിനിധീകരിക്കുന്നത്.

## അവർ എൻെറ അമ്മൂമ്മയെ എങ്ങനെയാണ് കൊന്നത്.

അവർ എൻെറ അമ്മൂമ്മയെ എങ്ങനെയാണ് കൊന്നതു്?
അതു് എങ്ങനെയായിരുന്നുവെന്നു് നിങ്ങളോടു് ഞാൻ പറയാം.
ഒരു സുപ്രഭാതത്തിൽ ഒരു പട്ടാള ടാങ്കു് ആ കെട്ടിടത്തിലേയ്ക്കു് ഉരുണ്ടുരുണ്ടുവന്നു. അവിടെ
ഞങ്ങളുടെ നഗരത്തിലെ നൂററിയൻപതോളം ജൂതന്മാർ
ഒരു വർഷത്തെ പട്ടിണിയാൽ തൂവലുകളെപ്പോലായി
മരണത്തെക്കുറിച്ചുള്ള അറിവുമൂലം വിളറിവെളുത്തു്
കെട്ടുകളും പേറി കൂട്ടമായി ഇരുന്നിരുന്നു.
ജർമ്മൻ പോലീസ്സുകാർ, ആ വയസ്സുചെന്ന മനുഷ്യരെ
ധൃതിയിൽ കൂട്ടം കൂട്ടമായി നയിച്ചു.
ചെറുപ്പക്കാർ അവരെ അകലേയ്ക്കു്, വളരെ അകലേയ്ക്കു് കൊണ്ടുപോയപ്പോൾ
അവരുടെ തകരപ്പാട്ടകൾ ചങ്ങലകൾപോലെ കിലുങ്ങി.

ആകാരത്തിൽ വളരെ ചെറുതായ എൻെറ അമ്മൂമ്മ,
എഴുപതു വയസ്സുചെന്ന എൻെറ അമ്മൂമ്മ
എന്നെപ്പററി, തനിയ്ക്കു് പട്ടാളക്കാരനായ ഒരു കൊച്ചുമകൻ
ഉണ്ടെന്നു് പറഞ്ഞു് ജർമ്മൻകാരുടെ നേരേ
ഉച്ചത്തിൽ അലമുറയിടുകയും പിരാകുകയും ചെയ്തുകൊണ്ടിരുന്നു,
അമ്മൂമ്മ അവരുടെ നേർക്കു് അലറി: എൻെറ കൊച്ചുമകൻ
പൊരുതിക്കൊണ്ടു് യുദ്ധനിരയിലുണ്ടു്. നിങ്ങൾക്കെന്നെ
തൊടാൻപോലും കഴിയില്ല. ചെകിടോർത്തു നോക്കു
ഞങ്ങളുടെ തോക്കുകളുടെ ഇരമ്പം കേൾക്കാം!
തടവുകാരുടെ കൂട്ടത്തോടൊപ്പം അമ്മൂമ്മയെ കൊണ്ടുപോയപ്പോഴും
അവർ ചീത്തവാക്കുകൾ ചൊരിയുന്നുണ്ടായിരുന്നു.
എല്ലാം ആദ്യം മുതൽക്കു തുടങ്ങി പിരാകുന്നുമുണ്ടായിരുന്നു.
അപ്പോൾ എല്ലാ ജനലുകളിലും നിന്നു്
ഇവാനോവകളും ആന്ദ്രേയേവനമാരും
സിഡോറോവ്നമാരും, പെട്രോവ്നകളും
വിങ്ങിപ്പൊട്ടി: നശിച്ച ജർമ്മൻകാരോടു്
അങ്ങനെതന്നെ പറയൂ പോളിനാ മാററ്വേയെവ്ന,
അങ്ങനെത്തന്നെപ്പറയൂ!
എന്നിട്ടു് അയൽക്കാർ ഒരുമിച്ചുകൂടി ആലോചിച്ചു
'ഈ ശത്രുവിനെതിരെ നമുക്കെന്താണു്
ചെയ്യുവാൻ കഴിയുക'.
അതുകൊണ്ടാണു് എൻെറ അമ്മൂമ്മയെ നഗരത്തിൽ
കൊണ്ടുപോയി കൊല്ലുവാൻ ജർമ്മൻകാർ തീരുമാനിച്ചതു്.
ഒരു തീയുണ്ട അവരുടെ നെററി തുളച്ചു കടന്നുപോയി,
ശോഷിച്ച അവരുടെ ശരീരത്തെ നിലത്തേയ്ക്കു് തൊഴിച്ചിട്ടു.
എൻെറ അമ്മൂമ്മ താഴേയ്ക്കു് വീണു.
അങ്ങിനെയാണു് അവർ അവിടെ മരിച്ചതു്.

## യെവ്ജനി വിനോ കുറോവ് (1925- )

ബ്രയാൻസ്സിൽ ജനിച്ചു. ആദ്യസമാഹാരമായ 'എ മാൻസ് ഡ്യൂട്ടി' പ്രസിദ്ധീകരിച്ചതു് 1951ലാണ്. വാചാലത തുളുമ്പുന്ന ശൈലിയിൽനിന്നു് കവിതയെ വ്യതിചലിപ്പിയ്ക്കുവാനും മോചിപ്പിയ്ക്കുവാനും വാൻഷെൻ കിനോടൊപ്പം മുന്നിട്ടിറങ്ങിയ യുദ്ധ-ശേഷ കവികളിലൊരാളാണ് വിനോകുറോവ്. 'ഒക്ടോബർ' മാസികയുടെ

ക്രൈസ്ററ് കോ

പോയട്രി എഡിററായി ജോലിചെയ്തിരുന്ന കാലത്ത് സബലോട്സ്കിയുടേയും സ്ലട്ട്സ്കിയുടേയും പ്രസിദ്ധി നിലനിറുത്തുവാനും അഖ്മദുലീനയുടേതു് സ്ഥിരപ്പെടുത്തുവാനും വലിയ പങ്കാണ് ഇദ്ദേഹം വഹിച്ചിട്ടുള്ളതു്. ആദ്യകാല കവിതകളിൽ നിറഞ്ഞു നില്ക്കുന്നതു് യുദ്ധകാലാനുഭവങ്ങളാണ്. മുനയും ശക്തിയുമുള്ള ആ.കവിതകൾ പലപ്പോഴും സിഗ്ഫ്രൈഡ്സസൂണിന്റെ യുദ്ധകാല കവിതകളെ അനുസ്മരിപ്പിക്കുന്നു. പിന്നീടുവന്ന രചനകൾ മനശ്ശാസ്ത്രപരവും ഉദാത്തമായ തത്വചിന്തകളാൽ സമൃദ്ധവുമാണ്. നാനാതരം വിഷയങ്ങളെ കവിതയിൽ കൊണ്ടുവന്ന് അവയെ സാവധാനത്തിൽ, ഒരു തരം അയഞ്ഞ മട്ടിൽ വിവരിക്കുന്നതിന് ഒരു മറുപുറമുണ്ട്. അലിഗറികൾ സൃഷ്ടിച്ചുകൊണ്ട് അനുവാചകൻ അറിയാതെ അവന്റെ മേൽ പിടിമുറുക്കുകയാണ് കവി ചെയ്യുന്നതു്. കവിതാഘടനയിൽ വരുന്ന സങ്കീർണ്ണത ശ്രദ്ധിക്കപ്പെടാതെ പോകയും ചെയ്യുന്നു. വിനോകുറോവിന്റെ താളം ബോറിസ് സ്ലട്ട്സ്കിയെ അപേക്ഷിച്ചു നോക്കുമ്പോൾ സുഗമവും ആശ്വാസകരവുമാണെങ്കിലും, ഗദ്യഭാഷയിൽ ചെന്നെത്തുവാൻ അദ്ദേഹം കരുതിക്കൂട്ടിയുള്ള ശ്രമം നടത്തുന്നതായിക്കാണാം

## ട്രാം വണ്ടികൾ

ട്രാം വണ്ടികൾ കടന്നു പോകുമ്പോഴെല്ലാം
വിറകൊള്ളുവാൻ തുടങ്ങിയിരുന്ന ഞങ്ങളുടെ മുറിയുടെ ഒരു മൂക്കിൽ
ജനാലകൾക്കു മദ്ധ്യേയായി ഒരലമാറയുണ്ടായിരുന്നു. ഞാൻ നിലത്ത്
ഇഴഞ്ഞു കളിച്ചിരുന്നപ്പോഴെല്ലാം അതിന്റെ അടിഭാഗത്ത് നിരങ്ങിച്ചെല്ലുമായിരുന്നു.
1937-ൽ ആയിരുന്നു അതു്. വർത്തമാനപത്രങ്ങൾ മുറയ്ക്ക് വന്നുകൊണ്ടിരുന്നു.

കൈമുട്ടുകളിന്മേൽ ശരീരം താങ്ങിക്കൊണ്ട്, ഞാൻ പത്രങ്ങൾ
നിലത്ത് നിവർത്തിയിട്ട് വായിച്ചിരുന്നപ്പോൾ
തെളിച്ചമുള്ള സൂര്യരശ്മികൾ, തുള്ളിക്കളിച്ചുകൊണ്ട്
അസുഖകരമായ വാക്കുകൾക്കു മീതെ ശാന്തമായി നൃത്തം ചവിട്ടി.

എല്ലാററിന്റേയും അവസാനമെന്നോണം, നിലയ്ക്കാത്ത മുഴക്കം.
നീലനിറമാർന്ന ശാന്തമായ ആ ദിനത്തിൽപ്പോലും
ജ്വരബാധിച്ചൊരു സ്ത്രീയെപ്പോലെ, ഞങ്ങളുടെ മുറി
ട്രാമുകളുടെ ഭയജനകമായ ശബ്ദങ്ങൾക്കൊപ്പം
വിറകൊള്ളുവാൻ തുടങ്ങിയിരുന്നു.

രാത്രി മാത്രം ശാന്തമായിരുന്നു. ഒരു പ്രാർത്ഥനപോലെ.
തലയിണയിൽ കവിളുകൾ അമർത്തി, മയക്കത്തിലേയ്ക്ക് വഴുതുമ്പോൾ
മുകളിലേയ്ക്കുള്ള ലിഫ്ററിന്റെ കതകിനെപ്പററി ആലസ്യത്തോടെ
ഞാൻ ചിന്തിയ്ക്കുമായിരുന്നു.
'എത്രാമത്തെ നിലയിലാണ്, ആരുടെ വാതിലിലാണ് ഇന്ന് അവർ വന്നു മുട്ടുക.'

## വെളുത്ത മുയൽക്കുഞ്ഞ്

**കഥ**

**ആ**രോ വാരിയെറിഞ്ഞ വർണ്ണപ്പന്തുകൾപോലെ ക്ലാസ്സുമുറികളിൽനിന്ന് കുട്ടികൾ പുറത്തേക്ക് ചിതറിതെറിച്ചോടി. പരീക്ഷയായിരുന്നു. മനസ്സുനിറയെ തുളുമ്പുന്ന സന്തോഷവും സ്ലേററുനിറയെ മാർക്കുമായി അവനും അവർക്കിടയിൽ ഒരു വർണ്ണപ്പന്തായി. അവനപ്പോൾ ഒരു രാജാവിന്റെ ഔന്നത്യമുണ്ടായിരുന്നു. കാണട്ടെ, എല്ലാരുമെല്ലാരും കാണട്ടെ, മാർക്ക് എഴുതിയിരുന്ന സ്ലേററ് മററുള്ളവർക്കു കാണത്തക്കവിധമാണ് പിടിച്ചിരുന്നതു്. സ്കൂളിൽ ഒന്നാമൻ, മിടുമിടുക്കൻ എന്ന ബഹുമതി.

കുറച്ചധികം സമയംകൂടി കാത്തുനില്ക്കേണ്ടിയിരിക്കുന്ന കാറുമായി ഡ്രൈവറെത്താൻ. അതൊരു പതിവാണ്. പക്ഷേ, ഇന്നു നേരത്തെയാണ്. വേഗത്തിൽ വീടണയാനുള്ള ആകാംക്ഷ അവന്റെ മനസ്സിൽ കൂടഴിച്ചുവിട്ട ഒരായിരം കിളികളായി ചിറകടിച്ചു. നടക്കാനല്പം ദൂരമേയുള്ളൂ, അല്പം.

കാററിൽ സ്വതന്ത്രമാക്കപ്പെട്ട ഒരു ബലൂൺപോലെ അവനൊഴുകി. അതിലുംവേഗം അവന്റെ മനസ്സ് വീട്ടിലേക്കോടി. അമ്മയെ അത്ഭുതപ്പെടുത്തണം.

അമ്മയിപ്പോൾ മാസികയിലെ സ
ര്യവർദ്ധനോപാധികൾ പരീക്ഷി
കയോ അല്ലെങ്കിൽ വെളുത്ത പ
ക്കെട്ടുപോലുള്ള നായക്കുട്ടികളെ ശു
ഷിക്കുകയോ അതുമല്ലെങ്കിൽ പൂന്ത
ത്തിലെ ചെടികളെ ശ്രദ്ധാപൂർവ്വം
ന്നുനോക്കുകയോ ആയിരിക്കും. മ
കാണുമ്പോൾ ഒരു നിമിഷം അമ്മയ
കണ്ണുകൾ അവിശ്വസനീയതയുടെ ചെ
മുടികളിലായിരിക്കും. പിന്നെ അ
മാനത്തോടെ എടുത്തുയർത്തും. ക
ളിൽ ഒരുമ്മ നനയും:

ട്യൂഷൻമാസ്റ്റർക്കും മനസ്സിലാക്കി
ട്ടക്കാം താനത്ര മോശക്കാരനല്ലെന്ന്

തലേന്നു പെയ്ത മഴവെള്ളം വഴിയിൽ കെട്ടിക്കിടന്നിരുന്നു. അവയിൽ ധാരാളം തവളകൾ. തവളകൾ അവനൊരു കൗതുകമാണ്. മറെറാരവസരത്തിലായിരുന്നെങ്കിൽ അവൻ വെള്ളത്തിലിറങ്ങി തവളകളെ കരയിലേക്ക് തട്ടിതെറിപ്പിച്ചു കളിക്കുമായിരുന്നു. സന്ദർഭത്തിൻെറ പ്രാധാന്യം പ്രമാണിച്ച് അവൻ അവയെ നിരുപാധികം വിട്ടയച്ചു.

അവൻെറ കൊച്ചു ശിരസ്സിനു മുകളിലൂടെ, എവിടെനിന്നോ ഒരപ്പൂപ്പൻ താടി പറന്നുവന്നു. വെളുത്ത മിനുത്ത അപ്പൂപ്പൻതാടി. സങ്കല്പങ്ങളുടെ അപ്പൂപ്പൻതാടികളിലൂടെ അവൻ പറന്നുകൊണ്ടിരുന്നു. പെട്ടെന്ന് ഒരു നടുക്കത്തിൻെറ കുഴിയിൽപെട്ട് അവൻെറ സങ്കൽപങ്ങളുടെ കുഞ്ഞിക്കാലുകളിടറി. അപ്പൂപ്പൻതാടികൾ പറന്നുപോയി. അവൻ വല്ലാതെ ഭയന്നു. എതിരെ രണ്ടു കൂററൻ കാളകൾ നടന്നുവരുന്നു. വളഞ്ഞുകൂർത്ത കൊമ്പുകൾ. പകനിറഞ്ഞ നോട്ടം. വഴിയുടെ അരികിലേക്ക് നീങ്ങി വിഭ്രാന്തിയോടൊതുങ്ങി അവൻ നിന്നു.

"കാള കുത്തണതല്ല, പേടിക്കണ്ടട്ടോ."

ശ്വാസകോശം നിറയെ ആശ്വാസത്തിൻെറ ശുദ്ധവായു നിറഞ്ഞു. ആശ്വാസത്തോടൊപ്പം അവന് അടക്കാനാവാത്ത അത്ഭുതവുമുണ്ടായി. കാളകളെ തെളിച്ചിരുന്നത് അവനോളം മാത്രം പോന്ന ഒരു കൊച്ചുകുട്ടിയായിരുന്നു. ഒരു കറുത്ത ചെക്കൻ. ഒരെറുമ്പിനെക്കാൾ സൗമ്യമായി കാളകൾ അവനെ കടന്നുപോയി. ചെക്കൻ അവൻെറ അരികിലേക്കു വന്നു. കാളകൾ കുറച്ചു മുന്നോട്ടു നടന്ന് റോഡരികിലുള്ള പുല്ലു തിന്നാൻ തുടങ്ങി.

''പേടിച്ചാ?''

ചെക്കൻ ചോദിച്ചു. ഇല്ലെന്നവൻ തലയാട്ടി. ചെക്കൻെറ കണ്ണുകൾ തൻെറ നിറങ്ങൾ വിരിഞ്ഞുകിടക്കുന്ന വസ്ത്രങ്ങളിലാണെന്ന് അവനു മനസ്സിലായി. അവൻ തലയുയർത്തി അഭിമാനത്തോടെ പറഞ്ഞു.

"ഇതെൻെറച്ഛൻ ദുബായീന്നു കൊണ്ടന്നതാ!"

ഷർട്ടിലടിച്ചിരുന്ന മുല്ലപ്പൂ സ്പ്രേയുടെ സുഗന്ധം ചെക്കൻെറ മൂക്കിൻെറ ദ്വാരങ്ങളെ വികസിപ്പിച്ചു. അവൻെറ കണ്ണുകൾ ചെക്കൻെറ അസാധാരണ വലിപ്പമുള്ള ബട്ടണുകളില്ലാത്ത പഴയ ട്രൗസറിലായിരുന്നു. മുൻവശത്ത് മുറുക്കി കുത്തിയിരുന്നുവെങ്കിലും അതിടയ്ക്കിടെ അഴിയുന്നുണ്ടായിരുന്നു. എന്തോ ഓർത്ത് അവൻ പോക്കററിലേക്ക് കൈകൾ താഴ്ത്തിയപ്പോൾ ചോക്ലേററുകൾ കൈയിൽ തടഞ്ഞു. ഒരെണ്ണമെടുത്ത് ചെക്കനുകൊടുത്ത് അവൻ വീണ്ടും നടക്കാൻ തുടങ്ങി.

പുറകിൽ ഒരു സൈക്കിൾ ബെല്ലിൻെറ സംഗീതം മുഴങ്ങി. അവൻ തിരിഞ്ഞു നോക്കി. പോസ്റ്റ്മാൻ. അയാൾ അവനരികെ സൈക്കിൾ നിറുത്തി എഴുത്തുകളുടെ കെട്ടിനടിയിൽ നിന്നു ചുററും ആകർഷകമായ വരകളുള്ള ഒരു കവറെടുത്ത് അവനു കൊടുത്തു. അയാൾ പറഞ്ഞു.

''അച്ഛൻെറഴുത്താ, അമ്മേടെ കൈയീ കൊടുക്കണം, ട്ടോ.''

പോസ്റ്റ്മാൻ പൊയ്ക്കഴിഞ്ഞപ്പോൾ കവറിൻെറ പുറത്തൊട്ടിച്ചിരുന്ന അറബിയെ കീറിയെടുത്ത് പോക്കററിലാക്കി. എഴുത്തിലെ ആദ്യത്തെ വരികൾ, അവസാനിക്കുന്ന വരികൾ ഇവയെല്ലാം അവന് മനഃപ്പാഠമാണ്.

എൻെറ കരളിൻെറ കരളായ...... അറിയാനെഴുതുന്നത്. തിരിച്ചുപോകുന്ന കത്തിലെ തുടക്കം അല്പം വ്യത്യാസ

**എം. കെ. ശ്രീകുമാർ**

മുണ്ട്. പ്രിയമുള്ള ചേട്ടൻ വായിച്ചറിയാൻ പ്രിയയെഴുതുന്നത്. അവസാന വരികളും അവനറിയാം. അച്ഛൻെറ എഴുത്തവസാനിക്കുക ഇങ്ങനെയാണ്. സ്നേഹപൂർവ്വം നിൻേറതു മാത്രമായ... അമ്മയെഴുതുക സ്നേഹപൂർവ്വം അങ്ങയുടേതു മാത്രമായ...എന്നാണ്.

അവൻ കവർ തിരിച്ചും മറിച്ചും നോക്കി. കവറിൻെറ പുറത്ത് ഒരു വിമാനത്തിൻെറ ചിത്രം. അവൻെറ കാതുകളിലൂടെ ഒരു ഇരമ്പൽ ഉയർന്നുവന്നു. നിമിഷങ്ങളിലൂടെ അതൊരു വലിയ വിമാനമായി ആകാശത്തുകൂടെ ഇരമ്പിപ്പാഞ്ഞു. വിമാനത്തിനുള്ളിൽ ഒരു രാജകുമാരനെപ്പോലെ അവൻ... ഏഴാം കടലിനക്കരയിലേക്ക്...റോഡരികിൽനിന്ന് ആരോ അമർത്തി സംസാരിക്കുന്ന സ്വരമാണ് അവനെ ഭാവനയിൽനിന്നുണർത്തിയത്. റോഡരികിലെ വിജനമായ കൈതക്കാടുകൾക്കപ്പുറത്ത് അവൻെറ കണ്ണുകൾ ഉടക്കിനിന്നു. വീട്ടിലെ വേലക്കാരിപ്പെണ്ണിനെ അവൻ തിരിച്ചറിഞ്ഞു. തൊട്ടടു
കൊമ്പൻ മീശയും ചെമ്പരത്തിപ്പൂ
കളുമുള്ള ഒരാൾ. പക നിറഞ്ഞ
ക്കണ്ണുകൾ. അവൻ വേഗം നട
വീട്ടിലേക്ക്.

അമ്മയെ പുറത്തെങ്ങും കണ്ടി
വാതിൽ തുറന്ന് അകത്ത് കട
ബെഡ് റൂമിൽനിന്ന് ടേപ് റെ
ഡിൻെറ ലഹരിപിടിപ്പിക്കുന്ന സ
തം അവൻെറ കാതുകളിലെത്തി. പ
യടഞ്ഞു കിടന്നിരുന്ന ബെഡ്റൂമി
വാതിൽപ്പാളികൾ തള്ളിത്തുറന്ന് അ
അകത്തു കടന്നു. വിരലുകൾ പരസ്പ
കോർത്ത് ഡൺലപ്പ് കിടക്കയ
മരുന്ന രണ്ടു കൈകൾ. അവൻെറ
മുമ്പിൽ പിണഞ്ഞുകിടന്നു. ഫോ
വാച്ചു കെട്ടിയ, ചെറുപ്പക്കാരന
ട്യൂഷൻ മാസ്റ്ററുടെ ബലമുള്ള കൈ
ണ്ടയും അമ്മയുടെ വെളുത്ത മൃദുല
വിരലുകളും അവൻ തിരിച്ചറി
തലയ്ക്കു മുകളിൽ ഫാൻ ഭ്രാന്തമായി
ങ്ങുന്നതും അവനറിഞ്ഞു. മുറിയ
സ്റ്റീരിയോ സംഗീതവും മേശപ്പുറ
രണ്ടു കവിൾ മാത്രം കുടിച്ച ഗ്ലാസ്സും
കുപ്പിയും ഭ്രാന്തമായി കറങ്ങുന്ന ഫ
അമ്മയും ട്യൂഷൻ മാസ്റ്ററും ഡൺല
കിടക്കയും ചേർന്നു അവനു പ
കിട്ടാത്ത, അജ്ഞാതമായ ഒരു ലേ
സൃഷ്ടിച്ചു.

ഒരു നിമിഷം ഉണ്ടായ ന
അവനെ കണ്ടതോടെ അവരുടെ മു
ളിൽ നിന്നു മാഞ്ഞുപോയി. അവ
ന്നും മനസ്സിലായില്ല. അവൻ സ
ഷത്തോടെ സ്റ്റേററും എഴുത്തും അമ്മ
നേർക്കു നീട്ടി. അമ്മ അവ വാ
ഒന്നു നോക്കുകപോലും ചെയ്യാതെ
പ്പുറത്തുവച്ചു. ഇപ്പോൾ, ഇപ്പ
മാത്രം അവൻെറ സന്തോഷവും
മാനവും ജിജ്ഞാസയുമെല്ലാം
പെയ്തു തോർന്നൊടുങ്ങി. അവൻ
കളിലൂറിയ പേരിടാനാവാത്ത ഒരു
വിഷാദത്തോടെ അമ്മയുടെ കണ്ണു
ലേക്കു നോക്കി. അമ്മയുടെ ക
ളിൽനിന്ന് ഒരായിരം കാളകൾ
വളഞ്ഞ കൊമ്പു കുലുക്കി ഞെട്ടി
പ്പിക്കുന്ന കുളമ്പടികളോടെ അ
നേരെ പാഞ്ഞുവന്നു. അവൻെറ
കളിൽ ഭയത്തിൻെറ തീപ്പൊരി
ചിതറിയുണർന്നു. വന്യമായ കരു
ന്ന കുളമ്പടികൾക്കിടയിൽ അവനെ
പാവം മുയൽക്കുഞ്ഞായി.

ക്രൈസ്ററ് കോ

അവൻ പുറത്തു കടന്നു. പുറത്ത് ചൂടില്ലാത്ത വെയിൽ സ്നേഹപൂർവ്വം അവനെ തലോടി. പൂക്കളെ തൊട്ടു തലോടി അവൻ പൂന്തോട്ടത്തിനിടയിലൂടെ നടന്നു. അവനിഷ്ടപ്പെട്ട വെളുത്തു ചിരിക്കുന്ന മന്ദാരപ്പൂക്കൾ വാടിനിൽക്കുന്നു. അവനു സങ്കടം തോന്നി. അപ്പോഴാണവൻ പടികടന്നു് ഒരു കുഞ്ഞി ഉടുപ്പു വരുന്നതു കണ്ടതു്, മീര. അടുത്ത വീട്ടിലെ കളിക്കൂട്ടുകാരി. പടികടന്നുവരുന്നു. സന്തോഷത്തിന്റെ ഒരിളം കാററവനെ തൊട്ടിലാട്ടി. അവനെന്തോ പറയാൻ ഭാവിച്ചപ്പോൾ അവൾ ചുണ്ടത്തു് വിരൽവച്ച് അരുതെന്നു വിലക്കി, അവളുടെ ചൂണ്ടുവിരൽ നീണ്ടു. അവൻ ആകാംക്ഷയോടെ കണ്ണുകൾ മീരയുടെ ചൂണ്ടുവിരലിനുമപ്പുറത്തെറിഞ്ഞു. അവൻ കണ്ടു. ഒരു വെളുത്ത മുയൽക്കുഞ്ഞ് പൂത്തുനിൽക്കുന്ന മുല്ലച്ചെടിയുടെ അരികെ കറുകപ്പുല്ലുകൾ തിന്നുന്നു. അവൾ അവന്റെ കൈപിടിച്ച് ശ്വാസമടക്കി പതുക്കെ വെളുത്ത മുയൽക്കുഞ്ഞ
നടുത്തേക്ക് നടന്നു. പൊടുന്നനെ മുയൽ
കുഞ്ഞു് ചെടികൾക്കിടയിലൂടെ ചാട
യോടി മറഞ്ഞു. അവർ ഉരുട്ടിവിട്ട ഒര
വെളുത്ത റബ്ബർപന്തുപോലെ ആ മുയൽ
കുഞ്ഞു് ഭൂമിയുടെ പ്രതലങ്ങളിലൂടെ
ഉരുണ്ടുരുണ്ടുപോയി. അപ്പോൾ അവ
രണ്ടുപേരും പളുങ്കുമണികൾ ചിതറു
പോലെ സന്തോഷത്താൽ മതിമറന്നു
ചിരിക്കുകയായിരുന്നു.

---

# ഭാവഗീതികളിലെ ആത്മനിഷ്ഠത

അനിൽകുമാർ

മനുഷ്യനേയും സമൂഹത്തേയും പററി പ്രാകൃതമായ ചിന്താഗതികൾ വച്ചുപുലർത്തുന്നതു് കവിതയെ സംബന്ധിച്ചിടത്തോളം വളരെയധികം ദോഷം ചെയ്യും. കവിതയ്ക്കു് പൊതുവേയും പ്രകൃത്യാ തന്നെ ലോല (Subtle) മായ ഭാവഗീത കവിതയെ (Lyrical Poetry) സംബന്ധിച്ച് പ്രത്യേകിച്ചും ഇതു് ശരിയാണ്. ഈ ദോഷം പിണയുന്നതു് കവിതയിലെ പ്രത്യയശാസ്ത്ര സങ്കല്പത്തെ അക്ഷരാർത്ഥത്തിൽ ത്തന്നെ വ്യാഖ്യാനിക്കപ്പെടുന്നതുകൊണ്ടും കവിയുടെ പൗരധർമ്മപരമായ മൂല്യത്തെ (Civic ideal) ഭാവഗീതത്തിൽ ഉൾക്കൊള്ളിക്കുന്ന സങ്കീർണ്ണ പ്രക്രിയയെ അമിതമായി ലളിതവൽക്കരിച്ച് കാണുന്നതുകൊണ്ടുമാണ്.

സൈദ്ധാന്തികാടിസ്ഥാനമില്ലാത്തതും വരേണ്യവുമായ തത്വങ്ങൾ സാഹിത്യത്തിൽ നുഴഞ്ഞുകയറാൻ ശ്രമിക്കുന്ന ഒരു മണ്ഡലമായിരുന്നിട്ടുണ്ട് ഭാവഗീത കവിത എക്കാലത്തും. ഈ പ്രശ്നത്തിനു പിന്നിൽ വളരെ വിശാലമായ ചരിത്രം തന്നെയുണ്ട്. കവിത, പ്രത്യേകിച്ചും ഭാവഗീത കവിത 'നിരപേക്ഷമായ (absolute) കവി സ്വാതന്ത്ര്യ'ത്തിന്റെ വക്താക്കൾക്ക്, പ്രത്യയശാസ്ത്രശൂന്യ സാഹിത്യത്തെയും, മൂല്യങ്ങളിൽ നിന്നുള്ള അതിന്റെ മോചനത്തെയും സമർത്ഥിക്കുവാൻ വിശാലമായ പരിധി നൽകുന്നുണ്ട്. അവർ സാധാരണയായി മുന്നോട്ടു വയ്ക്കുന്ന ചോദ്യങ്ങൾ ഇവയാണ്: ഇവിടെയല്ലാതെ മറെറവിടെയാണ് കവിയുടെ ഉള്ളിലടിഞ്ഞുകിടക്കുന്ന തീർത്തും വ്യക്തിപരമായ അനുഭൂതികളേയും അനുഭവങ്ങളേയും ചിത്രീകരിക്കുക. ജീവിതത്തിന്റെ ക്ഷീണിപ്പിക്കുന്ന സ്വാധീനങ്ങളിൽനിന്നും യാഥാർത്ഥ്യങ്ങളിൽ നിന്നും മുക്തനായി സ്വന്തം വ്യക്തിത്വത്തിനു മേൽ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാൻ കവിയ്ക്കു് മറെറവിടെയാണ് സാധിയ്ക്കുക? സ്വന്തം ആത്മാവിനെ കീറിപ്പിളർന്ന് അനുവാചകനു മുമ്പിൽ വയ്ക്കുന്ന ഭാവഗീതകവി (Lyricist) യോടു്, പ്രത്യയ ശാസ്ത്രത്തേയും മൂല്യങ്ങളോടുള്ള കടമയേയും കുറിച്ച് സംസാരിക്കാൻ ആർക്കാണ് തോന്നുക!

അത്തരം പ്രവണതകൾക്കെതിരായി മാർക്സിസ്ററ് വിമർശനശാഖ നടത്തുന്ന സമരത്തിന് വലിയ പ്രസക്തിയുണ്ട്. കവിതയ്ക്കു് ജനങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചും പൂർണ്ണതയ്ക്കും സാമൂഹിക മൂല്യങ്ങൾക്കും വേണ്ടിയുള്ള കവിതയുടെ സമരത്തെപ്പററിയും സംസാരിക്കുകയാണ് അത്തരം പ്ര
വൃത്തിയിലൂടെ അതു ചെയ്യുന്നതു്. ദൗർഭാഗ്യമെന്നു പറയ
ഈ സമരം അടുത്തകാലത്തു് ചില ദോഷഫലങ്ങൾക്ക് വഴ
തെളിച്ചിട്ടുണ്ട്. ഭാവഗീത കവിതയോടു് സംശയ ബുദ്ധ
യോടെയുള്ള വീക്ഷണം, ഭാവഗീതക കവിതയെ സാമൂഹിക
മൂല്യങ്ങൾ ഉൾക്കൊള്ളുന്ന കവിതയിൽനിന്നും അയഥാർത്ഥ
മായി വേർപെടുത്തുവാനുള്ള ശ്രമം എന്നിവയുടെ രൂപത്ത
ലായിരുന്നു അവ. വിരോധാഭാസമെന്നു തന്നെ പറയ
അത്തരമൊരു വിഭജനത്തെ പിൻതാങ്ങിയിരുന്നവർ ആശ
ശൂന്യമായ കവിതയുടെ വക്താക്കളോടു് കൂട്ടുചേരുക
ണ്ടായി. അവർ പ്രത്യക്ഷത്തിൽ രണ്ടുതരം കവിത
അംഗീകരിച്ചു. ഒന്നു്, സമൂഹത്തിന്റെ സമരത്തിൽ ആ
ധമായി വർത്തിയ്ക്കുന്നവ. രണ്ടു്, പറവകളെപ്പററിയു
സ്വന്തം കാമിനിയുടെ മനോജ്ഞതയെക്കുറിച്ചും സ്തുതി
ന്നതിൽ പരിമിതപ്പെട്ടിരുന്നവ. രണ്ടാമത്തേതിനെ അവ
ഭാവഗീത കവിത എന്നു വിളിച്ചു.

പക്ഷെ 'ഭാവഗീതം' എന്നതു് ആശയങ്ങളും മൂല്യങ്ങള
സന്ദേശങ്ങളുമമില്ലാത്ത കവിതയ്ക്കു് ഒരു വിധത്തിലും പര്യാ
മാവില്ല. ഇതിഹാസത്തോടും (epic), നാടകത്തോട
(drama) ഒപ്പം സാഹിത്യത്തിന്റെ മൂന്നു ശാഖകളിലെ
ന്നാണ് അതു്. ആശയപരമായ സത്തയെ അതു് ഉൾക്കൊ
ള്ളുകയോ ഉൾക്കൊള്ളാതിരിക്കുകയോ ചെയ്യാം. അതു് നിശ്ച
യിക്കേണ്ടതു് കവിയാണ്; അല്ലാതെ, കവിതയെ ഇന
തിരിച്ചു വേർപെടുത്തുന്ന ചില പ്രസ്ഥാനങ്ങളുടെ വക്ത
ക്കളല്ല. ഭാവഗീതാംശത്തെ നിരാകരിയ്ക്കുകയെന്നാൽ
കവിതയുടെ സജീവ ശരീരത്തെ വിരൂപമാക്കുകയെന്നാണ
അർത്ഥമാക്കേണ്ടതു്. കവിതാശാഖയിലെ ഏററവും ഉത്ത
മായ നിദർശനങ്ങളെ നിരസിക്കലാണ്, മനുഷ്യവികാരത്തെ
ബാധിയ്ക്കുന്ന ഏററവും ശക്തിമത്തായ മാർഗ്ഗങ്ങളിലെ
ന്നിനെ നിഷേധിക്കലാണ് അതു്.

ഭാവഗീതികളെ, കാരണമില്ലാതെ വിമർശിക്കുന്നതിലെ
തെററ്, അങ്ങനെയൊരു മനോഭാവം ഉണർത്തുന്നതിലെ
പ്രതികരണങ്ങളിൽ ദർശിക്കാം. സങ്കുചിത ചിന്താഗതി
ഉദാത്തമായ ചിന്തകളുടേയും അനുഭൂതികളുടേയും അപര്യാപ്തത
ആന്തരിക ലോകത്തെക്കുറിച്ചും മനോവ്യാപാരങ്ങളെക്കുറിച

മുള്ള അമിതോൽക്കണ്ഠ, ആത്മാന്വേഷണപരമായ അപഗ്രഥനം തുടങ്ങിയ പ്രത്യക്ഷഫലങ്ങൾ അത്തരം പ്രതികരണങ്ങൾക്കുദാഹരണമാണ്. അനന്തമായ അനുഭൂതി സാദ്ധ്യതകൾക്ക് വഴിതുറക്കുന്ന മനുഷ്യമനസ്സിൻെറ സമഗ്രാപഗ്രഥനം ചിലപ്പോഴൊക്കെ 'ശുദ്ധ' ഭാവഗീത കവിതയുടെ സഹായത്തിനെത്താറുണ്ട് എന്നത് ശ്രദ്ധേയമാണ്. അങ്ങിനെ വരുമ്പോൾ ഫലത്തിൽ ആശയപരമായ മൂല്യങ്ങളെയും സത്തയേയും നിരസിയ്ക്കുകയാണ് 'ശുദ്ധ' ഭാവഗീത കവിതയുടെ വക്താക്കൾ ചെയ്യുന്നത്.

കവിയ്ക്ക്, ലിറിക്കൽ കവിതയിൽ, പലേവിധത്തിൽ, തനിയ്ക്ക് നല്ലതെന്നു തോന്നുന്ന മൂല്യങ്ങളെ ഉൾക്കൊള്ളിയ്ക്കുവാനും, ആശയങ്ങളെ പ്രകാശനം ചെയ്യുവാനും കഴിയും. ഒരു പ്രത്യേക പ്രതിഭാസത്തിനോട് തനിയ്ക്കുള്ള മനോഭാവവും സമീപനവും വെട്ടിത്തുറന്നു പറയുന്നതും, അതിൻെറമേൽ തൻെറ വിധി പ്രസ്താവിയ്ക്കുന്നതും, അങ്ങനെ ചെയ്യുകവഴി, തൻെറ സന്ദേശം വ്യക്തമാക്കുന്നതും, അതു് സൃഷ്ടിയുടെ സമൂഹത്തിനോട് സംപ്രേക്ഷിയ്ക്കുന്നതും (communicate) ആയ നിദർശനങ്ങൾ എത്ര വേണമെങ്കിലും കണ്ടെത്താൻ കഴിയും. അവയൊക്കെ ഗഹനമായ ഭാവഗീതികളല്ലെന്നും അനാസ്വാദ്യമാണെന്നും ആരും പറയുകയുമില്ല. അങ്ങനെയുള്ള ഉദാഹരണങ്ങളിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നതു് അതിനോടുള്ള സാമാന്യജനത്തിൻെറ മനോഭാവമാണ്. കവിയുടെ വിശ്വാസത്തിൻെറ ബലമാണ്. അയാൾ അനുഭവിക്കുന്നതിനെ, അനുവാചകനും അതേതോതിൽ അനുഭവ വേദ്യമാക്കുന്ന കവിയുടെ സിദ്ധിയാണ്. അനുവാചകനെ വശീകരിയ്ക്കാൻ കഴിയുന്ന പ്രതിപാദനരീതി സ്വായത്തമാക്കാൻ കഴിയുന്നതിലാണ് കവിയുടെ വിജയവും.

പക്ഷെ, ഭാവഗീത കവിതയിൽ, പറയേണ്ടുന്ന കാര്യം ഋജുവായി (point-blank) കവി പ്രകാശിപ്പിച്ചു കൊള്ളണമെന്നില്ല. പരോക്ഷമായും കവിയ്ക്കതു ചെയ്യാം. ഉദാഹരണമായി ജീവിതത്തിൻെറ അനുഭവങ്ങളോട് പ്രതികരിയ്ക്കുന്ന ഒരു കവിയ്ക്ക്, അനുവാചകനോട് തൻെറ നിഗമനങ്ങളെന്താണെന്ന് വിശദമാക്കാം. പക്ഷെ അന്തിമ വിധിക്കുള്ള അവകാശം അനുവാചകനു വിട്ടുകൊടുക്കുകയും, ആ വിധിയോ തീരുമാനമോ എടുക്കാൻ അയാളെ പ്രേരിപ്പിയ്ക്കുകയും ചെയ്യാം.

ഇവിടെ ഒരു ചോദ്യം ഉത്ഭവിക്കുന്നുണ്ട്. കവിയ്ക്ക് അനുവാചകനുമായുള്ള ബന്ധത്തെയോ, ആത്മധാരണയേയോ (spiritual understanding) ആവിഷ്കരിക്കുന്നതിനു് വസ്തുനിഷ്ഠമായ (objective) എന്തെങ്കിലും മാനദണ്ഡമുണ്ടോ? ഉണ്ടെങ്കിൽ, എവിടെയാണ് കൃത്യമായും അങ്ങനെയൊന്നിനു വേണ്ടി അന്വേഷിക്കേണ്ടതു്? ഏതെല്ലാം സാഹചര്യങ്ങളിലാണ് ഒരു കലാസൃഷ്ടിയിൽ ഉൾക്കൊണ്ടിട്ടുള്ള ആശയങ്ങൾ സാമാന്യ പ്രസക്തി ആർജ്ജിക്കുന്നതു്?

ഗോയ്ഥേയോട് അദ്ദേഹത്തിൻെറ 'ടോർക്കട്ടോടാസ്സോ' യിൽ എന്താശയമാണ് പ്രകാശിപ്പിക്കുവാൻ ഉദ്ദേശിച്ചതെന്ന് എക്കർമാൻ ചോദിച്ചപ്പോൾ ഗോയ്ഥേ അതിശയത്തോടെ തിരിച്ചുചോദിക്കുകയുണ്ടായി: 'ആശയമോ? എനിയ്ക്കെങ്ങനെയറിയാം! മുമ്പിലുണ്ടായിരുന്നതു് ടാസ്സോയുടെ ജീവിതമായിരുന്നു, എൻെറ സ്വന്തം ജീവിതമായിരുന്നു. ഈ രണ്ടു ജീവിതങ്ങളേയും അവയുടെ എല്ലാ പ്രത്യേകതകളോടും കൂടി ഒരുമിച്ചു കൊണ്ടുവന്നപ്പോൾ ടാസ്സോയുടെ ആകൃതിയും പ്രകൃതിയും എൻെറയുള്ളിൽ വ്യക്തമായി രൂപപ്പെട്ടു. ടാസ്സോയ്ക്കു നേരേ വിപരീതമായി ആൻറോണിയോവിനെ ഞാൻ രൂപപ്പെടുത്തി—ആശ്രയിക്കാൻ വേണ്ടുന്ന മാതൃകകൾക്ക് ഒട്ടും തന്നെ കുറവുണ്ടായിരുന്നില്ല. എങ്ങിനെയായാലും, അമൂർത്തമായ (abstract) എന്തെങ്കിലും കവിതയിൽ ഉൾക്കൊള്ളിക്കുക എന്നതു് എൻെറ രീതിയല്ല. മനസ്സിൽ പതിയുന്ന ചില അനുഭവങ്ങളെ, എനിക്കു് പ്രിയപ്പെട്ട, സജീവമായ, വർണ്ണോജ്ജ്വലമായ, ഭാവനയെ ഉദ്ദീപിപ്പിയ്ക്കുന്ന, എല്ലാത്തരത്തിലും വൈവിധ്യമാർന്ന, സംവേദന ക്ഷമമായ ചില സൂക്ഷ്മഭാവങ്ങളെ ഞാൻ ദർശിച്ചു; ഈ പ്രതിഫലനങ്ങളേയും, മനസ്സിൽത്തട്ടുന്ന ഭാവങ്ങളേയും (impression) ചിത്രീകരി[ച്ചി]രിക്കുന്നതു് വായിക്കുന്നവനും ശ്രദ്ധിക്കുന്നവനും അതേ സൂക്ഷ്മഭാവങ്ങൾ തന്നെ ഏററുവാങ്ങുന്ന എന്ന് ഉറപ്പായ വിധത്തിൽ അവയെ സജീവമായ വാക്കുകളിലൂടെ നിയതമായും കലാപരമായും ക്രോഡീകരിച്ച് പ്രകാശിപ്പിക്കുക മാത്രമേ എനിക്കു് ചെയ്യേണ്ടുന്നതുണ്ടായിരുന്നുള്ളു.''

ഈ വാക്കുകളിൽനിന്ന്, ഒരാൾ ആശയങ്ങളെപ്പററി ചിന്തിക്കേണ്ടതായിട്ടേയില്ലെന്നും, വസ്തുതകളെ യഥാർത്ഥ[്യ]ത്തിൽനിന്ന് പലവിധ പ്രതിഭാസങ്ങളിൽനിന്നു, മനുഷ്യരിൽനിന്നും അതേപടി പകർത്തിയാൽ മതിയെന്നും, അങ്ങനെ ചെയ്യുമ്പോൾത്തന്നെ ആശയം അവിടെ ഉരുത്തിരി[യു]മെന്നുള്ള സ്വാഭാവിക നിഗമനത്തിലെത്തുന്നതു് തെററാണ്. അതു് ഗോയ്ഥേയുടെ വാക്കുകളുടെ പ്രാകൃതമായ വ്യാഖ്യാ[ന]മായിരിയ്ക്കും. കലാപരമായ അനുഭവങ്ങളുടെ അടിസ്ഥാ[ന]ത്തിൽ പ്രസിദ്ധനായ ആ കവി വാസ്തവത്തിൽ ചെയ്തതു (ഒരു പക്ഷെ നൈസർഗ്ഗിക വാസനകളാൽ പ്രേരിതമായി അ[]ദ്ദേഹമറിയാതെ തന്നെയായിരിയ്ക്കാം അല്ലെന്നു പറയുന്നില്ല) റിയലിസ്റ്റിക് കലാസിദ്ധാന്തത്തെ നിയതമായി ക്രോഡീ[ക]രിക്കുകയാണ്. അതു് അമൂർത്തമായ ആശയങ്ങളിൽനിന്ന് ഉൽഭൂതമാകുന്നതല്ല. മറിച്ച്, അത്തരം ആശയങ്ങ[ളെ] യഥാർത്ഥത്തിൽത്തന്നെ— നമ്മുടെ ചുററുമുള്ള ജീവിതത്തി[ൽ] ത്തന്നെ— വെളിപ്പെടുത്തുകയാണ്.

കവിയുടെ വ്യക്തിത്വത്തിനു് (personality) ഗോയ്ഥേ [] കൽപ്പിക്കുന്ന പ്രസക്തിയും പ്രാധാന്യം കൊടുത്തു് കാണേ[ണ്ട]തായിട്ടുണ്ട്. ''എൻെറ സ്വന്തം ജീവിതം'', ഗോയ്ഥേക്ക് [] ക്രിയാത്മക പ്രക്രിയയുടെ ആവശ്യഘടകമായിരുന്നു. മ[ന]സ്സിൽത്തട്ടുന്ന സൂക്ഷ്മഭാവങ്ങൾ (''എനിക്കു് പ്രിയപ്പെ[ട്ട], സജീവമായ, വർണ്ണോജ്ജ്വലമായ, ഭാവനയെ ഉദ്ദീപിപ്പി[യ്]ക്കുന്ന, എല്ലാത്തരത്തിലും വൈവിധ്യമാന്ന സൂക്ഷ്മഭാവങ്ങ[ൾ] കവിയുടെ ഉള്ളിലൂടെ പ്രവേശിക്കുന്നു. വാക്കുകളിലൂടെ[യും] ബിംബങ്ങളിലൂടെയും അതു് പ്രകാശിപ്പിക്കുന്നതിനുമുൻപ[്] കവി അതു് അനുഭവിക്കുകയും ദർശിക്കുകയും (perceiv[e]) ചെയ്യുന്നു. കലയിലെ ശുദ്ധവും പ്രബോധനപരവു (didacti[c]) മായ പ്രവണതകൾ ചർച്ചാവിഷയമാവുന്നതു് ഇവിടം മുത[ൽ]ക്കാണ്. പ്രബോധനപരത, കലയിൽ ഏതു വീക്ഷ[ണ] കോണത്തിലൂടെ നോക്കിയാലും ന്യായീകരിയ്ക്കപ്പെട[ാം]. പക്ഷെ അങ്ങനെത്തന്നെ ആവിഷ്കരിക്കുകയാണെങ്കിൽ അ[തു്] കവിതയെ നിശ്ചേതനമാക്കും. പലപ്പോഴും ഈ വസ്[തുത] മനസ്സിലാക്കുന്നതോടെ, എങ്ങോട്ടാണ് തിരിയേണ്ടതെന്നോ എവിടെയാണ് നിലയുറപ്പിക്കേണ്ടതെന്നോ അറിയാത്ത [] മാനസികാവസ്ഥ കവികൾക്ക് സംജാതമാവും. എ[]

കവികളും ഒരു ഘട്ടത്തിൽ അഭിമുഖീകരിക്കേണ്ടുന്ന ഒരു സന്ദിഗ്ദ്ധാവസ്ഥയായി മാത്രം ഇതിനെ കണ്ടാൽ മതി. വിജയകരമായി ഈ ഘട്ടം തരണം ചെയ്യുന്നതിലാണ് കവിയുടെ വിജയവും. കവിയുടെ വ്യക്തിത്വം വീണ്ടും പ്രതിപാദന വിഷയമാവുന്നതു് ഇവിടെയാണ്. പ്രബോധനപരത കവിയുടെ പ്രകൃതിയുമായി ലയിച്ചുചേരണം. ലയിച്ചുചേർന്ന് അതു്, തെററെന്നും ശരിയെന്നുമുള്ള സഹജവാസന (instinctive feeling) കളായി പരിണമിക്കേണ്ടതുണ്ട്. കവിയുടെ വ്യക്തിത്വത്തിന്, അതിൻെറ വ്യാപ്തിയിലും (scope), വ്യക്തിയെന്ന ഇടുങ്ങിയ ചട്ടക്കൂടിൽനിന്നും അതീതമായുള്ളതെന്തോ, അതിനെ വലിച്ചെടുക്കുവാൻ (absorb) ഉള്ള കഴിവിലും, ജനങ്ങളുടെ മാനസിക ജീവിതത്തിൽ അതിനുള്ള പങ്കിൻെറ തോതു് നിർണ്ണയിക്കുന്നതിലും ഉള്ള പ്രാധാന്യമാണ് അതു് വെളിപ്പെടുത്തുന്നതു്. ചുരുക്കത്തിൽ കവിയുടെ ആദർശം ജനങ്ങളുടെ ആദർശവുമായി ലയിപ്പിക്കുന്നതിനെക്കുറിച്ച് സംസാരിക്കാൻ കഴിയുന്നതെവിടെയാണോ, കവി സ്വന്തം ചിന്തകളേയും അനുഭൂതികളേ അഭിലാഷങ്ങളേയും ആവിഷ്കരിക്കുകയും തൻെറ സൗന്ദ ശാസ്ത്രചിന്തകളെ സ്ഥിരീകരിക്കുകയും ചെയ്യുന്നതിലൂ ജനങ്ങളുടെതന്നെ ആശകളേയും അഭിലാഷങ്ങളേയും സൗന്ദ സങ്കല്പങ്ങളേയും പ്രകാശിപ്പിക്കുന്നതെവിടെയാണോ—അ നെയുള്ള ഭാവഗീതികളിലാണ് ജനങ്ങളുമായി കവിയ്ക്കു ദൃഢബന്ധം (affinity) എന്നു വിവക്ഷിക്കാവുന്ന ഗു കാണാനാവുക. അത്തരം സൗന്ദര്യാദർശം പ്രകടമാവുന്ന കവിയുടെ സാമൂഹിക മൂല്യസങ്കൽപ്പത്തിൻേറയും അയാളു സ്വന്തം സൗന്ദര്യസങ്കൽപ്പത്തിൻേറയും വിച്ഛേദന ബിന്ദുറ ലാണ് (intersection point). അവിടെ, അവ രണ്ടു മുറിഞ്ഞുപോകാതെ പരസ്പരം കൂടിപ്പിണയുകയാണ് ചെയ്യു

('സൗന്ദര്യശാസ്ത്രവും കവിതാതത്വങ്ങളും' എന്ന കൃ യോടു് കടപ്പാടു്.)

□

## പ്രലപനങ്ങൾ

കഥ

**ശരത്ചന്ദ്രൻ കെ. വി.**

ഏഴിമലയുടെ നെറുകയിൽ ഞങ്ങളെത്തി. ഞാനും, ശിവദാസും.

ഈ ഉന്നതങ്ങളിൽ നിന്നും അലറിക്കുതിച്ചൊഴുകുന്ന വളപട്ടണം പുഴ കാണാറാകുന്നു. കാലത്തെപ്പോലെ ഘനീഭൂതമായിക്കിടക്കുന്ന പുഴയുടെ വെളുത്ത തീരങ്ങൾ കാണുന്നു. പുഴയുടെ വെളുത്ത തീരങ്ങളിൽ എന്തോ ചിക്കിചികയുന്ന കോഴികളെ കാണുന്നു.

നോക്കൂ ശിവദാസ്; ഇത്തരം സന്ധ്യകളിലെന്നും ഞാനീ മലയിലെത്തും. പുഴയുടെ തീരങ്ങളിലെ കോഴികളെ നോക്കിയിരിക്കും. സായന്തനങ്ങളിലെ എൻെറ ഈ പ്രത്യേക സ്വഭാവം ഇപ്പോൾ ദിനചര്യയുടെ ഒരു ഭാഗമായി വരികയാണ്. ഇന്നു് നീ കൂട്ടിന് വന്നതു് നന്നായി. നമുക്കാ കോഴികളെ നോക്കിയിരിക്കാം.

ശിവദാസ്; നീ തീരെ ശ്രദ്ധിക്കുന്നില്ലല്ലോ... നിൻെറ ശ്രദ്ധ മുഴുവൻ പടിഞ്ഞാറ് അസ്തമനസൂര്യനിൽ ഉടക്കിയിരിക്കുന്നുവെന്ന് ഞാനറിയുന്നു.

ശിവദാസ്; നിൻെറ ഇപ്പോഴുള്ള മൗനം - എന്നെ വല്ലാതെ അലോസരപ്പെടുത്തുന്നു. മലയുടെ താഴ്വാരങ്ങളിലെ സായാഹ്നസവാരികളിൽ നിൻെറ വാചാലതയും എന്നെ അലോസരപ്പെടുത്താറുണ്ട്. ഞാൻ വാചാലനാകുന്നതു് ഈ മലയുടെ നെറുകയിൽ വെച്ചാണ്. വളപട്ടണം പുഴയുടെ വെളുത്ത തീരങ്ങളിലെ കോഴികളെ കാണുമ്പോഴാണ്. താഴ്വാരങ്ങളിലെത്തുമ്പോൾ എന്നിലെ വാചാലത എങ്ങോ ഓടിയൊളിക്കുന്നു.

ശിവദാസ്; നീയറിയുമോ ഈ കോഴികൾ ദിവസവും ഇങ്ങനെ തിരയുന്നതെന്താണെന്ന്? അതൊരു കഥയാണ്. എൻെറ കഥ.

എനിക്കും, ഗീതയ്ക്കും വളപട്ടണം പുഴയുടെ തീരങ്ങൾ ഒരു ദൗർബ്ബല്യമായിരുന്നു. വ്യക്തമായ കാരണങ്ങളൊന്നുമില്ലാതിരുന്നിട്ടും ഞങ്ങളെന്തുകൊണ്ടോ പുഴയെ സ്നേഹിച്ചുപോയി. ഞങ്ങളെന്നും ഇത്തരം സന്ധ്യകളിൽ പുഴയുടെ തീരത്തിലെത്തും. അന്നൊന്നും പുഴയുടെ വെളുത്ത തീരങ്ങളിൽ കോഴികളെ കാണാനില്ലായിരുന്നു.

അന്നൊരു ദിവസം; പ്രസരിപ്പില്ലാത്ത ഒരു സന്ധ്യയിൽ അവൾ കൈയ്യിൽ ഒരു പിടി അരിയുമായി പുഴയുടെ തീരത്തെത്തി.

"അരിയെന്തിനാ-" ഞാൻ ചോദിച്ചു.

''പുഴയിലെ മീനുകളെന്നും നമ്മെ തുറിച്ചുനോക്കുന്നു. എന്നും വെറും കൈയ്യോടെ വരാൻ പറേറാ?'' അവ പുഴയെ നോക്കി പറഞ്ഞു. അല്പനിമ ഷത്തെ ഇടവേളക്കു് ശേഷം അവ അരി വിതറി പുഴയിലേക്കെറിഞ്ഞ പക്ഷേ; പുഴയിൽ നിന്നും നമ്മു തിരെ; പുഴയുടെ വെളുത്ത തീരങ്ങ ക്കെതിരെ, ശക്തിയേറിയ കാറ ചീറിയടിച്ചു. അതിനാൽ അരിമണ കൾ പുഴയിലെത്തിയില്ല. പകരം, വ പട്ടണം പുഴയുടെ വെളുത്ത തീരങ്ങളി അരിമണികൾ ചിതറി.

അന്നവളുടെ നീലമിഴികളിൽ വ ഷാദത്തിൻെറ കറുപ്പ് നിറം. ഞാനു ആദ്യമായി കാണുകയായിരുന്നു.

പിറേറന്നു മുതൽ കോഴികളെത്തും പുഴത്തീരത്തു് ചിതറിക്കിടക്കുന്ന അര മണികൾ തേടി. പുഴയേയും, വെളുത പൂഴിമണൽപ്പരപ്പിനേയും, ഈ കോഴ കളേയും കാണാനായി ഞാനെന്നും ഇ ഉന്നതങ്ങളിലെത്തും. ഒപ്പം അവളുണ്ട ണ്ടായിരുന്നില്ല.

ശിവദാസ്; നീയിതുവരെ ഒന്നു പറഞ്ഞില്ലല്ലോ? നിൻെറ ശ്രദ്ധ അസ മനസൂര്യൻെറ അവസാന ഭാഗത്തില ണെന്ന് എനിക്കറിയാം. ചുററും ഇരു വളരുകയാണ്. നമുക്കു് പോകാം ഏഴിമലയുടെ താഴ്വാരങ്ങളിൽ നമ്മെ കാത്തിരിക്കുന്ന വൈദ്യുതവെളിച്ച തേടി നമുക്കു് മലയിറങ്ങാം.

നോക്കൂ ശിവദാസ്, കോഴികള പ്പോഴും അരിമണികൾ തിരയു യാണ്.

□

# മിം ഡോസ്ററിൻെറ മൂന്നു കവിതകൾ

സമകാലിക ഇറാനിയൻ സാഹിത്യത്തിലേയും ജീവിതത്തിലേയും, ശ്രദ്ധേയമായ ഒരു മുഖമാണ് മിം ഡോസ്ററ്. അഗാധമായ മനുഷ്യസ്നേഹവും ഉദാത്തമായ ദേശസ്നേഹവും, ഭാവിയെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസവും പ്രത്യാശയും മിം ഡോസ്ററിൻെറ കവിതകളെ സജീവമാക്കുന്നു. വികാര സാന്ദ്രതയാണ് ശ്രദ്ധിയ്ക്കപ്പെടേണ്ട മററൊരു സവിശേഷത. ഡോസ്റ്റിൻെറ കല്പനകൾ (images), പലപ്പോഴും ബിംബങ്ങളുടെ (symbols) കടമകൂടി നിറവേററുന്നു. ഉദാഹരണമായി ചാരം—ഉയിർത്തെഴുന്നേല്പ്; ടൂലിപ് പുഷ്പം —പ്രത്യാശ; കടൽ, കാററ്—രോഷം എന്നിവ. പേർഷ്യൻ ഭാഷയിലെഴുതുന്ന ഈ കവിയുടെ മൂന്നു ചെറിയ കവിതകൾ മാസികാ സമിതി പരിഭാഷപ്പെടുത്തി ചേർത്തിരിയ്ക്കുന്നു.

— എഡിററർ.

## സ്നേഹിച്ചവൻ

തൂക്കുമരത്തിൽ വച്ച്
മൻസൂറിൻെറ കഴുത്തിൽ കൊലക്കയർ വീണപ്പോൾ
അവരെ എന്തുവികാരമാണ് കീഴ്പ്പെടുത്തിയതെന്ന്

നിങ്ങൾക്കറിയോ?

അവർ പൊട്ടിപ്പൊട്ടിക്കരഞ്ഞു.
പക്ഷെ അവൻെറ ചുണ്ടുകളിൽ ആ ചിരി ഉണർന്നു
(പ്രഭാതത്തിൽ ററ്യൂലിപ്പ് പുഷ്പം പൊട്ടി
ഉണരുന്നതുപോലെയുള്ള ആ ചിരി.)
ചാരവും പേറി
ഭൂമിയുടെ തുരുമ്പുകൾ ഉൾക്കൊണ്ട്
കാററ് എല്ലായിടത്തും വീശി.

പക്ഷെ ഇന്ന്, അമർത്തിവയ്ക്കാനാവാത്ത
ചുകന്ന രക്താണുക്കളെപ്പോലെ
ഓരോ തിരകളിൽനിന്നും
സ്നേഹിച്ചവൻെറ വേദനയെക്കുറിച്ച്
വീണ്ടും വീണ്ടും ഗീതങ്ങളുയരുന്നു.

## പ്രതീക്ഷ

ഒടുവിൽ, നിർദ്ദയനായ മൂടൽ മഞ്ഞ്
മെല്ലെ വഴിമാറിത്തരുന്നുണ്ട്.
പക്ഷെ.........പക്ഷെ......എൻെറ ചിറേറാടം എവിടെയാണ്?

ശാന്തവും ശ്യാമവുമായ സമുദ്രത്തിനു
മേലെ, നേർത്തു മെലിഞ്ഞ തണ്ടോടുകൂടിയ
ററ്യൂലിപ്പ് മൊട്ടും നില്ക്കുന്നുണ്ട്.

വലിയ കടലേ, വലിയ കടലേ
എൻെറ പ്രതീക്ഷകളുടെ ചെറിയ ഓടം എവിടെയാണ്?

## ചിന്നിയ നിഴൽ

ജലത്തിൻെറ നീലിമയിൽ വിശ്രമിക്കുന്ന
ആ കണ്ണുകൾ
ഒരു ചുകന്ന പുഷ്പത്തിൻെറ നുറുങ്ങിയ നിഴലായിത്തീരുന്നു.

ക്രൈസ്ററ് ...

# കല-കുറിച്ച സൗന്ദര്യശാസ്ത്ര ചിന്തകൾ

ചിന്തകനും വിമർശകനുമായ യൂറി ബാർബാഷിന്റെ 'ഈസ്തെറ്റിക്സ് ആൻഡ് പോയറ്റിക്സ്' എന്ന ഗ്രന്ഥത്തിൽനിന്നുള്ള ഒരു ഭാഗം, മാസികാ സമിതി തിരഞ്ഞെടുത്ത് വിവർത്തനം ചെയ്തതാണ് ഈ ലേഖനം.

**ക**ലയെ സംബന്ധിച്ച താത്വിക സിദ്ധാന്തങ്ങളും സങ്കല്പങ്ങളും, ദന്തഗോപുരങ്ങളിൽ ഒതുങ്ങിക്കൂടിയിരുന്ന ചിലരുടെ മാത്രം കാര്യമെന്ന് പറഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് അവ ഏററവും പ്രകരണസംബന്ധമായ താല്പര്യങ്ങൾക്ക് വിഷയമായിട്ടുണ്ട്. വിദഗ്ധന്മാർ മാത്രം ഉൾപ്പെടുന്ന ശക്തിയേറിയ വിവാദങ്ങൾ എന്നതിൽക്കവിഞ്ഞ് ജീവിതത്തിന്റെ എല്ലാ തുറകളിലുംപെട്ട മനുഷ്യർ താല്പര്യപൂർവ്വം വീക്ഷിക്കുകയും പങ്കുകൊള്ളുകയും ചെയ്യുന്ന ഒന്നായിത്തീർന്നിട്ടുണ്ട് ഇന്ന് കല. അക്കാരണംകൊണ്ടു തന്നെ ഇക്കാലത്ത് സമൂല പരിവർത്തനത്തിന്റെ ശക്തി—സാമൂഹികമാവട്ടെ, രാഷ്ട്രീയമാവട്ടെ, ആശയപരമാവട്ടെ —ഏററവും അനുഭവിച്ചറിയുന്ന ഒന്നാണ് സൗന്ദര്യശാസ്ത്രം.

ഒരു തരത്തിൽ പറയുകയാണെങ്കിൽ എക്കാലത്തും ഒട്ടൊക്കെ ഇതുതന്നെയായിരുന്നു സ്ഥിതി. പുരാതന കാലത്തുപോലും കല പുരോഗമിച്ചിരുന്നത് രാഷ്ട്രീയത്തോടും മതത്തോടും ബന്ധപ്പെട്ടു കിടന്നുകൊണ്ടായിരുന്നു. തോമസ്മാൻ അതർക്കിതമായ ഈ വസ്തുതയെ മനുഷ്യവർഗ്ഗത്തിന്റെ ഏകീകരണത്തിനു് വർത്തിച്ചിരുന്ന ഘടകമായി കരുതിയിരുന്നു. ഈജിപ്റ്റിലെ ഫറോവയായിരുന്ന അമൻ ഹോട്ടെപ് (Aman hotep) സംജ്ഞാ ചിത്രരൂപാലങ്കാരത്തെ (graphic adornment) എത്രകണ്ട് വ്യഗ്രമായും, വികാരതീഷ്ണമായും, പലപ്പോഴും ആസക്തിയോടെയുമാണ് വീക്ഷിച്ചിരുന്നതെന്ന് തോമസ്മാൻ, തന്റെ ജോസഫും സഹോദരന്മാരും (Joseph and his brothers) എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. കലയോടുള്ള വൈകാരികമായ ഈ മമതയിൽ, പുരോഹിതവർഗ്ഗത്തിന് ചില വിശേഷാനുകൂല്യങ്ങളും അധികാരങ്ങളും നിലനിർത്താൻ സഹായിക്കുന്ന പരമ്പരാഗതവും ശിലാജാതവും (fossilised) വിശുദ്ധവുമായ 'ബിംബങ്ങളുടെ ലോക'ത്തെ തകർക്കാനുള്ള അമിത വ്യഗ്രതയാണ് അദ്ദേഹം ദർശിക്കുന്നത്. ഏററൺ ദൈവം (God Aton) ഫറോവയ്ക്കു് വെളിപ്പെടുത്തിയ പുതിയ സൗന്ദര്യ തത്വത്തേയും പുതിയ സത്യത്തേയും പ്രതിസന്ധിക്കുന്ന ബിംബങ്ങളെ സൃഷ്ടികളിൽ കുറച്ചുകൊണ്ടുവരികയോ, അതിനേക്കാൾ നല്ലതായി അപ്പാടെ ഉപേക്ഷിക്കുയോ ചെയ്ക— അത് രാഷ്ട്രീയത്തേയും മതത്തേയും, വേർപെടുത്താനാവാത്തവിധം ദൃശ്യകലയുടെ ചില പ്രത്യേക നിയമങ്ങളുമായി മാത്രം ബന്ധപ്പെടുത്തിയ അമൻ-റാ (Amon-Ra) യ്ക്ക് നല്ലൊരു തിരിച്ചടിയായിരിക്കും എന്നും തോമസ്മാൻ കൂട്ടിച്ചേർക്കുന്നുണ്ട്.

ഈ വസ്തുതയെ പുരാതന ഈജിപ്റ്റിന്റെ ചരിത്രത്തിൽ നിന്നും അടർത്തിയെടുത്ത് ചെറുതാക്കിക്കാണിക്കുന്ന പ്രവണത ഒരിക്കലും നന്നല്ല. അമൻഹോട്ടെപ്, പൗരോഹിത്യ ലോകത്തോടു ചെയ്ത സമരം നവീനവും, ന്യായയുക്തവും, മനുഷ്യത്വം ആഴത്തിൽ വേരുറപ്പിച്ചിരിക്കുന്നതുമായ കലയ്ക്കും സൗന്ദര്യ തത്വങ്ങൾക്കും വേണ്ടിയുള്ള സമരവുമായി ജൈവപരമായി ബന്ധപ്പെട്ടിരിക്കുന്നു. അന്നത്തെ കവികൾ ഈ ഘട്ടത്തിൽ ഫറോവയോടൊപ്പം നില്ക്കുന്നു. പ്രത്യേകിച്ച് ശില്പിയായ ജെഹ്യൂടൈംസ് (Jekhutimes). രാഷ്ട്രീയവും മതപരവുമായ ഉപജാപങ്ങളുടെ നടുവിൽത്തന്നെയുണ്ട് അദ്ദേഹം. അക്കാരണത്താൽ അമൻഹോട്ടെപിന് അത്തരം കലാകാരന്മാരുടെ സൃഷ്ടികളെ ആസ്വദിക്കാനും അംഗീകരിക്കാനും മതിയായ കാരണവുമുണ്ടായിരുന്നു.



'ആലോചന' എന്ന ഹിന്ദി ജേർണൽ സംഘടിപ്പിച്ച 'രാഷ്ട്രീയവും കവിതയും' എന്ന ചർച്ചയിൽ എസ്. എച്ച്. വാത്സ്യായനൻ ചെയ്ത സംഭാഷണത്തിൽ തോമസ്മാന്റെ പല ആശയങ്ങളും പ്രതിഫലിക്കുന്നുണ്ട്. വിശകലനത്തിലുള്ള പ്രശ്നം കവിതയുടെ പ്രാരംഭകാലം മുതൽക്കുതന്നെ നിലനിൽക്കുന്നതാണെന്നും ചർച്ചകൾ അവസാനിപ്പിച്ചുകൊണ്ട് വാത്സ്യായനൻ പറയുന്നുണ്ട്. ക്ലാസ്സിക്കുകളായ മഹാഭാരതത്തിലും, റിഗ്വേദത്തിലും വരെ ഇവ അടങ്ങിയിട്ടുണ്ട് എന്നറിയുകയാണെങ്കിൽ പതിനൊന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന ക്ഷേമേന്ദ്രയുടേയും പത്തൊമ്പതാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഭാരതേന്ദുവിന്റേയും ആക്ഷേപഹാസ്യങ്ങളിൽ (Satires) അവർ ജീവിച്ചിരുന്ന കാലത്തെ രാഷ്ട്രീയ ചിന്തകളും വിശ്വാസങ്ങളും വികാരങ്ങളും ജ്വലിച്ചു നിൽക്കുന്നുണ്ട് എന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. കല പ്രകൃത്യാതന്നെ സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. കാലത്തിന്റെ ആശയങ്ങളും സ്വാഭാവികമായി അതുൾക്കൊള്ളുന്നു. അതുകൊണ്ടാണ് കവിതയ്ക്ക് കാലവും അതുവഴി രാഷ്ട്രീയവുമായുള്ള ബന്ധം പ്രസക്തവും ചിന്തനീയവുമാകുന്നത്. ഇന്നത്തെ കവികളെ സംബന്ധിച്ചിടത്തോളം അവക്കു ബോധ്യമാവുന്നുമുണ്ട്. വിപ്ലവത്തേയും

കവിതയേയും ഒരുമിച്ച കാണൽ, സമകാലിക സൗന്ദര്യ ശാസ്ത്രത്തിൻെറ മൗലികഘടകമാകേണ്ടിയിരിയ്ക്കുന്നു. ആശയ സമരത്തിൻെറ മൂർത്തമായ സാന്ദ്രീകരണമാണ് ഇപ്പറിഞ്ഞതിനെ മുഖ്യമായി കാണുന്നതിനു സഹായിക്കുന്ന വസ്തുത. ''നിങ്ങളാരുടെ പക്ഷത്താണ് കവികളെ'' എന്ന ഗോർക്കിയുടെ പഴയ ചോദ്യം ഒരു പക്ഷെ അന്നത്തേക്കാൾ കൂടുതൽ ശക്തിയോടെ ഇന്നും നമ്മുടെ മുൻപിലുണ്ട്. വളച്ചുകെട്ടില്ലാത്തതും സന്ദിഗ്ധവുമായ ഒരു ഉത്തരം കവികളിൽനിന്നും ആവശ്യപ്പെട്ടുകൊണ്ട് 'ഇന്ന്' അവരെ നിരന്തരം കുത്തിനോവിയ്ക്കുന്നു. ജീവിതം, ഓരോ ദിവസവും കൂടുതൽ കൂടുതൽ ശക്തിയോടെ ഗോർക്കിയുടെ ചോദ്യം അവരുടെ മനസ്സിൽ ഉന്നയിയ്ക്കുന്നു.

വസ്തുതകളെ സൂക്ഷ്മമായി പിൻതുടരുന്ന ഒരാൾക്ക് ഇന്ന് 'മൂലധനവും' അല്ലെങ്കിൽ (ബറോ ഡൺഹാമിൻെറ പുസ്തകത്തിൽ പറയുന്ന പോലെ 'സമ്പത്തു്') കലയും തമ്മിലുള്ള ബന്ധത്തെ ലളിതവൽക്കരിച്ച് കാണാനാവില്ല. ധനവും ലാഭവും തീർച്ചയായും ഈ ബന്ധത്തിൽ വലിയൊരു പങ്കു വഹിക്കും. എന്നാൽ വസ്തുതകളുടെ വേരു് ഇനിയും എത്രയോ ആഴത്തിലാണ് കിടക്കുന്നതു്. ഈ പ്രവണത കണ്ടുവരുന്ന ഇംപീരിയലിസത്തിലും മുതലാളിത്തത്തിലും, സാഹിത്യ-കലാദികളെ നിയന്ത്രണത്തിലുള്ളവയായാണ് വ്യവസ്ഥിതി കാണുന്നതു്. മനുഷ്യ വ്യക്തിത്വത്തിൻെറ മേൽ പ്രത്യേക തരത്തിൽ പ്രവർത്തിച്ച് ബൂർഷ്വാസിയുടെ രാഷ്ട്രീയാധികാര സമാഹരണത്തിനുവേണ്ടിയും ആധുനിക മുതലാളിത്ത ഉൽപ്പാദനങ്ങൾക്ക് അനുയോജ്യമായ വിധത്തിലും അതിൻെറ ഗതി തിരിച്ച് വിടുക എന്നതാണ് അത്തരം വ്യവസ്ഥിതിയുടെ ലക്ഷ്യം. ഇവിടെ ഉദ്ദേശിയ്ക്കുന്നതു്; സോഷ്യലിസ്റ്റാശയങ്ങൾക്കും, ഇംപീരിയലിസത്തിനെതിരായും, ജനാധിപത്യ വിരുദ്ധമായുമുള്ള പ്രവർത്തനത്തിൽ ഒരു ഘടകമായി വർത്തിക്കാൻ ഉതകുംവണ്ണമുള്ള ഒരു 'സംസ്കാരവ്യവസായ'ത്തിൻെറ നിർമ്മിതിയെപ്പററിത്തന്നെയാണ്. ബൂർഷ്വാസമുദായത്തെ ആകെത്തന്നെ ഒന്നായും അതിലെ പ്രധാന ധാരകളെ പ്രത്യേകിച്ചും നിരീക്ഷിയ്ക്കുകയാണെങ്കിൽ വ്യവസായവും രാഷ്ട്രീയവും വേർപെടുത്താനാവാത്തവിധം ബന്ധപ്പെട്ടിരിയ്ക്കുന്നതായിക്കാണാം. ഈ ബന്ധത്തിൻെറ മൗലികഘടകങ്ങൾ ആശയപരവും വ്യവസായികവുമായ ആവശ്യം തന്നെയാണ്. Culture - semi culture - false cultureഎന്ന പുസ്തകത്തിൽ പറയുന്നപോലെ 'ആത്മീയ മൂല്യങ്ങളുടെ കച്ചവട വല്ക്കരണം' മുതലാളിത്തത്തിൻെറ പ്രധാന ലക്ഷണമാണ്. ഇതു് മുതലാളിത്ത സംസ്കാരത്തിൻേറയും കലയുടേയും എല്ലാ തുറകളിലും അവതരിക്കുന്നതും കാണാം. ബൂർഷ്വാ ജനകീയകല (Bourgeois mass art) യുടെ ലക്ഷ്യങ്ങളും കർത്തവ്യങ്ങളും ഇതിൽ ഒതുങ്ങുന്നതുമല്ല. ആശയപരമായ ഉദ്ദേശലക്ഷ്യത്തിനുവേണ്ടി ജനകീയ സംസ്കാരത്തെ (mass culture) അവർ ഉപയോഗപ്പെടുത്തുന്നു. ഈ ഫലം നിറവേററപ്പെടുത്തുന്നതോ, വ്യക്തമായതോ മറച്ചുവെച്ചതോ ആയ രാഷ്ട്രീയ പ്രവണതകൾ വഴിയ്ക്കും വിപുലമായ അരാഷ്ട്രീയ (apolitical) പ്രവണതകൾ വഴിയ്ക്കും.

ബൂർഷ്വാലോകത്തിൽ പല കവികളും രാഷ്ട്രീയത്തിൻെറ അസ്വീകാര്യതയെക്കുറിച്ച് പറയാറുണ്ട്. അവർ വ്യവസ്ഥിതിയുടെ ഇംപീരിയലിസ്റ്റ് സ്വഭാവത്തെ എന്നതിൽ

ക്കവിഞ്ഞു്, രാഷ്ട്രീയത്തെയാകെത്തന്നെ വെറുക്കുന്നു. പ്ര
ജ്ഞാബദ്ധരായി നിലകൊള്ളാൻ അവരിഷ്ടപ്പെടുന്നമി
പക്ഷെ കാലത്തിൻെറ നിയമങ്ങളെ മറക്കുവാൻ ശ്രമിക്ക
വരെ അതു് ക്രൂരമായ പ്രതികാരത്തിനു വിധേയരാക്കു
അതുകൊണ്ടുതന്നെ തെററുചെയ്യുന്നവർ അധികം താമ
യാതെ കുററം ഏററുപറയുകയും ചെയ്യുന്നു. നല്ല ഒരു നി
നമാണ് തോമസ്മാൻേറതു്. 'സംസ്കാരവും രാഷ്ട്രീയ
(culture and politics) എന്ന ആദ്യകാല പുസ്തകങ്ങളി
ന്നിൽ 'ഭൂതത്തോടു വിട' (parting with the past) എ
ആശയം ഉൾകൊള്ളുന്നുണ്ട്. (ബൂർഷ്വാലോകം അക്കാല
അതു് ഏററുവിളിക്കുകയുണ്ടായി.) വായനക്കാരൻെറ
പിൽ നീണ്ടുനിവർന്നു കിടക്കുന്നതു് 'ഒരു അരാഷ്ട്രീയ
ഷ്യൻെറ പ്രതിഫലനങ്ങ'ളിൽ നിന്നു തുടങ്ങി 'അരാഷ്ട്രീ
യെന്നാൽ ജനാധിപത്യ വിരുദ്ധ പ്രവർത്തനം എന്നത
കുറഞ്ഞൊന്നും തന്നെയല്ല' എന്ന വെളിപാടിലേക്കുള്ള പ
യാണ്. സംസ്കാരം രാഷ്ട്രീയത്തെ നിരാകരിക്കുമ്പ
ഫലം അന്യതാബോധവും മിഥ്യാബോധവുമാണ്. ഇത
ത്തിൽ ഒരാൾക്ക് രാഷ്ട്രീയത്തിൽ നിന്നും ഉൾവലിയാ
വില്ല. 'സംസ്കാരത്തിൻേറയും സ്വാതന്ത്ര്യത്തിൻെറ പേര
പ്പോലും 'ജനാധിപത്യ'മെന്നു വിളിച്ചിരുന്ന ഒന്നി
ആത്മീയ ജീവിതത്തിൻെറ രാഷ്ട്രീയ വത്കരണ
ഞാൻ പിന്താങ്ങി,'' തോമസ്മാൻ പറയുന്നു. പ
കാലം, പലരേയുമെന്നപോലെ അദ്ദേഹത്തേയും ക്രൂര
നിരാക്ഷേപവും വിശ്വാസയോഗ്യവുമായ ഒരു പാഠം
പ്പിച്ചു. ജർമ്മനിയിലെ അരാഷ്ട്രീയ ബറെർ (burgh
ചിന്തയും ടോട്ടലിട്ടേറിയനിസത്തിൻെറ ഏററവും മൂർത്ത
ഭാവമായിരുന്ന ദുർഭരണവും തമ്മിലുണ്ടായിരുന്ന വേർപ
യ്ക്കാനാവാത്ത ബന്ധത്തെക്കുറിച്ചുള്ള പുതിയ അറിവായിരു
ബോധോദയമായിരുന്നു അതു്.

വസ്തുത എന്താണെന്നാൽ, സാമൂഹികവും രാഷ്ട്രീ
മായ എന്തും മാനുഷികവുമാണ്. ഒന്നിൽനിന്നും മറേറതി
വിഭജിച്ചു കാണാനാവില്ല. സാമൂഹ്യപരമായ എന്തും മ
ഷിക മൂല്യങ്ങളടങ്ങിയതാണ്. കാരണം സമൂഹത്തി
പ്രശ്നം മനുഷ്യവർഗ്ഗത്തിൻെറ തന്നെ പ്രശ്നമാണ്.
ഷ്യത്വവുമായി ഒരുവൻെറ സംസ്കാരത്തിനുള്ള ബന്ധം നി
ധിക്കാത്തിടത്തോളം കാലം സമൂഹത്തിനന്തർധാരയാ
വർത്തിക്കുന്ന സാമൂഹിക, രാഷ്ട്രീയ ഘടകത്തെ നിഷേ
ക്കാനാവില്ല.

ഇന്ന് കാലത്തിൻെറ ആശയങ്ങളെ കല കൂടുതൽ
ക്കൊണ്ടുവരുന്നുണ്ട്. കലയുമായി ബന്ധപ്പെട്ടവർ കലയ
രാഷ്ട്രീയ വത്കരണത്തെപ്പററി ബോധവാന്മാരാകുക
അങ്ങനെ കലയുടെ സർഗ്ഗാത്മക ശേഷിയെ മനസ്സില
കയും ചെയ്യുന്നു. രാഷ്ട്രീയമായ സമരങ്ങളെക്കുറിച്ച
ചോദ്യങ്ങളും മനുഷ്യവർഗ്ഗത്തിൻെറ ചില സുപ്രധാന ആ
കളും 'ഇന്ന'ത്തെ കലയിൽ പ്രതിഫലിക്കുന്നു. വർഗ്ഗസ
ത്തിൻെറ സാന്ദ്രീകരണവും, മുതലാളിത്തത്തിൻെറ ആന്തര
വൈരുദ്ധ്യങ്ങളും, ശാസ്ത്രീയ സോഷ്യലിസത്തിൻെറ വ
വലുതായിക്കൊണ്ടിരിക്കുന്ന സ്വാധീനവും മേൽപ്പറ
ചിന്താഗതിയ്ക്ക് പ്രചോദനങ്ങളായി വർത്തിക്കുന്നുമുണ്ട്.

കലയുടെ രാഷ്ട്രീയവൽക്കരണത്തെപ്പററി പലവ
ത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു എന്നതു് വേറൊരു കാര
അതിൽ അനുകൂലമായ ഘടകങ്ങൾ മാത്രമല്ല, പാളിച്ചക

പ്രതികൂല പ്രതികരണങ്ങളും, പലപ്പോഴും വിചിത്രമായ വക്രീകരണങ്ങളുമുണ്ട്. ഇവിടെയാണ് പ്രാകൃതമായ സെക്ടേറിയൻ (sectarian) സിദ്ധാന്തങ്ങളുടെ ആവിർഭാവം. പെററി ബൂർഷ്വാ മനോഭാവവും, വളച്ചൊടിയ്ക്കപ്പെട്ട ട്രോട്സ്കിയിസ്റ്റ് (trotskyist) ചിന്തകളും ഉരുത്തിരിയുന്നതും ഇവിടെത്തന്നെ.

'ക്രിട്ടിക്കൽ തിയറി' (Critical theory) യെന്നു വിളിയ്ക്കപ്പെടുന്ന സിദ്ധാന്തത്തിൻെറ സ്വാധീനവും ഇവിടെ പരാമർശിക്കേണ്ടതായിട്ടുണ്ട്. തിയോഡോർ അഡോർനോ, മാക്സ്ഹോർക്ക്ഹീമർ, ഹെർബർട്ട് മാർക്യൂസ് തുടങ്ങിയവരുടെ സിദ്ധാന്തങ്ങളിൽനിന്ന് നവമാർക്സിസ്റ്റായ റൂഡി ഡ്യൂഷ്ക്കും മററും പ്രചോദനം കൊള്ളുന്നുണ്ട്. ഉദാഹരണത്തിന് മാർക്യൂസിൻെറ "മഹത്തായ നിരസന" സിദ്ധാന്തം (great refusal). പക്ഷേ മാർക്യൂസിൻെറ സൗന്ദര്യസങ്കല്പങ്ങൾ പലപ്പോഴും യാഥാസ്ഥിതികവും വരേണ്യ (elitist) വുമായിരിയ്ക്കുന്നതു് വിചിത്രം തന്നെ. അദ്ദേഹത്തിൻെറ One dimensional man-ൽ, മററു ഗ്രന്ഥകാരന്മാരെപ്പററി പരാമർശിക്കുന്നിടത്തു് ലെസ്സിംഗിനേയോ, ഹെയ്നെയോ, ഷില്ലറേയോ, യൂഗോവിനേയോ, സോളയേയോ കാണാനാവില്ല. മാർക്യൂസിന് ഇഷ്ടപ്പെട്ടവർ സ്ററെഫാൻ ജോർജ്ജ്, റെയ്നർ റിൽക്ക്, പോൾ വലേറി, ബോദ്‌ലയർ തുടങ്ങിയവരാണ്. മൗലികമായിത്തന്നെ വിഭിന്നരായ ഇവർ എന്തു് സാദൃശ്യമാണ് മാർക്യൂസിൻെറ ആശയങ്ങളിലും സൗന്ദര്യസിദ്ധാന്തങ്ങളിലും വഹിക്കുന്നതു് എന്ന് പറയാൻ പ്രയാസം. ഇവിടെ നിർണ്ണായകമായ പങ്ക് വഹിക്കുന്നതു് മാർക്യൂസിൻെറ ആത്മനിഷ്ഠതയും, ശുദ്ധമായ അഭിരുചികളുമാണ്. 'ശുദ്ധ' കവിതയുടെ പേരിൽ ഭ്രമം കൊള്ളുന്ന സ്വഭാവമുണ്ടല്ലൊ. അത്തരം പ്രസ്ഥാനങ്ങളെ (cult) സ്ഥിരപ്പെടുത്തുന്ന ചില ഖണ്ഡികകൾ ഉദ്ധരിച്ച് ആശ്വാസം കൊള്ളുന്നുമുണ്ട് അദ്ദേഹം. ഇതു് തീർത്തും ജനവിരുദ്ധവും സൗന്ദര്യബോധം ആകെത്തന്നെ തലതിരിഞ്ഞതുമായ ഒരു തരം ഡാൻഡിയിസമല്ലാതെ മറെറാന്നും അല്ല. ഷോപൻ ഹോയർ, നിയഷേ തുടങ്ങിയവരുടെ സ്വാധീനത്താൽ മാർക്യൂസിന് ലാക്ഷണികമായുണ്ടായിരുന്ന, സംസ്കാരത്തെ സംബന്ധിച്ച അശുഭവിശ്വാസം, സാങ്കേതിക വിദ്യ (Technology) യ്ക്കെതിരായുള്ള അഭിപ്രായം, സമകാലിക സംസ്കാര നിരസനം എന്നിവ പുരാതന സംസ്കാരത്തോടുള്ള അദ്ദേഹത്തിൻെറ മനോഭാവത്തിൽ പ്രകടമാവുന്നുണ്ട്. സാങ്കേതിക വിദ്യയുടെ ആവിർഭാവത്തിനു മുൻപ് (pre-technological) ഉണ്ടായിരുന്ന ഭാവഗീതങ്ങളെ (lyric) യും ഗദ്യത്തെയുംപററി One dimensional man-ൽ പ്രതിപാദിക്കുന്ന വരികളിൽ അദ്ദേഹം ലെനേയേയോ, ബ്രെൺടാനേയോ അനുസ്മരിക്കുന്നു. ഒരു വിലാപ കാവ്യത്തിൻെറ ദുഃഖം നിറഞ്ഞ സ്വരമാണ് ഇവിടെ മുഴങ്ങുന്നതു്. "പ്രീ-ടെക്നോളോജിക്കൽ ഭാവഗീതങ്ങൾ, പദയാത്ര നടത്തിയിരുന്നതോ, വണ്ടികളിൽ യാത്ര ചെയ്തിരുന്നതോ ആയ ജനങ്ങളുടെ ജീവിതത്തിൻെറ താളമാണ് ആവാഹിച്ചിരുന്നതു്; അവക്ക് ധ്യാനിക്കാനും, കാര്യങ്ങളെപ്പററി പുനർചിന്തനം ചെയ്യാനും, അനുഭവിച്ചറിയാനും, സംസാരിയ്ക്കാനും, അതിയായ ആശയും അതിനുവേണ്ടുന്ന സമയവും ഉണ്ടായിരുന്നു" എന്ന് മാർക്യൂസ് പറയുന്നുണ്ട്. അത്തരം സംസ്കാരം 'പഴഞ്ചനും പുരാതീത'വുമാണെന്ന് മാർക്യൂസ് മനസ്സിലാക്കുന്നുണ്ടെങ്കിലും അതിൻെറ പുനരവരോധത്തിനുള്ള സാദ്ധ്യതാചിന്തകൾ ഉപേക്ഷിക്കുന്നില്ല. അങ്ങനെ മാർക്യൂസിൻെറ വ്യക്തിഗതമായ സൗന്ദര്യ സങ്കല്പങ്ങളും ആശയങ്ങളും ചിന്തകളും ഭൂതത്തിലേയ്ക്ക് തിരിഞ്ഞിരിയ്ക്കുന്നവയാണ്. പക്ഷെ, അദ്ദേഹത്തിൻെറ ആശയങ്ങൾ വ്യാഖ്യാനിക്കപ്പെടുന്നതു് മറെറന്തിനേക്കാൾ കൂടുതലായി പാരമ്പര്യ നിരസനം, രൂപവിധ്വംസനം (destruction of form) എന്നിവയിൽത്തുടങ്ങി സാഹിത്യ-കലാദികളുടെ നിരുപാധിക നിരസനത്തിൽ ചെന്നെത്തുന്നതിലാണ്. വൈരുദ്ധ്യങ്ങൾ കണ്ണിൽപ്പെടുന്നതു് ഇവിടെയാണ്. അത്തരം സൗന്ദര്യാനുഷ്ഠാനങ്ങളിലെ അയുക്തികത മനസ്സിലാക്കപ്പെടുന്നതും ഇവിടെവച്ചു തന്നെ.

# ഉത്പൽദത്തിൻെറ കൂടെ

(ഷീലാ ബാർസെ നടത്തിയ അഭിമുഖ സംഭാഷണത്തിലെ പ്രസക്തഭാഗങ്ങൾ)

**രാ**ഷ്ട്രീയ നാടകവേദിയെക്കുറിച്ച് താങ്കൾക്ക് എന്താണു പറയാനുള്ളതു്? മർദ്ദകരായ ഭരണാധികാരികളെ തുരത്താൻ, ഭാരതീയർ ചരിത്രപരമായി ഹിംസാത്മക മാർഗ്ഗമാണ് സ്വീകരിച്ചിരുന്നതെന്ന്, നാടകവേദിയിലൂടെ ജനങ്ങളെ ഓർമ്മിപ്പിക്കണമെന്ന താങ്കളുടെ വിശ്വാസ പ്രമാണത്തെക്കുറിച്ചും അറിയാൻ ആഗ്രഹമുണ്ട്.

ഇത്തരം അഭിമുഖ ഭാഷണങ്ങൾ നിരുപയോഗമാണെന്ന് ഞാൻ വിചാരിക്കുന്നു. നമ്മുടെ രാഷ്ട്ര സംവിധാനത്തെ, അവ സ്വാധീനിക്കുകില്ല. നമ്മുടെ രാഷ്ട്രീയ ഘടനയെ അഴിച്ചു പണിയുന്നതുകൊണ്ടു മാത്രമേ ഇന്നത്തെ യഥാർത്ഥ സ്ഥിതി മാററിമറിക്കുവാനാകൂ. ബൂർഷ്വാ വർഗ്ഗത്തിന് അതു സാധിക്കുകില്ല. അദ്ധ്വാനിക്കുന്ന വർഗ്ഗത്തിനുമാത്രമേ അതിനു കഴിയൂ. ഇംഗ്ലീഷുകാരായ ഭരണാധികാരികളുടെ വാർത്താമാദ്ധ്യമങ്ങൾ ജനങ്ങളോടു ബന്ധപ്പെട്ടിരുന്നില്ല. ജനങ്ങൾ അവയോടും. അങ്ങനെയൊരു വാർത്താമാധ്യമമാണ് ഇവിടെ ഇന്നും നിലനില്ക്കുന്നതു്. ജനങ്ങൾക്ക് അതിനെക്കൊണ്ട് യാതൊരുപയോഗവുമില്ല.

> സമീപകാലത്ത്, ഒരു പ്രസംഗത്തിൽ താങ്കൾ പറഞ്ഞല്ലോ, ഇന്ത്യക്ക് ഹിംസയുടേതായ ഒരു പാരമ്പര്യ സംസ്കാരമുണ്ടെന്നും അതിനെക്കുറിച്ച്, താങ്കളുടെ നാടകങ്ങളിലൂടെ, ജനതയെ ബോധവാൻമാരാക്കുമെന്നും ?

ഞാൻ രാഷ്ട്രീയ നാടകവേദിയിൽ വിശ്വാസമർപ്പിക്കുന്നു. മർദ്ദകൻെറ ഹിംസയെ ഹിംസകൊണ്ട് ചെറുത്തുനിന്ന ഒരു പാരമ്പര്യം ഭാരതത്തിനുണ്ട്. അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന് കായിക ശക്തിയുടെ മാർഗ്ഗമേ സ്വീകരിക്കാനാകൂ. ഇവിടെ

മർദ്ദകർ ക്രൂരരും പ്രാകൃതരുമായിരുന്നു. അതുകൊണ്ടുതന്നെ, അവർക്കെതിരെയുള്ള ചെറുത്തുനില്പ്പ് ആ മട്ടു് സ്വീകരിച്ചുപോന്നു.

ഭാരതം അക്രമരാഹിത്യത്തിൻെറ മാർഗ്ഗത്തിലൂടെ സ്വാതന്ത്ര്യം പ്രാപിച്ചു എന്ന ഔദ്യോഗികചരിത്രം, മുഖപടമണിയാത്ത കള്ളം മാത്രമാകുന്നു. അക്രമരാഹിത്യം ഇന്ത്യയെ വിഭജിച്ചു എന്നതിനോടു് ഞാൻ യോജിക്കുന്നു; പക്ഷെ, ആ മാർഗ്ഗത്തിലൂടെയല്ല ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതു്.

നെഹ്രു, വല്ലഭായ്പട്ടേൽ, ജിന്ന, മൌണ്ട്ബാററൻ, ലേഡി മൗണ്ട്ബാററൻ, എന്നിവർ ചേർന്നു രൂപം കൊടുത്ത ആ വലിയ ഗൂഢാലോചനയുണ്ടല്ലോ—ഇന്ത്യാവിഭജനത്തെ ലക്ഷ്യമാക്കുന്ന ചർച്ചിലിൻെറ പദ്ധതി നടപ്പാക്കാൻ വേണ്ടി നടത്തിയ ഉപജാപം—അതാണു് ഞങ്ങളുടെ അടുത്ത നാടകത്തിൻെറ പ്രമേയം. ഇതിനുവേണ്ടി അവർ ഗാന്ധിയുടെ സഹായം തേടിയതെങ്ങിനെ? ഈ പദ്ധതിയെ എതിർത്ത ഗാന്ധി എങ്ങിനെ വധിക്കപ്പെട്ടു— ഇവയൊക്കെയാണു് പ്രതിപാദ്യം......



താൻ ജിന്നയെ സന്ദർശിക്കാൻ കറാച്ചിയിലേക്കു് പോകുന്നുണ്ടെന്നു് ഗാന്ധി അന്നു് വല്ലഭായ് പട്ടേലിനോടു് പറഞ്ഞിരുന്നു. ''ഞങ്ങൾ രണ്ടു വൃദ്ധന്മാർ യോജിച്ചാൽ എന്തെല്ലാം സാധിക്കും എന്നു് നിങ്ങൾക്കു് കാണാനാകും''— ഗാന്ധി പട്ടേലിനോടു് പറഞ്ഞു. അതിനു്, ഏഴുദിവസത്തിനുശേഷം, ഗാന്ധി വധിക്കപ്പെട്ടു. ഈ വധോദ്യമത്തെ കുറിച്ചു് അവർക്കെല്ലാവർക്കും അറിയാമായിരുന്നു. ഗാന്ധിയുടെ ദൗത്യത്തെ തടയാനായി നടത്തിയ ആ വലിയ പാതകം—അതാണു് എൻെറ പ്രമേയം.

സാമ്രാജ്യവാദികളുടെ കയ്യിലെ ഒരു വലിയ ഉപകരണമെന്ന നിലയിൽ, നെഹ്രുവിനെ തുറന്നു കാട്ടുകയും ചെയ്യും.

നെഹ്രുവിനെ ആ വിധം വളച്ചെടുത്തതു് ലേഡി മ
ബാററനാണു്.

സുഭാഷ് ചന്ദ്രബോസിനെക്കുറിച്ചു് വിവാദപരമാ
ഒരു പരാമർശവും നടത്തുന്നുണ്ടു്. ബോസ് വിഭജനത്ത
എതിരായിരുന്നു. തൻെറ ഐ. എൻ. ഒ. യിൽ ഹ
മുസ്ലീം ഐക്യം സ്ഥാപിക്കാൻ ബോസിനു സാധിച്ചിര
അവിടെ ഹിന്ദുക്കളും മുസ്ലീമുകളും ഒരുമിച്ചിരുന്നു ഭക്ഷ
കഴിച്ചു. അവർ ഒരുമിച്ചു് പ്രാർത്ഥിച്ചു. അവർ ആ
മെടുത്തവരാണു്, അതുകൊണ്ടാണു് അവർ പരസ്പരം യേ
ച്ചുനിന്നതു്. ആയുധം ഒരു വലിയ ഏകീകരണശ
തന്നെയാണു്. ബോസു് തന്ത്രപൂർവ്വം വധിക്കപ്പെടുകയ
ണ്ടായതു്. ആരാണു് ബോസിനെ വധിച്ചതു്? ഞ
ഈ ചോദ്യം ഉന്നയിക്കും...

ഔദ്യോഗിക ചരിത്രങ്ങളിൽ, ഇന്ത്യാ വിഭജനത്ത
ഉത്തരവാദികളായവരുടെ പേരുകൾ കാണാം. അവി
സ്വാതന്ത്ര്യ ലബ്ധിക്കായി കഴുമരമേറിയവരുടെ പേ
ളില്ല. കോൺഗ്രസ്സ് ഗവർമ്മേണ്ടു് ചരിത്രത്തെ കീഴ്
മറിച്ചിരിയ്ക്കുകയാണു്. ഒരു കാലത്തു്, ബ്രിട്ടീഷു
അങ്ങിനെ ചെയ്തു. ഇപ്പോൾ കോൺഗ്രസ്സുകാരും അതുത
ചെയ്യുന്നു. ചരിത്രത്തെ അതിൻെറ സ്വന്തം കാലിൽ നി
എന്നതു് നാടക കലാകാരന്മാരുടെ കടമയാണെന്നു് ഞ
കരുതുന്നു.

ഹിംസയെ ഒരു മാർഗ്ഗമായി സ്വീകരിക്കുന്നവരിൽ
വിഭാഗം നിരുത്തരവാദപരമായി, സർവ്വ സ്വ
രായി പ്രവർത്തിക്കുന്നവരല്ലേ? ഇത്തരം അര
മായ അക്രമം സർവ്വനാശകരമായ ഒരു സ്ഫോടനം ന
ക്കില്ലേ? മൃഗീയമായ രക്തച്ചൊരിച്ചിലിലല്ലേ
പര്യവസാനിക്കുക?

തീർച്ചയായും രക്തച്ചൊരിച്ചിൽ ഉണ്ടാകും. പക്ഷെ, അ
നെച്ചൊല്ലി എന്തിനു് നാം പരിഭ്രാന്തരാകുന്നു? കരഞ്ഞു
ണ്ടാണു് കുഞ്ഞു് പിറക്കുന്നതു്. അമ്മയുടെ രക്തം
യൊക്കെ ഒഴുകാതെ ആ പിറവി സാധ്യമാണോ?

ഇന്നു് അദ്ധ്വാനിക്കുന്ന വർഗ്ഗം അന്യവൽക്കരിക്ക
രിക്കുകയാണു്. അവരാണു് സമൂഹത്തിലെ നേതാ
അവർ കേവലം സാക്ഷികളല്ല.; കർമ്മനിരതരാണു് അ
ദൈവവും മതവും സംസ്കാരവും അവർക്കു് ഭാരമാകുന്നി
ബൂർഷ്വാവർഗ്ഗത്തെപ്പോലെ. അവക്കു് വിശ്രമവേളകള
അതുകൊണ്ടുതന്നെ അന്തർമ്മുഖരാകുന്നില്ല അവർ. അവ
സ്റ്റേററുകൾ എഴുതാത്തവയാണു്. അവർ ധർമ്മാധർമ്മ വ
ന്തനത്താൽ അസ്വസ്ഥരാകില്ല.

സാമ്പത്തികമായും മതപരമായും അമ്പേ അടിച്ചമ
പ്പെട്ട രാഷ്ട്രങ്ങളിൽ ഒന്നാണു് ഭാരതം. മതം അധസ
സമൂഹത്തെ സൃഷ്ടിക്കുകയും പിന്നെ അടിച്ചമർത്തുകയും

അടിച്ചമർത്തലും, തിരിച്ചടിക്കലും തമ്മിൽ ബന്ധമു
മർദ്ദകൻ എത്രകണ്ടു് ശക്തമായി അടിച്ചമർത്തുന്നുവോ,
കണ്ടു് പരുഷമായിരിക്കും അവനു് ലഭിക്കുന്ന തിരിച്ചടി

അമേരിക്കയെപ്പോലുള്ള ഒരു രാജ്യത്തു്, ഇത്ര
ആക്രമണോത്സുകമാകില്ല വിപ്ലവം. മറിച്ചു്, ഇന്ത്യയ

ക്രൈസ്ററ് കോ

വിപ്ലവം രക്തരൂഷിതമാകുകതന്നെ ചെയ്യും. മൂന്നുപതി റ്റാണ്ടുകളോളം നീണ്ടുനിൽക്കുന്ന സംഘട്ടനത്തിന് ഒരു ആഭ്യന്തര കലാപത്തിന്റെ സ്വഭാവമുണ്ടാകും.

ഞാൻ പണിയെടുക്കുന്ന കൽക്കത്തയിൽ മിക്കവാറും തിയ്യേററാണ് എന്റെ കർമ്മരംഗം. ഞങ്ങൾ എന്തിനുവേണ്ടി അങ്ങിനെ കൂട്ടായി പ്രവർത്തിക്കുന്നു എന്ന് എന്റെ സഖാക്കൾക്ക് അറിയാം. ഞങ്ങളുടെ യത്നം എത്രകണ്ട് ആവശ്യമാണെന്ന് മനസ്സിലാകാത്തവരും ഉണ്ട്. കാര്യങ്ങൾ മാററമില്ലാതെ പഴയ മട്ടിൽ തുടരണമെന്ന് കരുതുന്നവരുണ്ട്, ഞങ്ങളെ എതിർക്കുന്നവരുണ്ട്. പക്ഷെ, അവരോട് ഞങ്ങൾക്ക് വെറുപ്പില്ല; കാരണം, അവർ വ്യവസ്ഥിതിയുടെ അടിമകളാണെന്ന് ഞങ്ങൾക്ക് അറിയാം.

ഇടതുപക്ഷ ചായ്‌വ് ഉണ്ടെന്ന അവകാശവാദത്തോടെ, നമ്മുടെ ചലചിത്ര നിർമ്മാതാക്കൾ സൃഷ്ടിക്കുന്ന പല ചിത്രങ്ങളും, വാസ്തവത്തിൽ, ചില മുൻവിധികളോടെ സൃഷ്ടിക്കപ്പെട്ടവയാണ്. ബൂർഷ്വാവർഗ്ഗത്തെ പഠിച്ചറിയാൻ അവക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ, ആ ചിത്രങ്ങൾ വികലങ്ങളായിത്തീരുന്നു.—

**ഇത്തരം ഏതാനും ചിത്രങ്ങൾ ചൂണ്ടിക്കാട്ടാമോ?**

ശരി, അമോൽ പലേക്കറുടെ അക്രീത്. ഒരു അഭിമുഖസംഭാഷണത്തിൽ, താൻ മർദ്ദിതരായ ഗിരിജനങ്ങളുടെ ജീവിതത്തെ അധികരിച്ച് ചിത്രം നിർമ്മിക്കുകയാണെന്ന് അദ്ദേഹം അവകാശപ്പെടുകയുണ്ടായി. പക്ഷേ, അതിൽ, ഗിരിജനങ്ങളുടെ അധിവാസിത പ്രദേശങ്ങളുടെ ഒരൊററ ഷോട്ടുപോലും ഇല്ല. ചക്രയും അക്രോശും—, ഒരു പരിധി വരെ.

**തെലുങ്കാന സമരത്തെ അധികരിച്ച് നിർമ്മിക്കപ്പെട്ട മഹാഭൂമി എന്ന ചിത്രം നിങ്ങൾ കണ്ടിട്ടുണ്ടോ?** മികച്ച ചിത്രമാണ് അത്. അക്രോശിനെ ഞാൻ മാനിക്കുന്നു., ഗൌരവമുള്ള ചില രാഷ്ട്രീയ പ്രശ്നങ്ങൾ അക്രോശിൽ ഉന്നയിക്കപ്പെടുന്നുണ്ട്. ചക്ര ജുഗുപ്സാവഹമാണ്. അമോലിന്റെ ചിത്രങ്ങൾ ശൈശവാവസ്ഥയിലാണ്. രാഷ്ട്രീയം പഠിക്കാതെ; മാർക്സിനേയും ലെനിനേയും, അവരുടെ പ്രത്യയശാസ്ത്രത്തേയും പഠിക്കാതെ, അവക്ക് എങ്ങിനെയാണ് ഇടതുപക്ഷസ്വഭാവമുള്ള ചിത്രം നിർമ്മിക്കാൻ കഴിയുക? 'വർഗ്ഗ' വിഭജനംപോലുള്ള മൗലിക സിദ്ധാന്തങ്ങൾ പരാമർശിക്കാതെ, ഇതു് സാധിക്കില്ല.

പക്ഷെ, ഇത്തരം ചിത്രങ്ങൾ ഉണ്ടാക്കിയേക്കാവുന്ന ദോഷഫലങ്ങളെച്ചൊല്ലി വിഷമിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, ബഹുജനങ്ങൾ ഇവ കാണാറില്ല. അവ അത്രകണ്ട് ദുർഗ്രഹവും അവ്യക്തവുമാണ്—ജനങ്ങളെ ഇവ ആകർഷിക്കാറില്ല. അമിതാബച്ചന്റെ ധീരസാഹസങ്ങൾ കാണാനാണ് അവർ ഓടിക്കൂടുന്നതു്. അത്തരം ചിത്രങ്ങൾ ജനങ്ങളെ മൃഗീയവൽക്കരിക്കയാണ് ചെയ്യുന്നതു്.

**സമീപകാലത്തു് ഇന്ത്യയിലെ ഏതാനും ദൃശ്യകലാപ്രവർത്തകരുമൊത്തു് താങ്കൾ മോസ്കോ സന്ദർശിച്ചു വല്ലോ. (ഉത്പൽദത്തു്, വിജയ്ടെൺഡുൽക്കർ, ബി. വി. കാരന്ത്, ഹബീബ് തൻവീർ എന്നിവരായിരുന്നു സംഘാംഗങ്ങൾ)—**

ശരിയാണ്; ഞങ്ങളുടെ സംഘത്തിലെ രണ്ടുപേർ, അവിടെ കലാപ്രകടനങ്ങൾ നടക്കുമ്പോൾ സുഖമായ ഉറക്കത്തിലായിരുന്നു. പരിപാടിയുടെ അവസാനം അവർ ഉണരും, എന്നിട്ട്, കലാപരിപാടികളെ വിമർശിക്കുകയും ചെയ്യും. ഒരു നാടകം നടക്കുമ്പോൾ, ഞങ്ങളുടെ സംഘത്തിലെ ഒരു നാടകകൃത്തു് ഉറക്കമായിരുന്നു. എന്നിട്ട്, അവസാനം ഒരഭിപ്രായം പാസ്സാക്കി; പരിപാടി നന്ന്, പക്ഷെ അതു് നാടകമായില്ല—എന്ന്; ലോകത്തിൽ താൻ മാത്രമാണ് ഒരേ ഒരു നാടകകൃത്തു് എന്ന ഭാവത്തിൽ.

